# സാഹിത്യകേദാരം

## SAHITHYA KEDARAM MALAYALAM, HALF YEARLY

Vol. No.1 Issue No.1, AUGUST, 2022 TO JANUARY, 2023.

Annual Subcription Rs. 500/-



## മലയാളം റിസേർച്ച് ജേണൽ

മലയാളവിഭാഗം
ഗവൺമെന്റ് കോളേജ് നെടുമങ്ങാട്
ആഗസ്റ്റ്, 2022 – ജനുവരി, 2023 വാല്യം 1 ലക്കം 1

# സാഹിത്യകേദാരം

മലയാളം റിസേർച്ച് ജേണൽ

ആഗസ്റ്റ് 2022 - ജനുവരി 2023

വാല്യം 1 ലക്കം 1

മലയാളവിഭാഗം
ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം, കേരളം - 695 541

**Sahithya Kedaram**
A peer reviewed research journal of language, literature and culture
Malayalam Half Yearly

*Published in India by*
The Head of the Post Graduate Department of Malayalam,
Government College Nedumangad
Nedumangad P.O.
Thiruvananthapuram District
Kerala, India. PIN 695541
Email: gcnmalayalam@gmail.com

*Volume No.1, Issue No.1*
August, 2022 to January, 2023

*Type setting, Cover Design and printing at:*
ab Communication & Color Systems Private Ltd,
Vanchiyoor, Thiruvananthapuram
Ph: 0471 -2471174

*Typeset using* ISM fonts

Printed and published by Dr.Alex L, on behalf of The Head of the Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram, and printed at ab Communications & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram-695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram, Kerala-695541.
Editor Dr. Alex L

# ആമുഖം

ഭാഷാസാഹിത്യഗവേഷണമേഖലയിലെ പുതിയ കാഴ്ചപ്പാടുകളെ അറിയുന്നതിനും സൂക്ഷ്മമായ വിശകലനങ്ങളിലേയ്ക്ക് ഗവേഷകരെ സജ്ജരാക്കുന്നതിനും ആവശ്യമായ ഇടം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നെടുമങ്ങാട് ഗവൺമെന്റ് കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സാഹിത്യകേദാരം എന്ന ഈ ജേണൽ തയ്യാറാക്കിയിട്ടുള്ളത്. മലയാള വിഭാഗത്തിന്റെ ദീർഘകാലത്തെ ആഗ്രഹത്തിന്റെ സാക്ഷാത്കാരമായി ഇപ്പോൾ ജേണലിന്റെ ഒന്നാംലക്കം പ്രകാശിതമാവുകയാണ്. ഒട്ടേറെ ജ്ഞാനപദ്ധതികളുടെ ബഹുസ്വരാത്മകമായ ഇടങ്ങളിലേക്ക് സാഹിത്യപഠനം മുന്നേറിയിട്ടുണ്ട്. കേവലമായ ആസ്വാദനം, വിവരണം, വിശകലനം, ക്രോഡീകരണം എന്നിവയിൽ നിന്നും വ്യത്യസ്തമായിട്ടുള്ള അതിസൂക്ഷ്മമായ പുതിയ വായനാനുഭവങ്ങളിലേയ്ക്ക് ജ്ഞാനവിഷയങ്ങൾ സഞ്ചരിക്കുന്നു എന്നതാണ് സമകാലികമായ സവിശേഷത. അത്തരം നൂതന ഗവേഷണങ്ങളിലേയ്ക്കും തുടർപഠനങ്ങളിലേയ്ക്കും വാതിൽ തുറക്കുന്ന മികച്ച പ്രബന്ധങ്ങളാൽ സാഹിത്യകേദാരത്തിന്റെ ഒന്നാംലക്കം സമ്പന്നമായിരിക്കുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

സാഹിത്യകേദാരത്തിന്റെ ഈ ലക്കത്തിലേക്ക് താല്പര്യപൂർവ്വം മികച്ച പ്രബന്ധങ്ങൾ തന്ന് സഹകരിച്ച ലേഖകരോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ ജീവനക്കാരുടെയും വിദ്യാർഥികളുടെയും സജീവമായ ഇടപെടലുകൾ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നു. കൂടുതൽ ഗൗരവപൂർണ്ണമായ വായനയ്ക്കും ചർച്ചയ്ക്കും വിധേയമാകും എന്ന പ്രതീക്ഷയോടെ സാഹിത്യകേദാരത്തിന്റെ ഒന്നാംലക്കം സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

**ഡോ. അലക്സ് എൽ.**
എഡിറ്റർ

*Advisory Board:*

Dr. P K Rajasekharan
Literary Critic and Cultural Historian

Dr. C R Prasad
Professor, Dept. of Malayalam, University of Kerala

Sri. V J James
Writer

Dr. K M Venugopal
Asst. Editor, Bhashaposhini, Manorama

Sri. S R Lal
Editorial Assistant, Grandhalokam

Dr. R B Sreekala
Professor & Head, Oriental Research Institute & Manuscript Library, University of Kerala

*Editor:*

Dr. Alex L
Head of the Post Graduate Department of Malayalam, Govt. College Nedumangad

*Editorial Board:*

Dr.Dharmarajan S S
Associate Professor of Malayalam

Dr.Beenakrishnan S K
Associate Professor of Malayalam

Dr. Pramod Kumar D N
Associate Professor of Malayalam

Dr. Rajesh Kumar P S
Associate Professor of Malayalam

Dr.Deepa S S
Asst. Professor of Malayalam

Sri. Sreeraj C L
Asst. Professor of Malayalam

Dr. Susanna P Das
Asst. Professor of Malayalam

Dr.Lekshmi S
Asst. Professor of Malayalam

*Reviewed by:*

Dr. Dominic J Kattoor
Associate Professor of Malayalam, University College, Thiruvananthapuram

Dr. Naushad S.
Associate Professor, Oriental Research Institute & Manuscript Library, University of Kerala

Dr.M A Siddeek
Associate Professor, Dept.of Malayalam, University of Kerala

## ഉള്ളടക്കം


1. **പുതുകവിതയിലെ ഭാഷാകേളികൾ** **7**
ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ

2. **ശരീരം, കാമന, ഭാവന: സ്വത്വത്തിന്റെ പൗരയുക്തികൾ** **19**
ജി. ഉഷാകുമാരി

3. **ജാതിയെ നിരാകരിച്ച കൃപയുടെ വഴികൾ - സരസ്വതീവിജയത്തിലെ ആധുനികത** **34**
ഡോ. യാക്കോബ് തോമസ്

4. **പൗരാണികതയുടെ പാരഡി എന്ന പൊളിറ്റിക്കൽട്രോൾ - വി.ജെ.ജെയിംസിന്റെ ചോരശാസ്ത്രം എന്ന നോവലിന്റെ രാഷ്ട്രീയവായന** **46**
കെ. ദയാനന്ദൻ

5. **വക്രോക്തി: ധ്വനിപാരമ്പര്യത്തിന്റെ വിപരീതം** **57**
ഡോ. ഷൂബ കെ. എസ്.

6. **ദേശകാലങ്ങളുടെ സാംസ്കാരികപാഠങ്ങൾ - 'സ്റ്റാച്യുപി.ഒ.' എന്ന നോവലിൽ** **63**
ഡോ. കെ. റഹിം

7. **ശാസ്ത്രകഥാപ്രസ്ഥാനം - ഒരു ഓർമ്മപുതുക്കൽ: ഫ്രഞ്ച് സാഹിത്യകാരനായ ജൂൾസ്വേണിന്റെ ലോകം ചുറ്റാൻ എൺപത് ദിനങ്ങൾ എന്ന ശാസ്ത്രനോവലിനെ ആസ്പദമാക്കിയുള്ള പഠനം** **70**
ഡോ. ജേക്കബ് സാംസൺ

8. **ബഷീർസാഹിത്യവും വിമർശകരും** **76**
ഡോ. പി. എസ്. രാജേഷ്കുമാർ

9. **ബലിപീഠത്തിലെ രക്തതാരം - കെ.ജി.എസ്. കവിതകളിലെ കാല്പനികബോധങ്ങൾ** **81**
ഡോ. ഗോപൻ ജി.

10. **കാവ്യഭാഷാപ്രതിരോധം - എസ്. ജോസഫിന്റെ കവിതകളിൽ** **95**
ധന്യ പി.ഡി.

11. **ഇസ്ലാമിക ഫെമിനിസം - വ്യവഹാരവും രാഷ്ട്രീയവും** **104**
സലീന എസ്.

12. **പാലയും പനയും ചുരത്തും മാതൃഭാവങ്ങൾ** **110**
പ്രിയാ നാരായണൻ

13. **നഗരവും നോവൽഭാവനയും: വി. എം. ദേവദാസിന്റെ 'ചെപ്പുംപന്തും' എന്ന നോവലിന്റെ വായന** **124**
മുത്തു കെ.

14. **കളിയും കാര്യവും** **131**
ഡോ. ഡി. വി. അനിൽകുമാർ

15. **അപരലോകത്തെ പ്രേമഭാജനങ്ങൾ** **137**

ഡോ. സരിത കെ. ആർ.

16. **ഭാഷയുടെ ഫോക്‌ലോർവൽക്കരണം - അധ്വാനത്തിന്റെ നിശ്ചലതയും കൗതുകവൽക്കരണവും** **147**

ഡോ. ബി. ആർ. സുമേഷ്

17. **നാട് നഷ്ടപ്പെട്ടവരുടെ ദീർഘനിശ്വാസങ്ങൾ** **150**

ഡോ. ബിൻസി സി.ജെ.

# പുതുകവിതയിലെ ഭാഷാകേളികൾ

**ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ**
അശ്വതി, പുതുപ്പറമ്പ് പി.ഒ., മലപ്പുറം - 676 501

**പ്രബന്ധസംഗ്രഹം**

ഏറ്റവും പുതിയ കവിതകളെ സാമാന്യമായി വിലയിരുത്താനുള്ള പരിശ്രമമാണ് ഈ പ്രബന്ധം. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച കവിതകളെയാണ് പ്രധാനമായും ആധാരമാക്കിയിട്ടുള്ളത്. പുതുകവിതകളിലെ ഭാഷാപ്രയോഗങ്ങളുടെ സവിശേഷതയും പുതുപദ നിർമിതിയും ആഖ്യാനത്തിൽ സ്വീകരിച്ച വിച്ഛേദവുമാണ് വിശകലന വിഷയം. കവിത കഥയോടടുക്കുന്നു എന്നതും ജീവിതത്തെ അതിന്റെ ആഴത്തിൽ ആവിഷ്കരിക്കുന്നു എന്നതും എടുത്തു പറയേണ്ട സവിശേഷതയാണ്. മനുഷ്യൻ എങ്ങനെയാണോ സമൂഹത്തിൽ ഇടപെടുന്നത് അതേ ഭാഷയും ശൈലിയും കവിതയിൽ പകർത്താനാണ് പുതിയകാല കവികൾ ശ്രമിക്കുന്നത്. കവിത ജീവിതത്തിൽനിന്ന് വേറിട്ട ഒന്നല്ല എന്നവർ വ്യക്തമാക്കുന്നുണ്ട്. ഭാഷാകേളിയിലൂടെ അപൂർവാനന്ദം അനുഭവിക്കുക മാത്രമല്ല അത് അനുവാചകനിലേക്ക് പകരുക കൂടി ചെയ്യുന്നു. ആലോചിച്ചുറപ്പിച്ച പദാവലി കളാണ് കവികളിന്ന് പ്രയോഗിക്കുന്നത്. അതുണ്ടാക്കുന്ന അനുരണനത്തെ ക്കുറിച്ച് അവർക്ക് ബോധ്യവുമുണ്ട്. ആത്യന്തികമായി കവിതയെ ജീവിതത്തോട ടുപ്പിക്കുക തന്നെയാണ് ഇക്കൂട്ടർ ചെയ്യുന്നത്.

***താക്കോൽവാക്കുകൾ:*** ഭാഷാകേളി, നവസാങ്കേതികത, ധൈഷണികഭാഷാ ശാസ്ത്രം, വിച്ഛേദം, ഭാഷാവഴക്കം, യാന്ത്രികപ്രതികരണം, സത്യാനന്തരകാലം, കവിതാശില്പനിർമിതി, പുതുപദനിർമിതി, ധൈഷണികവ്യാപാരം.

കവിതയുടെ ഇടവും ഇടപെടലും മറ്റേതൊരു സാഹിത്യജനുസ്സിൽനിന്നും ഭിന്നമാവുന്നത് അതിന്റെ ഭാഷാപരമായ പ്രയോഗവൈചിത്ര്യം കൊണ്ടുകൂടിയാണ്. കവിത ഹൃദയത്തോടാണ് സംവദിക്കുന്നത്. മാനവികതയോട് ചേർത്തുനിർത്തുകയോ വിശാലതയിൽ ലോകത്തെ നോക്കിക്കാണാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നു. താൻ

ഒറ്റയല്ലെന്ന് വിളിച്ചുപറയാൻ സ്ഥൈര്യവും പ്രാപ്തിയും നൽകുന്നു. കാലുഷ്യങ്ങളോട് കലഹിക്കാനും ഏകാന്തതയോട് കിന്നരിക്കാനും കൂട്ടാവുന്നു. നന്മയുടെ വിത്തു പാകിക്കൊണ്ട് പ്രകൃതിലാവണ്യങ്ങളോട് സമന്വയിപ്പിക്കുന്നു. ലോകത്തെവിടെയും തനിക്കൊരു വീടുണ്ടെന്നും ഏതൊരുവനുമുണ്ടാവുന്ന നോവ് തന്റേതുകൂടിയാണെന്നും ഓർമിപ്പിക്കുന്നു. അതുകൊണ്ടുതന്നെ കവിതയാണ് ഇനി മനുഷ്യന്റെ അവസാനത്തെ അഭയമെന്നും കവിതയുടെ മരണം മാനുഷ്യകത്തിന്റെ അറുതിയാണെന്നും ഒരുവേള നാം തിരിച്ചറിയുന്നു.

പല വഴികളിലൂടെ സഞ്ചരിക്കുന്ന നവമലയാളകവിതയുടെ രീതിയും(style) സ്ഥാനവും(pin-point) നിർണയിക്കുക എളുപ്പമല്ലെങ്കിലും തെരഞ്ഞെടുത്ത ചില കവിതകളുടെ ബലത്തിൽ അതിനുള്ള പരിശ്രമമാണ് ഇവിടെ നടത്തുന്നത്. ഭാഷാസംസ്കൃതയോഗത്തിന്റെയോ ദ്രമിഡസംഘാതാക്ഷരനിബന്ധത്തിന്റെയോ നേർവഴിയല്ല നവീന മലയാളകവിതയുടേത്. സമകാലിക സാഹചര്യത്തിനനുസൃതമായി ഭാഷാപരമായ നവീകരണം നിരന്തരം നടത്തുന്നുണ്ട് അത്. നവസാങ്കേതികതയുടെ പദാവലികളും ഗണിതശാസ്ത്രസൂത്രവാക്യങ്ങളും വാമൊഴിവഴക്കങ്ങളും പുതുപദനിർമിതികളും കവിതയെ അഭൂതപൂർവമായ അനുഭവമാക്കി മാറ്റുന്നുണ്ട്. ഭാഷാപ്രയോഗം ഒരു ധൈഷണിക വൃത്തിയായതുകൊണ്ടുതന്നെ കൃത്യമായ ദൗത്യം അതിനു പിന്നിലുണ്ട്. അർഥത്തെ നിർമ്മിക്കുന്നതിലും അത് വിനിമയം ചെയ്യുന്നതിലും ഭാഷകന്റെ ബോധപൂർവമായ ഇടപെടലുണ്ടെന്നു ചുരുക്കം. മനുഷ്യന്റെ ചിന്തയും അതിനുമേലുള്ള അവന്റെ നിയന്ത്രണവും ഭാഷാപ്രയോഗത്തിലും കാണാവുന്നതാണ്. മെറ്റഫറുകളെ ഉപയോഗിച്ചുകൊണ്ട് ഭാഷാപ്രയോഗത്തെ കൂടുതൽ ധൈഷണികമാക്കാനും വിനിമയക്ഷമമാക്കാനും കവികൾ ശ്രമിക്കാറുണ്ട്. ഭാഷ തന്നെ പ്രതീകാത്മകമാണ് എന്ന തിരിച്ചറിവ് ധൈഷണിക ഭാഷാശാസ്ത്രത്തിന്റേതാണ്. കവികൾക്കും ഈ ബോധ്യമുണ്ടാവുന്നു എന്നതാണ് ശ്രദ്ധേയം.

ഭാഷയെ പരമാവധി കയ്യൊതുക്കത്തോടെയും മെയ്യൊതുക്കത്തോടെയും പ്രയോഗിച്ച് കവിതയെ സൂത്രവാക്യരൂപത്തിലോ നിർവചനാത്മകമായോ പ്രയോഗിക്കുന്നതാണ് പുതുകവികളുടെ സ്വഭാവം. ചില കവിതകളാവട്ടെ കഥകളുടെ ക്രാഫ്റ്റിനെ പിൻപറ്റാൻ ശ്രമിക്കുന്നു. ജീവിതത്തെ കാലാനുസൃതമായി വായിച്ചെടുക്കാനും അരികുവത്കൃതരോട് ചേർന്നുനില്ക്കാനും വെമ്പുന്നു. പൂർവികരെ പുനർവായനയ്ക്ക് വിധേയമാക്കുന്നുമുണ്ട്. അടുത്തകാലത്ത് ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച കവിതകളാണ് പ്രധാനമായും ഇവിടെ ആധാരമാക്കുന്നത്. സമകാലത്തിറങ്ങിയ പ്രസക്തങ്ങളായ ചില കവിതകളെയും സഹായക തെളിവുകളായി (supporting evidence) സ്വീകരിക്കുന്നുണ്ട്. ഭാഷാപരമായ സവിശേഷതയിലാണ് പ്രബന്ധം ഊന്നുന്നത്. മറ്റു ചില വിച്ഛേദങ്ങളെ ആനുഷംഗികമായി സൂചിപ്പിക്കുന്നുവെന്നു മാത്രം.

## കവിതയിലെ ഭാഷാവഴക്കം

എഴുതുന്നതുപോലെയല്ല പറയേണ്ടതെന്നും പറയുന്ന ഭാഷയിൽ തന്നെയാണ് എഴുതേണ്ടതെന്നും കവികൾ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു; പ്രത്യേകിച്ചും പുതിയ

കവികൾ. അവർക്ക് ഭാഷ അച്ചിൽ വാർത്തെടുത്ത സ്ഥിരം കരുക്കളല്ല; മറിച്ച് നിരന്തര പരിണാമത്തിനു വിധേയമാക്കേണ്ട അസംസ്കൃതവസ്തുവാണ്. അതുകൊണ്ടുതന്നെ കവിതയ്ക്കും കവിതയിലെ പ്രതിപാദ്യത്തിനും ഇണങ്ങുന്ന ഭാഷയും ഭാഷാചേരുവ കളുമാണ് കവിതയെ ബലവത്താക്കുന്നത്. ആ തിരിച്ചറിവുണ്ട് എന്നതാണ് പുതിയ കവികളുടെ സവിശേഷത. പാർശ്വവത്കൃതന്റെ പ്രശ്നങ്ങളെ അവരുടെതന്നെ ഭാഷയിൽ പറയാനും അതിന്റെ ഹൃദയസ്പർശിത നിലനിർത്താനുമുള്ള ത്വരയുടെ ഭാഗമായിട്ടുവേണം ഇതിനെ കണക്കാക്കാൻ.

പ്രസിദ്ധമായ ഒരു ആഴ്ചപ്പതിപ്പ് 2021 ഏപ്രിൽ മാസത്തിൽ നടത്തിയ കവിതാരചനാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കവിതയാണ് അശ്വനി ആർ. ജീവന്റെ 'നീലച്ച ഒരു കാട് പ്രളയത്തിലകപ്പെടും വിധം'. കാട്/നാട്, പ്രകൃതി/മനുഷ്യൻ എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളുടെയും ഭരണകൂട ഇടപെടലിന്റെയും പശ്ചാത്തലത്തിലാണ് ഇക്കവിത രചിക്കപ്പെട്ടിട്ടുള്ളത്. കാട്ടിൽ ജനിക്കുകയും വളരുകയും കാടിന്റെ നൈർമ്മല്യം പേറുന്ന ഒരാളെ കൂട്ടാളിയായി തെരഞ്ഞെടുക്കുകയും ചെയ്ത ഒരുവളുടെ മൊഴിയായിട്ടാണ് കവിത സംവദിക്കുന്നത്. ജീവിതം പോലെ തന്നെ കവിതയും തെളിമയാർന്ന ഭാഷയും സംസ്കാര വും ഉൾക്കൊള്ളുന്നുണ്ട്.

*മൂത്തോളെ പെറ്റ കത*
*തൊടങ്ങുന്നതിങ്ങനാ :*
*നല്ല നീലച്ച കാടാര്ന്ന്*
*കാട്ടീക്കേറാൻ*
*പോറസ്റ്റാരെ കണ്ണും വെട്ടിച്ചോണ്ടുമ്മേണം*
*പറേമ്പോ പറേണമല്ലോ*
*അവര് കണ്ടാ ഉടുമുണ്ടുരിക്കണ ചീത്തയാ*

എന്നിങ്ങനെ തുടങ്ങുന്ന കവിത ഒരു സമൂഹത്തിന്റെ ദൈന്യം മുഴുവൻ വെളിവാക്കുന്നുണ്ടെന്നു മാത്രമല്ല അവരുടെതന്നെ ഭാഷയിൽ പറയാൻ ശ്രമിക്കുകയും ചെയ്യുന്നു. കവിതയ്ക്ക് ആലങ്കാരികഭാഷയോ ശബ്ദാലങ്കാര ജാടയോ ആവശ്യമില്ലെന്ന് പുതുതലമുറ ഉൾക്കൊണ്ടു തുടങ്ങിയതിന്റെ ദൃഷ്ടാന്തങ്ങളാണ് ഇത്തരം കവിതകൾ. കാടാര്ന്ന്, വേണമാര്ന്ന്, പടിച്ചതാര്ന്ന്, സ്നേഹമാര്ന്ന്, മനസ്സാര്ന്ന്, കാണാപ്പാടാര്ന്ന്, പോയതാര്ന്ന്, പറഞ്ഞാര്ന്ന്... ഇപ്രകാരമുള്ള അനുപ്രയോഗബന്ധിയായ വാമൊഴിവഴക്കങ്ങളെ കവിത ചിതം പോലെ പരിചരിക്കുന്നു. ഓരോ പദപ്രയോഗവും ഉണ്ടാക്കുന്ന അനുഭവം അതിന്റെ പ്രയോഗസാഹചര്യംകൂടി കണക്കിലെടുക്കുമ്പോൾ തികച്ചും വ്യത്യസ്തമായിരിക്കും. മനുഷ്യൻ അവന്റെ ഉൾക്കാഴ്ചയുടെയും ധാരണ യുടെയും അടിസ്ഥാനത്തിലാണ് അതിനെ ഉൾക്കൊള്ളുന്നത്. ഏതനുഭവ സ്വീകാര്യ ത്തിലും പൂർവാനുഭവത്തിന്റെ ഛായ പതിയുകയും ചെയ്യും. പൂർവാനുഭവ മുദ്രകൾ ചേർത്തുവെച്ചുകൊണ്ടാണ് പ്രയോഗങ്ങളെ നാം ഉൾപ്പേറുന്നത്. അധികാരത്തിന്റെ ഇടപെടലും നിസ്വരായ അടിസ്ഥാനവർഗ്ഗത്തിന്റെ അന്യവത്കൃതാനുഭവവും ഇക്കവിത മിനുക്കങ്ങളില്ലാതെ ചേർത്തുവെക്കുന്നുണ്ട്. അനുഭവത്തിന്റെ തീവ്രതയും തീക്ഷ്ണതയും

വാക്കുകളിൽ കൊരുത്തുവെക്കുമ്പോൾ അത് ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കാൻ തുടങ്ങുന്നു. ഒരു വർഗ്ഗത്തിന്റെ സഞ്ചിതാനുഭവങ്ങളുടെ അടയാളങ്ങൾ അവരുടെ മൊഴിയിലും പദവിന്യസനത്തിലും ഒളിമങ്ങിനില്ക്കന്നതു കാണാവുന്നതാണ്.

*അഞ്ചെണ്ണത്തിനെ പിന്നേം പെറ്റ്*
*അപ്പനില്ലാത്ത അഞ്ചെണ്ണം*
*കാടില്ലാത്ത അഞ്ചെണ്ണം*
*പറേമ്പോ പറേണമല്ലോ*
*ബൊമ്മൻ പോയപ്പോ*
*ഒന്നും അവന്റെ അല്ലാതായി*

ഒരു ജനതതിയുടെ ഉള്ളുരുക്കങ്ങളാണ് വാക്കുകളായി ഇവിടെ പിറന്നുവീഴുന്നത്. 'പണ്ട് നല്ല നീലച്ച കാടാർന്ന്/ഇന്നിപ്പോ/കാടും ചത്ത്...കാട്ടുമുത്തീംചത്ത്...' എന്നിങ്ങനെ കവിത പര്യവസാനിക്കുമ്പോൾ ഉണ്ടാവുന്ന സന്ത്രാസം വർണനാതീതമാണ്. പ്രതിപാദ്യവും പ്രതിപാദനത്തിനുപയോഗിക്കുന്ന ഭാഷയും പരസ്പരപൂരകങ്ങളായി നില്ക്കുന്നു എന്നതാണ് ഇത്തരം കവിതകളെ വേറിട്ടതാക്കുന്നത്.

'ഒമ്പത് പെണ്ണുങ്ങൾ ക്രിക്കറ്റ് കളിക്കുന്നു' എന്ന കവിത (സന്ധ്യ ഇ) ഭാഷകൊണ്ടും പ്രമേയത്തിന്റെ തീക്ഷ്ണത കൊണ്ടും ഉള്ളുലഞ്ഞുകൊണ്ടല്ലാതെ വായിച്ചുതീർക്കാനാവില്ല. ഒമ്പതു പെണ്ണുങ്ങൾ ക്രിക്കറ്റു കളിക്കാൻ വിമാനം കയറി പുറത്തുപോകുന്നു. അവർ അവരുടേതായ ഭാഷയിൽ സ്വാനുഭവത്തെ വിവരിക്കുന്ന വിധമാണ് ആഖ്യാനം. പുറപ്പെട്ടപ്പോൾ പതിനൊന്നു പേരുണ്ടായിരുന്നെങ്കിലും 'വിമാനത്തീ കേറണേനു തൊട്ടുമുമ്പാ ഒർത്തീടെ വീട് ഓടി വന്ന് കാലേച്ചുറ്റീന്നും പറഞ്ഞേച്ച് അവളിട്ടേച്ച് പോയത്'. പിന്നെ, 'ഗ്രൌണ്ടിലെറങ്ങാൻ നേരവാ മറ്റൊർത്തീടെ വീടവളെ മൊഴിചൊല്ലാമ്പോണെന്ന ഫീഷണി വന്നത്. ജീവിതല്ലേ വല്തെന്ന് വിചാരിച്ച് അവളേം സമാതാനിപ്പിച്ച് പറഞ്ഞ് വിട്ട്'. അങ്ങനെയാണ് ഒമ്പതായത്. വഴിനീളെ പ്രതിബന്ധങ്ങൾ... അതിനെയെല്ലാം നേരിട്ട് കളിക്കളത്തിലിറങ്ങിയപ്പോൾ, ബാൽക്കണി നിറച്ചും ആളായിരുന്നെങ്കിലും കൂടെ ആരുമില്ലാത്തപോലെയുള്ള അനുഭവം. പരിഹാസങ്ങളുടെ നടുവിലും 'അനുഫവം പടിപ്പിച്ചതാ കളിക്കളത്തിലും തൊണച്ചതേ...ഒന്നും കണ്ടില്ല, കേട്ടില്ല...' എന്നാലും കളി ജയിച്ചു. 'ഒമ്പതു പേരെ വെച്ച് ഗ്രൗണ്ടില് കളിക്കണ കളി'. 'നെയമൊക്കെ ആണ്ങ്ങളൊണ്ടാക്കീതല്ലേ സമയോം സൗകര്യോവൊള്ളോര്' എന്നിടത്തെത്തുമ്പോഴേക്കും കവിത ആണധികാരത്തിന്റെ ഉത്തുംഗതയെ ഞെരിച്ചുകളയുന്നുണ്ട്. അലക്കാതെയും തുടയ്ക്കാതെയും വിട്ടുപോന്ന വീടും വേവലാതികളും വേട്ടയാടുന്നതിനിടയിലും കളിയിലെ ജയം ഒട്ടൊന്നുമല്ല ആഹ്ലാദം തീർക്കുന്നത്. 'അല്ല...ഒന്നൊണ്ട്. ഒരിക്കലും ജയിക്കാത്ത ജീവിതത്തിനെടേല് ഒരിക്ക ജയിച്ച ഈ കളീടെ ഓർമ്മകള് മതി സാറേ വല്ലാണ്ട് വെഷമം വരുമ്പോ ഒന്നു ചാരി നിക്കാൻ ഒന്ന് കെട്ടിപ്പിടിക്കാൻ. ചാവാങ്കെടക്കുമ്പോ ഓർത്ത് പതിയെ ചിരിക്കാൻ'. ഉള്ളുലയ്ക്കുന്നതും ഉണർത്തുന്നതുമായ പ്രമേയം കൈകാര്യം ചെയ്യുന്നു എന്നതുമാത്രമല്ല കവിതയുടെ വിശേഷം. അതിനുപയോഗിച്ച ഭാഷയുടെയും ആക്ഷേപഹാസ്യത്തിന്റെയും ചേരുവയും ചാരുതയും

കവിതയെ ചാട്ടുളിയുടെ മൂർച്ചയും തീർച്ചയും ഉള്ളതാക്കുന്നുണ്ട്. കളിക്കുന്നത് പെണ്ണുങ്ങൾ, കളിയാവട്ടെ ക്രിക്കറ്റും. പരമ്പരാഗതകോട്ടകളെ ഉലയ്ക്കാൻ ഇതിലേറെ എന്തുവേണം? ആൺകോമാളിത്തങ്ങളെ വിളിച്ചറിയിക്കുന്ന സന്ദർഭങ്ങളും കവിതയെ ഉറപ്പുള്ളതാക്കുന്നുണ്ട്.

അസീം താന്നിമൂടിന്റെ പുതിയ കവിതയായ 'അണ്ടിക്കഞ്ഞി' പ്രകൃതിയെ പരമാവധി ചൂഷണം ചെയ്യുന്ന മനുഷ്യന്റെ അത്യാർത്തിയെ വിളംബരപ്പെടുത്തുന്നതാണ്. പതിവ് കാവ്യഭാഷ വിട്ട് ഭാഷണത്തോടടുത്തു നില്ക്കുന്ന ശൈലിയാണ് കവിത സ്വീകരിച്ചിട്ടുള്ളത്. മാങ്ങയുടെയും മാവിന്റെയും പക്ഷത്തുനിന്നുകൊണ്ട് സംസാരിക്കുന്ന കവി പ്രകൃതിയോടു ചേർന്നുനില്ക്കുകയും മനുഷ്യപ്രകൃതത്തോടുള്ള വിയോജിപ്പ് പ്രകടമാക്കുകയും ചെയ്യുന്നു. പ്രകൃതിതന്നെ കവചം തീർത്ത് സംരക്ഷിച്ചിട്ടുള്ള മാങ്ങയുടെ അണ്ടിയെ തല്ലിപ്പൊട്ടിച്ച് കഞ്ഞിവെക്കുന്നതിലെ അയുക്തിയാണ് ചോദ്യം ചെയ്യപ്പെടേണ്ട തെന്ന് കവിപക്ഷം. 'അതു നിങ്ങൾക്കുള്ളതല്ല'. 'എല്ലാത്തിലും രുചിതേടുന്ന നിങ്ങളുടെയീ മനോഭാവം അത്ര നല്ലതല്ല നല്ലതിനല്ല' എന്നിങ്ങനെ കവിത അവസാനിപ്പിക്കുമ്പോൾ തെളിമയാർന്ന മലയാളത്തിൽ ചില ഓർമപ്പെടുത്തലുകൾ നടത്തുകയാണ് കവി. മാങ്ങയെ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്കായി കരുതിവെക്കുന്ന പ്രകൃതി, ദൃഢതയാർന്ന കവചത്തിനകത്ത് അതീവ ശ്രദ്ധയോടെ മാങ്ങയണ്ടി കാത്തുസൂക്ഷിക്കുന്നതിന്റെ പൊരുളെന്ത് എന്ന ചോദ്യമാണ് കവിതയുണർത്തുന്നത്. അതിന്റെ ഉത്തരമാവട്ടെ അനാദി യായ മനുഷ്യന്റെ ചെയ്തികളെയും സ്വാർത്ഥതകളെയും വെയിലത്തു നിർത്തുന്നുണ്ട്.

വാക്കുകളിൽ ലുബ്ധുകാണിക്കുന്ന ആധുനികമനുഷ്യൻ ഒരു വാക്യം ഉരിയാടേണ്ടിടത്ത് ഒരു ഇമോജി പകരംവെച്ച് സ്വന്തം വാത്മീകത്തിലേക്കൊതുങ്ങിക്കൂടുന്നതിന്റെ ചിത്രം സമകാലീന കാഴ്ചയാണ്. പുതിയ കാലം പുതിയ സംവേദനശീലങ്ങളെ നിർമിക്കുന്നു. എങ്ങനെ അപരനെ കയ്യൊഴിഞ്ഞ് സ്വാർത്ഥത്തിലഭയം തേടാം എന്നതാണ് ചിന്ത. ബി.കെ. ഹരിനാരായണന്റെ 'ഇമോജിറാവു' എന്ന കവിത നവമാധ്യമകാലത്തെ മനുഷ്യന്റെ യാന്ത്രിക പ്രതികരണങ്ങളെ മറനീക്കിക്കാണിക്കുന്നതാണ്. 'വെറുംചിരി, കടുംചിരി തമാശ, വാശി പുച്ഛവും നിരാശ, രാഗ, മീർഷ്യയും കരച്ചിലും, പിണക്കവും' അരകിലോ കണക്കിൽ ലഭിക്കും. ഒരു വർഷംവരെ കേടുവരാതിരിക്കുകയും ചെയ്യും. സ്നേഹവും സങ്കടവും സന്തോഷാത്ഭുതങ്ങളും ഇമോജികളിലൂടെ മാറിമാറി പ്രകടിപ്പിച്ച് പതിവു തിരക്കുകളിലേക്ക് കൂപ്പുകുത്തുന്ന സത്യാനന്തരകാലമനുഷ്യനെയാണ് ഹരിനാരായണൻ പകൽവെളിച്ചത്തു നിർത്തുന്നത്. അവനവനിലേക്ക് ചുരുങ്ങുന്ന ആത്മത്തെ(Self) നവമാധ്യമകാലത്തെ സങ്കേതങ്ങളുടെ അകമ്പടിയോടെ അവതരിപ്പിക്കുകയാണ് ബിന്ദുകൃഷ്ണൻ 'ഒറ്റയ്ക്ക് വലയിൽ' എന്ന കവിതയിൽ. പുതിയ കാലം പുതിയ ജീവിതസന്ദർഭങ്ങളെ സൃഷ്ടിക്കുന്നു. അതിനനുസൃതമായ ഭാഷയും ആവിഷ്കാരവുമാണ് പുതുകവിതകൾ ആവശ്യപ്പെടുന്നത്.

കവിതയെ വാമൊഴിയോടടുപ്പിക്കുക മാത്രമല്ല കഥപറയുന്നപോലെ കവിത വാർത്തെടുക്കുന്ന രീതിയും ചിലർ പരീക്ഷിക്കുന്നു. പവിത്രൻ തീക്കുനിയുടെ നബീസ എന്ന കവിത അത്തരത്തിലുള്ളതാണ്. ആറു കുട്ടികളുമായി കട്ടപ്പുരയിലെ ഒറ്റമുറിയിൽ താമസിക്കുന്ന നബീസയുടെ ഒറ്റപ്പെടലും ദാരിദ്ര്യവും, തെളിമയും ഇനിമയുമുള്ള ലളിത

മലയാളത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. കാവ്യഭാഷയെ കഴിയുന്നത്ര ഹൃദയംഗമമാക്കുക എന്നതാണ് ഇവരുടെ രീതി. പവിത്രന്റെ കവിതയോട് ചേർത്തു വായിക്കാവുന്ന ഒന്നാണ് സെറീനയുടെ 'ബീക്കുട്ടി'. അപസ്മാരം ബാധിച്ച് അകാലത്തിൽ പൊലിഞ്ഞു പോയ ഏക മകളെച്ചൊല്ലിയുള്ള ദു:ഖത്തെ മറികടക്കാൻ പശുക്കുട്ടികളെ താലോലിക്കുന്ന 'വലിയുമ്മ'യുടെ ജീവിതമാണ് കഥാഖ്യാനം പോലെ നാടോടിത്തനിമയിൽ സെറീന കൊരുത്തു വെക്കുന്നത്. വടക്കൻ മലയാളത്തിന്റെ ശാലീനത ഇക്കവിതയെ ഹൃദയഹാരിയാക്കുന്നു. ഓര്, ഓർടെ എന്നീ പ്രഥമപുരുഷരൂപങ്ങളും നെറുകന്തല, ദെണ്ണം, പയ്യ്, ഒരൂസം ഇത്യാദി ഭാഷാഭേദങ്ങളും കാവ്യഭാഷയെ വാമൊഴിയോടടുപ്പിക്കുന്നുണ്ട്.

'പുരുഷ്വാണ് മ്മ്ടെ മാറ്റ് ദേശത്തെ കൌങ്ങേറ്റക്കാരൻ' എന്നാരംഭിക്കുന്ന 'പുരുഷു'എന്ന കവിതയും (രാവുണ്ണി) വാമൊഴിയുടെ അഴകുൾക്കൊള്ളുന്നതാണ്. തെങ്ങുകയറ്റക്കാരനായ ഒരാളുടെ ജീവിതത്തിലെ ആരോഹണാവരോഹണങ്ങളെ കഥപറയുന്ന താളത്തിൽ അവതരിപ്പിക്കുകയാണ് കവി.

*ശരേന്ന് സൈക്കിള് ചവിട്ടി പായും,*
*അയ്ലും വേഗത്തില് വർത്താനം പറയും,*
*ക്ടുംന്ന് ഒറങ്ങും പ്ടുംന്ന് ഒണരും*
*കെഴക്ക് ചോപ്പു പൊടിക്കും മുമ്പ്*
*ചറപറാന്ന് പശൂനെ കറക്കും...*

ഇതാണ് കൌങ്ങേറ്റക്കാരൻ പുരുഷു. ഒടുവിൽ വീണുപോവുകയും വീണിടത്തുനിന്ന് എഴുന്നേല്ക്കാനാവാതെ മരണത്തിലേക്ക് ആഴ്ന്നിറങ്ങുകയും ചെയ്തു പുരുഷു. താളാത്മകമായ ഭാഷാപ്രയോഗമാണ് ഈ കവിതയെ സഹൃദയരോട് ചേർത്തു നിർത്തുന്നത്. മലയാളഭാഷയുടെ ശക്തിയും സൗന്ദര്യവും തിരിച്ചറിഞ്ഞ് ഭാഷാക്രമത്തിൽ പുലർത്തുന്ന നിഷ്കർഷതയാണ് ഇത്തരം കവിതകളുടെ സവിശേഷത. രാവുണ്ണിയുടെ 'അമ്പതാണ്ടിപ്പുറോമമ്മായി' എന്ന കവിതയിലും ഇതിന് സമാനമായ ഭാഷയാണ് കാണുന്നത്.

കുരീപ്പുഴ ശ്രീകുമാറിന്റെ ചില കവിതകളിലും ഭാഷയെ ലളിതവും മധുരവുമാക്കി ഉപയോഗിക്കാനുള്ള പ്രവണത പ്രകടമാണ്. 'തോനെയിഷ്ടം എനിക്കു കപ്പ, ചേമ്പ്/ചേന, കാച്ചിൽ/കിഴങ്ങ്, കാരറ്റ്/തോനെയിഷ്ടം എനിക്ക് കഞ്ഞി, ചോറ്/ബാല്യകാലം നിറച്ച കണ്ണീർക്കറി' (ഒരു പ്രമേഹ കവിത) എന്നെല്ലാം ഗ്രാമീണാന്തരീക്ഷം സൃഷ്ടിച്ചുവെക്കാൻ കുരീപ്പുഴ സവിശേഷ ശ്രദ്ധ വെക്കാറുണ്ട്.

എൽ. തോമസ്കുട്ടിയാണ് കവിതയിൽ ആധുനികാനന്തര കാലത്ത് ഭാഷാപരമായ പരീക്ഷണങ്ങൾ ഏറെ നടത്തിയ ഒരാൾ. കവിതയെ വാമൊഴിയോടടുപ്പിക്കുക മാത്രമല്ല ഈ കവി ചെയ്തത്. ഗണിതസൂത്രങ്ങളെയും ആംഗലേയ പദാവലികളെയും ചുരുക്കെഴുത്തുരൂപങ്ങളെയും കവിതയിൽ കൊണ്ടുവന്നു. നവസാങ്കേതികതയുമായി ബന്ധപ്പെട്ട പദങ്ങൾക്ക് പ്രവേശനം നല്കി. ആക്ഷേപഹാസ്യത്തിന്റെ അകമ്പടിയോടെ അത്യന്താധുനികന്റെ കാപട്യങ്ങളെ പൊളിച്ചെഴുതി. മറഞ്ഞുനിന്ന് നമ്മുടെ ധാർഷ്ട്യങ്ങളുടെ

നേരെ കാർക്കിച്ചുതുപ്പി. പൊതുവെ മനുഷ്യപക്ഷത്തുനില്ക്കുന്നതും പുറന്തള്ളപ്പെടുന്നവന്റെ വികാരങ്ങളോട് താദാത്മ്യം പ്രാപിക്കുന്നതുമാണ് തോമസുകുട്ടിയുടെ കവിതകൾ.

ബേങ്കിൽ ഒരുപിടി വിത്ത് പണയംവെച്ച് (വേറെ നിവൃത്തിയില്ലാതെ) പണം കടം വാങ്ങാൻ ചെന്ന കണ്ടപ്പന്റെ ദയനീയ ചിത്രമാണ് തോമസ്കുട്ടിയുടെ 'പണയം' എന്ന കവിതയിലുള്ളത്. പണയമായി സ്വർണം വേണമെന്ന് പറഞ്ഞ് 'താറ്റിയാറ്റി'യ മാനേജരുടെ ഞായം കണ്ടപ്പന് പിടികിട്ടിയില്ല.

*കണ്ടപ്പന്*
*അതിന്റെ ഞായം*
*പുടികിട്ടീല്ല.*
*നട്ടാക്കിളിക്കാത്തതു വേണോന്നോ?*
*ഇത് വിത്താ സാറേ*
*ഇത് വിളയും സാറേ*

എന്നിങ്ങനെ മൊഴിയുന്ന കണ്ടപ്പന് ആട്ടിയകറ്റപ്പെടാനായിരുന്നു വിധി. ഗ്രാമീണ കർഷകന്റെ ദൈന്യം അവന്റെ തന്നെ ഭാഷയിൽ അവതരിപ്പിക്കുന്നതാണ് കവിയുടെ രീതി. വാമൊഴി മലയാളത്തിന്റെ തെളിമയിലാണ് ദല്ലാളി എന്ന കവിത രചിച്ചിട്ടുള്ളത്. 'പൊരേം പറമ്പും/തൊട്ട് ആടും മാടും/കോയീന്റ വേസ്റ്റും ന്ന് ബാണ്ട/കണ്ണിക്കണ്ടേനൊക്കെ ങ്ങ്/ബിക്കാനും മാങ്ങാനും/ദല്ലാളി വേണം' എന്നാണ് കവിപക്ഷം. മാങ്ങുക, ബിക്കുക, ബക്കുക, ഏർപ്പാടാവുക, കയിച്ചിലാവുക, കച്ചോടാക്കുക...ഇങ്ങനെയുള്ള ഒട്ടേറെ നാടൻപ്രയോഗങ്ങൾ കൊണ്ട് സമൃദ്ധമാണ് ഈ കവിത. ഇടയ്ക്ക് ഇംഗ്ലീഷ് പദങ്ങളും കടന്നുവരുന്നുണ്ട്; അതും ഗ്രാമീണവാമൊഴിക്കിടയിൽ സ്വാഭാവികമായി കടന്നുവരുന്ന ആംഗലേയപ്രയോഗങ്ങൾ. റിയൽ എസ്റ്റേറ്റ് കച്ചവടരീതിയെ തൊലിയുരിച്ച് വെളിച്ചത്തു നിർത്തുന്ന ഈ കവിത ഭാഷാപ്രയോഗരീതിയിലും വ്യത്യസ്തത പുലർത്തുന്നുണ്ടെന്നതാണ് പ്രധാനം.

'ചില്ലുമേടയിലെ യന്ത്രമൂർത്തി'യാണത്രേ എ.ടി.എം. മെഷീൻ (പ്രതിഷ്ഠ).'ATMന്ന് ച്ചാൽ അത്തം തിരുന്നാൾ മൌലവി' എന്ന് മറ്റൊരിടത്ത് സൂചിപ്പിക്കുന്നു. ബാലൻസ് തീർന്നു എന്നറിയിക്കുന്ന മൊബൈലിലെ ശബ്ദത്തെ 'യെന്തിരവൾ' എന്നു വിളിക്കാനും കവിക്കൊരു മടിയുമില്ല. 'ഇജ്ജ് ക്കും കിട്ടണം ഫണം സൈറ്റിങ്കൽ ബയിയുണ്ടോ?' എന്നു ചോദിക്കുന്ന 'കേരള.കോം ആളി' എന്ന കവിത നവസാങ്കേതിക ഭാഷാശൈലികളെ കണക്കിന് കളിയാക്കുന്നു. 'തിരത്തീരത്തരിതരിപ്പ്' എന്ന കവിതയിലും ഭാഷാകേളി അനുഭവിച്ചറിയാനാവുന്നുണ്ട്. കടൽ, കര, തിര, കടൽച്ചൊരുക്ക്, കാറ്റ്, മീൻമണം, പങ്കായം, നിലയില്ലാതാഴം... ഇപ്രകാരമുള്ള കടലോരാനുഭവങ്ങളെ ചിത്രകാരൻ കൂടിയായ കവി വാങ്മയ ഗോചരമാക്കുന്നു. ഭാഷയെ സവിശേഷ ചേരുവകളിൽ സമന്വയിപ്പിക്കുമ്പോൾ കവിയനുഭവിക്കുന്ന ആനന്ദം ആലോചനാമൃതമാണ്. ഈയൊരു അപൂർവാനന്ദം ഭാഷാകേളി സൃഷ്ടിക്കുന്ന സാഹിത്യാനുഭവം തന്നെ. കവിക്കെന്നപോലെ വായനക്കാരിലും ഇത് ആഹ്ലാദാരവം തീർക്കുന്നുണ്ട്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## ജീവിതം കവിത വായിക്കുന്നു

ജീവിതത്തെ സൂക്ഷ്മമായി വായിക്കാനും വിലയിരുത്താനുമുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ചില കവിതകൾ പിറന്നുവീഴുന്നത്. ജന്മകൃത്യം നിറവേറ്റുക എന്നത് മനുഷ്യനെ സംബന്ധിച്ച് മാത്രമല്ല കവിതയെക്കുറിച്ചും പ്രസക്തമാണ്. വളരെ കൃത്യവും സൂക്ഷ്മവുമായ മൈക്രോസ്കോപിക് കണ്ണിലൂടെ ജീവിത വൈവിധ്യത്തെ കാണിച്ചു തരുന്നു, ചില കവികൾ. ഒരു ചെറുമത്സ്യത്തിന്റെ ചിന്തയിലൂടെ ജീവിതത്തെയും പാതിയിൽ നിലച്ചുപോയ ജീവിതത്തിന്റെ ദുരന്താനുഭവത്തെയുമാണ് ഉണ്ണിക്കൃഷ്ണൻ പൂഴിക്കാട് (ചെറുത്) വരച്ചുവെക്കുന്നത്. അതീവ ശ്രദ്ധയാർന്ന കരുതലിന്റെ രാഷ്ട്രീയമാണ് വീരാൻകുട്ടിയുടെ 'പ്രാർഥനയുടെ ക്രമം' എന്ന കവിത മുന്നോട്ടുവെക്കുന്നത്. കവിമാത്രസാധ്യമായ അപരശ്രദ്ധ കവിതയിൽ നിറഞ്ഞുനില്ക്കുന്നു. അതിനാകട്ടെ ഏറ്റവും സ്ഥൂലേതരമായ ഭാഷാവിന്യാസക്രമം ദീക്ഷിക്കുകയും ചെയ്തിരിക്കുന്നു. വീരാൻകുട്ടിയുടെ മറ്റേതൊരു കവിതയെയും പോലെ കവിതാശില്പനിർമിതിയിൽ പുലർത്തുന്ന തികഞ്ഞ തപോമയ സൂക്ഷ്മത ഇതിലും കാണാനാവും.

തോറ്റവൻതന്നെ പിന്നെയും തോല്ക്കുന്ന ജീവിതത്തിന്റെ, രാഷ്ട്രീയാംശമുള്ള കവിതയാണ് വി.ടി. ജയദേവന്റെ 'പാമ്പുകടി'. രാഷ്ട്രീയബോധം തലയ്ക്കുപിടിച്ച സാധാരണക്കാരന്റെ ജീവിതാവസ്ഥയെയും വാഗ്വാദങ്ങളിൽപ്പോലും യുദ്ധമുറ പ്രയോഗിക്കുന്ന പോരിമയെയും ജയദേവൻ അവതരിപ്പിക്കുന്നുണ്ട്:

*നേരുപറഞ്ഞാൽ*
*എന്റെ കക്ഷി ജയിച്ചാലും*
*ദിനേശന്റെ കക്ഷി ജയിച്ചാലും*
*ഞങ്ങളുടെ ഊണും ഉറക്കവും*
*വാക്കും വാക്കാണവും*
*ഇങ്ങനെത്തന്നെയിരിക്കും*
*ഇതേ പുഴ,*
*ഇതേ കലക്കമണം,*
*ഇതേ ചൂണ്ട,*
*ഇതേ വിഭ്രമക്കൊത്ത്.*

എത്രയൊക്കെപ്പറയണം ഒരു ജീവിതത്തെ മനസ്സിലാക്കാൻ എന്നതിന്, ഇത്രയൊക്കെ മതി എന്ന് കവി പറഞ്ഞേക്കും. അത്രമേൽ സൂക്ഷ്മതയോടെ കാര്യങ്ങൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മനുഷ്യനാണ് പ്രപഞ്ചകേന്ദ്രം എന്ന മിഥ്യാധാരണ ചിലർക്കെങ്കിലും ഉണ്ട്. അതൊട്ട് തിരുത്താൻ നാം ഒരുക്കവുമല്ല. എന്നാൽ കവികൾ അത്തരം അബദ്ധധാരണകൾക്കുപുറത്ത് അടയിരിക്കുന്നവരല്ല, അവർക്കതിന് കഴിയുകയുമില്ല. 'ശലഭവും നമ്മളും' എന്ന പി.എൻ. ഗോപീകൃഷ്ണന്റെ കവിത അത്തരമൊരു സന്ദേശം അതിമനോഹരമായി അവതരിപ്പിക്കുന്നതു കാണാം. നാം വായിക്കുന്നതല്ല ശലഭങ്ങളെഴുതുന്നതെന്നും അഥവാ ശലഭങ്ങളെഴുതുന്നതല്ല നാം വായിക്കുന്നതെന്നും കവിത

ഓർമിപ്പിക്കുന്നു. ശലഭങ്ങളെയും മനുഷ്യനെയും താരതമ്യം ചെയ്യുന്ന കവി, ഭൂമിയിൽ വസന്തം ഇപ്പോഴും ബാക്കിയാവുന്നത് പൂമ്പാറ്റകൾ ഉള്ളതുകൊണ്ടാണെന്ന് തീർത്തുപറയുന്നു. അല്ലാതെ മനുഷ്യന്റെ അഹംബോധം നിമിത്തമല്ല. വസന്തത്തെക്കുറിച്ച് മൂന്നാംകിട പാട്ടെഴുതി പക്കമേളത്തോടെ പാടുകയും ഒരു മൂന്നാംകിട സിദ്ധാന്തത്തിൽ ഞെളിയുകയും ചെയ്യുന്നതാണ് മനുഷ്യശീലം. ആധുനികാനന്തര കവിതകളിലെ ഒതുക്കവും പറഞ്ഞതിനുമപ്പുറത്തേക്കു നീണ്ടുപോവുന്ന ആശയപ്രചുരിമയും ഇത്തരം കവിതകളിൽ ആവർത്തിക്കുന്ന ഘടകങ്ങളാണ്.

കാലം കലുഷപൂർണവും കഠിനവുമാകയാൽ കവിത ആവശ്യപ്പെടുന്നതും തദനുസൃത മായ ക്രൌര്യത്തെയാണ്. എം എസ് ബനേഷിന്റെ 'പരിശീലനം' എന്ന കവിതയിലെ' ക്രൂരതകൊണ്ടു പുലരുന്ന ലോകത്തിലക്രൂരനാവുന്നതെങ്ങനെ ഞാനും' എന്ന ചോദ്യം അത്തരമൊരു പരിപ്രേക്ഷ്യത്തിലാണ് സ്വാഗതാർഹമാവുന്നത്. 'മറ്റാരുമൊറ്റാലിലെന്നെ ക്കുരുക്കുവാൻ പാടില്ലെയെന്നു വരംതന്നു ചാവുക' നവമനുഷ്യന്റെ സ്വാർത്ഥതയുടെ വരാനുഗ്രഹപ്രാർത്ഥിതാവസ്ഥതന്നെ ഇത്. കെട്ട കാലത്തെ എത്ര ആവിഷ്കരിച്ചാലും പുതിയ കവികൾക്ക്, കവിതകൾക്കും മതിവരുന്നില്ല. ഒരുപക്ഷേ കാലം അത്രമേൽ നിറം കെട്ടുപോയതുകൊണ്ടും ആവാം. കെ ജി എസ്സിന്റെ 'മാസ്ക്' അകവും പുറവും ഒരുപോലെ നാറിനാറായണമായതിന്റെ സൂചനയാണ്. 'ലോകമെനിക്കോ ഞാൻ ലോകത്തിനോ, മുഖമറ?' എന്ന് കവി. അകം ചീഞ്ഞു പുറത്തേക്കോ പുറം ചീഞ്ഞ് അകത്തേക്കോ നാറുന്നത് എന്ന ആത്മവിമർശനപരമായ ചോദ്യവും നമ്മെ തെല്ലൊന്നുമല്ല അലട്ടുന്നത്.

വാതിൽക്കൽ ചോദ്യക്കലി:

*'അകത്താര്?'*
*'വീട്ടുടമ, കാർഡുടമ, പൌരത്വം.*
*നാളെയെന്തെന്നറിയാതുഷ്ണിക്കും കവി,*
*ഭാഷ, റേഷൻതീനി..*
*പുറത്താര്?'*
*'മഹാമാരി'*

ഏറെയൊന്നും വിശദമാക്കാതെതന്നെ കവിത ഉദ്ഘോഷിക്കുന്നതെന്തെന്ന് വ്യക്തമാക്കുന്നതാണ് ഈ ഉപലബ്ധമായ വരികൾ. അനുപദം രാഷ്ട്രീയാംശം കൈവരുന്ന താണ് പുതുകവിതകളുടെ പൊതുപൊരുൾ.

മാറിക്കൊണ്ടിരിക്കുന്ന കാലം പല ഈടുവെപ്പുകളെയും നഷ്ടമാക്കുന്നുണ്ട്. ചിലതെല്ലാം നാം അറിഞ്ഞുകൊണ്ടുതന്നെ സ്വീകരിക്കുന്നു. ചിലതാവട്ടെ നമ്മുടെ നിയന്ത്രണത്തിനും ഇച്ഛയ്ക്കും പുറത്തുനില്ക്കുന്നതുമാണ്. എന്നാൽ കവികളെ സംബന്ധിച്ചിടത്തോളം എല്ലാം അങ്ങനെ പെട്ടെന്ന് വിട്ടുകൊടുക്കാവുന്നതല്ല. അവർ അതിനെ കവിതയിലെങ്കിലും നിലനിർത്താനും ആവാഹിച്ചിരുത്താനും ശ്രമിച്ചെന്നുവരും. ആഗോളീകരണകാലത്തും ഗ്രാമീണപഴമകളെ തിരിച്ചുപിടിക്കാനുള്ള പുത്തൻ വഴിയാണ് കെ.ആർ. ടോണി കവിതയിൽ കണ്ടെത്തുന്നത് (ചെമ്മണ്ണിടവഴിയും ടാർറോഡും). ചെമ്മണ്ണിടവഴികളും

മൺതിട്ടകളും മുൾവേലികളും മറ്റും നാട്ടിലില്ലെങ്കിലും കവിതയിലുണ്ടെന്ന സൂചന നാട്ടുനന്മയെ കെടാതെ സൂക്ഷിക്കുന്ന കവിമനസ്സിനെ സൂചിപ്പിക്കുന്നു. നാട്ടുഭാഷയുടെ കാവ്യബിംബങ്ങൾ കൊണ്ട് സമൃദ്ധമാണ് ഈ കവിത. പഴയ കാല്പനിക കവികളുടെ ഓർമ്മകളിലെ അടയിരുപ്പല്ല, മറിച്ച് സമകാലവുമായി ചേർത്തുവെച്ച്, പുതിയ കാലത്തെ ടാർ പുതച്ച ആറുവരിപ്പാതയുമായി ബന്ധിപ്പിക്കുമ്പോഴാണ് കവിത ശരിക്കും 'പുതിയതാ'വുന്നത്.

## വേറിട്ട വിശേഷങ്ങൾ

കവിതയെ കഥയുമായി ഇണക്കിനിർത്തുന്ന പ്രവണത ചില കവിതകളെങ്കിലും പ്രകടമാക്കുന്നതായി മുമ്പ് സൂചിപ്പിച്ചു. പവിത്രൻ തീക്കുനിയുടെയും എസ് ജോസഫി ന്റെയും ചില കവിതകൾ അത്തരമൊരു രീതിയാണ് അവലംബിക്കുന്നത്. അടുത്തകാലത്ത് എഴുതിയ ജോസഫിന്റെ 'തെക്കുതെക്കൊരു തീരം തന്നിൽ' എന്ന കവിത കഥയുടെ ആഖ്യാനശൈലിയാണ് പിൻപറ്റുന്നത്. 'ഒരു വീട്ടിൽ കൂട്ടുകാരനൊപ്പം താമസിച്ചിരുന്നു...' എന്ന പ്രാരംഭം തന്നെ കഥകേൾക്കുന്ന ലാഘവത്തിലേക്ക് വായനക്കാരനെ കൊണ്ടെത്തി ക്കുന്നു. ഒരു ഫാന്റസിക്കൽ കഥയുടെ അറുതിപോലെയാണ് കവിത അവസാനിക്കുന്നത്. ഒരേ രീതിയിൽ വായിച്ചുപോവുന്ന കവിത അവസാനപടിയിൽ എത്തിനില്ക്കുമ്പോൾ പിടിച്ചുലച്ചുകൊണ്ട് ഭ്രമാത്മകതയുടെ അഡ്ഡാളിപ്പിലേക്ക് ആനയിക്കുന്നു. ഇതൊരു പതിവുരീതിയിൽ നിന്നുള്ള വിച്ഛേദമായിട്ടാണ് അനുഭവപ്പെടുന്നത്. കഥയിൽ പ്രകീർത്തിക്ക പ്പെട്ടതും എന്നാൽ കവിതയിൽ അത്ര സാധാരണമല്ലാത്തതുമായ ഈ വഴി വീരാൻകുട്ടിയെ പ്പോലുള്ള കവികളും പയറ്റിയിട്ടുണ്ടെന്നത് വിസ്മരിക്കുന്നില്ല. കഥയും കവിതയും തമ്മിലുള്ള ദൂരം കുറഞ്ഞുവരുന്നു എന്നതാണ് ഇവിടെ ഓർക്കേണ്ട ഒരു കാര്യം.

ജീവിതത്തിന്റെ ഉൾപ്പെരുക്കങ്ങളെ അതിസൂക്ഷ്മതയോടെ കൈകാര്യംചെയ്യുന്ന ചില കവിതകളും ഇക്കാലത്തുണ്ടാവുന്നുണ്ട്. മനുഷ്യന്റെ (അ)ക്ഷമ, നിരാശ, വിധി, മരണത്തോടുള്ള മനോഭാവം, മരണത്തെ അതിവർത്തിക്കാനുള്ള അഭിവാഞ്ഛ...ഇങ്ങനെ പല ഭാവങ്ങളെ വാക്കൊതുക്കത്തോടെ അവതരിപ്പിക്കുകയാണ് വീരാൻകുട്ടി (ജയിൽ വർക്ക്ഷോപ്പ്). വാക്കുകളെ പൊന്നുതൂക്കുന്ന ജാഗ്രതയോടെ അളന്നിടുന്ന വീരാൻ കുട്ടിയുടെ പതിവു രീതി തന്നെയാണ് ഇവിടെയും കാണുന്നത്. മാധവൻ പുറച്ചേരിയുടെ 'ചേറുമരക്കിനാവ്' അയിത്തം കല്പിക്കപ്പെട്ട മരത്തിന്റെ വിങ്ങലനുഭവമാണ്. 'ജന്മമേ പിഴയെന്നു' പഴി കേൾക്കാൻ വിധിക്കപ്പെട്ടവരുടെ ദുര്യോഗമാണ് ഇക്കവിതയുടെ കാതൽ. ഭാഷാപദങ്ങളെ ഇഴയടുപ്പത്തോടെ ചേർത്തുവെക്കുന്ന ഇത്തരം കവിതകളും പുതുകവനപഥങ്ങളെ തുറന്നിടുന്നുണ്ട്.

പെൺജീവിതത്തെ ആവിഷ്കരിക്കുന്ന കവിതകളും പുതിയ കാലത്തുണ്ടാവുന്നു എന്നത് പ്രതീക്ഷ നല്കുന്നു. അത്തരത്തിലുള്ളൊരു കവിതയാണ് അനുജ അകത്തൂട്ടിന്റെ 'പെറാത്ത പെണ്ണുങ്ങൾ'. പെണ്ണിനെ, പെറ്റവളെന്നും പെറാത്തവളെന്നും വേർതിരിച്ചാലും ഇല്ലെങ്കിലും അവളുടെ അനുഭവങ്ങൾക്ക് കാര്യമായ വ്യതിയാനമൊന്നും സംഭവിക്കുന്നില്ല. പെറാത്തവളുടെ നൊമ്പരവും പെറ്റവളുടേതും ഒന്നുതന്നെയെന്നതിന് ചില സൂചനകളുണ്ട്

കവിതയിൽ. 'പടർന്ന കൺമഷിക്കറുപ്പു മാഞ്ഞപോൽ/കറുത്ത കൺതടം, വരണ്ട മാർത്തടം/അവൾ വയറ്റിലായൊതുങ്ങിയാർക്കുന്നു/വളർച്ചയെത്താത്ത പൊഴിഞ്ഞ കുഞ്ഞുങ്ങൾ'. പറഞ്ഞുതീരാത്ത പറച്ചിലാവുന്ന വിധിയിലേക്ക് വഴിമാറുന്ന സ്ത്രീജന്മത്തെയാണ് ഇവിടെ കാണുന്നത്.

മുൻകാല രചനകളുടെ പുനർവായനകളും നവീന കവിതകളുടെ പ്രത്യേകതയാണ്. ഖസാക്കിന്റെ ഇതിഹാസമെന്ന നോവലിനെ പുതിയ കാലത്തിരുന്നുകൊണ്ട് പുനരാനയിക്കാനാണ് സുമേഷ്കൃഷ്ണൻ എൻ. എസ്. ശ്രമിക്കുന്നത് (അപരിചിതം). 'അതീവലളിതം' എന്ന രാംമോഹൻ പാലിയത്തിന്റെ കവിത പി.പി. രാമചന്ദ്രന്റെ 'ലളിതം' എന്ന കവിതയുടെ പുനരാഖ്യാനമാണ്. വൈക്കം മുഹമ്മദ്ബഷീറിനെ അനുകരിച്ചുകൊണ്ടാണ് മോഹനകൃഷ്ണൻ കാലടി 'റിങ് ടോൺ' എന്ന കവിത രചിച്ചിട്ടുള്ളത്. ഇത്തരം ചില അപൂർവവായനകളും ഉത്തരാധുനിക കവിതകളിൽ സംഭവിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് ഇവിടെ ചെയ്തത്.

## പുതുകവിത പറയുന്നത്...

പെറ്റുവീണവ പിഴയ്ക്കും എന്ന വരരുചി മനോഭാവത്തിന് കാലം മറുപടി പറയും. എന്നാൽ, പുതിയകാല കവിതകളിൽ ചിലതെങ്കിലും കാലത്തെ അതിവർത്തിച്ചു നില്ക്കും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. സൂക്ഷ്മരാഷ്ട്രീയത്തിന്റെ വിതാനത്തിലാണ് പല കവിതകളും നിലപാടുറപ്പിക്കുന്നത്. പറയുന്നതിനും അപ്പുറത്തുള്ള സാധ്യതയെ നിലനിർത്തുന്നുമുണ്ട്. ഭാഷയെ സാർത്ഥകമായി എങ്ങനെ ഉപയോഗിക്കാം എന്ന പരീക്ഷണത്തിന് കവിത വേദിയാവുന്നു. പുതുപദനിർമിതിയിൽ കവികൾക്ക് പൂർവമാതൃകകളില്ല. വാമൊഴിയുടെ സൌന്ദര്യം കവിതയെ കലർപ്പില്ലാത്ത അനുഭവമാക്കി മാറ്റുന്നുണ്ട്. കവിത ചിലപ്പോഴെങ്കിലും സൂത്രവാക്യ സ്വഭാവത്തിലേക്ക് വഴിമാറുന്നതും കാണാനാവും. ഒന്നോ രണ്ടോ വാകൃങ്ങൾക്കൊണ്ട് ഒരു ജീവിതാവസ്ഥയെ ആവിഷ്കരിക്കാനുള്ള പാടവം സമകാലകവികളുടെ പ്രത്യേകതയാണ്. 'ഒരിക്കൽ പെയ്താൽ മതി/ജീവിതം മുഴുവൻ ചോർന്നൊലിക്കാൻ' എന്നെഴുതിവെക്കുകയും (പി.ആർ രതീഷ്) അതിനുമേൽ 'പ്രണയമഴ'എന്ന തലക്കെട്ടു ചാർത്തുകയും ചെയ്യുമ്പോൾ കവിതയ്ക്കു ലഭിക്കുന്ന ഭാവസാന്ദ്രത അത്യപൂർവമാണ്. ഇതാണ് പുതിയ കവികൾ (കവിതകളും) ചെയ്യുന്നത്. നമ്മുടെ ഭാവനയ്ക്കുമപ്പുറത്തേയ്ക്ക് കവിതയെ കൊണ്ടുപോവുന്നു. കാവ്യാനുഭവങ്ങളെ പുതുക്കുന്നു. കവിതയ്ക്ക് പുതിയ ഭാഷ ചമയ്ക്കുന്നു. ഭാഷയെ പുതിയ കവിതയ്ക്കനുസൃതമാക്കുന്നു. ഇനിയും പറയാൻ പലതും ബാക്കിയുണ്ടല്ലോ എന്ന തോന്നലുണ്ടാക്കുന്നു. പറഞ്ഞതിനുമപ്പുറത്ത് വായനക്കാരനെ കുടിയിരുത്തുന്നു. ചിന്തകളുടെയും ധാരണകളുടെയും ആകത്തുകയെ ഭാഷയിലേക്കാവാഹിക്കുകയും വായനക്കാരന്റെ ഉൾക്കാഴ്ചയിലേക്ക് പുതിയൊരു അനുഭവതലത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുകയാണ് ആലോചിച്ചുറച്ച ഭാഷാപ്രയോഗങ്ങളിലൂടെ കവികൾ. ഭാഷയുടെ സവിശേഷമായ പ്രയോഗം പ്രയോഗകർത്താവിനെ എന്നപോലെ സഹൃദയനെയും ഉന്മേഷഭരിതനാക്കും. അതുകൊണ്ടുതന്നെ ഭാഷകൊണ്ടുള്ള കളി അത്ര

അലസമായ ഒരു വൃത്തിയല്ല. മറ്റേതൊരു ധൈഷണിക വ്യാപാരംപോലെ കൃത്യവും സൂക്ഷ്മത ആവശ്യപ്പെടുന്നതുമാണ്. ആയതിനാൽ പുതുകവികൾ കവിതയിൽ ഭാഷാപരമായ കേളിനടത്തുന്നു എന്നതിനർഥം അവർ കവിതയെ ഏറെ ഗൌരവത്തിൽ പരിഗണിക്കുന്നു എന്നുതന്നെയാണ്.

## സഹായക ഗ്രന്ഥങ്ങൾ:

1. *അനുജ അകത്തൂട്ട്, പെറാത്തപെണ്ണുങ്ങൾ, ഭാഷാപോഷിണി, 2021 മെയ്.*
2. *അശ്വനി ആർ. ജീവൻ, നീലച്ച ഒരു കാട് പ്രളയത്തിലകപ്പെടുംവിധം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ഏപ്രിൽ 18.*
3. *അസിം താന്നിമൂട്, അണ്ടിക്കഞ്ഞി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2022 ജൂലായ് 03.*
4. *ഉണ്ണികൃഷ്ണൻ പൂഴിക്കാട്, ചെറുത്, ഭാഷാപോഷിണി, 2021 ഏപ്രിൽ.*
5. *കെ. ജി.എസ്. മാസ്ക്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020 ജൂൺ 21.*
6. *ഗിരീഷ് പി.എം, അറിവും ഭാഷയും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.*
7. *ജയദേവൻ വിടി, പാമ്പുകടി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ഏപ്രിൽ 11.*
8. *ജോസഫ് എസ്, തെക്കുതെക്കൊരുതീരംതന്നിൽ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 മാർച്ച് 28.*
9. *ടോണി കെ ആർ, ചെമ്മണ്ണിടവഴിയും ടാർറോഡും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ഫെബ്രുവരി 14.*

# ശരീരം, കാമന, ഭാവന: സ്വത്വത്തിന്റെ പൗരയുക്തികൾ

**ജി. ഉഷാകുമാരി**
അസോ. പ്രൊഫസർ, മലയാളവിഭാഗം, കെ.കെ.ടി.എം. ഗവ.കോളെജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

സ്ത്രീയുടെ സ്വത്വപരവും ലിംഗപരവുമായ ചരിത്ര സാമൂഹ്യയുക്തിയെ മുഖ്യ ധാരാ രാഷ്ട്രീയത്തിന്റെയും അതിന്റെ തന്നെ വിലയിരുത്തലിന്റെയും പശ്ചാത്തല ത്തിൽ വിശദീകരിക്കുകയാണ് പ്രബന്ധം. വ്യവസ്ഥാപിതമായ മുഖ്യധാരാ രാഷ്ട്രീയമണ്ഡലത്തിൽ അടയാളപ്പെടുകയോ സ്ഥിരപ്പെടുകയോ ചെയ്ത സ്ത്രീ സാന്നിധ്യങ്ങൾക്ക് വിരുദ്ധമായി കിടക്കുന്ന അപരസ്ഥലത്തിലെ സ്ത്രീജീവിത ത്തെയും പ്രതിരോധത്തെയും കുറിച്ചുള്ള അന്വേഷണം. ലിംഗാധികാരത്തിന്റെ ആഘാതം ഏറ്റുവാങ്ങുകയും അതോടൊപ്പം തന്നെ അതിനെതിരെയുള്ള നിരന്തരമായ പ്രതിരോധം ജീവിതത്തിൽ രൂപപ്പെടുത്തുകയും ചെയ്ത സ്ത്രീ യുടെ ചരിത്രം എങ്ങനെയാണ് നമ്മുടെ പുരോഗമന സാമൂഹിക രാഷ്ട്രീയ ശരീര ത്തിൽ അടയാളപ്പെട്ടിട്ടുള്ളത് എന്ന് പുനർവിചിന്തനം ചെയ്യുന്നു. നവോത്ഥാന പ്രസ്ഥാനചരിത്രവും സ്വാതന്ത്ര്യസമരജീവിതവും എങ്ങനെയാണ്സ്ത്രീയെ അടയാളപ്പെടുത്തിയത് എന്നതിന്റെയും അതിനനുസൃതമായി ഏതു തരത്തി ലാണ് അധികാരഭരണകൂട പുരുഷമേൽത്തട്ട് വ്യവസ്ഥ നിർമ്മിക്കപ്പെട്ടത് എന്നതി ന്റെയും വിമർശനാത്മക വായനയാണ് പ്രബന്ധം.

***താക്കോൽവാക്കുകൾ:*** കാമന, ശരീരം, രാഷ്ട്രീയം, അനാസക്തി, സ്വത്വം, പ്രതിരോധം

കേരളത്തിലെ പുരോഗമനപ്രസ്ഥാനങ്ങൾ സ്ത്രീകളോടു ഇടപെട്ടതെങ്ങനെ എന്നാലോചിക്കുമ്പോൾത്തന്നെ നാം വഴിതടയുന്നത് എന്താണ് പുരോഗമനം എന്ന ചോദ്യത്തിലാണ്. ഈ ചോദ്യം നിരന്തരം ചോദിക്കേണ്ട ഒരു സന്ദർഭത്തിലാണ് ഇന്നു കേരളീയസമൂഹം എത്തിനിൽക്കുന്നത്. രാഷ്ട്രീയക്കാരി എന്ന സ്വത്വത്തെ വിവിധ

കാലങ്ങളിലെ സാംസ്കാരികരൂപങ്ങൾ ചിത്രീകരിച്ചതെങ്ങനെ എന്നു നോക്കിയാൽ ഇതു തിരിഞ്ഞുകിട്ടും. രാഷ്ട്രീയപ്രവർത്തകയും നേതാവും ആയ സ്ത്രീ എന്ന ഐഡന്റിറ്റിയെ ചരിത്രവൽക്കരിച്ചുകൊണ്ട് ഈ വായന നടത്താനാവും. പുറമേനിന്നു കൊണ്ട് നോക്കുമ്പോൾ അത്ര എടുത്തുപറയാനുള്ള എണ്ണം രാഷ്ട്രീയക്കാരികൾ നമുക്കില്ല എന്നു തോന്നാൻ എളുപ്പമാണ്. കാരണം ഈ തോന്നൽ തന്നെ രൂപം കൊള്ളുന്നത് രാഷ്ട്രീയമെന്ന മണ്ഡലത്തെക്കുറിച്ചുള്ള സവിശേഷ മുൻവിധികളിൽ നിന്നാണ്. ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും ഭാരം ഏറെയുള്ളതിനാൽ തന്നെ അതിലെ ഇടപെടലുകളും ധാരണകളും ഏറെക്കുറെ പുരുഷനിർമിതമാണെന്നു പറയേണ്ടതില്ലല്ലോ.

## രാഷ്ട്രീയമെന്ന സംവർഗവും സംവർഗങ്ങളുടെ രാഷ്ട്രീയവും

രാഷ്ട്രീയനേതാവ് എന്ന പ്രരൂപത്തിൽ നാം പുരുഷനെ മാത്രമേ സാധാരണയായി കാണുന്നുള്ളു. രാഷ്ട്രീയഭരണത്തിന്റെ അധികാരം കയ്യാളുന്നവർ എന്ന നിലയ്ക്കു മാത്രം രാഷ്ട്രീയക്കാരികളെ സ്ഥാനപ്പെടുത്തുമ്പോൾ ഒരുപക്ഷേ വിരലിലെണ്ണാവുന്നത്ര എണ്ണം സ്ത്രീകളേ ഉണ്ടാവൂ. പക്ഷേ, സ്ത്രീകളെ സംബന്ധിച്ച് എന്താണ് രാഷ്ട്രീയം? അതു മറ്റൊരു തരത്തിൽ ചോദിച്ചാൽ സുസ്ഥിരമായി നിരവധി സംവിധാനങ്ങളാൽ പരിപാലിച്ചു പോരുന്ന ലിംഗാധികാരത്തിനു കീഴ്പ്പെട്ട സവിശേഷ പ്രജകൾ എന്ന നിലയിൽ സ്ത്രീകൾക്കു രാഷ്ട്രീയമെന്നാലെന്ത്? ഇതേ ചോദ്യം കീഴാളപക്ഷത്തു നിന്നും മതന്യൂനപക്ഷത്തു നിന്നും നമുക്കു ചോദിക്കാവുന്നതാണ്. താഴെ നിന്നും മുകളിലേക്കുള്ള ഈ ആരായലുകൾ തീർച്ചയായും മുകളിൽ നിന്നും താഴേക്കുള്ള രേഖീയമായ വഴികളിലല്ല. ലംബമാനമായും തിരശ്ചീനമായും കയറിയുമിറങ്ങിയും പടർന്നുകിടക്കുന്ന പലതരം ഉള്ളടരുകൾ(ഇന്റർസെക്ഷനാലിറ്റികൾ) ഈ ഉന്നയിക്കലുകളിൽ കടന്നുവരും. അതതു കാലത്തെ സാമാന്യ പ്രത്യയശാസ്ത്രങ്ങൾക്കപ്പുറം, തങ്ങളുടെ സ്വത്വപരമായ ആസന്നവും അനിവാര്യവുമായ പ്രതിസന്ധികളെയും കീഴായ്മയെയും തൊട്ടറിയാതെ ഒരു ജനതയും രാഷ്ട്രീയവൽക്കരിക്കപ്പെടുന്നില്ല, വ്യക്തികളായാലും സ്വത്വ സമൂഹങ്ങ ളായാലും. എന്നാൽ പൊതുധാരയിലെ രാഷ്ട്രീയം എന്ന പ്രമേയത്തെ മുന്നോട്ടുകൊണ്ടു പോയവരെയാണ് നാം രാഷ്ട്രീയക്കാരെന്നു പൊതുവെ പറയാറ്. ലിംഗാധികാരത്തോടു ദൈനംദിന ജീവിതത്തിൽ അനുനിമിഷം പൊരുതി നിൽക്കുന്ന സാധാരണ സ്ത്രീകൾക്കുള്ള രാഷ്ട്രീയപങ്കാളിത്തം തിരിച്ചറിയപ്പെടാറില്ല. പൗരത്വപദവിയിലേക്കു തിരിച്ചറിയപ്പെടാൻ തന്നെ സ്ത്രീക്കു തന്റെ ലിംഗസ്വത്വത്തെ രാഷ്ട്രീയമായി ഉന്നയിക്കേണ്ടിവരുന്നു എന്നു മനസ്സിലാക്കുമ്പോൾ, നേടിയതെന്നഭിമാനിക്കുന്ന പുരോഗമനത്തിന്റെ ചരിത്രം വീണ്ടും സംശയദൃഷ്ടിയിലാകുന്നു. നവോത്ഥാനസമരങ്ങൾ മുതൽ സ്ത്രീ മുന്നേറ്റ, ക്വിയർ പ്രസ്ഥാനങ്ങൾ വരെയുള്ള ചലനാത്മക ചരിത്രത്തെ നാം പുനർവായിക്കേണ്ടിവരുന്നു.

കേരളത്തിന്റെ പുരോഗമന ചരിത്രരചനകളിൽ ഏറെ കൊണ്ടാടപ്പെട്ട നവോത്ഥാന കാലത്തിന്റെ സൂക്ഷ്മമായ പരിശോധനയിൽ അതൊരു ആൺപ്രോജക്ടായിരുന്നു എന്നത് ഇതിനോടകം ചരിത്രകാരികൾ വിലയിരുത്തിയിട്ടുണ്ട്. ആധുനികമായ ലിംഗവിചാരങ്ങളെ പ്രചരിപ്പിക്കാൻ ശ്രമിക്കുമ്പോഴും സ്ത്രീയുടെ കാമനാപരമായ നിർവാഹകതയെ കയ്യേറും

വിധത്തിലുള്ള മുൻകൈകളായി പുരോഗമന, പുരുഷനേതൃത്വം നിലനിന്നതിനെക്കുറിച്ചും മനസ്സിലാക്കാനാവും. ഗാന്ധിയൻ പ്രത്യയശാസ്ത്രവും ദേശീയതയുടെ വ്യവഹാര രൂപങ്ങളും തമ്മിലുള്ള കൊള്ളക്കൊടുക്കകൾ അത്രയേറെ വ്യാപകമായ കേരളത്തിൽ വൈയക്തികമായ കാമനകളുടെ ത്യാഗം പലപ്പോഴും പുരോഗമനത്തിന്റെ മുന്നുപാധി ആയിരുന്നല്ലോ. ഈ ആലോചനയുടെ പശ്ചാത്തലത്തിൽ ചെറുകാടിനെയും വി.ടിയെയും പോലുള്ള, ഇക്കാലഘട്ടത്തിലെ പുരോഗമന പുരുഷന്റെ ഭദ്രമാതൃകകളെ സാംസ്കാരിക രൂപകങ്ങളെന്ന നിലയിൽ പരിശോധിക്കാനുള്ള ശ്രമമാണ് ഈ ലേഖനം. സ്ത്രീവിമോചനത്തിന്റെ ആദ്യസ്ഫുരണങ്ങൾ പ്രസരിപ്പിച്ച സരസ്വതിയമ്മയും മാധവിക്കുട്ടിയും മുതൽ പുതുകാലത്തെ സാഹിത്യകാരികൾ വരെ അതതുകാലത്തെ രാഷ്ട്രീയമുൻകൈകളെ പരിഗണിച്ചതങ്ങനെയെന്നു കൂടിചേർത്തു വായിക്കാനും ഇവിടെ ശ്രമിക്കുന്നുണ്ട്. പുരോഗമനസ്വഭാവമുള്ള പുരുഷരചനകളിലെ സ്ത്രീപ്രതിനിധാനം, ആൺപെൺ ബന്ധങ്ങൾ, സദാചാരമൂല്യങ്ങൾ, ആണത്തബോധം എന്നിവയിലൂടെ കേരളത്തിലെ ആധുനിക സ്ത്രീയെക്കുറിച്ചുള്ള ബോദ്ധ്യങ്ങളിൽ പ്രത്യയശാസ്ത്രം ഇടപെട്ടതെങ്ങനെയെന്നു അന്വേഷിക്കുന്നത് കൗതുകകരമായിരിക്കും. അതിനുമുമ്പ് ഇന്ത്യയുടെ പൊതുരാഷ്ട്രീയ സാഹചര്യത്തിൽ ഇത്തരം ഘടകങ്ങൾ പ്രവർത്തിച്ചതിനെക്കുറിച്ച് ചില പരിശോധനകൾ നടത്തുന്നത് കാര്യങ്ങൾ എളുപ്പമാക്കും.

## പുരോഗമനവും ത്യാഗവും

പുരോഗമനത്തിനും വളർച്ചയ്ക്കും അർഹരാകണമെങ്കിൽ സ്ത്രീകൾ തങ്ങളുടെ സ്ത്രീസഹജമായ 'ദൗർബല്യ'ങ്ങളിൽ നിന്നു മുക്തമാകേണ്ടതുണ്ട് എന്ന കാഴ്ചപ്പാട് ഇത്തരം ചിന്തകളിൽ എല്ലായ്പ്പോഴുമുണ്ട്. അണിഞ്ഞൊരുങ്ങലും പ്രണയചാപല്യങ്ങളുമുൾപ്പടെ പലതിൽ നിന്നും സ്ത്രീ മുക്തമാകേണ്ടതുണ്ട്. ഇവിടെയെല്ലാം ദേശീയപ്രസ്ഥാനം മുതൽക്കേ ശക്തമാകുന്ന ഗാന്ധിയൻചിന്തയുടെ പ്രബലമായ സ്വാധീനം കാണാം. കാമനാനിർമുക്തയായ ആദർശാത്മക സ്ത്രീയെ സൃഷ്ടിച്ചെടുക്കുന്നതിൽ ഗാന്ധിയൻ വ്യവഹാരങ്ങൾക്കു വലിയ പങ്കുണ്ട്. ഉദാഹരണത്തിനു ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന സ്വർണത്യാഗങ്ങളുടെ ആഖ്യാനം ശ്രദ്ധിക്കാം.

ദേശീയപ്രസ്ഥാനത്തിന് സ്വർണാഭരണങ്ങൾ അഴിച്ചു നൽകിയ വടകരയിലെ കൗമുദിയുടെ കഥ പ്രശസ്തമാണ്. ഈ കഥയ്ക്ക് രണ്ടു ഭാഷ്യങ്ങളുണ്ട്. രണ്ടും ഗാന്ധി തന്നെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. കൗമുദി തന്റെ ആഭരണങ്ങൾ ഹരിജൻ ഫണ്ടിലേക്കു സംഭാവന നൽകുന്നു. ആദ്യ ആഖ്യാനപ്രകാരം ഈ ആഭരണങ്ങൾക്ക് പകരം ഇനി മേലിൽ ആഭരണങ്ങൾ ധരിക്കരുതെന്ന് ഗാന്ധി ആവശ്യപ്പെടുന്നു. മറ്റൊരു ആഖ്യാനപ്രകാരം കൗമുദി ഇക്കാര്യം അങ്ങോട്ടു വാഗ്ദാനം ചെയ്യുകയാണ്. കൗമുദിയുടെ കാര്യം എന്തായാലും ഗാന്ധി കോഴിക്കോട് സ്ത്രീകളുടെ യോഗത്തിൽ ദേശീയ പ്രസ്ഥാനത്തിനു വേണ്ടി കാമനകളെ ഉപേക്ഷിക്കാൻ സ്ത്രീകളോട് ആവശ്യപ്പെടുന്നുണ്ട്: "നല്ലസ്ഥിതിയിലുള്ള എന്റെ സഹോദരിമാരിൽ പലരും സുഖാനുഭവത്തിൽ നിമഗ്നരായി കാലം കഴിക്കുന്നതായിട്ടാണ് ഞാൻ കാണുന്നത്. വിലയേറിയ ആഭരണങ്ങളോടും

അവർക്ക് അതിയായ പ്രതിപത്തിയുണ്ട്. ഒരു സ്ത്രീയുടെ സൗന്ദര്യം അലങ്കാരത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് അവർ കരുതുന്നു. ആകയാൽ ഒരു സ്ത്രീയുടെ യഥാർത്ഥ സൗന്ദര്യം അവരുടെ ഹൃദയപരിശുദ്ധിയിലാണ് സ്ഥിതിചെയ്യുന്നതെന്നും ഈ വസ്തുത ധരിച്ച് ആന്തരമായ സൗന്ദര്യത്തെ വളർത്തുവാനാണ് അവർ ശ്രമിക്കേണ്ടതെന്നും ഞാൻ അവരോട് ഉപദേശിച്ചുവരുകയാണ്. ഈ പ്രവൃത്തിക്കു വേണ്ടിയായതു കൊണ്ടാണ് എന്റെ സഹോദരിമാരോടും ചെറുബാലികമാരോടും അവരുടെ ആഭരണങ്ങൾ എനിക്കു തരണമെന്ന് ആവശ്യപ്പെടുവാൻ ഞാൻ ധൈര്യപ്പെടുന്നത്. ഞാൻ സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം സ്ത്രീകൾ എന്റെ ഈ ആവശ്യത്തെ ആദരിച്ചു കാണുന്നത് എനിക്ക് അതിയായ സന്തോഷത്തിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ എനിക്കു തരുന്ന ആഭരണ ങ്ങൾക്കു പകരമായി പുതിയ ആഭരണങ്ങൾ ഉണ്ടാക്കിത്തരുവാൻ ഭർത്താക്കന്മാരോടു ആവശ്യപ്പെടുന്നതായാൽ നിങ്ങൾ ഇപ്പോൾ പ്രദർശിപ്പിക്കുന്ന ഉദാരബുദ്ധി നിരർത്ഥകമാ കുന്നതാണ്". ദേശസ്നേഹത്തിന്റെയും രാഷ്ട്രീയോന്മുഖതയുടെയും മുന്നുപാധിയായി കാമനാത്യാഗം മാറുകയാണിവിടെ. കാമനയുടെ അഭാവത്തെ ദേശീയതയുമായി ചേർത്തു വെയ്ക്കുന്നു. സ്വാഭാവികമായും കൗമുദിയുടെ കഥ കേരളീയചരിത്ര നിർമ്മിതിയിൽ അലിഞ്ഞുചേർന്ന ഉത്തമസ്ത്രീയുടെ ആദർശമാതൃകയെ പ്രതിനിധാനം ചെയ്യുന്നു. ഈ കഥ മലയാളിയുടെ പാഠപുസ്തകങ്ങളിലും ഇടംപിടിച്ചു. എത്ര തലമുറകൾ ഈ പാഠത്തിലൂടെ ദേശീയതയെയും പുരോഗമനപരതയെയും സ്ത്രൈണകാമനകളുടെ അഭാവമായി പഠിച്ചുവച്ചിരിക്കും!

ഇതിന്റെ നേരേ എതിർധ്രുവമെന്ന് തോന്നിയേക്കാവുന്ന ഒരു സംഭവവും ഇക്കാലത്തു ണ്ടായി. തലശ്ശേരിയിലെ കമലാഭായി പ്രഭുവിന്റെ സമരം താലിമാലക്കു വേണ്ടി നടത്തിയ പോരാട്ടമായിരുന്നു. ദേശീയസിവിൽ നിയമലംഘനത്തിന്റെ ഭാഗമായി അറസ്റ്റുചെയ്യപ്പെട്ട കമലാബായിക്ക് ആറുമാസത്തെ തടവും 1000 രൂപ പിഴയുമാണ് മജിസ്ട്രേറ്റ് ഡോഡ്വെൽ വിധിച്ചത്. പിഴ ഒടുക്കുന്നില്ലെന്നു പറഞ്ഞ കമലാബായിയോട് മജിസ്ട്രേറ്റ് ആഭരണങ്ങൾ അഴിച്ചു വെയ്ക്കാൻ ആവശ്യപ്പെട്ടു. എന്നാൽ കമ്മലും മാലയും മാത്രം അഴിച്ചു വെച്ച കമലാബായിയുടെ താലികൂടി പൊട്ടിച്ചെടുക്കാൻ മജിസ്ട്രേറ്റ് ഉത്തരവിട്ടു. അതുവലിയ പ്രതിഷേധത്തിനിടയാക്കി. തെക്കേ ഇന്ത്യയുടെ രാഷ്ട്രീയമണ്ഡലത്തെ അത് ഇളക്കിമറിച്ചു. താലി തിരിച്ചുകൊടുക്കാൻ സർക്കാർ ഉത്തരവിട്ടു. എന്നാൽ താലിമാല സ്വീകരിക്കാൻ കമലാബായി തയ്യാറായില്ല. ഒടുവിൽ മജിസ്ട്രേറ്റ് ഡോഡ്വെൽ മേലധികാരിക്കു മാപ്പെഴുതി ക്കൊടുത്താണ് പ്രശ്നങ്ങൾ ഒതുക്കിത്തീർത്തത്. ദേശീയബോധത്തെ ഗാന്ധി കൗമുദി യുടെ സ്വർണത്യാഗത്തിലൂടെ ഊട്ടിയുറപ്പിക്കാൻ ശ്രമിച്ചപ്പോൾ കമലാഭായി പ്രഭുവിലൂടെ അക്കാലത്തെ കോൺഗ്രസ്സുകാർ സ്വർണത്താലിക്കു വേണ്ടിയുള്ള സമരത്തെയാണ് ദേശീയതയുമായി ബന്ധപ്പെടുത്തിയത്. താലിയുടെ പൗരുഷമൂല്യവുമായുള്ള ചാർച്ചയിലൂ ടെയാണ് ഇത് സാധ്യമായത്.

വിദേശവസ്ത്ര ബഹിഷ്കരണം ഗാന്ധിയുടെ പ്രശസ്തമായ രാഷ്ട്രീയപദ്ധതികളി ലൊന്നായിരുന്നു. വിദേശികളെ ആട്ടിയോടിക്കുന്നതിനുള്ള സാമ്പത്തികപദ്ധതിയായി

ഇതിനെ പ്രാഥമികമായി മനസ്സിലാക്കാം. നാം അത് വിശദീകരിക്കുന്നതും അങ്ങനെ ത്തന്നെ. പക്ഷേ, ഗാന്ധിയെ സംബന്ധിച്ചിടത്തോളം അത് ഇരട്ടപദ്ധതിയായിരുന്നിരിക്കണം. വിദേശവസ്ത്രം ബഹിഷ്കരിക്കുന്നതോടൊപ്പം അദ്ദേഹം പകരമായി ഖദർ മുന്നോട്ടുവയ്ക്കുന്നു. പരുത്തതും നിശ്ചിതവും ഏകതാനവുമായ വർണവ്യവസ്ഥയോടു കൂടിയതുമായ ഒരു ബാഹ്യവസ്ത്രം. ഗാന്ധിയൻ അനലംകൃത അലൈംഗിക രാഷ്ട്രീയ പദ്ധതിക്ക് എന്തുകൊണ്ടും യോജിച്ച ഒരു തിരഞ്ഞെടുപ്പ്. ഖദർസാരി കൂടിയായപ്പോൾ അത് ഒരു മാതൃക തന്നെയായി മാറി. അത്തരം വസ്ത്രങ്ങളോടുള്ള തന്റെ പ്രതിപത്തി ഗാന്ധി പലപ്പോഴും എടുത്തു പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ രാജ്ഞിയുമായി നടത്തിയ ഒരു കൂടിക്കാഴ്ചയ്ക്കു ശേഷം ഗാന്ധി രേഖപ്പെടുത്തിയത് അവരുടെ ശുഭ്രവസ്ത്രത്തെക്കുറിച്ചാണ്. മറ്റു രാജാക്കന്മാർ പളപളപ്പുള്ള വസ്ത്രങ്ങളുമായി മേനി നടിക്കുമ്പോൾ തിരുവിതാംകൂർ രാജ്ഞിമാർ ശുഭ്രവസ്ത്രം ധരിച്ച് ലാളിത്യം പ്രകടിപ്പിച്ചുവെന്ന് അദ്ദേഹം എഴുതി. ''കൈകൊണ്ടു നെയ്ത വെളുത്തസാരിയും അതുപോലുള്ള വെളുത്ത ജാക്കറ്റുമാണ് അവർ ധരിച്ചിരുന്നത്. കസവോ മറ്റു തുന്നൽ വേലകളോ അവരുടെ ആ വസ്ത്രങ്ങളെ മോടിപിടിപ്പിച്ചിരുന്നില്ല.'' (പുറം 628, ഗാന്ധിജിയും കേരളവും, സമ്പാ: കെ.രാമചന്ദ്രൻനായർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2012). തുടർന്നദ്ദേഹം ആവേശപൂർവം എഴുതുന്നത് മലബാറിലെ സ്ത്രീകളെക്കുറിച്ചുള്ള കടുത്ത ആരാധനയോടെയാണ്: "ഞാൻ മലബാറിലെ സ്ത്രീകളെ പ്രേമിക്കാൻ തുടങ്ങിയിരിക്കുകയാണ് എന്ന വസ്തുത തുറന്നു സമ്മതിക്കട്ടെ....... മലബാറിലെ സ്ത്രീകൾ എന്നെ സീതയെക്കുറിച്ച് ഓർമിപ്പിച്ചു ഇന്ത്യയിലെങ്ങുമുള്ള കാടുകളും മേടുകളുമെല്ലാം തന്റെ മനോഹരമായ നഗ്നപാദങ്ങൾ കൊണ്ടു പരിപൂതമാക്കിയ സന്ദർഭത്തിൽ സീത മലബാറിലെ സ്ത്രീകളെപ്പോലെ ആയിരുന്നിരിക്കണം വേഷം ധരിച്ചിരുന്നിരിക്കാൻ ഇടയുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം അവരുടെ ശുഭ്രവസ്ത്രം ആന്തരമായ സംശുദ്ധിയുടെ മുദ്രയാണ്. മലബാറിലെ സ്ത്രീകൾ സമ്പൂർണമായ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടെങ്കിലും അവർ തികഞ്ഞ പാതിവ്രത്യം അനുഷ്ഠിക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി.''(പുറം 628, ഗാന്ധിജിയുംകേരളവും)

ലഹരിക്കെതിരെ ഷാപ്പ് പിക്കറ്റിങ്ങിനു പോകുന്ന ഖദർധാരികളായ കോൺഗ്രസുകാരെ തെറിപറഞ്ഞോടിക്കുന്ന തൊഴിലാളിയുടെ ചിത്രം എ.കെ.ജി.വരച്ചിടുമ്പോൾ രാഷ്ട്രീയത്തെ കാമനാമുക്തമാക്കാനുള്ള ശ്രമങ്ങൾ എന്തൊക്കെ രീതിയിലാണ് പലരെയും പുറത്തു നിർത്തിയതെന്ന് ഒന്നാലോചിച്ചാൽ മനസ്സിലാകും. കോപംപൂണ്ട കർഷകന്റെ വാക്കുകളിങ്ങനെ: "നിങ്ങൾ പറയുന്നു, നിങ്ങൾ പാവപ്പെട്ടവർക്കു വേണ്ടിയാണ് പണിയെടുക്കുന്നതെന്ന്. ഇതൊരു കള്ളമല്ലേ? ഞങ്ങളെപ്പോലെയുള്ള പാവങ്ങളെ പറ്റിക്കാൻ വേണ്ടി മാത്രമാണിത്. നിങ്ങൾക്കു വേണ്ടത്ര തിന്നാനുണ്ട്. നിങ്ങൾക്കു പണിയെടുക്കേണ്ട. നിങ്ങൾക്കു ഞങ്ങൾ പണിയെടുത്തു തരുന്നു.....ഞങ്ങൾക്കു ദാഹം മാറ്റാനുള്ള വെള്ളം പോലും നിങ്ങൾ തരാറില്ല. ഇപ്പോൾ കള്ളും കുടിക്കരുതെന്നു നിങ്ങൾ പറയുന്നു. .... ഈ കുട്ടികൾ കള്ളമാണ് പറയുന്നത്. ആരും അവർ പറയുന്നത് ശ്രദ്ധിക്കേണ്ട.'' (പുറം 2829, എന്റെ ജീവിതകഥ, എ.കെ.ഗോപാലൻ, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2015).

സമീപകാലത്തു രാഹുൽഗാന്ധി ഏതോ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി നേപ്പാളിലെ നൈറ്റ്ക്ലബ്ബിൽ പോയതുമായി ബന്ധപ്പെട്ടു നടന്ന വിവാദവും രാഷ്ട്രീയക്കാരനു കാമനകളുമായുള്ള ബന്ധത്തെ പ്രശ്നവൽക്കരിക്കുന്നതാണ്.

കാമനകളുടെ അഭിമുഖീകരണത്തിൽ ആധുനികരും ആധുനികപൂർവരുമായ സ്ത്രീ സാംസ്കാരിക നായികമാരും സ്ത്രീയെഴുത്തുകാരും വ്യത്യസ്ത നിലപാടുകൾ വെച്ചു പുലർത്തുന്നവരാണ്. കോൺഗ്രസ്സിലൂടെയും ഗാന്ധിയിലൂടെയും പൈതൃകമായി ലഭിച്ച ഈ കാമനാത്യാഗം പിൽക്കാലത്ത് കമ്മ്യൂണിസ്റ്റുകാരും വേണ്ട മാറ്റങ്ങളോടെയും ആവശ്യമായ തിരുത്തലുകളോടെയും ഏറ്റെടുത്തു. ഗാന്ധിയൻ, കമ്യൂണിസ്റ്റു പുരോഗമനധാരകളിലുൾപ്പെട്ടവർ ഏറെയും സ്ത്രീകളെ അവരുടെ ലിംഗ നിർമുക്തമായ, പലപ്പോഴും അലൈംഗികം പോലുമായ സ്വത്വത്തിൽ കണ്ടതിന്റെ ചരിത്രമാണുള്ളത്. ഈ അലൈംഗികതയോടൊപ്പം തന്നെ ആധുനിക പുരുഷനു യോജിച്ച രീതിയിലുള്ള സൗന്ദര്യവൽകൃത രൂപങ്ങളായി സ്ത്രീകളെ മാറ്റിയെടുക്കാനുമുള്ള പ്രേരണകളുടെ രാഷ്ട്രീയവും ചരിത്രവും വിസ്തരിച്ചു തന്നെ ജെ. ദേവിക രേഖപ്പെടുത്തിയിട്ടുണ്ട്.

അനലംകൃത വസ്ത്രങ്ങളും കാമനാത്യാഗവും കീഴാള രാഷ്ട്രീയപദ്ധതി മിക്കപ്പോഴും തള്ളിക്കളഞ്ഞിരുന്നുവെന്നതും കൂടി നമുക്കോർക്കാം. ഗാന്ധിവസ്ത്രങ്ങൾ പരമാവധി കുറച്ചപ്പോൾ അംബേദ്കർ ഷർട്ടിനു പുറമേ കോട്ടിട്ടതു മാത്രമല്ല അത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈഴവ സമുദായത്തിലെ പ്രമാണിമാരിലൊരാളായ ആലുമൂട്ടിൽ ചാന്നാരുടെ വേഷഭൂഷാദികളെ കുറിച്ച് സി. കേശവൻ അനുസ്മരിക്കുന്നത് നോക്കൂ: 'പുൽപ്പാക്കെട്ടും പിടിമൊന്തയും വാല്യക്കാരും ഒക്കെയുണ്ട്. ആജാനുബാഹുവാണ്. കറുത്ത ഒരു ലോങ്കോട്ട് ഇട്ടിട്ടുണ്ട്. ഒരു കിന്നരിതലപ്പാവ് വച്ചിരിക്കുന്നു. പക്ഷേ, അതൊന്നുമല്ല ഞാൻ ശ്രദ്ധിച്ചത്. ഒരു വലിയ പവൻമാല നാഭിക്കുഴിചുറ്റിക്കവിഞ്ഞ് തെളിഞ്ഞു നീണ്ടുകിടക്കുന്നു, കഴുത്തുചുറ്റി. ഈ ഒരു വിശേഷം മറ്റാർക്കും ഞാൻ കണ്ടിട്ടില്ല. ഒരു പത്തുപതിനഞ്ച് പവന്റെ മാലയാണ് അത്. കുബേരമുദ്രയാണ് അതെന്നു ഞാൻ കരുതി' (പുറം:259, ജീവിതസമരം, സി.കേശവൻ). കസവുമുണ്ടും തലപ്പാവും കോട്ടും ഒക്കെയായി വില്ലുവണ്ടിയിൽ സഞ്ചരിച്ച അയ്യങ്കാളിയും ഇതേപദ്ധതിയിലാണ് ഊന്നുന്നത്. ചെരുപ്പും കുടയും വൃത്തിയുള്ള വസ്ത്രവുമൊക്കെ ധരിച്ചുവേണം പൗരപദവി നേടാനെന്നു കേരളത്തിലെ കീഴാള മുന്നേറ്റ നേതാക്കൾ തങ്ങളുടെ അനുയായികളെ നിരന്തരം ഉപദേശിച്ചിരുന്നു. കൊച്ചിയിൽ നടന്ന കായൽ സമരത്തിലും മറ്റും ശാരീരികമായ ഈ മാനകീകരണം പൗരത്വത്തിനും തുല്യതയ്ക്കും അനിവാര്യമാണെന്ന ധാരണ പ്രവർത്തിച്ചിരുന്നു. അതേസമയം ഈ ക്രമീകരണങ്ങളൊന്നും തന്നെ ദേശീയതയുടെ വ്യവഹാരങ്ങൾക്കകത്തല്ല; മറിച്ചു സ്വത്വപദവിക്കകത്താണ് തിരിച്ചറിയേണ്ടതെന്നും കൂടി നാമോർക്കണം.

മുൻ വിവരിച്ച രാഷ്ട്രീയ പദ്ധതികൾ നമ്മുടെ എഴുത്തുകാർ എങ്ങനെ തങ്ങളുടെ എഴുത്തുകളിലൂടെ പുനഃസൃഷ്ടിച്ചുവെന്ന് പരിശോധിക്കുകയാണ് ഇനി.

## ചെറുകാടിന്റെ ആണും പെണ്ണും

ഒരു ജനതയെന്ന നിലയിൽ കേരളീയരുടെ ആൺ/പെൺബോധങ്ങൾ ചെറുകാടിൽ ഉൾച്ചേരുന്നതെങ്ങനെ? പ്രബുദ്ധതാബോധത്തിനപ്പുറം കർതൃത്വത്തിലും ജൈവികമായ ആനന്ദാവേശങ്ങളിലും ഊന്നിയ ലിംഗകാമനകളെ ചെറുകാട് നിർമ്മിച്ചെടുക്കുന്നതെങ്ങനെ? എന്നീ ചോദ്യങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ ആത്മകഥയിലെ ഒരു ചെറുസന്ദർഭം പറയാം. തന്റെ കാരണവരായ കുഞ്ഞമ്മാവൻ വീട്ടുചെലവിനുള്ളതു കൃത്യമായി തരാതെ അടക്കിഭരണം തുടരുന്നതിൽ വളരെക്കാലമായുള്ള അമർഷം കുട്ടിയായ ചെറുകാടിനുണ്ട്. തറവാട്ടിലെ അമ്മയും സഹോദരിമാരുമാരടങ്ങുന്ന പെണ്ണുങ്ങൾക്കു ഉടുക്കാനും തേയ്ക്കാനും കൊടുക്കാനുള്ളതെങ്കിലും അനുവദിക്കാത്ത കാരണവരോടു ഏറ്റുമുട്ടാൻ തന്നെ തീരുമാനിച്ചു. പറമ്പിൽ നിന്നു നാളികേരം കട്ടെടുത്തും പത്തായം കള്ളത്താക്കോലിട്ടു തുറന്നു വെളിച്ചെണ്ണയും പഞ്ചസാരയും മറ്റും മോഷ്ടിച്ചും കുടുംബത്തിന്റെ ദാരിദ്ര്യം അകറ്റാൻ ശ്രമിച്ചിരുന്ന ചെറുകാടിനെ ഒരു ദിവസം കയ്യോടെ പിടികൂടി, കാരണവർ. ഉമ്മറത്തെ തൂണിൽ കെട്ടിയിട്ടു വടികൊണ്ടു അടിതുടങ്ങി. രണ്ടാമത്തെ അടിക്കു വൃദ്ധനായ അമ്മാവന്റെ കൈക്കു ബലമായി പിടിച്ചു തടുത്തു, തൊട്ടുപോകരുതെന്നു രൂക്ഷമായി വിലക്കാൻ കഴിഞ്ഞതോടെ ധൈര്യമായി. അപ്പോഴത്തെ അദ്ദേഹത്തിന്റെ മനോഗതം ഇങ്ങനെയായിരുന്നത്രേ:

'പന്ത്രണ്ടുവയസ്സു തികഞ്ഞിട്ടില്ലെങ്കിലും ഞാൻ ഒരാളും ആണുമായതുപോലെ എനിക്കു തോന്നി'

(പുറം 118, ജീവിതപ്പാത,1992, കറന്റ് ബുക്സ്,തൃശ്ശൂർ)

ആണത്തത്തെ സംബന്ധിച്ച താക്കോൽവാക്കായി എടുക്കാവുന്ന വരികളാണ് ഇവ. സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട ആധുനികപുരുഷന്റെ പ്രരൂപം ഈ പന്ത്രണ്ടുകാരനിൽ നാം കാണുന്നുണ്ട്. കുടുംബം പുലർത്തി, പെണ്ണുങ്ങളെ നോക്കാനും സംരക്ഷിക്കാനുമുള്ള ശേഷിയാണ് ആണത്തം എന്ന കല്പന തന്നെയായിരുന്നു, അത്. രാജ്യത്തെ അടിച്ചമർത്തുന്ന കൊളോണിയൽ ശക്തികളിൽ നിന്നും തദ്ദേശീയരെ എന്നപോലെ സ്ത്രീകളെയും 'രക്ഷിച്ചുസ്വതന്ത്രരാ'ക്കുക എന്നതു തങ്ങളുടെ കടമയാണെന്നു ഈ പുരോഗമനപുരുഷൻ ചിന്തിക്കുന്നു. പരിഷ്ക്കരിക്കപ്പെടേണ്ട നോബിൾ സാവേജായി, 'പ്രാകൃതയായ വിശുദ്ധ'യായി സ്ത്രീയെ വരച്ചിടുന്നു ഈ ചിന്ത. സൂക്ഷ്മാർത്ഥത്തിൽ ഇതും സ്ത്രീകളുടെ സ്വതന്ത്രമായ നിർവാഹകതയെ അവരുടെ താൽപര്യത്തിനു പുറത്തു നിന്നുകൊണ്ട് കയ്യേറലായും വ്യാഖ്യാനിക്കാം. നവോത്ഥാനകാലത്തെ രക്ഷകർതൃഘടനയിലുള്ള പുരുഷനും കൊളോണിയൽ അധീശതയും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ ചാർച്ചകളെ നിരീക്ഷിക്കുക കൗതുകകരമാണ്. കർമ്മോന്മുഖതയിലൂന്നിയ ആണിന്റെ സ്വത്വസ്ഥാപനം കുടുംബത്തിൽ കുടുംബനാഥനിലെന്ന പോലെ പൊതുസമൂഹത്തിലും വേരുറയ്ക്കുമ്പോൾ പൊതുപ്രവർത്തകനായ, രക്ഷാകർത്താവായ പുരോഗമനവാദിയായ നേതാവ് രൂപപ്പെടുന്നു. ശിക്ഷിക്കാനും രക്ഷിക്കാനും അധികാരമുള്ള ആണ്മയുടെ സ്വരൂപമായി രാഷ്ട്രീയഘടനയുടെ നേതൃകേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നതിന്റെ

പശ്ചാത്തലമിതാണ്. പാർട്ടിയ്ക്കുവേണ്ടി കുടുംബമോ കുടുംബത്തിനു വേണ്ടി പാർട്ടിയോ ത്യജിക്കേണ്ടി വരുന്നതിന്റെ സംഘർഷം 'ജീവിതപ്പാത'യിൽ പലപ്പോഴായി കടന്നുവരുന്ന തങ്ങനെയാണ്.

## സ്ത്രീരൂപപരിചരണം

ഒരു സാഹിത്യകാരനെന്ന നിലയിൽ ചെറുകാട് സ്ത്രീകളെ ചിത്രീകരിച്ചതിന്റെ വിശദാംശങ്ങളിലേക്കു പോകുമ്പോൾ ഈ സംഘർഷത്തെ നമുക്കു മനസ്സിലാക്കാനാവും. മറ്റു സമകാലികരായ എഴുത്തുകാരിൽ നിന്നും വ്യത്യസ്തമായി അവയവ വർണനകളിലൂടെ മാദകമായ ശരീരമെന്ന നിലയിൽ സ്ത്രീകളെ അവതരിപ്പിക്കുന്നില്ല ചെറുകാട് എന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വെറും പെണ്ണ് എന്നതിനു പകരം 'ഉള്ളുറപ്പും നിലപാടു'മുള്ള പൂർണ വ്യക്തികളായാണ് 'മുത്തശ്ശി'യിലെ നാണിമിസ്ട്രസ്സും 'ദേവലോക'ത്തിലെ രാജമ്മയും തങ്കമ്മയുമെല്ലാം അവതരിപ്പിക്കപ്പെടുന്നത്. ശരീരം, സൗന്ദര്യം എന്നിവയെ ആന്തരികമൂല്യവുമായി ചേർത്തിണക്കിക്കാണുന്ന നവോത്ഥാന ദേശീയതയുടെ ഭാവനയിലാണവ വേരൂന്നുന്നത്.

ചില ഉദാഹരണങ്ങളിങ്ങനെ: 'തലനരച്ച് കണ്ണ് കുണ്ടിൽ പോയിനിൽക്കുന്ന കാളിയിൽ ആ പുഞ്ചിരിയിൽ, പ്രാർത്ഥനയിൽ കൊണ്ടേരൻ ഒരു രതീദേവിയെ കണ്ടു.'(പുറം24, മണ്ണിന്റെമാറിൽ)

'ഞാൻ സുന്ദരിയല്ല, പറയത്തക്ക വിരൂപിയുമല്ല, കാണാൻ കുറച്ചൊന്നു കറുത്തിട്ടാണ്. ചിരിച്ചാൽ പുറത്തുകാണുന്ന ഒരു കോന്ത്രമ്പല്ലെനിക്കുണ്ട്.' (മുത്തശ്ശി) 'ദേവലോക'ത്തിൽ അഡ്വ. രാജമ്മയെ പെണ്ണു കാണാൻ രവീന്ദ്രൻ എത്തുന്ന സന്ദർഭം മറ്റൊരു ഉദാഹരണമാണ്. കള്ളിമുണ്ടുടുത്ത് അണിഞ്ഞൊരുങ്ങാതെ നിൽക്കുന്ന രാജമ്മയുടെ ചിത്രണത്തെക്കുറിച്ച് തന്റെ വായനക്കാരിലൊരാൾ നീരസം പ്രകടിപ്പിച്ചതിനെക്കുറിച്ച് ചെറുകാട് തന്നെ പറയുന്നുണ്ട്.

*'പണ്ടങ്ങൾ കൂടാതുള്ളസൗന്ദര്യത്തിന്*
*നിനക്കുപണ്ടേഞാനടിമപ്പെട്ടോനല്ലോ'*

എന്ന വരികൾ ഒന്നിലധികം തവണ ജീവിതപ്പാതയിൽ ചെറുകാട് ഉദ്ധരിക്കുന്നുണ്ട്. ബാഹ്യസൗന്ദര്യത്തോടുള്ള ഈ വേറിട്ട നില റിയലിസ്റ്റ് ആഖ്യാനത്തിന്റെ സൗന്ദര്യ ശാസ്ത്രപരമായ അബോധമായിത്തന്നെ കൃതികളിൽ വികസിക്കുന്നുണ്ടോ എന്ന ആരായൽ ഇവിടെ പ്രസക്തമാണ്. അതിലുപരി പരമ്പരാഗതമായിരിക്കെത്തന്നെ പുരോഗമനമെന്നുറച്ചു പോയ, അത്തരം കൽപനകളാൽ മെരുക്കപ്പെട്ട ആധുനിക സ്ത്രീത്വത്തെക്കുറിച്ചുള്ള പ്രതിരോധപരമായ നിലപാടായും ഇതു വായിച്ചെടുക്കാം. എന്നാൽ ഒരുപടികൂടിക്കടന്ന് മാറിയ സ്ത്രീ കർതൃത്വചിന്തകളുടെ വെളിച്ചത്തിൽ നോക്കിക്കാണുമ്പോൾ മേൽസൂചിപ്പിക്കപ്പെട്ട പുരോഗമനമൂല്യം (എഴുത്തിലെ രക്ഷാകർതൃ സ്വഭാവം പ്രകടമായതിനാലാവാം) കുറച്ചൊന്ന്പ്രതിക്കൂട്ടിലാവുന്നതുകാണാം. അതെങ്ങനെ?

## മാധവിക്കുട്ടിയും സരസ്വതിയമ്മയും

മാധവിക്കുട്ടിയുടെ മീനാക്ഷിയമ്മയുടെ മരണം എന്ന ഒരുകഥയെയും സരസ്വതി യമ്മയുടെ ഒരുക്കത്തിന്റെ ഒടുവിൽ എന്ന കഥയെയും മുൻനിർത്തിക്കൊണ്ടാണിതു വിശദീകരിക്കാൻ കഴിയുക. രണ്ടുസ്ത്രീകൾ എഴുതിയ കഥകളാണെന്ന പോലെതന്നെ സ്ത്രീയുടെ അണിഞ്ഞൊരുങ്ങലിനെ സ്ത്രീകർതൃത്വത്തിൽ നിന്നുകൊണ്ട് ആഖ്യാനം ചെയ്യുന്ന കഥകളുമാണ്. രണ്ടുകഥകളുടെയും ആഴത്തിലുള്ള വായന നവോത്ഥാന പുരുഷന്റെ മുൻകയ്യിൽ നടന്ന പരിഷ്ക്കരണശ്രമങ്ങളിൽ സ്ത്രീ ഒരു ഉപകരണം തന്നെയായിരുന്നോ എന്ന ചോദ്യം വീണ്ടും വീണ്ടും നമ്മിലുണർത്തുന്നു. പരിഷ്ക്കരണവാദിയായ പുരുഷനും പരിഷ്ക്കരണ വസ്തുവായ സ്ത്രീയും തമ്മിലുള്ള അകലം ദാതാവും സ്വീകർത്താവും തമ്മിലുള്ളതാണോ? രക്ഷാകർത്താവും അരക്ഷിതയും തമ്മിലുള്ളതാണോ? നേതാവും അനുയായികളും തമ്മിലുള്ളതാണോ? അതിലെ പങ്കാളിത്ത സ്വഭാവമെന്ത്? എന്നൊക്കെ നമുക്ക് ആരായേണ്ടതുണ്ട്.

മരിക്കാൻ കിടക്കുന്ന മീനാക്ഷിയമ്മ എന്ന മുൻസ്വാതന്ത്ര്യ സമരസേനാനിയും അവിവാഹിതയും വൃദ്ധയും രോഗിയുമായ വ്യക്തി കൗമാരം തൊട്ടേ ഗാന്ധിജിയിൽ ആകൃഷ്ടയായി ഖദർ മാത്രം ധരിക്കുന്നയാളാണ്. ഗാന്ധിജി ഗുരുവായൂരു തൊഴാൻ വന്നപ്പോൾ തന്റെ സ്വർണാഭരണങ്ങൾ മുഴുവൻ ഊരിക്കൊടുത്ത സ്ത്രീയാണവർ. പിന്നീട് ആഭരണങ്ങൾ ധരിച്ചിട്ടില്ല. എന്നാൽ മരണസമയത്ത് ഞെരങ്ങിക്കൊണ്ട്അവർ വെളിവാക്കുന്ന അവസാന ആഗ്രഹം പച്ചപ്പട്ടു ബ്ളൗസും പാലക്കാമോതിരവും അണി യണം എന്നാണ്. എന്നാൽ കേട്ടുനിന്നവരുടെ വിലയിരുത്തലിൽ അതു പിച്ചുംപേയും മാത്രമാണ്. മീനാക്ഷിയമ്മ ഒരിക്കലും അതുപറയില്ല! അവരുടെ നോട്ടത്തിൽ ഗാന്ധിജിയുടെ ചിത്രം കാണാനോ രഘുപതിരാഘവ കേൾക്കാനോ ത്രിവർണപതാക കാണാനോ ഒക്കെയേ മീനാക്ഷിയമ്മ ആഗ്രഹിക്കുകയുള്ളു. ആഗ്രഹം തിരിച്ചറിയപ്പെടു കയോ നിവർത്തിക്കുകയോ ചെയ്യാതെ അവർ മരിച്ചു. ദേശീയതയോടുള്ള സ്ത്രീയുടെ കണ്ണിചേരൽ സ്ത്രൈണതയെ ഇല്ലായ്മ ചെയ്തുകൊണ്ടു മാത്രമേ സാധ്യമാകുമായിരുന്നു ള്ളോ? എന്നാണിവിടെ ഉയർന്നുവരുന്ന ചോദ്യം. അഥവാ സ്ത്രീകൾക്കു ദേശീയത യിലുള്ള പങ്കാളിത്തം സാധ്യമാവുന്നത് കാമനകളിലൂന്നിയ സ്വതന്ത്രകർതൃത്വം ത്യജിക്കലി ലൂടെയാണെന്നോ? ഏറെ കൊണ്ടാടപ്പെട്ട കൗമുദി ടീച്ചറുടെയും മറ്റുപല സ്ത്രീകളുടെയും ജീവിതങ്ങൾ നമുക്കു നൽകുന്ന സൂചന അതുതന്നെയല്ലേ? മാധവിക്കുട്ടിയുടെ തന്നെ സ്വാതന്ത്ര്യസമരസേനാനിയുടെ മകൾ' എന്ന കഥ വൃദ്ധനും അവഗണിതനുമായ സ്വാതന്ത്ര്യ സമരസേനാനിയായ പിതാവിനെ ശുശ്രൂഷിച്ചു കഴിയുന്ന അവിവാഹിതയുടെ കാമനകളെ വെളിപ്പെടുത്തുന്നു. അച്ഛനെ കാണാനെത്തിയ പത്രപ്രവർത്തകൻ ഉപയോഗിച്ചു വലിച്ചെറിഞ്ഞ സിഗററ്റ് കുറ്റിയെടുത്തു മണത്തുകൊണ്ടു നിൽക്കുന്ന അവൾ വെളിപ്പെടുത്തുന്ന രാഷ്ട്രീയാദർശങ്ങളുടെ അപ്രസക്തി തീക്ഷ്ണമാണ്. 'കാളച്ചന്ത' എന്ന മറ്റൊരു കഥയിൽ അതീവരൂക്ഷമായ ഹാസ്യത്തിലൂടെ സ്ത്രീകൾക്കു രാഷ്ട്രീയാധികാരവും ദേശരാഷ്ട്രപൗരത്വവും എത്രയോ അപ്രസക്തമാണെന്നു മാധവിക്കുട്ടി എഴുതുന്നുണ്ട്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ശക്തമായ സദാചാരത്തിന്റെയും അടക്കമൊതുക്കത്തിന്റെയും പേരിൽ തന്റെ പേരക്കുട്ടിയായ യുവതി 'വോട്ടിടാൻ' പോയില്ല എന്നതു ശരിതന്നെ എന്നു മുത്തശ്ശി പറയുന്നു. അന്തിക്കു കിടക്കാനൊരിടം തേടിവന്ന യുവാവിനെക്കൊണ്ട് ആരോരുമില്ലാത്ത പെൺകുട്ടിയെ സംബന്ധം ചെയ്യിക്കാനാഗ്രഹിച്ച മുത്തശ്ശി പക്ഷേ അയാളുടെ പുരോഗമനം കേട്ടതോടെ കളം മാറിച്ചവിട്ടി: "ഓട്ടിടാൻ പോയില്ലെങ്കിലെന്താ, എല്ലാ ഓട്ടും ഇങ്ങോട്ടുകൊണ്ടുതന്നളാ, ഞായെണ്ണിത്തരാ"ന്നു പറഞ്ഞു അവൾ!

'ഒരുക്കത്തിന്റ ഒടുവിലെ' വാസന്തിപുരുഷ/വിവാഹവിരോധിയെങ്കിലും അണിഞ്ഞൊരുങ്ങാൻ ഇഷ്ടപ്പെടുന്നവളാണ്. 'പരപരാഗണത്തിനു സാധ്യതയില്ലാത്ത ചെടികളിലും ഭംഗിയുള്ള പൂക്കൾ ഉണ്ടല്ലോ' എന്നാണവളുടെ ന്യായം. സ്വപ്രമാണിത്ത പരമായുള്ള ഒരു അഭിരുചിയുടെ തൃപ്തിക്കുവേണ്ടി മാത്രമാണ് താൻ അണിഞ്ഞൊരു ങ്ങുന്നതെന്നും പുരുഷനെ സന്തോഷിപ്പിക്കാനല്ല, അതെന്നും അവൾ സുഹൃത്തിനോടു വാദിക്കുന്നു. ഈ രണ്ടുകഥകളിലും പുരോഗമനസ്വഭാവിയായ/പരിഷ്ക്കരണവാദിയായ സ്ത്രീ എന്ന ഘടനയിൽ ആരോപിതമായ കാമനാവിരുദ്ധത, അലൈംഗികതപ്രശ്നവൽക്ക രിക്കപ്പെടുന്നു. എന്നാൽ ചെറുകാടിന്റെ നായികമാരെ അദ്ദേഹം അണിയിച്ചൊരുക്കിയ തന്റെ പുരോഗമനപദ്ധതിക്കനുസൃതമായി മാത്രമാണ്, വാസ്തവത്തിൽ അവരുടെ ഇംഗിതമനുസരിച്ചല്ല. കഥാപാത്രങ്ങൾ തന്റെ വരുതിക്കു നിൽക്കാതെ പുറത്തുപോകുന്നു, സ്വതന്ത്രരായി വളരുന്നുവെന്നെല്ലാം ദേവലോകത്തിലെ രാജമ്മയെക്കുറിച്ചും താണ്ടമ്മയെ ക്കുറിച്ചും ശാന്തയെക്കുറിച്ചുമൊക്കെ പറയുമ്പോൾ തികച്ചും സ്വതന്ത്രമായ സ്ത്രീയുടെ പൗരകർതൃത്വത്തെക്കുറിച്ച് അദ്ദേഹത്തിനു സങ്കൽപിക്കാൻ കഴിഞ്ഞിരിക്കില്ല. അതു യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ മാത്രം പരിമിതിയുമല്ല!

പുരുഷപ്രബലമായ സമൂഹത്തിൽ സ്വന്തം ശരീരകാമനകളെ മുൻനിർത്തി എഴുത്തു കാരികളായ സ്ത്രീകൾ പോലും അനുഭവിക്കുന്ന സംഘർഷത്തെ ഉദാഹരിക്കുന്നു, ലളിതാംബിക അന്തർജ്ജനം തന്റെ സുഹൃത്തും എഴുത്തുകാരനുമായ വൈക്കം മുഹമ്മദു ബഷീറിനെഴുതിയ കത്തിലെ ചില വരികൾ ഇങ്ങനെ "ഒരു വിശേഷം കേൾക്കണോ ബഷീർ, എന്റെ ഭർത്താവ് എനിക്കൊരു കുണുക്ക് വാങ്ങിത്തന്നിരിക്കുന്നു. നിറയെ മുത്തു കളുള്ള രണ്ടുനിലകളുള്ള ഒന്നാന്തരം സ്വർണലോലാക്ക്. പറയൂ ബഷീർ, ഏഴ് പ്രസവിച്ച മുപ്പത്തിമൂന്നു വയസ്സായ ഒരു സ്ത്രീ ഇനി കുണുക്കുകൾ ഇടുകയോ?" (പുറം 29, അന്തർജനത്തിന് സ്നേഹപൂർവം ബഷീർ, എ.ഡി. തനൂജ. എസ്. ഭട്ടതിരി, ഡി.സി.ബുക്സ്, 2009) പൊതുബോധത്തോടു കീഴടങ്ങുന്നതും എന്നാൽ അലങ്കാരേച്ഛ സ്ഫുരിക്കുന്നതു മായ സ്ത്രൈണകാമന ഇവിടെയുണ്ട്. അതിലുപരി പ്രായഭേദം ശാരീരികാലങ്കാരങ്ങളെ സംബന്ധിച്ച പൊതുബോധ/അബോധത്തിൽ വളരെ അധികാരം സൃഷ്ടിക്കുന്നു. നിരവധി അരുതുകൾ അവിടെ നിർമിക്കപ്പെടുന്നു. ഇവിടെ നാം കാണുന്ന സ്ത്രീകളുടെ രൂപസൗന്ദര്യത്തിന്റെയും ശരീരകാമനകളുടെയും മണ്ഡലത്തിൽ പുരോഗമനസ്വഭാവമുള്ള എഴുത്തുകാർ സൃഷ്ടിച്ച സംഘർഷങ്ങളാണ്. സ്ത്രീയുടെ സ്വപ്രാമാണികതയിലുള്ള നിരന്തരമായ കടന്നേറലും മെരുക്കലുമാണ്

## ലൈംഗികപരിശുദ്ധി

എന്നാൽ സ്ത്രീയുടെ ലൈംഗികപരിശുദ്ധിയെക്കുറിച്ചുള്ള സങ്കൽപം വ്യവസ്ഥാപിതത്വത്തിനെതിരെയുള്ള ശബ്ദമാവുന്നുണ്ട് ചെറുകാടിൽ. സമകാലികരായ മറ്റു നോവലിസ്റ്റുകളിൽ നിന്നും വ്യത്യസ്തമായി 'മണ്ണിന്റെമാറിൽ', 'ദേവലോകം', 'മുത്തശ്ശി' എന്നീ നോവലുകളിലെല്ലാം തന്നെ സ്ത്രീകഥാപാത്രങ്ങൾ ആദ്യവിവാഹ/പ്രണയങ്ങൾക്കു ശേഷമാണ് തങ്ങൾക്കിണങ്ങിയ പങ്കാളികളെ കണ്ടെത്തുന്നത്. ജീവിതപ്പാതയിൽ താൻ കുട്ടിക്കാലംമുതൽ ആഗ്രഹിച്ച ലക്ഷ്മിക്കുട്ടി കൗമാരത്തിലേ വിവാഹിതയായി, ആ വിവാഹത്തിൽ നിന്നു പുറത്തുകടന്ന ശേഷമാണ് ചെറുകാട് അവരെ വിവാഹം കഴിക്കുന്നത്. ഒരുപാട് എതിർപ്പുകൾ ഉണ്ടാവുമ്പോഴും താൻ 'കരളിൽ കുടിയിരുത്തിയ കാക്കക്കുറത്തി'യെ ചെറുകാട് 'സ്വന്ത'മാക്കുന്നു. 'മണ്ണിന്റെ മാറിലും' ഒരിക്കൽ മറ്റൊരാളുടെ ഭാര്യയായിരുന്ന തിരുമാളുക്കുട്ടിയെയാണ് കൊച്ചുക്കൊണ്ടേരൻ കാത്തിരിക്കുകയും വിവാഹം കഴിക്കുകയും ചെയ്യുന്നത്. ദേവലോകത്തിലെ രാജമ്മയും ആദ്യാനുരാഗത്തിന്റെ മധുരവും പിന്നീടുവന്ന കയ്പും പരിത്യക്തതയും നുകർന്നശേഷം തന്നെയാണ് രവീന്ദ്രനെ വിവാഹം കഴിക്കുന്നത്. ഈ ലിംഗപരിഗണനകളിൽ നിന്നെല്ലാം വ്യക്തമാകുന്നത് മാറിക്കൊണ്ടിരിക്കുന്നതും നിരന്തരപരിണാമിയുമായ സാമൂഹ്യ ചലനങ്ങൾക്കകത്ത് ഒരു പുരുഷൻ അനുഭവിക്കുന്ന സാമൂഹികവും വ്യക്തിപരവുമായ സമ്മർദ്ദങ്ങളാണ്. സാധാരണ ഇടതുപക്ഷ കാഴ്ച്ചപ്പാടുള്ള എഴുത്തുകാരിൽ നിന്നു വ്യത്യസ്തമായി പ്രണയത്തിന്റെയും ലൈംഗികതയുടെയും വൈകാരിക രാഷ്ട്രീയത്തെ സ്വന്തംജീവിതത്തെക്കൂടി മുൻനിർത്തി കീറിമുറിച്ച് വിശദീകരിക്കാൻ ചെറുകാട് തയ്യാറായി എന്നത് കെ.പി.അപ്പൻ ഉൾപ്പടെയുള്ള നിരൂപകർ എടുത്തുപറയുന്നുണ്ട് (സമീപഭൂതകാല മനസ്സിനെതിരെ ഒരാക്രമണംകൂടി).

എങ്കിലും പ്രണയത്തക്കുറിച്ചു പറയുമ്പോൾ അതുമൂടുപടമിട്ട ലൈംഗികതയാണെന്ന വിശ്വാസം ചെറുകാടിൽ രൂഢമൂലമാണ്. ലൈംഗികത എന്ന ജൈവികപ്രതിഭാസത്തെ അതിന്റെ ചരിത്രപരമായ പരിണാമ പ്രക്രിയകൾക്കകത്തു നിന്നുകൊണ്ട് മനസ്സിലാക്കേണ്ടതുണ്ട്. വെറും ഉപകരണം മാത്രമായ ന്യൂനീകരണ യുക്തിയിൽ അതിനെ വിശദീകരിക്കുന്ന സമീപനം പുരോഗമനവാദികളിൽത്തന്നെയുള്ള ഒരു യാഥാസ്ഥിതിക ന്യൂനപക്ഷം വെച്ചു പുലർത്തിയിരുന്നു. അത്തരത്തിൽ ഒരു സന്ദർഭമാണ് ദേവലോകത്തിലേത്. കാമുകനായ പാർട്ടിപ്രവർത്തകൻ രാമചന്ദ്രനോടൊപ്പം രാത്രികഴിച്ചു കൂട്ടിയശേഷം വിഷണ്ണയായി നിൽക്കുന്ന സഖാവ് രാജമ്മയോട് പാപ്പച്ചൻ എന്ന പാർട്ടി സഖാവ് പ്രേമം ബൂർഷ്വാസിയുടെ ഹോബിയാണെന്നു പറയുന്നുണ്ട്. തുടർന്നുള്ള രാജമ്മയുടെ ചിന്തയിങ്ങനെ "മതത്തെപ്പോലെ തന്നെ പ്രേമവും മനസ്സിന്റെ മയക്കുമരുന്നായിത്തീർന്നിരിക്കുന്നു. ഈ ലോകത്തിൽ സ്നേഹിക്കാൻ പോലും മുതലാളിത്തം സമ്മതിക്കുന്നില്ല. കാശില്ലെങ്കിൽ കല്യാണം കഴിച്ചുകൂടാ. കാശോ കുറച്ചുപേർ കയ്യടക്കി വെച്ചിരിക്കുന്നു. ഈ സമ്പത്ത് പൊതുജനങ്ങളുടേതാകുന്നതുവരെ വയറ്റിലെ വിശപ്പുപോലെ ഹൃദയത്തിന്റെ വിശപ്പും വേണ്ടതുപോലെ അടക്കാൻ കഴിയാതെ വരുമ്പോൾ അക്രമങ്ങൾ വ്യതിയാനങ്ങൾ വ്യഭിചാരങ്ങൾ എല്ലാമുണ്ടാകുന്നു. ഇപ്രകാരം ലൈംഗികതയെ മുതലാളിത്തത്തെ മുൻനിർത്തിയുള്ള ആലോചന മാത്രമായി കാണുകയാണ് ചെറുകാട്. സ്ത്രീ

ചിത്രീകരണങ്ങളിലും സ്ത്രീ സ്വത്വബോധങ്ങളിലും കാണിച്ച പുനഃപ്രതിഷ്ഠകളേക്കാൾ ലൈംഗികതയെകുറിച്ചുള്ള ആലോചനകൾ പ്രശ്നങ്ങൾ നിറഞ്ഞതാണ്. അതും അദ്ദേഹത്തിന്റെ വ്യക്തിപരമായ പരിമിതിയല്ല, തന്നെ. കാലഘട്ടത്തിന്റെ പ്രത്യയശാസ്ത്ര പരമായ അന്ധതകളാണ് അവയുടെ കാരണം.

വി.ടി.യുടെ രചനകളിലേക്കു വരുമ്പോൾ എടുത്തുനിൽക്കുന്ന ഒരുദാഹരണമാണ്, അദ്ദേഹത്തിന്റെ 'കർമവിപാക'ത്തിൽ പറയുന്ന ഉമയുടെ അനുഭവം. വലിയൊരു തറവാട്ടി ലേക്കു വിവാഹിതയായിച്ചെന്ന അവർ ഇഷ്ടപ്പെട്ട വസ്തുക്കൾ കണ്ടാൽ അതു മോഷ്ടിച്ചെടു ക്കുന്ന ദുശ്ശീലത്തിനുടമയായിരുന്നു. പലവുരു ഉപദേശിച്ചിട്ടും നേരെയാവാത്തതിനാൽ അവരെ പശ്ചാത്താപവ്രതം അനുശാസിച്ചുവെങ്കിലും അവരതിൽ വിജയിച്ചില്ല. ദേവകിനരിക്കാട്ടിരിയോടൊപ്പം വാർദ്ധയിലേക്കു അയക്കപ്പെട്ട ഉമ പിന്നീടു നാട്ടിൽത്തന്നെ തിരിച്ചെത്തി. അധികം വൈകാതെ വീണ്ടും ഒരു വിവാഹത്തിനുവേണ്ടി അവർ വി.ടി.യുടെ സഹായം തേടിവന്നെങ്കിലും അദ്ദേഹം കർക്കശമായി അവരെ വിലക്കി മടക്കിയയച്ചു. പിന്നീടു നാട്ടുകാരനായ സുഹൃത്തുവഴി ഉമാബെൻ മതംമാറിയതും ഐഡോൻ എന്നു വിളിക്കപ്പെടുന്ന ഡ്രൈവറായ മുഹമ്മദിനെ വിവാഹം ചെയ്തതുമറിഞ്ഞു വി.ടി ചിന്താ ധീനനാവുകയാണ്. 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന മുദ്രാവാക്യം കേട്ടുമടുത്തു' വെന്നാണ് വി.ടി ആ സന്ദർഭത്തിൽ പറയുന്നത്! പിന്നീടൊരിക്കൽ ഐഡോനെ നേരിട്ടുകണ്ട സന്ദർഭവും കൂടി ചേർത്തുവായിക്കുമ്പോൾ വി.ടിയിലെ സമ്മർദ്ദം കൂടുതൽ നന്നായി മനസ്സിലാവും. സ്വേച്ഛയാ അന്യമതസ്ഥനെ വിവാഹംകഴിച്ചു ജീവിച്ച സ്ത്രീയോടുള്ള മനോഭാവത്തിൽ സ്ത്രീകാമനകളോടുള്ള നിന്ദയും അന്യമതത്തോടും അതിന്റെ ജീവിതപരിസരങ്ങളോടുമുള്ള അറപ്പും ഇസ്ലാമികഭീതി തന്നെ കാണാം. നിരത്തിൽ വെച്ചുതന്നെ അഭിമുഖീകരിച്ച ഐഡോന്റെ മുഖത്തിനുനേരെ കോപാകുലനായി ആട്ടിത്തുപ്പുന്ന വി.ടി. എഴുതുന്നു: "അനാഥയെ നായാടിപ്പിടിച്ചു പൊന്നാനിയിലേയ്ക്ക് ആട്ടിത്തെളിച്ച് ക്ഷണിക്കപ്പെട്ട മൊല്ലമാരുടെ മുമ്പിൽ വെച്ച് ദീൻ ചെല്ലിച്ചതും നിക്കാഹ് കഴിച്ച് വെപ്പാട്ടിയാക്കിയതും എന്തിനാണ്? പ്രണയം എന്ന ഓമനപ്പേരിൽ ഈ ധിക്കാരത്തെ ന്യായീകരിക്കാനാവില്ല..."

നവോത്ഥാനകാലത്തുനിന്നുള്ള ഈ ഉദാഹരണങ്ങളെല്ലാം തന്നെ സ്ത്രീശരീരത്തിനും കാമനകൾക്കും പൊതുവേ ലിംഗസ്വത്വത്തിനും മേൽ അടിച്ചേല്പിക്കപ്പെട്ട പുരുഷനിർമിതമായ മൂല്യങ്ങളുടെ ഭാരമാണെന്നു കാണാം. നിലനിൽക്കുന്ന വ്യവസ്ഥയുടെ സാധൂകരണങ്ങളായവ മാറുന്നതോടെ സാഹിത്യമുൾപ്പടെയുള്ള സാംസ് കാരിക തലങ്ങളിൽ സ്ത്രീപ്രതിനിധാനം വക്രീകരിച്ചതാവുന്നു. പലപ്പോഴും ആദ്യകാലത്തെ പല എഴുത്തുകാരികൾ തന്നെയും അലൈംഗികമായ അടയാളങ്ങളിലൂടെ പ്രതിഷ്ഠിക്കപ്പെടുന്നതും ഈ സ്വാധീനത്തിന്റെ ഫലമായാണ്. ബാലാമണിയമ്മയെ പോലെ ബഹുവിതാനങ്ങളുള്ള വലിയൊരു കവി മാതൃത്വത്തിന്റെ കവിയായി മാത്രം വാഴ്ത്തപ്പെടുന്നതും മറ്റൊന്നു കൊണ്ടല്ല! മുതുകുളം പാർവതിയമ്മയെപ്പോലെ സമസ്ത മേഖലകളിലും വ്യക്തി മുദ്രപതിപ്പിച്ച ആദ്യകാല സ്ത്രീകവിയുടെ ജീവിതം തന്നെ അതിനൊരു ഉദാഹരണമായി കാണാം. ദേശീയത, യോഗാത്മകഭക്തി, അനാസക്തി,

അലൈംഗികത മുതലായ ഉദാരവൽകൃതമായ ഭാവനകൾക്കകത്ത് മുതുകുളത്തെപ്പോലെയൊരു ഉജ്ജ്വലയായ സ്ത്രീയെ അവതരിപ്പിക്കുന്നതിനു പിന്നിലും ഇതിന്റെ സ്വാധീനം കാണാം.

## അനാസക്തിയും കവിപ്രതിഭയും

മലയാള സാഹിത്യപാരമ്പര്യത്തിൽ പൊതുവേ ആരോപിക്കപ്പെടുന്ന സ്ത്രീസർഗാത്മകതയ്ക്കു നേരെയുള്ള അവഗണനയുടെയും തമസ്കരണത്തിന്റെയും പശ്ചാത്തലത്തിൽ പാർവതിയമ്മയുടെ സാഹിത്യജീവിതത്തെ പരിശോധിച്ചാൽ അവർ ഒട്ടൊക്കെ വ്യത്യസ്തയാണെന്നു തോന്നാം. കാരണം മന്നത്തു പദ്മനാഭൻ, സഹോദരൻ അയ്യപ്പൻ മുതൽ കെ. ദാമോദരൻ വരെയുള്ള സാമുദായിക നേതാക്കളുടെയും ആശാൻ, ഉള്ളൂർ, പുത്തേഴത്തു രാമൻമേനോൻ, സുകുമാർ അഴീക്കോട്, എം.ലീലാവതി മുതൽ എൻ. ഗോപാലപിള്ള വരെയുള്ള സാഹിത്യനായകരുടെയും ശ്രദ്ധാപാത്രമാകാൻ, അവരിൽ പലരുടെയും പ്രശംസ പിടിച്ചുപറ്റാൻ തന്റെ ജീവിതകാലത്തു തന്നെ അവർക്കു ഭാഗ്യം ലഭിച്ചതായി നമുക്കു മനസ്സിലാക്കാൻ കഴിയും. അവരുടെ ജീവചരിത്രത്തിലെയും ഷഷ്ഠിപൂർത്തിയോടനുബന്ധിച്ചിറങ്ങിയ സുവനീറിലെയും പലകുറിപ്പുകളും അതിന്റെ തെളിവുകളാണ്. കൂടാതെ പാഠപുസ്തകങ്ങളിലും അവരുടെ കവിതകൾ ഇടംപിടിച്ചിരുന്നു. കേരളസാഹിത്യഅക്കാദമി നിർവാഹകസമിതി അംഗമായി തുടക്കം മുതൽ ഏറെക്കാലം പ്രവർത്തിച്ചിരുന്നു. ഈ അംഗീകാരം അവരെ സംബന്ധിച്ചിടത്തോളം സർവപ്രധാനമാണ് എന്നത് കീഴാളസമുദായത്തോട് അക്കാലത്തെ പൊതുസമൂഹത്തിന്റെ മനോഭാവം അറിയുന്നവർക്ക് മനസ്സിലാക്കാവുന്നതേയുള്ളു. സവർണവും പുരുഷാധികാരം നിറഞ്ഞതുമായ സാംസ്കാരികാന്തരീക്ഷത്തെ മുഴുവൻ വെല്ലുവിളിക്കുന്ന പ്രാധാന്യം പാർവതിയമ്മയ്ക്കു ലഭിച്ചു എന്നല്ല പറയുന്നത്. മറിച്ച് അത്തരം രാഷ്ട്രീയം നിലനിൽക്കുമ്പോഴും അതിൽ നിന്നു വ്യത്യസ്തമായ ഒരുനില അവർ പലനിലയ്ക്കും കയ്യാളിയെന്നതാണ്. അതിലേക്കു നയിച്ച ഒട്ടേറെ കാരണങ്ങൾ ഉണ്ടാവാം. കവി എന്നനിലയ്ക്കു തന്റെ കാവ്യപ്രമേയങ്ങളായി സ്വീകരിച്ച ആദ്ധ്യാത്മികപരിസരങ്ങൾ, തത്വചിന്താപരമായ കാവ്യബീജങ്ങൾ, അനാസക്തമെന്നു വിശേഷിപ്പിക്കാവുന്ന മാനവികതയുടെ അഭിരുചികൾ തുടങ്ങിയ സാഹിതീയമായ കാരണങ്ങൾ അവരെ ഒരു ഭക്തകവിയായോ വേദാന്തകവിയായോ എളുപ്പത്തിൽ നിർവചിക്കാൻ ഇടയാക്കിയിരിക്കാം. അതല്ലെങ്കിൽ പുരാണപ്രഭാഷകയായും സാമുദായിക സാംസ്കാരിക പ്രാസംഗികയായും അവർ തന്റെ വാഗ്മിതയാൽ ഉണ്ടാക്കിയെടുത്ത അവൈയക്തികവും സാമൂഹികവുമായ മാനങ്ങൾ അവരെ മറ്റൊരുവിധത്തിൽ നോക്കിക്കാണാൻ പ്രേരിപ്പിച്ചിരിക്കാം. സ്ത്രൈണതയെക്കുറിച്ചുള്ള പതിവു സങ്കൽപങ്ങൾക്കകത്തു നിൽക്കാതെയുള്ള അവരുടെ വ്യക്തിജീവിതവും അവിവാഹിത, എക്കാലവും ഖദർ വെള്ളവസ്ത്രധാരി, ഒട്ടും അണിഞ്ഞൊരുങ്ങാതെ നിരാഭരണ എന്നിങ്ങനെയുള്ള വൈയക്തിക സവിശേഷതകൾ അതിൽ പങ്കുവഹിച്ചിരിക്കാം. ഏതിലുമുപരിയായി വ്യക്തിയും കവിയും ഒരുപോലെ അലൈംഗികവും അനാസക്തവുമായ ഒരു ഘടനയക്കകത്തു നിലനിർത്തിയതിന്റെ പ്രത്യേകതകൾ അവരുടെ ജീവിതത്തിനുണ്ടെന്നു കാണാം. ദേശീയത, യോഗാത്മകഭക്തി,

അനാസക്തി മുതലായ ഉദാരവൽകൃതമായ ഭാവനകൾക്കകത്ത് അവർ കൃത്യമായും പാകമായിരുന്നിരിക്കണം. ഗാർഹസ്ഥ്യം കൊണ്ടുപോലും അവർ സ്ത്രൈണതയുടെ അതിരുകൾക്കകത്തേക്കു തിരിച്ചറിയപ്പെട്ടില്ല എന്നത് ഗുണപരമായാണ് മേൽപ്പറഞ്ഞ നിരൂപകരിലേറെയും എടുത്തുപറഞ്ഞത്.

ലൈംഗികതയെ പ്രശ്നവൽക്കരിക്കുന്നതിലൂടെ മാത്രമേ അതിനകത്തെ പുരുഷാധികാരത്തെയും അതിന്റെ ബലതന്ത്രങ്ങളിലൂടെ രൂപപ്പെടുന്ന, സ്ത്രീക്കു മാത്രം ബാധകമാകുന്ന ഏകപക്ഷീയമായ സദാചാരത്തെയും തിരിച്ചറിയാൻ കഴിയൂ. ഈയൊരു പരിമിതി സ്ത്രീ സ്വാതന്ത്ര്യധാരണയുടെ പുരോഗമന പക്ഷത്തു നിൽക്കുമ്പോഴും ചെറുകാടിനെയും വി.ടി.യെയും ആ കാലഘട്ടത്തിലെ നവോത്ഥാനനായകരെയും അവരുടെ പിന്മുറക്കാരെയും ഭരിക്കുന്നുണ്ട്. സാമൂഹ്യനിർവഹണത്തിന്റെയും കാമനകളുടെയും സംഘർഷം കടന്നുവരുന്ന ഇടങ്ങളിൽ ഇത് മറഞ്ഞിരിക്കുന്നത് കാണാം. തങ്ങൾ ഉന്നയിക്കുന്ന രാഷ്ട്രീയത്തെ നേരിട്ടു സംവദിച്ചു കൊണ്ടുതന്നെ ഇടപെടുന്ന ദയാബായിക്കും രഹനാഫാത്തിമയ്ക്കും രണ്ടുതരം പ്രതികരണങ്ങളാണ് നമ്മുടെ പൊതുസമൂഹത്തിൽ നിന്നും ലഭിക്കുന്നത്. ക്വിയർപ്രൈഡുകളും ചുംബനസമരവും പോലുള്ള പുതുരാഷ്ട്രീയ സമരരൂപങ്ങൾ ഈ പിന്മുറക്കാരെ അസ്വസ്ഥതപ്പെടുത്തുന്നതും മറ്റൊന്നു കൊണ്ടല്ല.

## അധീശ ആൺലോകങ്ങളെക്കുറിച്ചുള്ള വിചാരണ

സ്വത്വങ്ങളെ ഇരയായി മാത്രം കാണുക എന്ന ശീലത്തിൽ ഉറച്ചു പോകുന്നു, ഇക്കൂട്ടർ. ഇരബോധത്തെ കുടഞ്ഞെറിയുന്നഎഴുത്തുകൾക്കിന്നു സ്ത്രീപക്ഷ മലയാളരചനകളിൽ പഞ്ഞമില്ല. സിതാരയുടെ 'അഗ്നി'യും രേഖയുടെ 'അന്തിക്കാട്ടുകാരിയും' പോലുള്ള അനേകം എഴുത്തുകൾ എപ്പോഴേ വന്നുകഴിഞ്ഞു. പഴയ രക്ഷകബിംബങ്ങളെ നല്ലതുപോലെ തലയ്ക്കുകിഴുക്കി, പടിയിറക്കി മടക്കിവിടാൻ കെല്പുള്ള രാഷ്ട്രീയശേഷി സ്ത്രീയെഴുത്തുകൾ ആർജ്ജിച്ചു കൊണ്ടേയിരിക്കുന്നു.

സ്വാതന്ത്ര്യത്തിനായുള്ള പഴയരൂപ മാതൃകൾ, ആർക്കിടൈപ്പുകൾ ഫലിക്കുന്നില്ല. അവ മുൻകാലങ്ങളിൽ നിന്നും അവക്ഷിപ്തമായി ഊറിക്കൂടി ഉറച്ചുപോയതാവാം. പക്ഷേ എഴുത്തിനകത്തെ വിമോചനതൃഷ്ണകൾ അവയെ വിശ്വാസ്യതയ്ക്കായി പ്രയോജനപ്പെടുത്തിക്കൊണ്ടു തന്നെ, പുതുരൂപകങ്ങളെക്കൂടി ആനയിക്കുന്നു. മാർക്സിനെക്കുറിച്ചും മാക്സിംഗോർക്കിയെക്കുറിച്ചും ഗാന്ധിയെക്കുറിച്ചും മാവോയെക്കുറിച്ചും പറഞ്ഞു കൊണ്ടുതന്നെ സമീപഭൂതകാലങ്ങളെ വലിച്ചുകീറി പറത്തുന്നു. ഫ്രോയ്ഡും ബുദ്ധനും ക്രിസ്തുവും കൃഷ്ണനും വരെയുള്ളവരിൽ നിന്നുള്ള ദൈവശാസ്ത്രപരവും ബൗദ്ധികവുമായ പ്രമേയങ്ങൾ ആവർത്തിച്ചുവരുന്ന ഈ പുതുസ്ത്രീ രചനകൾ അധീശ ആൺലോകങ്ങളെക്കുറിച്ചുള്ള വിചാരണ തന്നെയായിത്തീരുന്നുണ്ട്. ആണുങ്ങളുടെ ലോകത്തിലേക്കുള്ള വെറും നോട്ടങ്ങളെന്നു നടിക്കുമ്പോഴും അവ അങ്ങനെയല്ല തന്നെ. അവിടേക്കു കയറിച്ചെന്നു തീൻമേശ മറിച്ചിട്ടു എല്ലാം വലിച്ചെറിഞ്ഞുടയ്ക്കാൻ പാകത്തിലുള്ള വിധ്വംസകതയെ ഈ ലീലാപരമായ നാട്യം ഉള്ളടക്കുന്നുണ്ട്. ഒപ്പം മറ്റൊരു സമാന്തരലോകത്തിനായുള്ള തൃഷ്ണകളും.

മഴപെയ്യാൻ മുട്ടിനിൽക്കുമ്പോ ചുമ്മാ കാൾമാർക്സ് എന്ന കവിതനോക്കൂ,

*"ആകാശത്തൂടെ ദേ യഹോവ പോണൂ എന്ന്*
*എന്റെയടുത്തു നിന്ന ഒരു കിളുന്ത് മാലാഖക്കൊച്ച്*
*യഹോവേടെ താടിനര ഇത്രപോരാ എന്ന്*
*അപ്പുറത്തുനിന്ന് ഒരു വല്യമ്മ തിരുത്തി*
*ശ്ശ്യോ! മ്മടെകാറൽ മാർക്സോ എന്നു പുളകംകൊള്ളുന്നു*
*ചെല്ലിച്ച പഴേ സഖാവ്*
*(കാറലും കനപ്പു ചൊവേം ഒക്കെക്കാണും*
*ഒന്നുരണ്ടു നൂറ്റാണ്ടു കഴിഞ്ഞില്ലേ?)*
*അപ്പഴത്തേക്കും ഒരു കറുത്ത മേഘത്തിന്റെമേൽ*
*അങ്ങേര്ടെ താടീംചുരുളൻ മുടീം ഒക്കെ*
*ചിന്നിച്ചെതറിപ്പോയി"*

ഓരങ്ങളിൽ സാക്ഷിയായവൾ, കവിതയ്ക്കുള്ളിൽ വർണനാവിഷയമായവൾ കർത്താവായിത്തീരുന്ന സാധ്യതയാണീ രചനകൾക്കുള്ളത്.

പൗരത്വത്തിന്റെ സാക്ഷാൽക്കാരത്തിൽ സ്വത്വനിർണയനാവകാശങ്ങൾ മുൻനിരക്കാർക്കു തീറെഴുതിക്കൊടുക്കുന്ന പാരമ്പര്യത്തിൽ നിന്നുള്ള വിച്ഛേദമാണ് പുതിയ സ്ത്രീ, ക്വിയർ, ന്യൂനപക്ഷ, കീഴാള എഴുത്തുകളിൽ രൂപം കൊള്ളുന്നത്. അമിതമായി, ധൂർത്തമായി ആദർശവൽക്കരിക്കപ്പെട്ട കോയ്മകളിൽ നിന്നുള്ള വിടുതലുകളിലൂടെ സ്വയം സ്ഥാനപ്പെടുത്താനവയ്ക്കു സ്വന്തം കാമനകളെ നാട്യങ്ങൾ കുടഞ്ഞുകളഞ്ഞ് ആവോളം പ്രകാശിപ്പിക്കേണ്ടതുണ്ട്. പ്രതിരോധത്തിന്റെ വ്യവസ്ഥീകരിക്കപ്പെട്ട ആംഗ്യങ്ങളും ചലനങ്ങളും അവിടെ അപ്രസക്തമാണെന്നുറപ്പിച്ചു പറയാം.

## സഹായകഗ്രന്ഥങ്ങൾ:

1. *ചെറുകാട്, ചെറുകാടിന്റെ ചെറുകഥകൾ, കറന്റ്ബുക്സ്, തൃശ്ശൂർ, 2013*
2. *ചെറുകാട്, ജീവിതപ്പാത, കറന്റ്ബുക്സ്, തൃശ്ശൂർ,1992*
3. *ജെ. ദേവിക, നിരന്തരപ്രതിപക്ഷം, ഡി.സി.ബുക്സ്, കോട്ടയം, 2021*
4. *ഉഷാകുമാരി.ജി, വീട്ടകത്തെപെണ്ണ്, ഉടൽ ഒരുനെയ്ത്ത്: സംസ്കാരത്തിന്റെ സ്ത്രീ വായന, എൻ.ബി.എസ്, കോട്ടയം, 2013*
5. *ഉഷാകുമാരി.ജി, കഥയും കാമനയും, ലോഗോസ് ബുക്സ്, പട്ടാമ്പി, 2018*
6. *വി.ടി.ഭട്ടതിരിപ്പാട്, വി.ടി.യുടെ സമ്പൂർണകൃതികൾ, ഡി.സി.ബുക്സ്, കോട്ടയം, 2019*
7. *മാധവിക്കുട്ടി, സമ്പൂർണകൃതികൾ, ഡി.സി.ബുക്സ്, കോട്ടയം, 2009*
8. *രാമചന്ദ്രൻ. കെ.നായർ(സമ്പാ:), ഗാന്ധിജിയുംകേരളവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2012*
9. *എ.കെ.ഗോപാലൻ, എന്റെ ജീവിതകഥ, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2015*

# ജാതിയെ നിരാകരിച്ച കൃപയുടെ വഴികൾ സരസ്വതീവിജയത്തിലെ ആധുനികത

**ഡോ. യാക്കോബ് തോമസ്**

അസി. പ്രൊഫസർ, കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

കൊളോണിയലിസത്തിലൂടെ രൂപംകൊണ്ട കേരളീയ ആധുനികത ക്രൈസ്തവവിശ്വാസത്തിന്റെ മിഷനറി പ്രത്യയശാസ്ത്രത്തിലൂടെ ജാതിക്കുപരി ദൈവവിശ്വാസവും അതിലൂന്നിയ മാനവികതയും അവതരിപ്പിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാളനോവലുകളിൽ പ്രത്യക്ഷപ്പെടുന്ന മതപരിവർത്തനവും വിശ്വാസമാനങ്ങളും ഈ പുതിയ സാമൂഹികതയെയാണ് സാക്ഷ്യപ്പെടുത്തുന്നത്. സരസ്വതീവിജയമെന്ന നോവലിലെ കൃപയെന്ന സങ്കല്പം ഈ ആധുനികതയുടെ സവിശേഷമായ ദൈവബോധത്തിന്റെ ചിഹ്നമാകുന്നുവെന്ന് ഈ പഠനം നിരീക്ഷിക്കുന്നു.

***താക്കോൽവാക്കുകൾ:*** ആധുനികത, കൃപ, ദൈവശാസ്ത്രം, മതപരിവർത്തനം

1920 നൂറ്റാണ്ടുകളിൽ കേരളത്തിൽ നടന്നിട്ടുള്ള സാമൂഹികപരിവർത്തനങ്ങളെ നവോത്ഥാനം എന്നു വിളിക്കാനാവുകയില്ലെന്നും ആധുനികതയെന്ന് അടയാളപ്പെടുത്തണമെന്നുമുള്ള ചിന്തകൾ ശക്തിപ്പെട്ടിരിക്കുന്നു. കൊളോണിയലിസത്തിലൂടെ ജാതിയെ ചോദ്യംചെയ്ത് കീഴാളർ ഉയർന്നുവന്ന, ജാതിക്കുപരി മനുഷ്യരെന്ന സങ്കല്പം ഉദയംകൊണ്ട പരിവർത്തനങ്ങളിൽ പലതരം ഘടകങ്ങൾ പ്രവർത്തിച്ചുവെന്നു പറയുന്നുണ്ടെങ്കിലും മതപരിവർത്തനത്തിന്റെ പങ്ക് സാമൂഹികചിന്തകളിൽ അധികം കാണാറില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ സാമൂഹിക രാഷ്ട്രീയ പ്രക്രിയകളെക്കാളുപരി വിശ്വാസമെന്ന ഘടകം ആധുനികതയെയും പുതിയ കേരളീയ മനുഷ്യത്വത്തെയും നിർണയിക്കുന്നത് ഇക്കാലത്തെ പരിവർത്തനങ്ങളിൽ കാണാം. മതപരിവർത്തനം എന്നതിലെ പരിവർത്തനം ഒന്നിൽനിന്ന് മറ്റൊന്നിലേക്കുള്ള മാറ്റമാണ്. ജന്മംകൊണ്ട് സ്ഥിരമായ

ജാതിവ്യവസ്ഥയെ ഇളക്കുന്നതിൽ വിശ്വാസപരമായി പരിവർത്തനം ചെയ്യാമെന്നു പറഞ്ഞ മതപരിവർത്തനം വലിയ പങ്കുവഹിക്കുകയും നിരന്തരം മാറാവുന്നതാണ് ജീവിതമെന്ന കാഴ്ച അവതരിപ്പിക്കുകയും ചെയ്തു. വിശ്വാസമെന്നത് ജന്മനാ കിട്ടുന്നതല്ലെന്നും അത് വ്യക്തിയുടെ തിരഞ്ഞെടുപ്പാണെന്നും മാറിക്കൊണ്ടിരിക്കാവുന്നതാണെന്നും പറഞ്ഞ് ജാതിവ്യവസ്ഥയുടെ 'സ്ഥിരത'യെ മതപരിവർത്തനം പ്രത്യയശാസ്ത്രപരമായി ഉലച്ചുവെങ്കിൽ സാമൂഹികമായി പുരോഗതി സാധ്യമാക്കിയതിലൂടെ മതപരിവർത്തനം സാമൂഹികപ്രയോഗമായി മാറുകയും ചെയ്തു. ജ്ഞാനപ്പാനയിലെ കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ/ക്കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ/രണ്ടു നാലു ദിനംകൊണ്ടൊരുത്തനെ/ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ/ മാളികമുകളേറിയ മന്നന്റെ/ തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ എന്നവരികൾ ജാതിയുടെ പാരമ്പര്യമായ സ്ഥിരത തകർന്നുവെന്നു പറയുന്നു (പൂന്താനം). ആധുനികതയുടെ സാമൂഹിക, വിശ്വാസ മാറ്റങ്ങൾ മനുഷ്യരെ നിരന്തരം പുതിയതുകളിലേക്കു നയിക്കുന്നുവെന്നും ഇന്നലത്തെ ജന്മിയെ മറികടന്ന് മറ്റൊരാൾ സാമ്പത്തികമായി വളരുന്നുവെന്നുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. വ്യക്തികളെ ജാതിസമൂഹങ്ങളിൽ കെട്ടിയിട്ട് ആചാരജീവികളാക്കുന്ന ജാതിയുടെ യുക്തികൾ വ്യക്തികളെ സ്വതന്ത്രരാക്കികൊണ്ട് ആധുനികത മറികടക്കുന്നുവെന്നർഥം.

## ചരിത്രത്തിലെ മതവും ദൈവവും

മതപരിവർത്തനം കൊളോണിയൽ താത്പര്യങ്ങളുടെ ഭാഗമായിക്കണ്ട് അവഗണിച്ച സാമൂഹിക ചരിത്രചിന്തകളിൽനിന്നു വ്യത്യസ്തമായി ജനതയുടെ വിമോചനത്തിന്റെ അടയാളമായി കാണുന്ന കീഴാളചിന്തകൾ ആധുനികതയിലെ വിശ്വാസത്തിന്റെ പങ്ക് ആഴത്തിൽ അടയാളപ്പെടുത്തുന്നുണ്ട്. മതപരിവർത്തനത്തെ കീഴാളരുടെ കണ്ണിലൂടെ വായിക്കുന്ന ടി. എം. യേശുദാസൻ വ്യവസ്ഥാപിതമതത്തിൽനിന്നും കൂടുതൽ മെച്ചപ്പെട്ട മറ്റൊന്നിലേക്കുള്ള കൂറുമാറ്റമാണ് മതപരിവർത്തനമെന്ന് വ്യക്തമാക്കുന്നു. ഇതിനെയദ്ദേഹം 'മതാരോഹണം' എന്നാണ് വിളിക്കുന്നത്. (2010:3). തികച്ചും അസംഘടിതവും നിസ്സഹായവുമായ അവസ്ഥയിൽനിന്നും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള മാറ്റം എന്നതാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്. പാശ്ചാത്യ മിഷനറിമാരുടെ ആശയങ്ങളുടെ പിൻബലത്തിൽ ജാതിക്കും അടിമത്തത്തിനുമെതിരേ ദലിതർ നടത്തിയ വിമോചനപോരാട്ടമാണ് മതാരോഹണത്തിന്റെ ഉള്ളടക്കം (അതേകൃതി, 4). അടിമകളായിരുന്ന കീഴാളർ മനുഷ്യരെന്ന പദവിയിലേക്കു വന്നത് മതപരിവർത്തനത്തിലൂടെ പുതിയ വിശ്വാസത്തിലേക്കു വന്നതിലൂടെയാണെന്നു പറയുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ആഖ്യാനങ്ങൾ ഈ പശ്ചാത്തലത്തിൽ സവിശേഷവായന ആവശ്യപ്പെടുന്നുണ്ട്. പുതിയ ക്രൈസ്തവവിശ്വാസമെങ്ങനെ ജാതിയെ എതിർത്ത് മാനുഷികതയുടെ പുതിയസമൂഹം കെട്ടുപണിചെയ്യുന്നുവെന്ന് ഘാതകവധം പോലുള്ള നോവലുകൾ പറയുന്നു. ജാതിയുടെ അടിമ, യജമാനൻ ബോധത്തെ പുതിയ ക്രൈസ്തവവിശ്വാസം ആധുനിക മാനവികതയാൽ നിർവീര്യമാക്കുകയും സമഭാവനയുടെ നവപൊതുമണ്ഡലത്തെ സൃഷ്ടിക്കുകയും ചെയ്തു. ജാതിയുടെ അധികാരത്തെയും ആഭിജാത്യത്തെയും സ്നേഹം, ക്ഷമ, സമഭാവന തുടങ്ങിയ മൂല്യങ്ങൾകൊണ്ട് മറികടക്കുന്ന

വ്യക്തികളെ സൃഷ്ടിയായിരുന്നു ഇതിലൂടെ സംഭവിച്ചത്. അടിമയിൽ നിന്നു ജന്മിയുടെ ഗുരുവായി ഉയർത്തപ്പെടുന്ന പൗലൂസിന്റെ കഥയായ ഘാതകവധം ജാതിക്കുമീതെ പുതിയ മനുഷ്യത്വം എന്ന സങ്കല്പത്തെ പ്രതിഷ്ഠിക്കുന്നു. കായികശക്തിയെയും അധികാരത്തെയും മനഃശക്തി, സഹനം, സ്നേഹം എന്നിവകൊണ്ട് മറികടക്കുന്നതാണ് പൗലൂസിന്റെ ജീവിതം അവതരിപ്പിക്കുന്നത്. അടിമകൾ ജന്മനാ ആത്മാവില്ലാത്തവരും കഴിവില്ലാത്തവരും അപരിഷ്കൃതരുമാണെന്ന സവർണബോധ്യങ്ങളെ തിരുത്തിക്കൊണ്ട് പുതിയ മനുഷ്യത്വത്തിന്റെ ശക്തമായി അടയാളങ്ങളായി അവരെ വരച്ചിടുന്നു. ജാതിനിരാകരണത്തിലൂടെയാണ് പുതിയ മനുഷ്യരുണ്ടാകുന്നതെന്നാണ് ഈ പ്രത്യയശാസ്ത്രം പറഞ്ഞത്. അതിൽ പ്രധാനപ്പെട്ട ഘടകമാണ് മതവിശ്വാസമെന്നത്. വിശ്വാസം പ്രധാനമാകുമ്പോഴാണ് ദൈവശാസ്ത്രം എന്ന ജ്ഞാനവിഷയം ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഗൌരവമായി ഉയരുന്നത്. ദൈവശാസ്ത്രമെന്നത് കേവലം ആത്മീയതയുടെ വിഷയമല്ലെന്നും മനുഷ്യശാസ്ത്രത്തിന്റെ വിഷയമാണെന്നും എം. എം. തോമസ് പറയുന്നത് ഇവിടെ പ്രസക്തമാകുന്നു (1983: 227). ഏതു ദൈവശാസ്ത്രത്തിലും ഒരു മനുഷ്യശാസ്ത്രം അന്തർലീനമായിട്ടുണ്ട്. മറിച്ച് ഏതു മനുഷ്യശാസ്ത്രത്തിലും പ്രത്യക്ഷമായോ പരോക്ഷമായോ ദൈവത്തെപ്പറ്റി ഒരു ധാരണയും ഉൾക്കൊള്ളുന്നു (അതേകൃതി, 227). മനുഷ്യരുടെ സാമൂഹികതയിൽ പ്രവർത്തിക്കുന്ന വിശ്വാസ ഘടകങ്ങളെ വായിച്ചെടുക്കുന്ന രീതിശാസ്ത്രം ചരിത്രത്തിൽ പ്രവർത്തിച്ച മതാത്മകതയെ മനസ്സിലാക്കാൻ ആവശ്യമാകുന്നുവെന്നർഥം.

## ജാതി, കീഴാളത, വിശ്വാസം

മതപരിവർത്തനം ജാതിനിരാകരണത്തിന്റെ മാനവിക വിശ്വാസത്തെ സൃഷ്ടിച്ചുകൊണ്ട് സ്മൃതി, ശ്രുതി എന്നിവയിൽ അടിസ്ഥാനപ്പെട്ട ജാതിവ്യവസ്ഥയെ എങ്ങനെ ചോദ്യം ചെയ്യുന്നുവെന്ന വിമർശനമാണ് പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതിവിജയം എന്ന നോവൽ. അധിനിവേശകാല മതപരിവർത്തനവും വിദ്യാഭ്യാസവും കീഴാളരെ എങ്ങനെ മാറ്റിത്തീർത്തു എന്നതാണ് ഇതിലെ പ്രധാനപ്പെട്ട പ്രമേയം. അതിലൂടെ ഹിന്ദുമതമെന്ന ബ്രാഹ്മണ ആശയത്തിന് കീഴാളലോകത്ത് ഉണ്ടാകുന്ന വിമർശനവും പുതിയകാലത്ത് ഉണ്ടാകേണ്ട സമത്വദർശനവും ആവിഷ്കരിക്കുന്നു. അറിവും വിദ്യാഭ്യാസവും കീഴാളർക്ക് സാധ്യമല്ലെന്നും പാടത്തെ അടിമപ്പണികളാണ് അവരുടെ വിധിയെന്നുമുള്ള ബോധത്തെ ആക്രമിക്കുകയാണ് നോവലിസ്റ്റ്. മൂളിപ്പാട്ടു പാടാൻപോലും അനുവാദമില്ലാത്ത കീഴാളജീവിതങ്ങൾ എങ്ങനെ ആധുനിക വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ ഉന്നതിയിലേക്കും, ശമ്പളവും അധികാരവമുള്ള ഉദ്യോഗത്തിലേക്കും മറ്റും വളരുന്നുവെന്ന് നോവൽ വ്യക്തമാക്കുന്നു. അതായത് ജാതി, അടിസ്ഥാനപരമായി സവർണ്ണരുടെ ജീവിതത്തെ സുഖപ്രദമാക്കാനുള്ളതാണെന്നും സാമൂഹ്യവിഭവങ്ങൾ മേൽത്തട്ടിൽ മാത്രം നിലനിർത്താനുള്ളതാണെന്നും വ്യക്തമാക്കുന്നു. ഈ ജാതിയാണ് അധിനിവേശത്തിലൂടെ, മതപരിവർത്തനത്തിലൂടെ ചോദ്യംചെയ്യപ്പെടുന്നത്. അതിനാൽ പുതിയ ക്രിസ്ത്യാനി യാവുക എന്നാൽ ജാതിവിമർശനത്തിൽ ഏർപ്പെടുക എന്ന അർഥമുണ്ടെന്ന് ഇവിടെ സൂചിതമാകുന്നു. ഇത്തരം പ്രക്രിയകളെ സാധ്യമാക്കുന്ന പ്രധാനപ്പെട്ട ഘടകം പുതിയ

മതവും വിദ്യാഭ്യാസവുമാണെന്നാണ് നോവൽ പറയുന്നത്. വിദ്യാഭ്യാസത്തിലൂടെ ജാതിയെ ചോദ്യംചെയ്താൽ ആധുനിക കർതൃത്വമാകാം എന്നാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത്. ഇന്ദുലേഖപോലുള്ള 'നായർ നോവലു'കളുടെ കുടുംബപരിഷ്കരണ പാരമ്പര്യങ്ങളെ നിഷേധിച്ച് ജാതിനിർമാർജനത്തിലൂടെയുള്ള സാമൂഹികപരിഷ്കരണത്തെ മുന്നോട്ടുവയ്ക്കുകയാണ് സരസ്വതിവിജയം ചെയ്യുന്നതെന്ന് കെ. കെ. കൊച്ച് ചൂണ്ടിക്കാട്ടുന്നത് ഇവിടെ പ്രസക്തമാകുന്നു (2005: 26). അധിനിവേശമാന്യതയും ക്രിസ്തുമതത്തിന്റെ പരിവർത്തനബോധ്യവും സാമ്പ്രദായികനീതിയെ ഭേദിക്കുമ്പോൾ കീഴാളർ അർഹമായ സ്ഥാനത്തുവരുന്നതായി ടി. കെ അനിൽകുമാർ നിരീക്ഷിക്കുന്നു (2004:62). ഒരു തീയ്യവക്കീലായിരുന്ന കുഞ്ഞമ്പു അധിനിവേശലോകത്തിനും പാരമ്പര്യസമൂഹത്തിനും ഇടയിൽ ചാഞ്ചാടിയിരുന്നുവെന്ന് ദിലീപ് എം. മേനോൻ ചൂണ്ടിക്കാട്ടുന്നുണ്ട് (2005:51). കീഴ്ജാതിക്കാരനായതിനാൽ മേലാളസംസ്കൃതപാരമ്പര്യം അന്യമായിത്തീർന്നപ്പോൾ അദ്ദേഹം ആധുനികതയിൽ താത്പര്യമുള്ളവനായിത്തീർന്നു. അതിലൂടെയാണ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി അദ്ദേഹം തിരിച്ചറിഞ്ഞത്. അദ്ദേഹം നടത്തിയിരുന്ന സാമൂഹികപരിഷ്കരണത്തിന്റെ തുടർച്ചയായിട്ടാണ് സാഹിത്യത്തിലെ ഇടപെടൽ സംഭവിക്കുന്നതും (അതേകൃതി, 51). അദ്ദേഹം കഠിനമായി എതിർത്തത് ബ്രാഹ്മണമതത്തെ ആയിരുന്നുവെന്നും അതിനു പരിഹാരമായിട്ടാണ് ക്രൈസ്തവമത പരിവർത്തനം മുന്നോട്ടുവച്ചതെന്നും അദ്ദേഹം നിരീക്ഷിക്കുന്നു (അതേകൃതി, 52)

ജാതിനിയമങ്ങൾ കർശനമായി പാലിക്കുന്ന കുബേരൻ നമ്പൂതിരിയുടെ കീഴിലെ അടിമയായ മരത്തൻ എന്ന പുലയബാലൻ പാട്ടുപാടിയപ്പോൾ ഉണ്ടായ സംഭവങ്ങളാണ് നോവലിന്റെ ഇതിവൃത്തം. പാട്ടുകേട്ടു ചെന്ന് നോക്കിയ കാര്യസ്ഥൻ രാമർകുട്ടി നമ്പ്യാർ പുലയൻ പാട്ടുപാടുന്നതു കേട്ട്! അവനെ തൊഴിക്കുന്നു. അതിന്റെ പ്രതിഫലമായി നമ്പൂതിരി അവന് മുണ്ട് നല്കുന്നു. എന്നാൽ ഏതാനും ദിവസം കഴിഞ്ഞ് ആ ഭാഗത്ത് ഒരു ശവം കാണപ്പെടുകയും അതവിടെയുള്ള മാപ്പിളമാർ പോലീസിലേക്ക് റിപ്പോർട്ടു ചെയ്യുകയും ചെയ്തു. ആ സമയം രാമർകുട്ടിക്ക് മുണ്ടു നല്കിയ വാർത്തയും അതിനാധാരമായ പുലയനെ തൊഴിച്ചതുമായ സംഭവങ്ങൾ പ്രചാരത്തിലാകുന്നു. പാട്ടുപാടിയതിന്റെ പേരിൽ പുലയബാലനെ കൊന്നു എന്ന മട്ടിലേക്ക് കാര്യങ്ങൾ എത്തുകയും പോലീസ് കേസ് നടപടികൾ തുടങ്ങുകയും ചെയ്തു. അന്വേഷണം നടത്തിയ അധികാരി കുബേരൻ നമ്പൂതിരിയുടെ സമ്മർദം കാരണം ആദ്യം തയാറാക്കിയ മൊഴികളും റിപ്പോർട്ടും മാറ്റിയെഴുതിയെങ്കിലും മാപ്പിളമാരുടെ ഇടപെടലിനാൽ കേസ് ഊർജിതമാവുകയും കാര്യസ്ഥൻ രാമർകുട്ടി തടവിലാവുകയും ചെയ്തു. കുബേരൻ നമ്പൂതിരിക്ക് അറസ്റ്റ് ഒഴിവാക്കാൻ നാടുവിടേണ്ടിയും വന്നു. ഇതിനിടയിൽ നമ്പൂതിരിയുടെ മകൾ സുഭദ്രയെ 'അടുക്കള ദോഷാരോപണം' കാരണം സ്മാർത്തവിചാരം ചെയ്യുന്നു. സമുദായത്തിൽ നിന്നു പുറന്തളളപ്പെട്ട അവളും മകളും മിഷനറിമാരുടെ കൂട്ടത്തിലാവുകയും അവൾ വിദ്യാഭ്യാസംചെയ്ത് അധ്യാപികയാവുകയും ചെയ്യുന്നു. ഇതിനിടെ നമ്പൂതിരി കാശിയിൽ ഒളിവിൽ പോകുന്നു. അദ്ദേഹത്തെ പിടികിട്ടാത്തതിനാൽ കേസ് ഇഴയുന്നു. പതിനഞ്ചുവർഷത്തിനു ശേഷം കാശിയിൽ ഒളിവിൽ പാർത്ത നമ്പൂതിരിയെ ജോസഫ് സായ്വിന്റെ സഹായി തിരിച്ചറിയുകയും സായ്വ് വഴി വിവരം അറിഞ്ഞ പോലീസ്

അദ്ദേഹത്തെ തടവിലാക്കുകയും ചെയ്യുന്നു. ഈ സമയം കേസ് നടന്ന കോടതിയിൽ യേശുദാസനെന്ന പുതിയ ജഡ്ജി വന്നു. അദ്ദേഹം കേസ് വിചാരണ നടത്തിയപ്പോൾ മരിച്ചുപോയ ബാലൻ ജീവിച്ചിരിപ്പുണ്ടെന്നു വെളിപ്പെട്ടു. മരിച്ചുപോയതെന്നു പറയുന്ന മരത്തൻ ഇപ്പോഴത്തെ ജഡ്ജിയാണെന്ന് മില്ലർ സായ്‌വ് വ്യക്തമാക്കുന്നു. അതോടെ കേസ് അവസാനിപ്പിക്കുകയും നമ്പൂതിരി അടക്കമുള്ളവരെ വെറുതെ വിടുകയും ചെയ്യുന്നു. അങ്ങനെ കീഴാളർ വളരാൻ പാടില്ലെന്ന ജാതിനിയമം മുറുകെ പിടിച്ചിരുന്ന നമ്പൂതിരി അതൊക്കെ തെറ്റാണെന്നും ആധുനികവിദ്യാഭ്യാസം പുതിയ മനുഷ്യരെ സൃഷ്ടിക്കുന്നുണ്ടെന്നും തിരിച്ചറിയുന്നിടത്താണ് നോവലവസാനിക്കുന്നത്.

## ബ്രാഹ്മണ്യവും ആധുനികതയും

മനുസ്മൃതിയുടെ ജാതിവ്യവസ്ഥിതിയും മാനവികതയിൽ നിലകൊള്ളുന്ന അധിനിവേശാധുനികതയും തമ്മിലുള്ള സംഘട്ടനമാണ് നോവലിന്റെ ഇതിവൃത്തം. അധിനിവേശം, ആധുനികനിയമം, കോടതി എന്നിവയാണ് ഇതിലെ പ്രധാന കഥാപാത്രങ്ങളെന്നു പറയാം. നിയമത്തിനു മുന്നിൽ കീഴാളരും ബ്രാഹ്മണരും തുല്യരാകുന്നുവെന്നും നിയമത്തിനു മുന്നിൽ ബ്രാഹ്മണ്യത്തിനും സ്മൃതിക്കും ശ്രുതിക്കും നിലനില്പില്ലെന്നും ഉറപ്പിക്കുകയാണ് ആഖ്യാനം. കുബേരൻ നമ്പൂതിരിയും കാര്യസ്ഥനുമൊക്കെ ജാതിയുടെ ഭാഗത്തും സായ്‌വന്മാരും കീഴാളരും സുഭദ്രയെപ്പോലുള്ളവരും ആധുനികതയുടെ ഭാഗത്തുമായിട്ടാണ് നിൽക്കുന്നത്. ക്ഷേത്രനടത്തിപ്പിനെകുറിച്ച് കോഴിക്കോട്ടെ കളക്ടർ അന്വേഷണത്തിനായി നമ്പൂതിരിയെ വിളിക്കുമ്പോഴുണ്ടാകുന്ന ചോദ്യങ്ങളിൽനിന്ന് ബ്രാഹ്മണാധിപത്യം എന്താണെന്നും ഹിന്ദുപ്രത്യയശാസ്ത്രം എങ്ങനെ പ്രവർത്തിക്കുന്നു എന്നും വ്യക്തമാകും (പൊത്തേരി കുഞ്ഞമ്പു, 1985: 7678). പ്രധാനമായും നാല് കാര്യങ്ങളാണ് ഇവിടെ നമ്പൂതിരി ഉന്നയിക്കുന്നത്.

1. ജാതി എന്നത് ബ്രഹ്മാവാൽ നിർമിതമാണ്. അതിന്റെ പ്രമാണങ്ങളാണ് സ്മൃതിയും മറ്റും.
2. ക്ഷേത്രങ്ങൾ ബ്രാഹ്മണസ്വത്താണ്. അതിന്റെ സമ്പത്ത് ഒരിക്കലും പൊതുവായ ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ല.
3. ശൂദ്രർക്കും കീഴാളർക്കും അക്ഷരാഭ്യാസമോ വിദ്യാഭ്യാസമോ പാടില്ല.
4. ഹീനജാതിക്കാർ ക്ഷേത്രത്തിന്റെ അടിമകളാണ്. കീഴാളരുടെ അവസ്ഥയ്ക്കു കാരണം അവർ ചെയ്ത പാപങ്ങളാണ്.

ഇത്തരം വാദങ്ങളിലൂടെ ഉറപ്പിക്കപ്പെടുന്ന മതബോധമാണ് 'ഹിന്ദുയിസം' എന്നു വിളിക്കപ്പെടുന്നത്. ഇതിന്റെ ശത്രു ബ്രിട്ടീഷുകാരായിരുന്നുവെന്ന് നോവലിലെ പാരമ്പര്യക്കാർ നിരന്തരം പറയുന്നു. അങ്ങനെ പുതിയ ഭരണക്രമവും കോടതിയും അധികാരമുള്ള ബ്രാഹ്മണരുടെ പേടിസ്വപ്നമായി മാറുന്നു. പുതിയ ചെറുപ്പക്കാർ ബ്രിട്ടീഷുകാരെ അനുകരിക്കുന്നതും അവരുടെ വേദത്തിൽ ചേരുന്നതും ഇന്ദുലേഖ അടക്കമുള്ള മിക്ക നോവലുകളിലും സവർണരുടെ ഭയമായി അവതരിപ്പിക്കപ്പെടുന്നുണ്ട്.

അതായത് ജാതിബോധം വെടിഞ്ഞ് ചെറുപ്പക്കാർ മറ്റുമതങ്ങളിലേക്കു പോയി ഹിന്ദുവെന്ന ബോധം ഇല്ലാതാകുമോ എന്ന ഭീതിയാണിത്. ആ സവർണ ഭയത്തിനുള്ള മറുപടിയാണ് സരസ്വതിവിജയത്തിന്റെ കാതൽ. ബ്രാഹ്മണ്യത്താൽ താങ്ങിനിർത്തപ്പെടുന്ന ജാതിയെ ത്തന്നെ ഇംഗ്ലീഷ്ബോധം കൊണ്ട് ചോദ്യംചെയ്യുകയാണ് നോവൽ. ഇതിന്റെ രാഷ്ട്രീയം 'ചൂഷണാധിഷ്ഠിത വ്യവസ്ഥയെ നിരാകരിക്കാനുള്ള കെല്പാണെന്നും കീഴാളരും ഹൈന്ദവേതരരും ഒന്നിക്കുന്നതിലൂടെയാണത് സാധ്യമാകുന്നതെന്നും' കെ.കെ.കൊച്ച് ചൂണ്ടിക്കാട്ടുന്നുണ്ട് (2005:32). നോവലിൽ നിറഞ്ഞുനില്ക്കുന്നത് ബ്രാഹമണരല്ല ബ്രാഹ്മണിസമെന്ന മൂല്യമാണെന്ന് കൊച്ച് പറയുന്നതിന്റെ പ്രസക്തി ഇവിടെയാണ് വ്യക്തമാകുന്നത് (അതേകൃതി, 34).

ജാതിവ്യവസ്ഥയും ആധുനികതയും തമ്മിലുള്ള വ്യത്യാസം ഇങ്ങനെ തരംതിരിക്കാം:

| **ജാതിവ്യവസ്ഥ (നമ്പൂതിരിയും മറ്റും)** | **ആധുനികത (സായ്വൻമാർ)** |
|---|---|
| മനുസ്മൃതിയും ആചാരങ്ങളും | ആധുനികനിയമങ്ങളും, കോടതിയും വിദ്യാഭ്യാസവും |
| ക്ഷേത്രവും തറവാടും | അണുകുടുംബവും പുതിയ സ്ഥാപനങ്ങളും |
| നെൽകൃഷി പാട്ടം, വാരം | ആധുനികതൊഴിലുകൾ, നാണ്യവിളകൃഷി, വ്യവസായം |
| ജാതിത്തൊഴിലുകൾ | പുതിയ ഉദ്യോഗങ്ങൾ |
| വ്യക്തിയില്ല, ജാതിശ്രേണിമാത്രം | പുതിയ വ്യക്തികളും അവർക്ക് വ്യക്തിത്വമുള്ള പേരുകളും |
| ജാതിപരമായ ശിക്ഷകൾ | ആധുനിക നിയമത്തിനു ബോധ്യമാകുന്ന ശിക്ഷകൾ |
| ജാതിയും ആചാരവും | കൃപയും നീതിബോധവും |

## ആധുനികതയുടെ ജീവിതവഴികൾ

നോവലിന്റെ ഇതിവൃത്തം സഞ്ചരിക്കുന്നത് ആധുനികതയിലെ പണം പ്രധാനമായ നാണയസമ്പദ്വ്യവസ്ഥ സൃഷ്ടിക്കുന്ന ഉദ്യോഗങ്ങളുടെ ചുറ്റുമാണ്. നാണയസമ്പദ്വ്യവസ്ഥ വളരുമ്പോൾ പാരമ്പരാഗതമായ കൃഷിയിലൂടെയും മറ്റും ജീവിക്കാനാവുകയില്ലെന്നും പുതിയ തൊഴിലുകളും ഉദ്യോഗങ്ങളും ചെയ്തെങ്കിൽ മാത്രമേ ജീവിക്കാൻ കഴിയൂ എന്ന ബോധം, ബ്രാഹ്മണരിൽ പോലും പടരുന്നതാണ് കാണുന്നത്. അതിന്റെ ഉദാഹരണമാണ് സുഭദ്രയുടെ 'സ്മാർത്തവിചാരം' നടക്കുമ്പോൾ അവിടെവരുന്ന വാസുദേവൻ നമ്പൂതിരിയുടെ കഥ. വാസുദേവൻ നമ്പൂതിരി ബ്രാഹ്മണനല്ലെന്നും അയാൾ പാടത്തും മറ്റും ജോലി ചെയ്യുന്ന ആളാണെന്നും വിമർശനം ഉന്നയിക്കപ്പെടുമ്പോൾ അതിനെ

അദ്ദേഹം ഖണ്ഡിക്കുന്നുണ്ട്. അദ്ദേഹം സാമ്പത്തികമായി തകർന്നപ്പോൾ ആറ്റിങ്ങൽ രാജാവിനെ ചെന്നുകണ്ടെങ്കിലും ബ്രാഹ്മണരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം രാജാവിനില്ലെന്ന് പറഞ്ഞ് രാജാവ് കൈയൊഴിഞ്ഞു. അങ്ങനെ നിവൃത്തിയില്ലാതായ പ്പോഴാണ് അദ്ദേഹം കൃഷിയിലേക്ക് കടന്നത്. ഇപ്പോൾ കൊല്ലത്തിൽ അഞ്ഞുറു ക. വീതം മുളകിന്റെ ആദായമുണ്ടത്രേ. അദ്ദേഹം പറയുന്നു: 'എത്ര ബ്രാഹ്മണർ ഇപ്പോൾ സർക്കാർ ഉദ്യോഗത്തിലുണ്ട്. അതുകൊണ്ടുമാത്രം ഉപജീവിക്കുന്നവർ എത്രയുണ്ട്! അവരെ വർജിക്കുമോ?'(കുഞ്ഞമ്പു,1985:93). ജാതി ആചാരപരമായി മാത്രം ജീവിച്ചവർ ആധുനികത യിലേക്ക് വരുമ്പോൾ അവരുടെ കാഴ്ചകൾ മാറുകയും ജാതിയെ ചോദ്യംചെയ്യുന്ന ബോധ്യമായി വികസിക്കുകയും ചെയ്യുന്നതാണ് ഇവിടെ ദൃശ്യമാകുന്നത്. കൃഷി ആരംഭിച്ച നമ്പൂതിരി മുളക് കൃഷിയെക്കുറിച്ചാണ് പറയുന്നത്. കേരളത്തിലെ കാർഷികരംഗത്തിന്റെ ആധുനികീകരണം സംഭവിച്ചത് നെൽകൃഷിക്കുപകരം നാണ്യവിളകളിലേക്കുള്ള മാറ്റത്തിലൂടെയാണ്. പാട്ടത്തിൽ അടിസ്ഥാനപ്പെട്ട ഫ്യൂഡൽ നെൽകൃഷിക്കുപകരം പണം ഉണ്ടാക്കുന്ന കൃഷിയിലേക്കും വാണിജ്യത്തിലേക്കുമുള്ള മാറ്റമാണിത്. ബ്രാഹ്മണർതൊട്ട് അടിയാളരിൽവരെ വളരെ വേഗത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുന്നുവെന്ന സൂചനകളാണ് നോവൽ നൽകുന്നത്. ജാതിവ്യവസ്ഥയുടെ കോയ്മകൾ തകരുന്നുവെന്നും ആധുനിക നിയമം അധികരിച്ച് സമൂഹം രൂപപ്പെടുന്നുവെന്നുമാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

പുതിയമാറ്റങ്ങളുടെ മറ്റൊരു ഉപകഥയാണ് ഉക്കപ്പമേനോന്റെ കഥ. ഇരുപത് രൂപ ശമ്പളത്തിൽ ഹജൂരിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥനായ അദ്ദേഹം മദ്യപിക്കാൻ പോകുന്നതാണ് സംഭവം. ഉദ്യോഗസ്ഥന്മാർ എന്നൊരു വിഭാഗം ഉണ്ടാകുന്നുവെന്നും അവരുടേതായ ശീലങ്ങൾക്കായി നഗരം രൂപപ്പെടുന്നുവെന്നുമാണ് ഇവിടെപറയുന്നത്. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിലേക്ക് ആർക്കും പ്രവേശിക്കാമെന്നാണ് യേശുദാസനിലൂടെ നോവൽ വ്യക്തമാക്കുന്നത്. ഈ സംവിധാനത്തിൽ ചില മൂല്യങ്ങൾക്കനുസരിച്ചുവേണം പ്രവർത്തിക്കാനെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്. അത്തരം ചില മൂല്യങ്ങൾ അധിനിവേശവും ആധുനികവിദ്യാഭ്യാസവും വഴി ഇവിടെ രൂപപ്പെട്ടു എന്നുപറയുന്നുണ്ട്. ഇതുപോലെ അക്കാലത്ത് രണ്ടു യാത്രാപഥങ്ങൾ രൂപപ്പെടുന്നതായും ചൂണ്ടിക്കാണിക്കുന്നു. നമ്പൂതിരിയുടെ യാത്ര 'ഹിന്ദുവിശുദ്ധമേഖല'യിൽക്കൂടിയും കീഴാളനായ മരത്തന്റെ യാത്ര 'മതേതര അധിനിവേശ' പട്ടണങ്ങളിലൂടെയും കടന്നുപോകുന്നു (ദിലീപ്എം. മേനോൻ, 2005:6667). ഇത്തരം യാത്രകൾ കീഴാളന് പുതിയ ഇടങ്ങളും വിസ്മയങ്ങളും നല്കുന്ന അനുഭവമാണ് (അതേകൃതി, 67). അധിനിവേശ അനുഭവം പരമ്പരാഗതലോകത്തെ പലതായി മുറിക്കുകയും പുതിയലോകങ്ങൾക്ക് പ്രധാന്യം നല്കുകയും ചെയ്യുന്നുവെന്നു സാരം.

## കൃപയും നീതിയും നിർമിച്ച വ്യക്തിത്വം

നോവലിലെ നായകൻ യേശുദാസനാണെങ്കിലും അദ്ദേഹത്തെക്കുറിച്ച് വളരെക്കുറച്ച് വിവരങ്ങളാണുള്ളത്. നോവലിന്റെ സാഹിത്യപരമായ കാര്യങ്ങളിൽ പലതരം പരിമിതികളുണ്ടെന്ന നിരൂപകവാദത്തിൽ യേശുദാസൻ എന്ന കഥാപാത്രത്തിന്റെ പരിമിതികൾ കാണാം. എട്ട് അധ്യായങ്ങളുള്ള നോവലിൽ ആദ്യഅധ്യായം കഴിഞ്ഞാൽ

പിന്നീട് ഏഴാം അധ്യായത്തിലാണ് യേശുദാസൻ പ്രത്യക്ഷപ്പെടുന്നത്. ആധുനിക വിദ്യാഭ്യാസമൊക്കെ സിദ്ധിച്ച് മറ്റുള്ളവരേക്കാൾ ആഴത്തിൽ അതിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കുന്ന പുരുഷനാണ് എന്നാണ് സൂചന. 'ഇപ്പോൾ മാറിവന്ന സെഷൻ ജഡ്ജി അതീവയോഗ്യനാണ്. വളരെ സാവധാനിയും ക്ഷമയുള്ളവനും തന്നെക്കാൾ പഠിപ്പുള്ളവർ അനേകായിരം ഉണ്ടെന്നുള്ള വിചാരമുള്ളയാളും യാതൊരാളുടെ വിശ്വാസത്തിനോ അഭിപ്രായത്തിനോ എതിരായി അനാവശ്യമായി പ്രവർത്തിക്കാത്ത ആളും സത്യവാനും സത്യം അറിവാൻ അതിപ്രയത്നം ചെയ്യുന്നയാളും എല്ലാവരേയും താരതമ്യപ്രകാരം ബഹുമാനിക്കുന്നയാളും ആകുന്നു' (പോത്തേരി കുഞ്ഞമ്പു, 1985).

ഈ വിവരണത്തിൽ നിന്ന് യേശുദാസന്റെ സ്വഭാവഗുണങ്ങൾ മനസിലാക്കാം:

1. ജാതിയിൽ വിശ്വസിക്കുന്നില്ല.
2. ആധുനികമായ സമത്വബോധമാണ് പ്രധാനം എന്നു കരുതുന്നു. മറ്റുള്ളവരെ വലുതായി കാണുന്നു.
3. ആധുനിക വ്യക്തിസങ്കല്പം പുലർത്തുന്നു. ഓരോ വ്യക്തിക്കും അവരവരുടെ താത്പര്യപ്രകാരം ജീവിക്കാം എന്ന കാഴ്ചപ്പാട് പുലർത്തുന്നു. വ്യക്തികൾ ജാതിക്കൂട്ടങ്ങളുടെ അവശിഷ്ടമല്ലെന്നും ഇഷ്ടം പോലെ താത്പര്യങ്ങളുള്ളവരാണ് പുതിയ വ്യക്തികളെന്നും പരസ്പരം ഇഷ്ടവും അനിഷ്ടവും അടിച്ചേല്പിക്കരുതെന്നും വിശ്വസിക്കുന്നു.
4. സത്യം അറിവാൻ ശ്രമിക്കുന്നു എന്ന ഗുണം ആധുനികതയുടെ പ്രധാനപ്പെട്ട ലക്ഷണമാണ്. ജാതിപരമായോ മതപരമായോ ഓരോ സമൂഹത്തെക്കുറിച്ചും മുൻവിധികളുള്ള കാലത്ത് അതെല്ലാം മാറ്റിവച്ച് വസ്തുതകളെ അന്വേഷിക്കുന്നു എന്നതാണിവിടെ സൂചിതം. സത്യം വസ്തുതകളിലൂടെയുള്ള യാഥാർഥ്യത്തെക്കുറിച്ചുള്ള ബോധമാണ് ആധുനികതയിൽ.

ഇത്തരത്തിൽ യേശുദാസനെ രൂപപ്പെടുത്തിയ സംഭവങ്ങൾ അവസാനം വിവരിക്കുന്നുണ്ട്. രാമറുകുട്ടിയുടെ ചവിട്ടേറ്റ മരത്തൻ അവിടെനിന്ന് രക്ഷപ്പെട്ട് കോഴിക്കോട് പോവുകയും മിഷനറി സായ്വിനെ കണ്ട് ക്രിസ്തുവേദത്തിൽ ചേർന്ന് ഇംഗ്ലീഷ് പഠിച്ച് വളരുകയും ചെയ്യുന്നു. കീഴാളരായവരെ സാധാരണ വിദ്യാഭ്യാസം നൽകി കൈത്തൊഴിൽ അഭ്യസിപ്പിക്കുകയാണ് പതിവെങ്കിലും യേശുദാസന്റെ കാര്യത്തിൽ മറിച്ച് സംഭവിക്കുകയും അവനെ ഇംഗ്ലീഷ് പഠിപ്പിക്കുകയും ചെയ്തു. അങ്ങനെ അവൻ ഒന്നാമനായി പഠിച്ചു വളർന്നു. 'ഇവന്നു പഠിപ്പിലുള്ള വാസനയും ജാഗ്രതയും മര്യാദ, വിനയം മുതലായ ഗുണങ്ങളും കണ്ട് സായ്വന്മാർക്കു സകലർക്കും ഇവനോട് സ്നേഹം വർധിച്ചു. ഇവന്ന് എത്രമേൽ പഠിക്കാൻ മനസ്സുണ്ടോ അത്രമേൽ പഠിപ്പിക്കാമെന്ന് അവരും ഉറച്ചു. മദിരാശിയിലുള്ള ക്രിസ്ത്യൻ കോളേജിലേക്ക് അയച്ചു. നാല് കൊല്ലംകൊണ്ട് മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. അതു സംസ്ഥാനത്തിൽ ഒന്നാമനായിട്ടു ജയിച്ചു' (അതേകൃതി, 124). ബി.എ പരീക്ഷ വരെ മികച്ച നിലയിൽ പാസായിട്ടാണ് അവൻ പഠിത്തം നിർത്തി ജോലിയിൽ കയറുന്നത്. കീഴാളർ പഠിക്കാൻ പാടില്ലെന്നും പഠിച്ചാൽ

നാടുമുടിയുമെന്നും വിശ്വാസം നിലനിൽക്കുന്ന കാലത്താണ് സായ്വന്മാർ യേശുദാസനെ ഉയർന്നനിലയിൽ പഠിപ്പിക്കുന്നത്. അതിലൂടെ ജാതിയുടെ വ്യവസ്ഥകളല്ല ഏതൊരാൾക്കും പഠിച്ച് ബുദ്ധിപരമായി വളരാമെന്നു പറയുന്ന ആധുനികതയാണ് ശരിയെന്നും നോവൽ വ്യക്തമാക്കുന്നു. ഈ ആധുനികതയിൽ ഫ്യൂഡലിസത്തിലെ ജാതിപരമായ വ്യക്തി വിന്യാസക്രമം തകിടം മറിയുന്നു. ബ്രാഹ്മണർ, നായർ എന്നിങ്ങനെ ശ്രേണീപരമായ വിന്യാസക്രമത്തിൽ ഏതിടത്തും ഈ ക്രമം പാലിക്കപ്പെടും. എന്നാൽ ആധുനികതയിൽ അങ്ങനെയല്ല. ഉദ്യോഗങ്ങളിൽ ഉയർന്നസ്ഥാനത്ത് പഠിപ്പും യോഗ്യതയുമനുസരിച്ച് ഏതു ജാതിയും വരാം. മേലാളനായ നമ്പൂതിരിയുടെ സ്ഥാനം അവിടെ വിദ്യാഭ്യാസമുള്ള കീഴാളനെക്കാൾ താഴും. അതാണിവിടെ സംഭവിക്കുന്നതും. യേശുദാസനെന്ന പുലയൻ ജഡ്ജിയായപ്പോൾ നമ്പൂതിരി പ്രതിക്കൂട്ടിൽ നില്ക്കുന്നു. നിലവിലെ ക്രമമാകെ തകിടംമറിഞ്ഞ് ജാതിക്കുപരി വ്യക്തികളുടെ യോഗ്യതകളും വിദ്യാഭ്യാസവും മറ്റും പ്രധാനമാകുന്ന വ്യവസ്ഥ രൂപപ്പെടുന്നു എന്നർത്ഥം.

യേശുദാസന്റെ ജഡ്ജിപ്പണി കുബേരൻ നമ്പൂതിരിയെ വെറുതെ വിടുമ്പോഴാണ് ആധുനികതയുടെ ജ്ഞാനത്തെ കൃപയായി നോവൽ വ്യക്തമായി ആവിഷ്കരിക്കുന്നത്.

'അത്രയൊന്നും ദൃഷ്ടിവയ്ക്കാതെ റിക്കാർഡിൽ തെളിവിന്മേൽ നമ്പൂതിരിയെ ശിക്ഷിച്ചിരുന്നെങ്കിൽ മിസ്റ്റർ യേശുദാസന് യാതൊരു ദോഷവും വരാനില്ല. അങ്ങനെ ചെയ്‌വാൻ എളുപ്പവും ധാരാളം ഉണ്ട്. ഹീനജാതിക്കാർ കൊടുംവെയിലത്തു പ്രവൃത്തി യെടുത്തു തളർന്നു തണലിൽ വെറും നിലത്തിരുന്നു പാട്ടുപാടി ആശ്വസിക്കുന്നതു കുറ്റമാണെന്നും അതു പാടില്ലെന്നു മാത്രമല്ല അതു കേൾക്കുന്നതുതന്നെ അസഹ്യ മാണെന്നും വിചാരിക്കുന്ന ദുഷ്ടന്മാരുടെ നേരേ പ്രവൃത്തിക്കേണ്ടത് ഇത്ര കൃപയോടും നീതിയോടും കൂടിയല്ല എന്ന് ഒരു ദ്വേഷത്തിൽ തോന്നിപ്പോകും. എന്നാൽ കൃപയാണ് കൃപയെ ജനിപ്പിക്കുന്നത്. പാടുണ്ടെങ്കിൽ ശത്രുവിനും ഉപകാരമാണ് ചെയ്യേണ്ടത് എന്ന പ്രമാണം ജർമൻ പാതിരിമാരിൽ നിന്നും യേശുദാസൻ നല്ലവണ്ണം മനസിലാക്കി. അതിനെ ദൃഷ്ടാന്തപൂർവം തെളിയിച്ചു. തന്റെ പരമവിരോധികളായ ബ്രാഹ്മണരെ ലജ്ജിപ്പിച്ചു' (അതേകൃതി, 121122).

മിഷനറിമാരിൽ നിന്ന് കിട്ടിയ ക്രൈസ്തവമൂല്യങ്ങളിലൂടെയാണ് യേശുദാസൻ തന്റെ ജീവിതം ക്രമപ്പെടുത്തുന്നതെന്നും കൃപയാണ് അതിന്റെ അടിസ്ഥാനമെന്നും നോവൽ പറയുന്നു. ജാതിവ്യവസ്ഥ എന്ന ക്രൂരതയ്ക്ക് അത്തരത്തിലുള്ള ദയാരഹിതമായ ക്രൂരതകളാണ് വേണ്ടതെങ്കിലും അതിനെ 'കൃപ' കൊണ്ട് നേരിടുന്നതാണ് ഉചിതമെ ന്നാണ് വാദം. ജാതിവ്യവസ്ഥയ്ക്ക് പുറത്തുകടന്ന് 'കൃപ' പോലുള്ള ധാർമികതയിലൂടെ യാവണം ആധുനിക ജീവിതദർശനം സൃഷ്ടിക്കേണ്ടതെന്ന് പറയുന്ന നോവൽ ജാതിക്കു പരിയായി പുതിയ മൂല്യങ്ങൾ കേരളത്തിൽ രൂപപ്പെടുത്തിയത് അടയാളപ്പെടുത്തുകയാണ്. ഇവിടെപ്പറയുന്ന 'കൃപ' (Grace) ക്രൈസ്തവദൈവശാസ്ത്രപരമായി വളരെയേറെ പ്രസക്തിയുള്ളതാണ്. കൃപയെന്നു പറയുന്നത് ഒരാൾ മറ്റൊരാളോടു കാണിക്കുന്ന ദയാവായ്പും സ്നേഹവുമൊക്കെ കലർന്ന സമീപനമാണ് (ഫിന്നി സാമുവേൽ, 2014). ദൈവികകൃപയെന്നത് ദൈവത്തിൽനിന്ന് വ്യക്തിക്കു നേരിട്ടുകിട്ടുന്ന സവിശേഷമായ അനുഗ്രഹമാണ്. ദൈവവും വ്യക്തിയും തമ്മിലുള്ള ആത്മീയബന്ധത്തിന്റെ ദൃഢത

യിലാണ് കൃപ ലഭ്യമാകുന്നതെന്നാണ് വ്യാഖ്യാനം. അങ്ങനെ വരുമ്പോൾ വിശ്വാസിക്ക് ദൈവം എന്ന ശക്തിയുമായിട്ടാണ് ബന്ധമുള്ളതെന്നും സമൂഹത്തിലെ അധികാരക്രമ ങ്ങളോടു ബന്ധമില്ലെന്നും സൂചിപ്പിക്കപ്പെടുന്നു. ദൈവം ലോകത്തെ പരിപാലിക്കുന്ന ആത്മീയശക്തിയാണ്. ആ ശക്തിയെമാത്രം അനുസരിച്ച് ജീവിക്കുമ്പോൾ ജാതിപോലുള്ള മനുഷ്യനിർമിതികളെ അംഗീകരിക്കേണ്ടതില്ലെന്നും അവയെയെല്ലാം നിരാകരിച്ച് പുതിയൊരു ജീവിതം കെട്ടിപ്പടുക്കാമെന്നുമാണ് വാദം. ജാതിവ്യവസ്ഥയിൽ ജാതിയാചാരങ്ങളോടും ജന്മിത്വത്തോടുമുള്ള അനുസരണ ജീവിതത്തിന്റെ അടിസ്ഥാന മാകുമ്പോൾ ഇവിടെ പുതിയ ദൈവസങ്കല്പവും അതിനോടുള്ള അനുസരണയുമാണ് ജീവിതകാഴ്ചപ്പാടായി മാറുന്നത്. പാരമ്പര്യ ക്രിസ്ത്യാനികൾ ജാതിയെ മതമാക്കി ജീവിച്ചകാലത്താണ് മിഷനറിമാർ പുതിയ വിശ്വാസത്തെ മുന്നോട്ടുവയ്ക്കുന്നതെന്നാണ് പ്രധാനം. ഒരുകാലത്ത് ജാതിയുടെ പേരിൽ തന്നെ പീഡിപ്പിച്ചവരെ ശിക്ഷിക്കാനാവു മായിരുന്നെങ്കിലും കൃപയോടെയാണ് യേശുദാസൻ വിധിപറഞ്ഞതെന്നാണ് നോവലിൽ പറയുന്നത്. യേശുദാസൻ തന്റെ ദയാവായ്പ് അർഹതയില്ലാത്ത പ്രതികളായവരുടെ മേൽ ചൊരിഞ്ഞുവെന്നർഥം. അതിലൂടെ ജാതിബോധത്തിൽ വിശ്വസിച്ചിരുന്നവരുടെ കാഴ്ചകൾക്കു മേൽ മറ്റൊരു ജീവിതദർശനം കാട്ടിക്കൊടുത്തു. വെറുപ്പിന്റെ ആശയത്തിനുപകരം സ്നേഹത്തിന്റെയും കരുതലിന്റെയും ജാതിവിരുദ്ധബോധമാണ് യേശുദാസൻ മുന്നോട്ടുവച്ചത്. ഈ വിശ്വാസത്തെ ശക്തിയിലാണ് കീഴാളർ തങ്ങളുടെ മനുഷ്യത്വത്തെ കണ്ടെത്തിയതും ജാതിയെ നിരാകരിച്ചതെന്നും നോവലിലൂടെ വായിക്കാം.

ഘാതകവധം എന്ന നോവലിൽ ജന്മിയായ കോശികുര്യനെ എതിർത്ത് ഞായറാഴ്ച ആരാധനയ്ക്കു പോകാൻ അടിമകളെ പ്രേരിപ്പിക്കുന്നത് ഈ പുതിയ ദൈവബോധമാണ്. ഇപ്രകാരം സ്നേഹം, ദയവ്, ക്ഷമ, തുടങ്ങിയ അന്യരെക്കുറിച്ചുള്ള സവിശേഷമായൊരു കരുതലിന്റെ ദർശനം ജനങ്ങളിൽ രൂപപ്പെടുന്നു. സ്നേഹം, ദയവ്, അയൽക്കാരോടുള്ള കനിവ് തുടങ്ങി അനേകം കാഴ്ചപ്പാടുകൾ മിഷനറി വേദപുസ്തക ദർശനങ്ങളിലൂടെ ഇക്കാലത്ത് കേരളത്തിൽ വ്യാപിക്കുന്നുണ്ട്. ഇവ നാരായണഗുരുവിന്റെ ദർശനങ്ങളിലും ഇടംപിടിക്കുന്നതായി കാണാം (1985:239). ഇത്തരത്തിൽ അതുവരെ കേരളത്തിൽ കേൾക്കാത്ത പുതിയൊരു മൂല്യബോധത്തിന്റെ നിർമിതിയായിരുന്നു മിഷനറിമാരിലൂടെ നടന്നതെന്നും ബൈബിളായിരുന്നു അതിന്റെ അടിസ്ഥാനമെന്നും നിരീക്ഷണമുണ്ട് (യേശുദാസൻ, 2010:43). ജാതിവ്യവസ്ഥയിലും സ്മൃതിയിലും ഇത്തരം മൂല്യങ്ങളില്ല. അവിടെ ആചാരങ്ങൾ ലംഘിക്കുന്നവരെ കൊല്ലുന്നതും വർജ്ജിക്കുന്നതുമാണ് തത്വങ്ങൾ. ആധുനികതയുടെ വ്യത്യസ്ത കാഴ്ചപ്പാടുകളും വിദ്യാഭ്യാസവും അതിനെ നിരാകരിച്ചു. വിദ്യാർഥികളിൽ മാനവികത പോലുള്ള പുതിയ മൂല്യങ്ങളാണ് ആധുനിക സ്കൂളുകളും കോളേജുകളും വളർത്തിയത്. ഇത്തരത്തിൽ ബൈബിൾദർശനങ്ങൾ ആധുനികകാഴ്ച പ്പാടിനെ രൂപപ്പെടുത്തുന്ന വിധത്തിൽ ജാതിവ്യവസ്ഥയ്ക്കെതിരായി കടന്നുവരുന്നത് 'പ്രത്യക്ഷരക്ഷാ ദൈവസഭ'യുടെ ദർശനങ്ങളിലും മറ്റും കാണാം (സ്വാമി, അനിൽ, 2010:53 55). 'രക്ഷ' എന്ന ആശയത്തെ ജാതിനിരാകണ, സാമൂഹിക അനുഭവമായി പൊയ്കയിൽ അപ്പച്ചൻ വ്യാഖ്യാനിക്കുന്നു.

ജാതിബോധ്യങ്ങൾ പാരമ്പര്യത്തെ സ്ഥിരമായി കാണുന്നതിനാലാണ് മരത്തൻ സ്കൂളിൽ പഠിക്കുന്നുണ്ടെന്ന് കേട്ടപ്പോൾ കുബേരൻ നമ്പൂതിരി ക്ഷോഭിക്കുന്നത്. ഓരോ

ജാതിയും നിശ്ചിതക്രമത്തിലൂടെ സഞ്ചരിക്കുകയാണെന്നും ഇതൊക്കെ വിധി കല്പിതമാണെന്നും അതൊന്നും ലംഘിക്കാൻ പാടില്ലെന്നും വിശ്വസിക്കുന്ന ബോധമാണ് ഇത്. അതിന്റെ നോക്കി നടത്തിപ്പാണ് ബ്രാഹ്മണ്യം അനുഷ്ഠിക്കുന്നത്. ഇത്തരം ബോധ്യങ്ങളെ യുക്തികൊണ്ട് ചോദ്യംചെയ്തതാണ് ബ്രാഹ്മണ്യത്തെ ഭീതിയിലാഴ്ത്തുന്നത്. അങ്ങനെ ആധുനിക അറിവു നേടുന്ന ആൾ ജാതിയിൽനിന്ന് പുറത്തുവരുമ്പോൾ പുതിയ ജീവിതത്തിന് പുതിയ മൂല്യക്രമങ്ങൾ നേടേണ്ടതാവശ്യമാകുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ മേല്പറഞ്ഞ സവർണകഥാപാത്രങ്ങളുടെ വിവരണങ്ങളുമായി താരതമ്യംചെയ്യുമ്പോൾ യേശുദാസൻ നേരിടുന്ന ജാതിപ്രശ്നങ്ങൾ ഇവിടെ പ്രസക്തമാകുന്നു. ഈ കഥാപാത്രങ്ങളിൽ ഏറ്റവും ഉയർന്ന പദവിയിലെത്തുന്നത് യേശുദാസനാണ് ജഡ്ജിപദവിയിൽ. എന്നാൽ ആ പദവിയിലേക്കുള്ള വളർച്ച അദ്ദേഹത്തിന്റെ കുടുംബ, തറവാട് മൂലധനം കൊണ്ടായിരുന്നില്ല മറിച്ച് മിഷനറി കൃപ കൊണ്ടായിരുന്നു. എന്നാൽ യേശുദാസന്റെ തിരിച്ചറിവുകളും കഴിവുകളുമാണ് അയാളെ പുതിയ കർതൃത്വത്തിലേക്കു നയിക്കുന്നതെന്ന വിവരണം കീഴാളർ സ്വയം നേടിയെടുത്തതാണ് അവരുടെ ജീവിതമെന്ന് വ്യക്തമാക്കുന്നു. യേശുദാസന്റെ പതിനാറാം വയസിലാണ് നോവൽ തുടങ്ങുന്നതെങ്കിലും അദ്ദേഹത്തിന്റെ ശാരീരിക, സ്വഭാവ സവിശേഷതകളെക്കുറിച്ച് യാതൊന്നും പരാമർശിക്കുന്നില്ല. വായിക്കാനും പാടാനും അറിയാവുന്ന പുലയബാലൻ എന്നാണ് പരാമർശം. അക്കാലത്തെ പുലയരുടെ അവസ്ഥ എത്ര ദയനീയമായിരുന്നുവെന്ന് നോവലിൽ വിവരിക്കുന്നുമുണ്ട്. പിന്നീട് ഇദ്ദേഹത്തെ കാണുന്നത് നോവലിന്റെ അവസാനം ജഡ്ജി പദവിയിലാണ്.

അക്കാലത്തെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്ന സവർണരുടെയും യേശുദാസന്റെയും അവസ്ഥകൾ താരതമ്യം ചെയ്താൽ കൃപയെന്ന മൂല്യം എങ്ങനെ അവരെ വേർതിരിക്കുന്നുവെന്നു മനസ്സിലാക്കാം. മാധവനും കൂട്ടരും അവരുടെ ജാതിയ്ക്കുള്ളിൽ മാത്രമാണ് നില്ക്കുന്നത്. തങ്ങളുടെ തറവാട്ടിൽനിന്ന് കിട്ടാനുള്ള സമ്പത്തിനെക്കുറിച്ചാണ് മാധവനെപ്പോലുള്ളവരുടെ ആകുലത. അയാളുടെ വിദ്യാഭ്യാസവും പ്രണയവും ജാതിക്കും തറവാടിനും ഇടയിൽ കുടുങ്ങുന്നു. മാധവന്റെ പ്രശ്നം ചിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കുക, ഇന്ദുലേഖയെ വിവാഹംചെയ്യുക എന്നൊക്കെയായിരുന്നുവെങ്കിൽ യേശുദാസന്റെ പ്രശ്നം നിലനില്പായിരുന്നു. അതിന് തടസം അയാളുടെ ജാതിയായിരുന്നു. അങ്ങനെ യേശുദാസന് തന്റെ ജാതിയ്ക്കുള്ളിൽ നിൽക്കാൻ കഴിയാത്ത സ്ഥിതിയിൽ പുറത്തേക്കു പോകുന്നു. കുറച്ച് രക്തബന്ധങ്ങളാണ് യേശുദാസന്റെ മൂലധനം. ഒടുവിലയാൾ, തന്നെ അടിമയാക്കുന്ന ജാതിക്കും വീടിനും പുറത്തേക്കു പോകുന്നു. മതംമാറി ക്രിസ്ത്യാനിയായി പഠിച്ച് ഉന്നതപദവിയിലെത്തുന്നു. എന്നാൽ ഇപ്പോഴയാളുടെ അടിസ്ഥാനം അയാൾ സ്വയം സ്വീകരിച്ച സ്വത്വഗുണങ്ങളാണ്. 'ഇവന്നു പഠിപ്പിലുള്ള വാസനയും ജാഗ്രതയും മര്യാദ, വിനയം മുതലായ ഗുണങ്ങളും കണ്ടു സായ്വന്മാർക്കു സകലർക്കും ഇവനോട് സ്നേഹം വർധിച്ചു' (പൊത്തേരികുഞ്ഞമ്പു, 1985: 124).

ഇന്ദുലേഖയിലെ മാധവനും മറ്റും കിട്ടുന്ന അതേ വ്യക്തിഗുണങ്ങളാണ് പുതിയ വിദ്യാഭ്യാസത്തിലൂടെ യേശുദാസനും കിട്ടുന്നത്. പക്ഷേ നിറത്തിലെ വെളുപ്പും സവർണ

സൗന്ദര്യവും ഇദ്ദേഹത്തിലില്ല. ആധുനികവ്യക്തികളെന്ന നിലയിൽ ഇവരെല്ലാം തുല്യരാണ്. എന്നാൽ പാരമ്പര്യം, കുടുംബം, തറവാടിത്തം, സാമ്പത്തികം എന്നിവയിലൂടെ യേശുദാസനെ കാണുമ്പോൾ അയാൾ മാധവന് വളരെ പിന്നിലാണ്. മാത്രവുമല്ല മാധവൻ വിവാഹം ചെയ്യുന്നത് അതേ ജാതിതറവാടിത്തമുള്ള സ്ത്രീയെയാണ്. എന്നാൽ യേശുദാസനാകട്ടെ ജാതിയിൽ നിന്ന് ഭ്രഷ്ടാക്കപ്പെട്ട ഒരാളുടെ മകളെയാണ് വിവാഹം ചെയ്തത്. മാധവനിലൂടെ ജാതിയും ഹിന്ദുമതവും കുടുംബപാരമ്പര്യവും പൂർണമായും സംരക്ഷിക്കപ്പെടുന്നു. എന്നാൽ യേശുദാസനിൽ അത് പൂർണമായും ലംഘിക്കപ്പെടുന്നു. സവർണപൗരുഷത്തിന് ഒരു ബദൽ കീഴാളപുരുഷന്മാർ സൃഷ്ടിക്കുന്നത് ഇവിടെ സൂചിപ്പിക്കപ്പെടുന്നു. ജാതിബോധത്തെ സംരക്ഷിക്കുന്ന മാധവന്മാരിൽനിന്ന് മാറി മിശ്രവിവാഹത്തിലൂടെ ജീവിതം നയിക്കുന്ന യേശുദാസന്മാർ ജാതിവിരുദ്ധമായ ജീവിതത്തിന്റെയും പുരുഷത്വത്തിന്റെയും സാധ്യതകൾ മുന്നോട്ടുവയ്ക്കുന്നു. ഇവിടെക്കാണുന്ന 'അഹിന്ദു' പാരമ്പര്യത്തിന്റെ രാഷ്ട്രീയം കേരളീയ ആധുനികതയിൽ രൂപംകൊണ്ട ജാതിവിരുദ്ധമായ നവദൈവബോധത്തിലാണെന്നു കാണാം.

## ഗ്രന്ഥസൂചി:


1. *അനിൽ കുമാർ, 2004 മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം, കേരളസാഹിത്യ അക്കാദമി, തൃശൂർ*
2. *കൊച്ച് കെ. കെ., 2005 വായനയുടെ ദലിത് പാഠം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്*
3. *തോമസ് എം. എം 1983 ആധുനികഭാരതത്തിലെ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, തിയോളജിക്കൽ ലിറ്ററേച്ചർ സമിതി, തിരുവല്ല*
4. *ദിലീപ്മേനോൻ.എം, 2005 ജാതിയും കൊളോണിയൽ ആധുനികതയും: സരസ്വതീ വിജയം വീണ്ടും വായിക്കുമ്പോൾ, താപസം, വാല്യം 1, ജൂലൈ. താരതമ്യപഠനസംഘം, ചങ്ങനാശേരി*
5. *നാരായണ ഗുരു, 1985 ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ, മാതൃഭൂമി, കോഴിക്കോട്*
6. *പൂന്താനം, ജ്ഞാനപ്പാന (വിക്കിഗ്രന്ഥശാലാ പതിപ്പ്, https://ml.wikisource.org/wiki/)*
7. *പോത്തേരികുഞ്ഞമ്പു, 1985 സരസ്വതീ വിജയം (നാലുനോവലുകൾ, സമാ. ഡോ. ജോർജ് ഇരുമ്പയം), കേരളസാഹിത്യ അക്കാദമി, തൃശൂർ*
8. *ഫിന്നിസേമുവേൽ,2014, കൃപയുടെ സുവിശേഷം,https://reflectingthelogos.com/gospelofgodsgrace/*
9. *യേശുദാസൻ ടി. എം, 2010 ബലിയാടുകളുടെ വംശാവലി, പ്രഭാത് ബുക്ക് ഹൌസ്, തിരുവനന്തപുരം*
10. *സ്വാമി & അനിൽ, 2010 പ്രത്യക്ഷരക്ഷാ ദൈവസഭ, ആദിയർദീപം പബ്ലിക്കേഷൻസ്, ഇരവിപേരൂർ.*
11. *റോബിൻ ജെഫ്രി, 2003 നായർ മേധാവിത്വത്തിന്റെ പതനം (വിവ. പുതുപ്പള്ളി രാഘവൻ, ചന്ദ്രശേഖരവാരിയർ, എം.എസ്), ഡി. സി. ബുക്സ്, കോട്ടയം*

# പൗരാണികതയുടെ പാരഡി എന്ന പൊളിറ്റിക്കൽ ട്രോൾ വി.ജെ.ജെയിംസിന്റെ ചോരശാസ്ത്രം എന്ന നോവലിന്റെ രാഷ്ട്രീയവായന

**ദയാനന്ദൻ കെ.**
അസി. പ്രൊഫസർ, ടി.എം.ജി.കോളെജ്, തിരൂർ

**പ്രബന്ധസംഗ്രഹം**

ആധുനികതയുടെ ലോകബോധത്തെ തിരസ്ക്കരിച്ചുകൊണ്ട് തദ്ദേശ സംസ്കൃതിയുടെ ബദൽ സാധ്യതകളിലേക്കുള്ള അന്വേഷണം ആധുനികോത്തരഘട്ടത്തിൽ കോളനിയനന്തര ഭാവുകത്വത്തിന്റെ സ്വഭാവമായിരുന്നു. മലയാളത്തിൽ കോളനിയന്തര ഭാവുകത്വത്തിന്റെ ശക്തമായ സാന്നിധ്യമറിയിച്ച ആദ്യരചനകളിലൊന്നാണ് ചോരശാസ്ത്രം. അതുകൊണ്ടുതന്നെ കൊളോണിയൽ ജ്ഞാനനിർമ്മിതി അസ്ഥിരപ്പെടുത്തിയ പാരമ്പര്യ/നാട്ടുവിജ്ഞാന/സംസ്കൃതികളുടെ വീണ്ടെടുപ്പ് എന്ന പ്രമേയത്തിന്റെ രൂപകാവിഷ്കാരമായാണ് ഈ നോവൽ നാളിതുവരെ വായിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വായനയുടെ ഇത്തരം ലളിതസമവാക്യങ്ങൾക്ക് വഴങ്ങാതെ ദുരൂഹതയുടെ മൂർത്തരൂപമാകുന്ന ഒരുകഥാപാത്രം ഈ നോവലിലുണ്ട്. പ്രധാന കഥാപാത്രത്തിന്റെയും പ്രമേയത്തിന്റെ തന്നെയും വിപരീതധ്രുവം പോലെ വർത്തിക്കുകയാണ് ഈ നിശ്ശബ്ദപാത്ര സാന്നിധ്യം. കാന്തിക സ്വഭാവമുള്ള ഈ വായനാകേന്ദ്രം ചോരശാസ്ത്രത്തെ കേവലമായ അന്യാപദേശത്തിന്റെ പതിവ് രൂപത്തിൽ നിന്ന് ഉയർത്തി അതിന് രാഷ്ട്രീയമാനങ്ങൾ നൽകുന്നുണ്ട്. ചോരശാസ്ത്രം സൂക്ഷ്മാർത്ഥത്തിൽ ഒരു രാഷ്ട്രീയ നോവലാണെന്ന വാദം അവതരിപ്പിക്കുന്ന ഈ ലേഖനം, തൊണ്ണൂറുകൾക്ക് ശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയത്തെ പൗരാണികതയുടെ പാരഡിവൽക്കരണത്തിലൂടെ തീവ്രവും സൂക്ഷ്മവുമായി അവതരിപ്പിക്കുന്ന രാഷ്ട്രീയ ഉപഹാസപാഠം (Political satire) എന്നനിലയിൽ ചോരശാസ്ത്രത്തെ പുനർവായിക്കുന്നു.

***താക്കോൽ വാക്കുകൾ:*** കൊളോണിയൽ ആധുനികത, കോളനിയനന്തര വാദം, വൈറ്റ്മാൻസ് ബർഡൻ, സറ്റയർ, പാരഡി, യൂറോസെൻട്രിക്ലോക ബോധം, പുനർവായന

*"Take up the White Man's burden*
*Send forth the best ye breed*
*Go send your sons to exile*
*To serve your captives' need*
*To wait in heavy harness*
*On fluttered folk and wild*
*Your new-caught, sullen peoples,*
*Half devil and half child*
*Take up the White Man's burden"*

(The White Man's Burden: Rudyard Kipling. 1899)

വായനയുടെ വിജയകരമായ രണ്ടു ദശകങ്ങൾ പിന്നിട്ടു കഴിഞ്ഞ മലയാളനോവലാണ് ചോരശാസ്ത്രം (വി.ജെ.ജെയിംസ്, 2002) പ്രമേയഘടനയിലും ആഖ്യാനപരിചരണത്തിലും പ്രകടമായ ഭാവുകത്വ വ്യതിയാനത്തിന്റെ അടയാളമായി ഈ നോവൽ ആദ്യവായനകളിൽ തന്നെ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ആധുനികതയുടെ ലോകബോധത്തെ തിരസ്ക്കരിച്ചു കൊണ്ട് തദ്ദേശസംസ്കൃതിയുടെ ബദൽ സാധ്യതകളിലേക്ക് അന്വേഷണം വ്യാപിപ്പിക്കുന്ന ഈ നോവൽ മലയാളത്തിൽ കോളനിയനന്തര ഭാവുകത്വത്തിന്റെ ശക്തമായ സാന്നിധ്യ മറിയിച്ച ആദ്യരചനകളിലൊന്നുമാണ്.

കൊളോണിയൽ ആധുനികത അസ്ഥിരപ്പെടുത്തിയ പാരമ്പര്യ/നാട്ടുവിജ്ഞാന/ സംസ്കൃതികളുടെ പുനരായനവും വീണ്ടെടുപ്പുമൊക്കെ കോളനിയനന്തരചിന്തയുടെ ലക്ഷ്യങ്ങളാണല്ലോ! ഈയൊരാശയത്തിന്റെ നോവൽരൂപത്തിലുള്ള സാക്ഷാൽക്കാരമാണ് അഥവാ രൂപകാവിഷ്കാരമാണ് 'ചോരശാസ്ത്രം' എന്ന് സാമാന്യമായി പറയാം. കൊളോണിയൽ ജ്ഞാനനിർമ്മിതിയുടെ അധികാരപദവിയിലിരുന്ന ഒരു പ്രൊഫസർ അക്കാദമികമേഖലയെ ഉപേക്ഷിച്ച്, താളിയോലകളിൽ ഉറങ്ങിക്കിടക്കുന്ന പൗരാണിക ശാസ്ത്രങ്ങളെ തോറ്റിയുണർത്തുന്നതോടെയാണ് കഥയാരംഭിക്കുന്നത്. നിരന്തരമായ ഗവേഷണത്തിലൂടെ അദ്ദേഹം സഹസ്രാബ്ദങ്ങൾക്കപ്പുറത്ത് നിന്നുള്ള ജ്ഞാനമെന്ന പേരിൽ ഒരു ചോരശാസ്ത്രം കണ്ടെത്തുന്നു. അത് പരിശീലിക്കാൻ ഒരു ഉപാസകനെ പ്രൊഫസർ കണ്ടെത്തുന്നു. ഇങ്ങനെ പ്രൊഫസറുടെ ഉപദേശപ്രകാരം ചോരശാസ്ത്രത്തിന്റെ സാധക നായി മാറുന്ന ഒരു പട്ടിണിക്കള്ളൻ നോവലിലെ മറ്റൊരു പ്രധാന കഥാപാത്രമായി മാറുന്നു.

താൻ കണ്ടെടുത്ത ചോരശാസ്ത്രം എന്ന പൗരാണികവിദ്യയെ പ്രയോഗപഥത്തിൽ എത്തിക്കുന്നതിനായി പ്രൊഫസർ കള്ളനെ ഉപയോഗിക്കുകയാണ്. അവനെ കെണിവെച്ച് പിടിയ്ക്കുകയാണെങ്കിലും ഇതെല്ലാം അവന് വേണ്ടിയാണെന്ന് ബോധ്യപ്പെടുത്തുന്നതിൽ പ്രൊഫസർ വിജയിക്കുന്നു. ചോരശാസ്ത്രത്തിന്റെ പിൻബലത്തിൽ നടത്തുന്ന ആദ്യത്തെ

മോഷണത്തിൽ തന്നെ കള്ളൻ, മറഞ്ഞിരിക്കുന്ന വലിയ സ്വർണ്ണനിധി ശേഖരത്തിന്റെ ഉടമയാവുന്നു. ഇതിനിടയിലും തുടർന്നും പ്രൊഫസർ കള്ളനുവേണ്ടി നടത്തുന്ന അധ്യയനങ്ങളും സംവാദങ്ങളുമാണ് ഈ നോവലിന്റെ ദാർശനികതലത്തെ രൂപപ്പെടുത്തുന്നത്. ഇതിനെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ നോവലിന്റെ വായനകൾ എല്ലാം രൂപപ്പെട്ടിട്ടുള്ളത്. കള്ളൻ പ്രൊഫസർ ദ്വന്ദ്വത്തിൽ ഊന്നുന്ന ഇത്തരം വായനകളിൽ പ്രൊഫസർ കള്ളനെ പഴയ നാട്ടുപാരമ്പര്യങ്ങളിലേക്ക് കണ്ണിചേർക്കാൻ ശ്രമിക്കുന്ന നിഷ്കാമനും നിസ്വാർത്ഥനുമായ മഹർഷിയായി മാറുന്നു. കൊളോണിയൽ അധികാര പദവികളെ ത്യജിച്ച് ഗുരുവായും പരിത്യാഗിയായ സന്ന്യാസിയായും മാറുന്ന മഹദ് കഥാപാത്രമായി മാറുന്നു. എന്നാൽ പട്ടിണിക്കാരനായ നാട്ടുകള്ളന് ചോരശാസ്ത്രം പ്രദാനംചെയ്ത് ശാക്തീകരിക്കുന്ന പ്രൊഫസറുടെ വൃത്തികളെ പ്രശ്നവൽക്കരിക്കാൻ പര്യാപ്തമായ മറ്റൊരു കഥാപാത്രം കൂടി നോവലിലുണ്ട്. നോവലിൽ ആദ്യാവസാനം നിശ്ശബ്ദ സാന്നിധ്യമായി പ്രത്യക്ഷപ്പെടുന്ന ഒരു ദ്രാവിഡ രാജാവ്. യഥാർത്ഥത്തിൽ ഈ കഥാപാത്രമാണ് ഈ നോവൽ വായനയിലെ ദിശാസൂചി.

ഒരു പഴയ നാണയത്തിലെ ചിത്രമായിട്ടാണ് ദ്രാവിഡരാജാവ് നോവലിൽ പ്രത്യക്ഷപ്പെടുന്നത്. കള്ളൻ സ്വന്തമാക്കുന്ന നിധിശേഖരത്തിന്റെ യഥാർത്ഥ ഉടമയാണയാൾ. പക്ഷേ അത് കള്ളനെ അറിയിക്കാൻ ആവാത്ത വിധത്തിൽ അയാൾ ആ നാണയത്തിന്റെ തടവറയിലാണ്. നിധിയോടൊപ്പം കയ്യിൽ വന്ന ആ നാണയം ഭാഗ്യസൂചകമായി കാണുന്ന കള്ളൻ അതിനെ തന്റെ എളിയിൽ തിരുകി വെയ്ക്കുന്നുണ്ട്. അങ്ങനെ കള്ളന്റെ ഓരോ പ്രവൃത്തിയിലും തനിക്കുള്ള പ്രതികരണങ്ങൾ പ്രകടിപ്പിക്കാനാവാതെ ആത്മഗതങ്ങളും ഏകഭാഷണങ്ങളുമായി കള്ളന്റെ എളിയിലിരുന്ന് വിറയ്ക്കുക മാത്രം ചെയ്യുന്ന ആശയത്തടവുകാരനായി ദ്രാവിഡരാജാവ് മാറുന്നു.

ഒരു നാടോടിക്കഥയുടെ ലാളിത്യത്തോട് മത്സരിക്കുന്ന ആഖ്യാനലാഘവം ഈ നോവലിന്റെ സവിശേഷതയാണ്. ഇതിന് അനുപൂരകമായ വിധത്തിലാണ് കള്ളനെ കേന്ദ്രീകരിക്കുന്ന കഥാഘടനയുടെ സാമാന്യ വായനാമാതൃക പ്രവർത്തിക്കുന്നത്. കോളനിമുക്തരാജ്യങ്ങളിലെ ദരിദ്രവാസികൾ കോളനിവത്കൃതഘട്ടത്തിൽ തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ നാട്ടു/പാരമ്പര്യ/വിജ്ഞാനങ്ങളുമായി കണ്ണി ചേർക്കപ്പെടുന്നതിന്റെ സാഹിത്യ ആഖ്യാനമായി ചോരശാസ്ത്രം എളുപ്പത്തിൽ വായിക്കപ്പെടുന്നതും ഈ സാമാന്യവായനാതലത്തെ പിൻപറ്റി തന്നെയാണ്. എന്നാൽ കള്ളനെയും പ്രൊഫസറെയും ചുറ്റിപ്പറ്റിയുള്ള ആഖ്യാനത്തിന്റെ ഈ ലളിതഘടനയെ തകർക്കുന്ന രീതിയിലാണ് ദ്രാവിഡരാജാവ് എന്ന വിചിത്രകഥാപാത്രം ചോരശാസ്ത്രത്തിൽ ഇടംപിടിക്കുന്നത്. യഥാർത്ഥത്തിൽ കാന്തികമാനമുള്ള ഈ വായനാകേന്ദ്രമാണ് ചോരശാസ്ത്രത്തെ കേവലമായ അന്യാപദേശത്തിന്റെ പതിവ് രൂപത്തിൽ നിന്ന് വ്യത്യസ്തമായ, സൂക്ഷ്മമായ രാഷ്ട്രീയപാഠ(Political Satire)മായി ഉയർത്തുന്നത്

നിഗൂഢതയുടെ ഒരു പരിവേഷം പ്രൊഫസറുടെ എല്ലാ പ്രവൃത്തികളെയും ചൂഴ്ന്ന് നില്ക്കുന്നതായി കാണാം. പൊടുന്നനെ പൗരാണിക ശാസ്ത്രങ്ങളുടെ ഭക്തനും വക്താവും അധികാരിയുമായിത്തീരുന്ന ഈ കഥാപാത്രവും പ്രമേയതലത്തിൽ നിരവധി

ദുരൂഹതകളെ ഒളിപ്പിച്ചു വെയ്ക്കുന്നുണ്ട്. ആഖ്യാനം അതിന്റെ അയുക്തികമായ നാട്ടുകഥാവഴക്കത്തിൽ അത് വളരെ സമർത്ഥമായി പൊതിഞ്ഞു വെയ്ക്കുകയാണ്. ആഖ്യാനത്തിൽ തെളിയുന്നതുപോലെയുള്ള ഏകതാനമായ നിഷ്കളങ്കതയല്ല, ഗുരുതര മായ പാത്രസങ്കീർണ്ണതയാണ് സൂക്ഷ്മവിശകലനത്തിൽ പ്രൊഫസറിൽ കാണുന്നത്. അയാളുടെ പൗരാണിക ശാസ്ത്രാഭിമുഖ്യവും കള്ളന്റെ ഗുരുപദവി ഏറ്റെടുക്കലും അന്ത്യഘട്ടത്തിൽ പ്രകടിപ്പിക്കുന്ന ശൈശവനിഷ്കളങ്കതയും, നിർമമതയുമെല്ലാം കേവലം 'പ്രബുദ്ധതാവിരുദ്ധ' നിലപാടു കൊണ്ടു മാത്രമാണെന്ന് കരുതാൻ കഴിയില്ല. ഈ സന്ദർഭത്തിലാണ് ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് ഉദ്ധരിച്ചിട്ടുള്ള റുഡ്യാർഡ് കിപ്ലിംഗിന്റെ 'ദ വൈറ്റ്മാൻസ് ബർഡൻ' എന്ന കവിത പ്രസക്തമാകുന്നത്. വെള്ളക്കാരന്റെ അധികഭാരം എന്ന കിപ്ലിംഗിന്റെ കുപ്രസിദ്ധമായ ന്യായീകരണ പാഠത്തോട് ബന്ധിപ്പിച്ചു നിർത്തുമ്പോൾ പ്രൊഫസറുടെ പരിവേഷങ്ങളും മുഖംമൂടികളും അതിവേഗം അഴിഞ്ഞ് വീണ് ആഖ്യാനം മറച്ചുവെച്ചിരിക്കുന്ന തനിസ്വരൂപം തെളിയുന്നത് കാണാം.

ഫിലിപ്പീൻ ദ്വീപിലെ അമേരിക്കൻ കോളനിവത്കരണത്തിന്റെ പശ്ചാത്തലത്തിൽ, 1899ലാണ് കിപ്ലിംഗ് ദി വൈറ്റ്മാൻസ് ബർഡൻ എഴുതുന്നത്. യൂറോപ്യൻ അധിനിവേശങ്ങൾ ലോകത്തെ മുഴുവൻ പരിഷ്കരിച്ചെടുക്കുന്നതിനുള്ള താല്ക്കാലികമായ കീഴ്പെടുത്ത ലുകൾ മാത്രമാണെന്ന നിഷ്കളങ്കമായ ന്യായീകരണയുക്തിയാണ് കിപ്ലിംഗ് അവതരിപ്പി ക്കുന്നത്. അത് കൊള്ളക്കാരന്റെ അവകാശമാണെന്നല്ല, ബാധ്യതയാണെന്നാണ് അദ്ദേഹ ത്തിന്റെ പക്ഷം. മൂന്നാംലോകരാഷ്ട്രങ്ങളിലെ സാത്താൻ രൂപികളും (satanic) കുട്ടിത്തര ക്കാരുമായ (childish) കറുത്തവർഗ്ഗക്കാരെ സംസ്കരിച്ച് സമുദ്ധരിക്കുക എന്ന 'അധിക ഭാരം' പേറുകയാണ് കൊള്ളക്കാരൻ ചെയ്യുന്നത്. വെളുത്തവൻ ലോകസംസ്കാരത്തിനു വേണ്ടി നിർവഹിക്കുന്ന മഹാത്യാഗമായിട്ടാണ് കിപ്ലിംഗ് ഇതിനെ നോക്കിക്കാണുന്നത്. ഈ കവിതയിൽ നിന്നാണ് പില്കാലത്ത് കൊളോണിയൽ/പോസ്റ്റ്കൊളോണിയൽ വ്യവഹാരങ്ങളിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ട 'വൈറ്റ്മാൻസ് ബർഡൻ' എന്ന രൂപകം വികസിച്ചത്. സൂക്ഷിച്ചുനോക്കിയാൽ ചോരശാസ്ത്രത്തിലെ പ്രൊഫസറും ഈ അധിക ഭാരം തന്നെയാണ് വഹിക്കാൻ ശ്രമിയ്ക്കുന്നത് എന്ന് കാണാം. അങ്ങനെ കോളനിവാഴ്ച യുടെ ന്യായീകരണ യുക്തിതന്നെ കോളനിയനന്തര ഘട്ടത്തിലും പ്രാവർത്തികമാക്കു ന്നതിലെ വൈരുധ്യവും അതിന്റെ പിന്നിലെ രാഷ്ട്രീയലക്ഷ്യവും ആണ് പ്രൊഫസറിലൂടെ ഈ നോവലിൽ പ്രശ്നവൽക്കരിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കോളനിവാഴ്ചയുടെയും അതിനെ ന്യായീകരിക്കുന്ന വെളുത്തവന്റെ അധികഭാരത്തി ന്റെയും മുഖംമൂടികൾ അഴിഞ്ഞു വീണതോടെ അവയ്ക്ക് പിറകിൽ സമർത്ഥമായി ഒളിപ്പിച്ച് വച്ചിരുന്ന വംശീയതാ മുൻവിധികളും, വർണവെറിയും യൂറോസെൻട്രിക്ലോക ബോധവു മെല്ലാം അതിനിശിതമായ വിചാരണയ്ക്ക് വിധേയമാക്കപ്പെടുന്ന കോളനിയനന്തര ഭാവുകത്വം സജീവമായി. നിർബന്ധിതമായ അധിനിവേശത്തിന്റെയും ആധുനികീകരണ ത്തിന്റെയും സന്ദർഭമായി കൊളോണിയൽ ഘട്ടം തിരിച്ചറിയപ്പെട്ടു. അതിന്റെ ചൂഷണ ലക്ഷ്യങ്ങൾ നിറവേറുന്നതിനായി തദ്ദേശീയ/പാരമ്പര്യ/സംസ്കൃതികൾ പ്രതികർത്ത്യ സ്ഥാനങ്ങളായി മാറ്റപ്പെട്ടതെങ്ങനെ എന്ന അന്വേഷണം മൂന്നാം ലോകസാഹിത്യചിന്ത

യിൽ സജീവമായി. കൊളോണിയൽ ഘട്ടത്തിൽ പാശ്ചാത്യ നാഗരികതയുടെ സ്വാധീനത യിൽ വിടർന്ന രചനകളിൽ നാട്ടു സംസ്കൃതികളുടെ അന്ത്യവിഹ്വലതകൾ കൂടി സ്പന്ദിക്കു ന്നതായി തിരിച്ചറിയപ്പെടുന്ന വിധത്തിൽ വായനയുടെ അർത്ഥത്തിലും ഊന്നലുകളിലും വ്യത്യാസമുണ്ടായി.

മലയാളത്തിലെ ആദ്യചെറുകഥയായി പരിഗണിക്കപ്പെട്ടു വരുന്ന 'വാസനാവികൃതി' യിൽ (1891) കൊളോണിയൽ നീതിന്യായവ്യവസ്ഥയുടെ സംസ്ഥാപനവും വ്യാപനവും എന്ന നവസന്ദർഭം കാണാം. ഈ കഥയിലെ പ്രധാനകഥാപാത്രവും ആഖ്യാതാവുമായ ഇക്കണ്ടക്കുറുപ്പ് എന്ന നാട്ടുകള്ളന്റെ അടിതെറ്റിയ്ക്കുന്നത് ഈ സന്ദർഭമാണ്. ഇരുതാവഴി പ്രകാരവും കള്ളനായിരുന്ന കുറുപ്പ് നാട്ടിലെ പ്രമാണിയായിരുന്നു. എന്നാൽ പാരമ്പര്യ ശീല ജ്ഞാനങ്ങളുടെ കൈത്തഴക്കവും നൈപുണികളും സഹായത്തിനെത്താത്ത, പുതു നാഗരികതയിലുണ്ടാവുന്ന സ്ഥലജലവിഭ്രാന്തികൾ അയാളെ ഉലച്ചുകളഞ്ഞു. ഒടുവിൽ അധികാരത്തിന്റെ കീശയിൽ അങ്ങോട്ടുചെന്ന് കൈയിട്ട് ബന്ധിതനായിത്തീരുന്ന കോമാളിപ്പരുവത്തിലേക്ക് മാറിപ്പോവുകയാണ് അയാൾ.

യഥാർത്ഥത്തിൽ ഇക്കണ്ടക്കുറുപ്പ് അഭിമാനപുരസ്സരം പരാമർശിക്കുന്ന മോഷണവു മായി ബന്ധപ്പെട്ട തങ്ങളുടെ പാരമ്പര്യസിദ്ധിയുടെ അപചയമാണ് ആ കഥയുടെ പ്രമേയം. ഒരു കള്ളന്റെ പാരമ്പര്യ/കീഴ്‌വഴക്ക/ജ്ഞാനത്തെ ചോരവിജ്ഞാനമെന്നോ, ചോരശാസ്ത്രമെന്നോ വിളിക്കാമെങ്കിൽ, അതുതന്നെയാണ് ഈ നോവലിൽ കള്ളന് വീണ്ടെടുത്തു കിട്ടുന്ന ചോരശാസ്ത്രം എന്ന് സാമാന്യമായി തോന്നാം. കൊളോണിയൽ ആധുനികതയുടെ പരിഷ്കരണയുക്തികൾ നിർദ്ദയം പൊട്ടിയാട്ടിക്കളഞ്ഞ നിരവധിയായ 'ചേട്ടാ' ജ്ഞാനമാതൃകകളുടെ പ്രതിനിധിയായിട്ടാണ് ചോരശാസ്ത്രം എന്ന നിഗൂഢ ജ്ഞാനവ്യവഹാരം നോവലിൽ നിലകൊള്ളുന്നത്. ഇത്തരം ജ്ഞാനമാതൃകകളുടെ സർഗ്ഗാത്മകമായ വീണ്ടെടുപ്പ് കോളനിയനന്തര വ്യവഹാരങ്ങൾ വിഭാവനം ചെയ്യുന്ന സാധ്യതകളിൽ ഒന്നാണ്. ഈയർത്ഥത്തിലാണ് ചോരശാസ്ത്രം സാമാന്യതലത്തിൽ വീണ്ടെടുപ്പിന്റെ രൂപകമാണെന്ന് പറയുന്നത്.

ഈയർത്ഥത്തിൽ കോളനിവാഴ്ചയുടെ ആദ്യഘട്ടത്തിൽ പാരമ്പര്യജ്ഞാന സ്രോതസ്സു കളിൽ നിന്ന് പിഴുതെറിയപ്പെട്ട ഇക്കണ്ടക്കുറുപ്പൻമാരുടെ പിൻഗാമിയാണ് ചോര ശാസ്ത്രത്തിലെ കരിമ്പട്ടിണിക്കാരനായ കള്ളൻ. കല്പറ്റനാരായണന്റെ കവിതയിലെ കുറുക്കനെയാണ് അയാൾ ഓർമ്മിപ്പിക്കുന്നത്. സാമൂഹ്യബോധത്തിന്റെ വിളുമ്പുകളിലെ വിടെയോ ഒളിച്ചുപാർക്കുന്ന, ഉണ്ടായകാലം മുതൽ ഒരു പരിണാമത്തിനും വിധേയ മാകാത്ത ഒരു 'ജന്തു'. ജീവിതത്തിന്റെ അപ്രതീക്ഷിതത്വങ്ങളിലേക്ക്, എണ്ണതേച്ച കറുത്തുമെലിഞ്ഞ ഉടലിൽ, ഇല്ലായ്മയുടെ ജെട്ടിയുമണിഞ്ഞ് ഇറങ്ങിവന്ന് സ്വയംചോദ്യ ചിഹ്നമായിത്തീരുന്ന ഒരുപാവം മൂന്നാംലോക പട്ടിണിക്കള്ളൻ.

ആ കള്ളനെയാണ് പ്രൊഫസർ കെണിവെച്ച് പിടിച്ച് ചോരശാസ്ത്രം പരിശീലിപ്പി ക്കുന്നത്. പ്രാഥമികപാഠങ്ങൾ പിന്നിട്ട കള്ളൻ നിരന്തരവും ശ്രദ്ധാപൂർവ്വവുമായ സാധനയിലൂടെ ചോരശാസ്ത്രത്തിലെ അതീതസിദ്ധികൾ ഒന്നൊന്നായി കൈവശമാക്കു

ന്നു. നോട്ടം കൊണ്ട് പൂട്ടുതുറക്കുന്ന അത്ഭുതവിദ്യയാണ് കള്ളന് ആദ്യം കരഗതമാകുന്നത്. കാവൽക്കാരനു പകരം കൊളോണിയൽ ആധുനികതയുടെ വ്യാവസായികയുക്തി കൊണ്ടു വന്ന യന്ത്രമാണല്ലോ പൂട്ടുകൾ. മാനുഷിക ദൗർബല്യത്തിന്റെ പഴുതുകളെ അടച്ചുകളഞ്ഞ ഈ യന്ത്രം ഇക്കണ്ടക്കുറുപ്പന്മാരിൽ ഉണ്ടാക്കിയ പരിഭ്രമം ചില്ലറയാവാനിട യില്ല. അതിനാൽ പുതുകാല ചോരന് അവശ്യം വേണ്ടുന്ന ആദ്യവിദ്യ ഈ പൂട്ടുകളെ എങ്ങനെ മറികടക്കാമെന്നുള്ളതു തന്നെയായിരിക്കണം. നോട്ടം കൊണ്ട് പൂട്ടുതുറക്കുന്ന വിദ്യയാണ് ചോരശാസ്ത്രത്തിലൂടെ പ്രൊഫസർ കള്ളനെ പഠിപ്പിക്കുന്നത്. യഥാർത്ഥ ത്തിൽ ശാസ്ത്രത്തെ മാന്ത്രികയാഥാർത്ഥ്യം/പുരാണംകൊണ്ട് കീഴടക്കുന്ന വിദ്യ തന്നെയാ ണിത്.

മറഞ്ഞിരിക്കുന്ന സ്വർണ്ണശേഖരങ്ങളെ അവ പ്രസരിപ്പിക്കുന്ന, മനുഷ്യദൃഷ്ടിക്ക് അഗോചരങ്ങളായ മഞ്ഞരശ്മികൾ കൊണ്ട് തിരിച്ചറിഞ്ഞ് സ്ഥാനനിർണ്ണയം ചെയ്യുന്ന അത്ഭുതസിദ്ധിയാണ് കള്ളൻ അടുത്തതായി സ്വായത്തമാക്കിയത്. അപ്പോഴേയ്ക്കും അയാൾ അളവറ്റ സമ്പത്തിനുടമയായിക്കഴിഞ്ഞിരുന്നു. ചോരശാസ്ത്രനിയമങ്ങൾ പലതും അയാൾ ലംഘിച്ചു തുടങ്ങി. ചോരശാസ്ത്രസാധകൻ/കള്ളൻ എന്ന പ്രാഥമിക പദവി തന്നെ അയാൾ സ്വയം നഷ്ടപ്പെടുത്തിക്കഴിഞ്ഞിരുന്നു. സമ്പത്തിന്റെ ഉടമസ്ഥതാവകാശം അയാളെ കള്ളന്റെ എതിർപദവിയിലെത്തിച്ചു. എവിടെയുമുള്ള ഏത് നിധിശേഖരവും എപ്പോൾ വേണമെങ്കിലും സ്വന്തമാക്കാൻ അയാൾക്ക് കഴിയുമായിരുന്നു. എന്നിട്ടും അയാൾ സ്വന്തമായി നിലവറ പണിത് അതിൽ തന്റെ സമ്പാദ്യം ശേഖരിച്ചുവെച്ച് താഴിട്ട്പൂട്ടി, ഉറങ്ങാതെ കാവലിരിക്കുന്ന അവസ്ഥയിലേക്ക് പരിണമിക്കുകയാണ്.

ഒടുവിൽ പ്രൊഫസറുടെ അന്ത്യോപദേശങ്ങൾക്ക് പോലും സ്പർശിക്കാനാവാത്ത, അത്യാർത്തിയുടെ മാനുഷാകാരമായി മാറിയ അയാൾ പഞ്ചസാരക്കുന്നിൽ വീണുപോയ ഉറുമ്പിനെപ്പോലെ സ്വർണ്ണക്കൂമ്പാരത്തിൽ വീണ് കഥാവശേഷനാകുന്നു. അങ്ങനെ നോവലിലെ കള്ളന്റെ കഥ അർഹതയില്ലാത്തവന് അറിവു ലഭിച്ചാലുള്ള അനർത്ഥത്തെ ക്കുറിച്ച് നിലനില്ക്കുന്ന പൊതുബോധത്തിന്റെ ഒരാവർത്തനമായി മാറുന്നു.

എന്നാൽ പ്രൊഫസർ എന്ന കഥാപാത്രം കള്ളനുമുന്നിൽ അവതരിക്കുന്നതു പോലെ നിഷ്കാമനും നിഷ്കളങ്കനുമായ ഒരു ഗുരുപ്രരൂപമാണോ? ആ കഥാപാത്രത്തെ പുറമേ പൊതിഞ്ഞു നിൽക്കുന്ന ലാളിത്യം ഒരു ആഖ്യാനതന്ത്രമാണെന്നു മനസ്സിലാക്കുമ്പോൾ പ്രൊഫസർ നിഗൂഢതകളുടെ പാത്രരൂപമായി പരിണമിക്കുന്നത് കാണാം. എന്തുകൊണ്ട് ചോരശാസ്ത്രം പ്രൊഫസറുടെ ആവശ്യമാകുന്നു എന്ന ചോദ്യം ഈ ഘട്ടത്തിൽ നിർണ്ണായകമാണ്. തനിയ്ക്ക് യാതൊരു പ്രയോജനവുമില്ലാത്ത ഈ അന്വേഷണത്തിന് വേണ്ടി പ്രൊഫസർ ജീവിതം ഉഴിഞ്ഞു വെയ്ക്കുന്നത് കള്ളനെ ശാക്തീകരിയ്ക്കാൻ വേണ്ടി മാത്രമാകുന്നു എന്ന ഉത്തരം കിപ്ലിംഗിന്റെ 'ദി വൈറ്റ്മാൻസ് ബർഡനെ' നേരിട്ട് ഓർമ്മിപ്പിക്കുന്നു.

താൻ കണ്ടെത്തി എന്ന് പ്രൊഫസർ അവകാശപ്പെടുന്ന പൗരാണിക ചോരശാസ്ത്രം പഠിക്കാൻ പറ്റിയ സാധകനെ, കള്ളനെ 'കെണിവെച്ച്പിടിക്കുക'യാണ് പ്രൊഫസർ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ചെയ്യുന്നത്. അതായത് കള്ളനെ പിടിച്ചെടുത്ത് പരിഷ്കരിക്കുകയാണയാൾ. കള്ളനോ അത്തരമൊരു ശാസ്ത്രം ഒരിയ്ക്കലും ആവശ്യമായി തോന്നിയിട്ടേ ഉണ്ടായിരുന്നില്ല. ചോരശാസ്ത്രം പഠിച്ച് അതിലെ നോട്ടംകൊണ്ട് പൂട്ടുതുറക്കുന്ന വിദ്യസ്വായത്തമാക്കുന്ന നിമിഷത്തിൽ ആദ്യം അയാളുടെ മനസ്സിലേക്കെത്തുന്ന ചിന്തകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. ചുരിദാറിട്ട് പ്രലോഭിപ്പിച്ചു കൊണ്ട് എന്നും മുന്നിലൂടെ പോകാറുണ്ടായിരുന്ന പെൺകുട്ടിയുടെ ഉറക്കറയിലേക്ക് കയറാനുള്ള പ്രേരണയാണ് അയാളിൽ ആദ്യമുണ്ടായത്. ശാസ്ത്രിനഗറിലെ പൊണ്ണൻ തങ്കസ്വാമി എന്ന മുൻ മുതലാളിയായ പട്ടരുടെ ഉറക്കറയിൽ കയറി, അയാളെ തൊഴിച്ചുണർത്താനുള്ള ആഗ്രഹമാണ് അയാളിൽ രണ്ടാമതായി തെളിഞ്ഞത്. എന്നു തന്നെയല്ല, ചോരശാസ്ത്രത്തിന് പകരം പ്രൊഫസർ കാമശാസ്ത്രം കണ്ടെടുത്ത് തന്നെ പരിശീലിപ്പിച്ചിരുന്നെങ്കിൽ എന്നും കള്ളൻ ചിന്തിക്കുന്നുണ്ട്. അങ്ങനെയായിരുന്നെങ്കിലും ഫലശ്രുതി മറ്റൊന്നാകുമായിരുന്നില്ല എന്ന് നോവലിലെ സോഫിയമരിയ 'എപ്പിസോഡ്' വ്യക്തമാക്കുന്നുമുണ്ട്. ചോരസിദ്ധികൾ കൊണ്ട് കള്ളൻ മുതലാളിയാകുവാൻ ശ്രമിച്ചതുപോലെ, സോഫിയമരിയയുടെ ഉറക്കറയിലെ കാമുകൻ എന്ന പദവിയിൽ നിന്നും അവളെ സ്വകാര്യസ്വത്താക്കി വെക്കുന്ന ഭർത്തൃ യജമാനനായി മാറാനുള്ള ശ്രമമാണല്ലോ അവൾ കള്ളനെ പുറന്തള്ളുന്നതിന് കാരണമായിത്തീർന്നത്.

കള്ളനെ ശാക്തീകരിക്കാൻ വേണ്ടി പ്രൊഫസർ നടത്തുന്ന ശ്രമത്തെ അതിന്റെ ഉദ്ദേശ്യശുദ്ധിയെ മുൻനിർത്തി സംശയരഹിതമായി സമീപിച്ചുകൂടെ എന്ന് ചോദിക്കാവുന്ന താണ്. എന്തുകൊണ്ട് ശാക്തീകരണത്തിന് വേണ്ടി ചോരശാസ്ത്രം പോലെ ഒരു ഗൂഢ ശാസ്ത്രം എന്ന മറുചോദ്യമാണ് അതിനുള്ള ഉത്തരം. യഥാർത്ഥത്തിൽ 'ചോരശാസ്ത്ര' ത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് നോവലിൽ കാര്യമായ പരാമർശങ്ങളൊന്നുമില്ല. അതെന്താണെന്ന് പറയാതെ അതിനെക്കുറിച്ച് പറയുന്നതിൽ നിന്ന് അതെന്താണെന്ന് മനസ്സിലാക്കിക്കൊള്ളണമെന്നതാണ് ആഖ്യാനം ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട്. ശാസ്ത്രമെന്ന് പറയുന്നുണ്ടെങ്കിലും അഭിക്ഷമതയും അഭിപ്രേരണയുമുള്ള ഏത് പഠിതാവിനും പഠിച്ചെടുക്കാവുന്ന ഒന്നായിട്ടല്ല പ്രൊഫസറുടെ ചോരശാസ്ത്രം നിലനില്ക്കുന്നത്. സാധകന് മാത്രം വെളിപ്പെട്ട് കിട്ടുന്ന ഗൂഢജ്ഞാനമാണത്. പാരമ്പര്യ വും ജാത്യാലുള്ള മോഷണവാസനയും പരീക്ഷിച്ചറിഞ്ഞ് ഉറപ്പുവരുത്തിയ ശേഷമാണ് പ്രൊഫസർ കള്ളനെ ചോരശാസ്ത്ര സാധകനായി നിശ്ചയിക്കുന്നത് എന്നത് ശ്രദ്ധേയ മാണ്. ജാതിബദ്ധമായ പഴയകുലത്തൊഴിൽ സങ്കല്പവുമായിട്ടാണ് ഈ 'അപൂർവ ജ്ഞാനശാഖ' ബന്ധിതമായിരിക്കുന്നതെന്ന് ചുരുക്കം.

ചോരശാസ്ത്രം സംസ്കൃതത്തിൽ എഴുതപ്പെട്ട ഒരു താളിയോല ഗ്രന്ഥമാണെന്ന സൂചന നോവലിലുണ്ട്. 'ഭാരതീയശാസ്ത്രമഞ്ജുഷ' യുടെ മാതൃകയിലുള്ള നിർമ്മിതിയാണ് ചോരശാസ്ത്രമെന്ന് നോവലിസ്റ്റിന്റെ ആമുഖസ്മരണയിലും കാണാം (സ്മരണ, ചോരശാസ്ത്രം പു.8). നാട്ടുകള്ളന്മാരായിരുന്ന ഇക്കണ്ടക്കുറുപ്പിനും അയാളുടെ കോളനിയനന്തരഘട്ടത്തിലെ പിൻഗാമിയായ ചോരശാസ്ത്രത്തിലെ കള്ളനുമൊക്കെ മേല്പ്പറഞ്ഞ ഭാരതീയസംസ്കൃതശാസ്ത്രപാരമ്പര്യവുമായി എന്ത് ബന്ധമാണുള്ളത്? ഏതെങ്കിലുമർത്ഥത്തിൽ ഇത് അവരുടെ പ്രാദേശിക/സ്വത്വ/ജ്ഞാന/സംസ്കൃതിയുടെ

വീണ്ടെടുപ്പായിത്തീരുന്നുണ്ടോ? യഥാർത്ഥത്തിൽ അവരുടേതെന്ന് തെറ്റിദ്ധരിപ്പിച്ച്, മറ്റൊന്ന് അടിച്ചേല്പിക്കുന്ന പുതിയൊരു തന്ത്രം തന്നെയല്ലേ ഇത്? പൗരാണികതയോട് പ്രൊഫസർ വെച്ചുപുലർത്തുന്ന അഭിവാഞ്ഛ നിഷ്കളങ്കമല്ലെന്ന് വ്യക്തമാകുകയാണിവിടെ. അതായത് വളരെ ബോധപൂർവ്വമായൊരു പകരംവെയ്ക്കൽ തന്നെയാണ് പ്രൊഫസറുടെ കാർമ്മികത്വത്തിൽ നടക്കുന്നത്.

കോളനിയനന്തരഘട്ടത്തിൽ പ്രാദേശിക/സ്വത്വ/സംസ്കൃതികളിലേക്ക് സ്വാഭാവികമായി തിരിയുന്ന/ തിരിയേണ്ടുന്ന അന്വേഷണങ്ങളെ വഴിതെറ്റിച്ചുകൊണ്ട്, ഏകീകൃതമെന്ന് തോന്നിപ്പിക്കുമെങ്കിലും തീർത്തും വ്യാജവും കൃത്രിമവുമായ സ്വത്വലോകങ്ങളിലേയ്ക്ക് നയിക്കുക എന്ന കൃത്യമായ രാഷ്ട്രീയ അജൻഡയാണ് പ്രൊഫസറിലൂടെ പ്രവർത്തിക്കുന്നത്. ചരിത്രത്തെ പഴന്തുണിപോലെ ഉപേക്ഷിച്ച്, ഈ പ്രൊഫസർ നടന്നുകേറുന്ന പൗരാണിക/സംസ്കൃത/ശാസ്ത്രലോകങ്ങൾ, ചരിത്രനിരപേക്ഷതയിലൂന്നുന്നതും വ്യാജ ആത്മീയതയുടെ മേലാവരണങ്ങൾ അണിഞ്ഞതുമായ ചില രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ തന്നെയാണ്. നോവലിന്റെ പ്രമേയതലത്തിൽ യഥാക്രമം പ്രൊഫസർ/ ഗുരു/യോഗി എന്ന നിലയിലുള്ള പ്രൊഫസറുടെ കർത്തൃത്വപരിണാമങ്ങൾ യാദൃച്ഛികമല്ല എന്നു ചുരുക്കം.

ഇതിനെ സാധൂകരിക്കുന്ന മറ്റൊരു കാര്യം ചോരശാസ്ത്രം പ്രൊഫസറുടെ ഒരൊറ്റപ്പെട്ട കണ്ടെത്തലല്ല എന്നതാണ്. പുരാണ വൈമാനികശാസ്ത്രം, ഭരദ്വാജ മഹർഷിയുടെ യന്ത്രസർവ്വസ്വം, ഭോജരാജന്റെ സമരാംഗണസൂത്രം തുടങ്ങിയവയൊക്കെ പ്രൊഫസറുടെ അന്വേഷണ പരിധിയിലുണ്ട്. പക്ഷെ ഇവയൊക്കെ പ്രയോഗപഥത്തിലെത്തിക്കുന്നതിനുള്ള സാധകനെ കിട്ടുന്നതിലുള്ള പ്രയാസമാണ് പ്രൊഫസറെ തടഞ്ഞു നിർത്തുന്നത്. കെണിവെച്ചുപിടിക്കാനും അധീനതയിൽ നിർത്താനും എളുപ്പമാണെന്നതാണ് കള്ളനിലേക്കും ചോരശാസ്ത്രത്തിലേക്കും തിരിയാൻ പ്രൊഫസറെ പ്രേരിപ്പിക്കുന്നത്. അതായത് പ്രൊഫസർ അവകാശപ്പെടുന്നത് പോലെ കള്ളന്റെ ശാക്തീകരണമല്ല, മറിച്ച് ഭാരതീയശാസ്ത്രങ്ങളുടെ ഉദ്ഗ്രഥനമാണ് അയാൾ 'ചുമക്കുന്ന അധികഭാരം' എന്ന് വ്യക്തം. പ്രൊഫസർ കള്ളനു നൽകുന്ന 'ശാക്തീകരണങ്ങൾ' ഒന്ന് ശ്രദ്ധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും. ചില ഉദാഹരണങ്ങൾ നോക്കുക.

“പാശ്ചാത്യരുടെ ഉച്ഛിഷ്ടം മാത്രം അറിവുകളായി കൈപ്പറ്റുന്ന വിധേയന്മാരായിപ്പോയി നാം. ഇംഗ്ലീഷ് അറിയുന്നവന്റെ ജ്ഞാനത്തിന് മാത്രമേ നിലയും വിലയുമുള്ളൂ എന്ന അടിമ മനോഭാവം. 'കള്ളാ, നീയെത്ര വരെ പഠിച്ചു?” “മൂന്നുവരെ” “അപ്പോ തീർച്ചയായും നീയൊരു ശാസ്ത്രരഹസ്യം പഠിച്ചിട്ടുണ്ടാവും. നമ്മുടെയീ ഭൂമി ഉരുണ്ടതാണെന്ന് കണ്ടുപിടിച്ചത് സ്പെയിനിലെ മാഗല്ലെൻ സായ്പാണെന്ന്. നാനൂറ്റിയൻപത് കൊല്ലം മുൻപ്, ഒരേ ദിക്കിലേക്ക് മൂന്നുവർഷം കപ്പൽ യാത്ര ചെയ്ത സായ്വ് ഒടുവിൽ പുറപ്പെട്ടിടത്തു തന്നെ എത്തിച്ചേരുകയും അതുവഴി ഭൂമിയുടെ ഗോളാകൃതി തെളിയിക്കുകയും ചെയ്തുവത്രേ! അങ്ങനെ മാഗല്ലെൻ സായ്വിന്റെ തിരുനാമം നമ്മൾ മൂന്നാം ക്ലാസ്സ്കാരന് കാണാപാഠം പഠിക്കാൻ കൊടുത്തു. പക്ഷേ കുട്ടികളോട് ആര്യഭടനെക്കുറിച്ച് എന്തെങ്കിലും നമ്മൾ പറഞ്ഞുകൊടുത്തുവോ? മാഗെല്ലൻ ജനിക്കുന്നതിനും പത്തുനൂറ്റാണ്ട് മുൻപ്

'ആര്യഭടീയം' എന്ന കൃതിയിൽ ഭൂമിയുടെ ഗോളാകൃതിയെക്കുറിച്ച് സുന്ദരമായി വർണ്ണിച്ചിരിക്കുന്നത് പടിഞ്ഞാറുനോക്കികളായ നാം കാണാതെ പോയതും നമ്മുടെ പൈതങ്ങളെ പഠിപ്പിക്കാഞ്ഞതുമെന്താണ്?" അതെന്തുകൊണ്ടാണെന്ന് കള്ളനറിവില്ല. എന്തുതന്നെയായാലും കടുത്ത അനീതിയായിപ്പോയി" (ചോരശാസ്ത്രം, പുറം.52)

"ഭോജരാജന്റെ സമരാംഗണസൂത്രവും, ഭരദ്വാജന്റെ യന്ത്രസർവ്വസ്വയന്ത്രവും നമ്മുടെ കുഞ്ഞുങ്ങൾ കേൾക്കുന്നതു തന്നെയില്ല. അവയിൽ വിവരിക്കുന്ന വൈമാനിക പ്രകരണത്തെക്കുറിച്ച് അടുത്തറിയാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടോ? മനുഷ്യർ കേവലം പ്രാകൃതരാണെന്ന് സങ്കല്പിക്കപ്പെടുന്നതായ അക്കാലത്ത് ഇത്രമേൽ ഗഹനമായ വിഷയം ആഴത്തിൽ കൈകാര്യം ചെയ്ത പ്രതിഭ ആരുടേതാണ് കള്ളാ? നിനക്കറിയാമോ ലോഹകവചങ്ങൾ വിവിധതരം വിമാനങ്ങൾ നിർമ്മിക്കുന്ന വിദ്യ അന്ന് നിലവിലുണ്ടായിരുന്നതായി ആ കൃതികൾ സാക്ഷ്യപ്പെടുത്തുന്നു". (ചോരശാസ്ത്രം, പുറം.53)

ഇങ്ങനെ ഒറ്റനോട്ടത്തിൽ ശരി എന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള വാദമുഖങ്ങളിലൂടെ പൗരസ്ത്യമായ ഒരു സുവർണ്ണഭൂതകാലത്തെ നിർമ്മിച്ചെടുക്കുകയും ആ സമൃദ്ധമായ പാരമ്പര്യത്തിലെ കണ്ണിയാണ് താൻ എന്ന സ്വത്വബോധം കള്ളനിൽ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്ന ശാക്തീകരണതന്ത്രമാണ് പ്രൊഫസറുടേത്. പാരഡിയുടെ രസതന്ത്രമാണ് നോവലിസ്റ്റ് ഇവിടെ പ്രയോഗിക്കുന്നതെന്ന് വ്യക്തമാണ്. ഈ വാദങ്ങളുടെ നിജസ്ഥിതി എന്തെന്നറിയാൻ ഇതിലെ അവസാനവാദത്തോടുള്ള ഒരു ഭൗതികശാസ്ത്രജ്ഞന്റെ പ്രതികരണം ഇവിടെ ചേർക്കുന്നു.

"പുരാതന ഇന്ത്യൻ വൈമാനിക ശാസ്ത്രത്തെക്കുറിച്ചുള്ള അവകാശവാദങ്ങളുടെ അവലംബം 1959ൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള 'ബൃഹദ് വിമാനശാസ്ത്രം' എന്ന പുസ്തകമാണ്. സപ്തർഷികളിൽ ഒരാളായ ഭരദ്വാജമുനിയാണ് ഇതിന്റെ കർത്താവ് എന്നാണ് അവകാശവാദം. 1974ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് സയൻസിലെ ഡോ.എച്ച്.എസ് മുകുന്ദയുടെ നേതൃത്വത്തിൽ, ഒരു സംഘം പ്രൊഫഷണൽ ശാസ്ത്രജ്ഞന്മാരും എയറോനോട്ടിക്കൽ എഞ്ചിനീയർമാരും ഈ ഗ്രന്ഥം വിശദ പരിശോധനയ്ക്ക് വിധേയമാക്കി. അർത്ഥശൂന്യമാണ് ഈ ഗ്രന്ഥത്തെ മുൻനിർത്തിയുള്ള അവകാശവാദങ്ങൾ എന്നാണ് അവരുടെ കണ്ടെത്തൽ. ഇതിൽ പറയുന്ന സാങ്കേതികവിദ്യകൾ ഭൗതിക ശാസ്ത്രത്തിന്റെ അടിസ്ഥാനനിയമങ്ങൾക്ക് തന്നെ വിരുദ്ധമാണ്. മാത്രമല്ല, ഈ ഗ്രന്ഥത്തിന്റെ പ്രാചീനതയെ സാധൂകരിക്കുന്ന യാതൊരു തെളിവും കണ്ടെത്താൻ സംഘത്തിന് കഴിഞ്ഞില്ല. എന്നാൽ ഈ ഗ്രന്ഥം 1904ൽ രചിക്കപ്പെട്ടതാവാമെന്നതിന് സൂചനകൾ കിട്ടുകയും ചെയ്തു. "സങ്കല്പവിമാനങ്ങൾ, പി.അജിത് (സയന്റിസ്റ്റ്, സെന്റർ ഫോർ തിയററ്റിക്കൽ സയൻസ്, ബാംഗ്ലൂർ) മാതൃഭൂമി ഓൺലൈൻ ദിനപത്രം, ജനുവരി 8, 2015).

യഥാർത്ഥത്തിൽ പ്രൊഫസറുടെ ഇത്തരം ഉദീരണങ്ങൾ ഇപ്പോൾ നവസാമൂഹ്യമാധ്യമങ്ങളുടെ പ്രധാന ആക്ഷേപഹാസ്യ വ്യവഹാരമായ "ട്രോളു"കളെയാണ് ഓർമ്മിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ ചോരശാസ്ത്രത്തെ മുഴുവനായിത്തന്നെ നിശിതസ്വഭാവമുള്ള ഒരു നെടുനീളൻ പൊളിറ്റിക്കൽ ട്രോളായി വായിക്കാവുന്നതുമാണ്.

ചോരശാസ്ത്രത്തിലെ വശ്യവും വിശകലനാത്മകവുമായൊരു ബിംബസാധ്യതയാണ് ദ്രാവിഡ രാജാവ് എന്ന സാക്ഷീകർത്തൃത്വം. നാണയത്തടവറയിലെന്നതു പോലെ ഇദ്ദേഹം പ്രൊഫസറുടെയും 'ബന്ദവസ്തി'ലായിരുന്നു. ഗുരുദക്ഷിണയായി ഗുരുനാഥന്റെ തന്നെ സ്വകാര്യസമ്പാദ്യം മോഷ്ടിച്ച് സമർപ്പിച്ച കള്ളന് സന്തോഷസൂചകമായി പ്രൊഫസർ നല്കുന്ന ക്ലാവുപിടിച്ച നാണയത്തിലെ, അറബിക്കഥയിലെ അത്ഭുതഭൂതത്തിന്റെ മട്ടുള്ള മുദ്രയായിരുന്നു, പ്രാചീന ദ്രാവിഡരാജാവ്. കള്ളന്റെ കൈയ്യിലേക്ക് വീഴുമ്പോൾ മനുഷ്യച്ചൂട് തട്ടി ഉണരുന്ന രാജാവ്, മഹാകള്ളരേഖ കണ്ട് തിരിച്ചറിഞ്ഞ് കള്ളനെ അഭിവാദനം ചെയ്യുന്നുണ്ട്.

"കള്ളനത് കേട്ടില്ല. കേൾക്കാൻ തക്കവണ്ണം അവന്റെ കാതുകൾ തുറന്നിരുന്നില്ല". (ചോരശാസ്ത്രം, പു.27)

പ്രൊഫസറുടെ വ്യാജശാസ്ത്രത്തിന്റെ ഈയം ഉരുക്കിയൊഴിക്കപ്പെട്ട ആ ചെവികൾ മറ്റെന്ത് കേൾക്കാനാണ്. പക്ഷെ ദ്രാവിഡരാജാവ് അന്ത്യനിമിഷം വരെ കള്ളനൊപ്പമുണ്ടായിരുന്നു. അവൻ കേട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഏകാന്തഭാഷണങ്ങൾ ആഖ്യാനത്തിൽ നിറയുന്നുണ്ട്. 'ടോസിട്ട്' നോക്കി ഭാഗ്യം പരീക്ഷിക്കാനുള്ള നാണയമായി എളിയിൽ തിരുകിയതല്ലാതെ, കള്ളൻ ഒരിക്കലെങ്കിലും തന്റെ ആ യഥാർത്ഥ പൈതൃക പ്രതിനിധിയെ തിരിച്ചറിഞ്ഞതിന്റെ അടയാളങ്ങൾ നോവലിലില്ല.

ചെറുതെങ്കിലും അർത്ഥപൂർണ്ണമാണ് നോവലിലെ രാജാവിന്റെ ആഖ്യാന സാന്നിധ്യങ്ങൾ. കള്ളന്റെ എളിയിലെ വിയർപ്പിൽ കുതിരുന്ന ധർമ്മസങ്കടമായും, ഭസ്മം കൊണ്ട് ഫേഷ്യൽ ചെയ്യുന്ന ഗതികേടായും, മഴപെയ്യിക്കുന്ന പുണ്യമായും, റാണിമാരെയും അവരുടെ ജലക്രീഡാ സ്നാനാഗാരങ്ങളെയും പിരിഞ്ഞ വിരഹിയായും, സോഫിയമരിയ-കള്ളൻ മൈഥുന വേളകളിൽ അവർക്കടിയിൽ ഞെരിഞ്ഞമരുന്ന സഹനമായും അവസ്ഥാന്തരപ്പെടുന്ന ഈ ദ്രാവിഡരാജൻ കള്ളന്റെ അനുഭവങ്ങൾക്കും ആഖ്യാനത്തിനും സാക്ഷീകാരകമായി വർത്തിക്കുന്നു.

അവസാനം, സ്വർണ്ണത്തീയിൽ കള്ളൻ ദഹിക്കുമ്പോൾ സ്വതന്ത്രനായി പതിനാലാം നൂറ്റാണ്ടിലേക്ക് തിരിച്ചുപോകുന്ന ദ്രാവിഡരാജാവ് ഉത്തരമില്ലാതെ അവശേഷിപ്പിക്കുന്ന സമസ്യകൾ നിരവധിയാണ്. തന്റെ പൈതൃക സമ്പാദ്യങ്ങളുൾപ്പെടെ ഈ രാജാവ് പ്രൊഫസറുടെ തടവറയിലായതെങ്ങനെയാണ്? ആദ്യമോഷണത്തിൽ തന്നെ കള്ളനിലേക്ക് എത്തിച്ചേരുന്ന ദ്രാവിഡരാജാവിനെയും കള്ളനെയും തമ്മിൽ ബന്ധിപ്പിച്ചു നിർത്തുന്ന അദൃശ്യകണ്ണി ഏതാണ്? അന്ത്യഘട്ടംവരെ തന്റെ ദേഹത്തൊട്ടിക്കിടന്ന ദ്രാവിഡപൈതൃക സമ്പത്തിനെ കള്ളൻ ഒരിക്കലും തിരിച്ചറിയാൻ കഴിയാതെ പോയതെന്തുകൊണ്ടാണ്.

ആഖ്യാനത്തിലെ ഈ വായനാവിടവുകൾക്കുള്ള വ്യാഖ്യാനങ്ങൾ/ഉത്തരങ്ങൾ എന്തുമായിക്കൊള്ളട്ടെ; അവയെല്ലാം കേന്ദ്രീകരിക്കുന്നത് പ്രൊഫസറിലേക്ക് തന്നെയാകുന്നു. അതായത് നിഷ്കളങ്കനും, നിർമ്മമനുമായി ആഖ്യാനം മുന്നോട്ടുവെക്കുന്ന പ്രൊഫസറുടെ പ്രരൂപം പൂർണ്ണമായും സങ്കീർണ്ണമാകുന്നു. തൽസ്ഥാനത്ത് ഗൂഢമായ രാഷ്ട്രീയ അജൻഡകളോടെ വർത്തിക്കുന്ന അധികാരബിംബം തെളിയുകയും ചെയ്യുന്നു.

പ്രൊഫസറുടെ ഹിതോപദേശിയായ ഗുരു എന്ന പ്രച്ഛന്നവേഷം കള്ളനെ അവന്റെ ദ്രാവിഡപൈതൃകത്തിൽ നിന്നും വേർതിരിക്കാനുള്ളതായിരുന്നു എന്ന് വ്യക്തമാകുന്നു. വ്യാജപ്രത്യയശാസ്ത്രങ്ങളുടെ ഗ്യാസ്ചേംബറുകളിലേക്ക് വഴിനടത്താനുള്ളതായിരുന്നു എന്ന തിരിച്ചറിവ് ഉണ്ടാകുന്നു. ജാതി/സ്വത്വ/മത/വംശീയതാ സിദ്ധാന്തങ്ങൾ കൊണ്ട് വിഭജിക്കാനുള്ളതായിരുന്നു എന്ന് വെളിപ്പെടുന്നു. യഥാർത്ഥത്തിൽ സമർത്ഥനായ പ്രൊഫസർ കള്ളനെ കാമനയുടെ മോഹവലയിൽ കുരുക്കി **ലോഭം തെഴുപ്പിച്ചുകൊണ്ട്** ഒരേ സമയം കള്ളനും അവന്റെ പൈതൃകസംസ്കൃതിക്കും മേൽ പുത്തൻ അധിനിവേശ ത്തിന്റെ പുതിയ തടവറ തീർക്കുകയായിരുന്നു.

ഈയർത്ഥത്തിൽ സമീപിയ്ക്കുമ്പോൾ പോസ്റ്റ്കൊളോണിയൽ ഭാവുകത്വപരിസര ങ്ങളെ പ്രമേയവല്കരിക്കുന്നതിനൊപ്പം തന്നെ അതിസൂക്ഷ്മമായ രാഷ്ട്രീയപാഠം (political text) കൂടിയായി ചോരശാസ്ത്രം മാറുന്നുണ്ട്. ഈ നോവലിനു ശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയസാഹചര്യങ്ങളുടെ പരിണാമങ്ങൾ ശ്രദ്ധിയ്ക്കുമ്പോൾ ഈ നോവൽ അവതരിപ്പിച്ച രാഷ്ട്രീയ ഉപഹാസപാഠം (Political satire) പ്രവചനാത്മകം കൂടിയായിരുന്നു എന്നും പറയേണ്ടതുണ്ട്.

## സഹായകഗ്രന്ഥങ്ങൾ:

1. *ജെയിംസ് വി. ജെ, ചോരശാസ്ത്രം, ഡി.സി.ബുക്ക്സ്, കോഴിക്കോട് 2012*
2. *പവിത്രൻ. പി, കോളനിയനന്തരവാദം, കൈരളിബുക്ക്സ്, 2019*
3. *Rudyard Kipling, The Whiteman's burden, 1899. (Wikipedia)*
4. *അജിത് പി, സങ്കല്പവിമാനങ്ങൾ, മാതൃഭൂമി ഓൺലൈൻ ദിനപത്രം, ജനുവരി 8, 2015.*

# വക്രോക്തി: ധ്വനിപാരമ്പര്യത്തിന്റെ വിപരീതം

**ഡോ. ഷൂബ കെ. എസ്.**
അസോ. പ്രൊഫസർ, മലയാളവിഭാഗം, വിമൻസ്കോളേജ്, തിരുവനന്തപുരം.

**പ്രബന്ധസംഗ്രഹം**

വക്രോക്തിയുടെ വിഭാഗങ്ങൾ പുതിയ ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു. ധ്വനിസിദ്ധാന്തപാഠശാലയിൽ നിന്നും വക്രോക്തി സിദ്ധാന്തം എങ്ങനെ വ്യത്യസ്തമാകുന്നു എന്ന അന്വേഷണം.

***താക്കോൽവാക്കുകൾ:*** വക്രോക്തി, ധ്വനി, രമണൻ, യേശു, കൃഷ്ണൻ, വായന, അഭിധ, കുന്തകൻ

ഇന്ത്യൻ സൗന്ദര്യശാസ്ത്രത്തിലെ ഏറ്റവും മൗലികമായ സിദ്ധാന്തങ്ങളിൽ ഒന്നാണ് വക്രോക്തി. കാവ്യത്തെ ആത്മാവ്/ശരീരം എന്നിങ്ങനെ വിഭജിച്ചുകൊണ്ട് കാവ്യാർത്ഥത്തെ കാവ്യഭാഷയിൽ നിന്നും അകറ്റിനിർത്തുന്ന നിലപാടാണ് കാവ്യചിന്തയെ യാന്ത്രികമാക്കിയത്. എന്നാൽ വക്രോക്തികാരന്റെ നിലപാട് വ്യത്യസ്തമാണ്. അഭിനവ ഗുപ്തന്റെ സമകാലികനെന്ന് (പത്താംനൂറ്റാണ്ട്) കരുതപ്പെടുന്ന കുന്തകൻ ധ്വനിപാരമ്പര്യ ത്തിന്റെ വിപരീതമായിരുന്നു.

വക്രതയ്ക്ക് 'Beauty' എന്ന വാക്കാണ് 'വക്രോക്തിജീവിത'ത്തിന് ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കിയ ഡോ. കെ. കൃഷ്ണമൂർത്തി നൽകുന്നത്. കേവലമായ പ്രസ്താവനയിൽ നിന്നും വ്യത്യസ്തമായി കാവ്യത്തെ കാവ്യമാക്കുന്നത് വക്രോക്തിയാണെന്ന് ഭാമഹൻ. വക്രോക്തിയെക്കുറിച്ച് ഭാമഹനും ദണ്ഡിയും വാമനനും രുദ്രടനും പറയുന്നുണ്ടെങ്കിലും സിദ്ധാന്തം ആക്കിയത് കുന്തകനാണ് (വക്രോക്തിജീവിതം). അഗ്നിപുരാണത്തിൽ വക്രോക്തി ശബ്ദാലങ്കാരമാണ്. രുയ്യകൻ, വിദ്യാനാഥൻ, അപ്പയ്യാദീക്ഷിതർ എന്നിവർക്ക് അർത്ഥാലങ്കാരം. അഭിധയ്ക്ക് തടസ്സം കൽപ്പിച്ചു കൊണ്ട് സൃഷ്ടിക്കുന്ന വ്യംഗ്യാർത്ഥത്തി നും ധ്വനിക്കും എതിരായ നിലപാടാണ് വക്രോക്തികാരന്റേത്. വിചിത്രമായ അഭിധയാണ് വക്രോക്തി (വൈദഗ്ദ്ധ്യഭംഗീഭണിതി). വർണ്ണംമുതൽ പ്രബന്ധം വരെ സൃഷ്ടിക്കുന്ന വൈചിത്ര്യമാണ് കാവ്യം. ആറു വിഭാഗങ്ങളും അനേകം ഉൾപ്പിരിവുകളും ഉണ്ട്.

*'നന്നായിഓടക്കുഴലൂതുമായിരുന്നു*
*പതിനാറായിരത്തെട്ടിന്റെ ഇടയനായിരുന്നു*
*എന്നിട്ടും,*
*ഒരാട്ടിൻകുട്ടി കൈവിട്ടുപോയപ്പോൾ*
*തൂങ്ങിച്ചത്തു.*
*ലുബ്ബൻ!'* (രമണൻ, കെ.ജി. ശങ്കരപ്പിള്ള)

വക്രോക്തി സങ്കല്പപ്രകാരം ഈ കവിത താഴെപ്പറയും വിധം ആസ്വാദ്യജനകമാകുന്നു.

## 1. വവർണ്ണവിന്യാസവക്രത

ഒരു വർണ്ണം ആവർത്തിക്കുന്നതും രണ്ടോ അതിലധികമോ വർണ്ണം ആവർത്തിക്കുന്നതും (ങ്ക,ഞ്ച,ഞ്ജ,ന്ത,മ്പ എന്നിവയുടെ ആവർത്തനം, ത,ല,ന ഇവയുടെ ഇരട്ടിപ്പും ആവർത്തനവും, രേഫം ചേർന്ന വർണ്ണങ്ങളുടെ ആവർത്തനം) വർണ്ണവിന്യാസവക്രതയാണ്. ഇത്തരം വർണ്ണവിന്യാസങ്ങളിൽ നിന്നും ഉണ്ടാകുന്ന സൗന്ദര്യവും വൃത്തവും താളവും സൃഷ്ടിക്കുന്ന വൈചിത്ര്യവും ഇവിടെ വിഷയമാണ്.

രമണൻ എന്ന മനുഷ്യ കഥാപാത്രത്തെ 'ഓടക്കുഴലൂതുമായിരുന്നു', 'ഇടയനായിരുന്നു' എന്നിവയിലെ അവസാനവർണ്ണങ്ങളുടെ ആവർത്തനത്തിലൂടെ വളരെ സ്വാഭാവികമായി കൃഷ്ണൻ, യേശു എന്നീ ദൈവസങ്കല്പങ്ങളുമായി ബന്ധിപ്പിക്കുന്നു. ഇങ്ങനെയുള്ള ദൈവാവസ്ഥയ്ക്കുള്ളിലെ മൃഗീയദുരന്തനീതികൾ പുറത്തുകൊണ്ടുവരാൻ തുടർന്നു വരുന്ന 'ട്ട' കളുടെ പരുക്കൻ ആവർത്തനവും താളഭംഗവും സഹായിക്കുന്നു (എന്നിട്ടും, ആട്ടിൻകുട്ടി, കൈവിട്ടു). ദൈവികപ്രണയത്തിനുള്ളിലെ മൃഗീയമായ അവസ്ഥ ഒരു സാധാരണക്കാരനിൽ സൃഷ്ടിക്കുന്ന ദുരന്തം ഈ വർണ്ണങ്ങളുടെ വിന്ന്യാസത്തിലൂടെ സാധിക്കുന്നു.

## 2. പദപൂർവാർദ്ധവക്രത

പദത്തിന്റെ പ്രത്യയങ്ങൾ ഒഴിച്ചുള്ള ആദ്യഭാഗങ്ങളിൽ വരുത്തുന്ന വൈചിത്ര്യം. രൂഢി, പര്യായം, ഉപചാരം, വിശേഷണം, സംവൃതി, വൃത്തി, ലിംഗം ഇവയിൽ വരുത്തുന്ന വൈചിത്ര്യത്തിന്റെ അടിസ്ഥാനത്തിൽ എട്ട് വിഭാഗങ്ങൾ.

രൂഢാർത്ഥങ്ങളുടെ തിരസ്കാരം, ഔചിത്യം നിറഞ്ഞ പര്യായങ്ങൾ, ബിംബകൽപ്പനകൾ, സർഗാത്മകമായ വിശേഷണങ്ങളും സർവ്വനാമങ്ങളും ലിംഗപ്രയോഗങ്ങളും ഒക്കെകൊണ്ട് സൃഷ്ടിക്കുന്ന സൗന്ദര്യവും കാവ്യാർത്ഥ നിർമ്മാണവും.

'ഇടയൻ' എന്ന വാക്കിന് അർത്ഥങ്ങൾ പെരുകിവരുന്നു ആട്ടിടയൻ, രമണൻ, കൃഷ്ണൻ, യേശു എന്നിങ്ങനെ. ഓടക്കുഴലൂതുമായിരുന്നു, പതിനാറായിരത്തെട്ട് എന്നീ വിശേഷണങ്ങളാണ് ഈ അർത്ഥനിർമ്മിതിക്ക് പ്രേരകമാകുന്നത്. 'പതിനാറായിരത്തിയെട്ടി'ന് ആടുകൾ, സ്ത്രീകൾ, ജനങ്ങൾ, അധികസമ്പത്ത് എന്നീ അർത്ഥങ്ങൾ ഉണ്ടാകുന്നു. 'ചത്തു' എന്ന പര്യായം മരണത്തെ സാധാരണക്കാരന്റെതാക്കിത്തീർക്കുന്നു. ഒടുവിൽ ഇടയനു

വേണ്ടി പ്രയോഗിക്കുന്ന 'ലുബ്ധൻ' എന്ന വിശേഷണം പ്രണയത്തിനുള്ളിലെ സാമ്പത്തിക അധികാരതാൽപര്യങ്ങളെ പുറത്തുകൊണ്ടുവരുന്നു. പിശുക്കനായ സാധാരണക്കാരനെ നിർമ്മിക്കുന്നത് ധാരാളിയായ ദൈവമാണ്. ആത്മീയ സ്നേഹസങ്കല്പം പണം ഇല്ലാത്ത വന് മരണവും പണമുള്ളവന് ആഡംബരവുമാണ്. പിശുക്കനല്ലാത്ത നല്ലവനായ ദൈവം ജനതയാകുന്ന കുഞ്ഞാടുകൾ കൊല്ലപ്പെടുമ്പോൾ ആത്മഹത്യ ചെയ്യാത്ത ആളാണ്. 'ലുബ്ധൻ' എന്ന വിശേഷണപ്രയോഗത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത് അധികാരത്തെ ചോദ്യം ചെയ്യുന്ന ദുരന്തഹാസ്യമാണ്.

## 3. പദപരാർദ്ധവക്രത

പ്രത്യയങ്ങളിൽ വരുത്തുന്ന വൈചിത്ര്യം. കാലം, കാരകം, സാംഖ്യം, പുരുഷൻ, ഉപഗ്രഹം, പ്രത്യയം, നിപാതം ഇങ്ങനെ ആറു വിഭാഗങ്ങൾ. 'ഓടക്കുഴലൂതുമായിരുന്നു', 'ഇടയനായിരുന്നു', 'തൂങ്ങിച്ചത്തു' മൂന്നിലും ഭൂതകാല പ്രത്യയങ്ങളാണ്. 'ഇടയനായിരുന്നു' എന്നിടത്ത് കൃഷ്ണനെയും യേശുവിനെയും സംബന്ധിക്കുന്ന അമാനുഷിക ഭൂത കാലത്തെ കൊണ്ടുവന്ന് 'ഓടക്കുഴലൂതുമായിരുന്നു' എന്നതുമായി ബന്ധിപ്പിച്ച് രണ്ടിനെ യും മാനുഷികഭൂതകാലമാക്കുന്നു. 'തൂങ്ങിച്ചത്തു'വിൽ എത്തുമ്പോൾ സമീപഭൂതകാലമായി പരിവർത്തിക്കപ്പെടുന്നു. ഇങ്ങനെ മിത്തിക്കലായ കാലബോധത്തെ മാനുഷിക ദൈനംദിന കാലബോധമാക്കി മാറ്റുന്നു. ഈ അപമിത്തീകരണത്തിലൂടെ ദൈവിക പ്രണയ അധികാര സങ്കല്പങ്ങളുടെ ദുരന്തം വെളിപ്പെടുത്തുന്നു.

## 4. വാക്യവക്രത

കവിതയെ കവിതയാക്കുന്ന, അനുഭവമാക്കുന്നവയെല്ലാം വാക്യവക്രതയിൽ പെടും. ഒരു ചിത്രത്തിൽ വർണ്ണങ്ങളുടെ ശോഭയിൽ നിന്നും വ്യത്യസ്തമായ രമണീയത നൽകാൻ ചിത്രകാരൻ ചെയ്യുന്നതെല്ലാം ഇതിൽ വരും. കവിസ്വഭാവം അനുസരിച്ച് ആയിരത്തോളം മുഖങ്ങൾ ഇതിനുണ്ട്. അർത്ഥാലങ്കാരങ്ങൾ എല്ലാം ഇതിൽ പെടും. അലങ്കാരം വാച്യ പ്രധാനവും കാവ്യാർത്ഥം വ്യംഗ്യപ്രധാനവും എന്ന സങ്കൽപ്പമല്ല (ആനന്ദവർദ്ധനന്റെയും മറ്റും) കുന്തകന്റേത്. കാവ്യശരീരം/കാവ്യാത്മാവ് എന്ന വിഭജനം ഇവിടെയില്ല. ശരീരപക്ഷ ത്തേക്ക് ചുരുക്കിയ ആശയങ്ങളെയും (ഉദാത്തം, സഹോക്തി തുടങ്ങിയ അലങ്കാരങ്ങൾ) അനുഭവങ്ങളെയും (രസവദ്, പ്രേയസ്, സമാസോക്തി തുടങ്ങിയ അലങ്കാരങ്ങൾ) അദ്ദേഹം നിരസിച്ചു. 'നന്നായി ഓടക്കുഴലൂതുമായിരുന്നു' 'പതിനാറായിരത്തെട്ടിന്റെ ഇടയനായിരുന്നു' എന്നിവ ബിംബ പ്രതിബിംബ ഭാവത്തിലാണ് (ദൃഷ്ടാന്തം എന്ന അലങ്കാരം) അവതരിപ്പിച്ചിരിക്കുന്നത്. ഈ ആഖ്യാനരീതിയാണ് കലയ്ക്കും പ്രണയ ത്തിനും അധികാരവും പണവും ആയുള്ള ബന്ധം പുറത്തുകൊണ്ട് വരുന്നത്. 'പതിനാറായിരത്തെട്ടിന്റെ ഇടയനായിരുന്നു എന്നിട്ടും തൂങ്ങിച്ചത്തു' എന്നത് ബിംബ പ്രതിബിംബ ഭാവാവതരണം മുഖേന, 'നന്നായി' ഓടക്കുഴലൂതുമായിരുന്നു. എന്നിട്ടും ഒരു ആട്ടിൻകുട്ടി കൈവിട്ടു പോയപ്പോൾ തൂങ്ങിച്ചത്തു എന്ന് വായിക്കാനാകുന്നു. അതായത് നന്നായി ഓടക്കുഴലൂതുക എന്നത് പതിനാറായിരത്തെട്ടിന്റെ ധാരാളിത്തവും

ധനികതയും ആണ് എന്നു വരുന്നു. ഓടക്കുഴലും പ്രണയഗാനവും കലയും 'നന്നാവു' മ്പോൾ എങ്ങനെ സ്ത്രീവിരുദ്ധവും ജനവിരുദ്ധവും അധീശാനുഭവവും ആകുന്നു എന്നാണ് ഈ ആഖ്യാനരീതി വെളിപ്പെടുത്തുന്നത്. കലാകാരൻ ഗാനഗന്ധർവ്വനും പ്രണയ കൃഷ്ണനും ദൈവവുമായി നിർവചിക്കപ്പെടുമ്പോഴും ഇങ്ങനെ മനുഷ്യനിരാസത്തിലേക്ക് പോകുന്നു എന്നതും ഇവിടെ വെളിപ്പെടുന്നുണ്ട്.

## 5. പ്രകരണവക്രത

വാക്യസമുദായമായ പ്രകരണത്തിൽ വരുത്തുന്ന വൈചിത്ര്യം.

(ഒന്ന്) പുരാണത്തിലെ മൂലകഥയിൽ സംഭവങ്ങളോ പുതിയ കഥയോ കൂട്ടിച്ചേർക്കുക

(രണ്ട്) പ്രധാനകഥയോട് മറ്റ് കഥകൾ, ആശയങ്ങൾ, സംഭവങ്ങൾ കൂട്ടിച്ചേർക്കുക

(മൂന്ന്) ചില പ്രകരണങ്ങൾ ആവർത്തിക്കുക.

(നാല്) നാടകത്തിനുള്ളിൽ നാടകം മുതലായ വൈചിത്ര്യത്തോടെ സാധിക്കുന്നത്.

ഇവയെല്ലാം പ്രകരണവക്രതയാണ്. നിഗൂഢമല്ലാത്ത, യഥാർത്ഥമായ ഒരു ആഖ്യാന രീതിയാണ് കുന്തകൻ ഇവിടെ ഉയർത്തിക്കൊണ്ടു വരുന്നത്. ഉത്തരാധുനികരുടെ അതി കഥാതന്ത്രങ്ങളെക്കാൾ സർഗാത്മകമാണത്. ചങ്ങമ്പുഴയുടെ 'രമണൻ' എന്ന കൃതിയാണ് ഇവിടെ പരാമർശിച്ച കവിതയിലെ മൂലരൂപം. അതിൽ കൃഷ്ണന്റെയും യേശുവിന്റെയും പുരാവൃത്തങ്ങൾ കൂട്ടിച്ചേർത്താണ് ആത്മഹത്യയുടെ സാമ്പത്തിക അധികാരതലങ്ങൾ കവി പുറത്തുകൊണ്ടു വരുന്നത്.

## 6. പ്രബന്ധവക്രത

വർണ്ണം മുതൽ പ്രബന്ധം വരെ വിലയിച്ച് നിൽക്കുന്ന വക്രത. മൂലകഥയുടെ രസത്തിൽ നിന്നും വ്യത്യസ്തമായ രസം നിർമ്മിക്കുക, മറ്റ് കാര്യങ്ങൾ വിവരിക്കുമ്പോഴും മുഖ്യകഥ യിലേക്ക് മടങ്ങിവന്നു പരിണാമഗുപ്തിയിലേക്ക് നീങ്ങുക (കഥയുടെ വളരുന്ന ക്രിയാംശ ത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്), മുൻകൂട്ടി നിശ്ചയിച്ച ഫലസിദ്ധിയിൽ അല്ലാതെ നായകപാത്രസൃഷ്ടി അവസാനിപ്പിക്കുക, സവിശേഷമായ ശീർഷകം നൽകുക എന്നിവ യൊക്കെ പ്രബന്ധത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതാണ്. 'രമണൻ' എന്ന ശീർഷക മാണ് ചങ്ങമ്പുഴക്കവിതയുടെ അനുഭവപരിസരത്തിന്റെ പുനർനിർമ്മിതിയായി കവിതയെ മാറ്റുന്നത്. കൃഷ്ണന്റെയും യേശുവിന്റെയും കഥാസൂചനകളിലേക്ക് കടക്കുമ്പോഴും തൂങ്ങിമരണം എന്ന പ്രമേയത്തിലേക്ക് മടങ്ങിവരുന്നു. 'ലുബ്ധൻ' എന്ന പരിണാമഗുപ്തി യോടെ കഥാനായകൻ, മുൻകൂട്ടി നിശ്ചയിക്കാത്ത ഒരു ഫലസിദ്ധിയിലേക്ക് എടുത്തെറിയ പ്പെടുന്നു. ഇത് മൂലകഥയിൽ നിന്നും വ്യത്യസ്തമായ ഒരു രസത്തിലേയ്ക്ക്, ഹാസ്യത്തി ലേയ്ക്ക് കൃതിയെ കൊണ്ടുപോകുന്നു. മനോഹരകാവ്യം പോലെ മരിച്ചു കിടക്കുന്ന മൂലകഥയിലെ രമണൻ, പിശുക്കനും തൂങ്ങിച്ചത്തവനുമായി മാറുന്നു. എന്നാൽ അതുവഴി ആത്മീയപ്രണയസങ്കൽപത്തിന്റെ ദുരന്തം വെളിപ്പെടുത്തുന്നു.

കവിത എങ്ങനെ നിർമ്മിക്കപ്പെടുന്നു എന്ന അന്വേഷണമാണ് കുന്തകൻ നടത്തുന്നത്. എന്നാൽ കവിത എങ്ങനെ വായനക്കാരനിൽ നിർമ്മിക്കപ്പെടുന്നു അഥവാ എങ്ങനെ വായിക്കപ്പെടുന്നു എന്നതിന്റെ ഉത്തരം കൂടിയാണത്. കൃതി ഒരു പുതിയ രസനിർമ്മിതിയാണ് എന്ന വീക്ഷണം വായന, പുനർവായനയും പുതിയ നിർമ്മിതിയുമാണ് എന്നും സ്ഥാപിക്കുന്നു. അഭിധയിൽ നിന്നും വ്യത്യസ്തമായ വ്യംഗ്യാർത്ഥമായി നിർവചിക്കപ്പെടുന്ന രസധ്വനിയിൽ പുനർവായന ഇല്ല എന്ന് മാരാർ പറയുന്നുണ്ട്. അഭിധയ്ക്ക് മുകളിലുള്ള അദൃശ്യ സാന്നിധ്യമല്ല, അഭിധയുടെ സർഗ്ഗനിർമ്മിതിയാണ് കാവ്യം എന്നിടത്ത് ജീവിതത്തിനും ലോകത്തിനും മുകളിലുള്ള ആത്മീയ അധികാരവ്യവസ്ഥയെ നിഷേധിക്കുകയാണ്. അതുകൊണ്ട് കുന്തകന്റെ കാവ്യപ്രയോജനം സാധാരണക്കാരന് കൂടുതൽ ഔചിത്യബോധം നൽകുന്നതാണ്; അല്ലാതെ ജീവിതമോക്ഷമല്ല. 'ജീവിതത്തിന്റെ അഭിധയെ, സ്ഥലകാലബന്ധിയായ യാഥാർത്ഥ്യത്തെ പിടിച്ചെടുക്കുന്ന പ്രക്രിയയാണ് കുന്തകൻ ചെയ്തത്' എന്ന് നിരീക്ഷിക്കപ്പെട്ടത് അതുകൊണ്ടാണ് (നൗഷാദ് എസ്., വക്രോക്തി സൗന്ദര്യദർശനം: ഒരു ഇടതുവായനാപദ്ധതി, പുറം 1).

ധ്വനി പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി വക്രോക്തി സിദ്ധാന്തം നൽകുന്ന സാധ്യതകൾ ഇവയൊക്കെയാണ്.

1. അക്ഷരങ്ങളുടെ ആവർത്തനവും വിച്ഛേദവും ശാബ്ദികമായ താളവും വർണ്ണ വിന്യാസ വക്രതയായി നിർവചിക്കുകയും വർണവിന്യാസവക്രത പ്രബന്ധവക്രതയെ നിർണയി ക്കുന്നു എന്നുപറയുകയും ചെയ്തിരിക്കുന്നതിനാൽ കാവ്യത്തിലെ ആശയവുമായും അനുഭവമായും നേരിട്ടു ബന്ധിപ്പിക്കാവുന്ന വൃത്തപഠനത്തിനുള്ള സാധ്യത തുറക്കുന്നു. ധ്വനി പാരമ്പര്യത്തിൽ ശബ്ദാലങ്കാരങ്ങൾ കാവ്യശരീരത്തിന്റെ ഭാഗമായതിനാൽ അതിൽ നിന്നും വ്യത്യസ്തമായി നിർവചിക്കുന്ന ആത്മാവിന്റെ പക്ഷത്തുള്ള രസധ്വനിക്ക് അതുമായി ബന്ധമില്ല.

2. അതുപോലെ വാക്യവക്രതയിൽപ്പെടുന്ന അർത്ഥാലങ്കാരങ്ങൾ കാവ്യാർത്ഥത്തെ നിർമ്മിക്കും എന്ന വീക്ഷണം കുന്തകന് ഉള്ളതുകൊണ്ട് അലങ്കാരങ്ങളെ വിശദീകരിച്ചു കൊണ്ട് കൃതിയിലെ ആശയ വൈരുദ്ധ്യങ്ങൾ കണ്ടെത്താൻ കഴിയുന്നു. സർഗാത്മകമായ അലങ്കാരപഠനത്തെ വക്രോക്തികാരൻ നിർദ്ദേശിക്കുന്നു.

3. നിലവിലുള്ള ആശയങ്ങളിൽ നിന്നും പുരാണകഥാഖണ്ഡങ്ങളിൽ നിന്നും പുതിയ അനുഭവങ്ങളും അർത്ഥതലങ്ങളും നിർമ്മിച്ചെടുക്കാനാവുന്നു എന്ന പ്രകരണ വക്രതാ നിലപാട് പുതിയ ആശയങ്ങളുടെ നിർമാണമാണ് കൃതിയും വിമർശനവും എന്ന സങ്കല്പം രൂപപ്പെടുത്തുന്നു.

4. വ്യത്യസ്തമായ രസം, വ്യത്യസ്തമായ ശീർഷകം എന്നിവ പ്രബന്ധവക്രതയുടെ ഭാഗമായി പറയുമ്പോൾ ഒരു കൃതി മൊത്തം സവിശേഷമായ അർത്ഥത്തെ വിനിമയം ചെയ്യണം എന്നു വരുന്നു. പുരാണകഥകളെയും മറ്റും വെറുതെ പകർത്തുന്നതല്ല കൃതി എന്ന നിലപാട് രൂപപ്പെടുന്നു. സവിശേഷവും ഏകാഗ്രവുമായ ക്രിയാംശം കൃതിക്ക് ഉണ്ടാവണം എന്നാണ് വക്രോക്തികാരന്റെ സങ്കല്പം.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

5. എന്നാൽ കേവല വൈകാരികത തീർക്കുന്ന ഏകാഗ്രതയല്ല കൃതിക്ക് വേണ്ടത്. വ്യത്യസ്തപ്രകരണങ്ങളും ആശയങ്ങളും കൂട്ടിച്ചേർത്ത് ഉണ്ടാക്കുന്ന വൈരുദ്ധ്യങ്ങൾ നിറഞ്ഞ ക്രിയാംശത്തിലാണ് വക്രോക്തികാരൻ ഊന്നുന്നത്.

ധ്വനി പാരമ്പര്യത്തിൽ നിലവിലുള്ള ആശയങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും വ്യത്യസ്തമായ നിർമ്മിതിയെ സംബന്ധിക്കുന്ന സാധ്യതകൾ ഇല്ല. അതുപോലെ വ്യത്യസ്ത ആശയങ്ങളും പ്രകരണങ്ങളും കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ട് നിർമ്മിക്കപ്പെടുന്നത് എന്ന അർത്ഥം കൃതിക്കില്ല. കഥാപാത്രങ്ങൾക്ക് സംഭവിക്കുന്ന വ്യതിയാനങ്ങളെക്കുറിച്ചുള്ള സൂചനയും ഇല്ല. കൃതിയെ ഒരു ഭാഷാവ്യവഹാരമായും ക്രിയാവ്യവസ്ഥയായും പുതിയ കർതൃത്വ നിർമ്മാണമായും വീക്ഷിക്കുന്ന ഒരു കാവ്യ പ്രസ്ഥാനമാണ് വക്രോക്തി.

ഭാഷ, അലങ്കാരം, കഥാസന്ദർഭങ്ങൾ, മൂലകഥാവിച്ഛേദങ്ങൾ, കഥാപാത്രപരിണാമങ്ങൾ ശീർഷകവൈചിത്ര്യം എന്നിങ്ങനെ കൃതിയെ സമഗ്രമായി വീക്ഷിക്കുന്ന സിദ്ധാന്തമാണ് വക്രോക്തി. ശരീരം/ആത്മാവ് എന്നിങ്ങനെ വിഭജിച്ച് കൃതിയെ യാന്ത്രികമാക്കുന്ന ധ്വനി പാരമ്പര്യത്തിന്റെ വിപരീതമാണ് വക്രോക്തിസിദ്ധാന്തം.

## ഗ്രന്ഥസൂചി:

**സംസ്കൃതം**

1. അഗ്നിപുരാണം, ചൗഖ്യം സംസ്കൃത സീരിയസ് ഓഫീസ്. വാരണാസി, 1966

**മലയാളം**

1. കുട്ടികൃഷ്ണമാരാർ, സാഹിത്യഭൂഷണം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1967
2. നൗഷാദ് എസ്., വക്രോക്തി സൗന്ദര്യദർശനം ഒരു ഇടതുവായനാ പദ്ധതി, മെലിൻഡ ബുക്സ്, തിരുവനന്തപുരം, 2003
3. രാജാനക കുന്തകൻ, വക്രോക്തിജീവിതം, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി (പരിഭാഷ), വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2009
4. ഷൂബ കെ. എസ്., രസധ്വനിസിദ്ധാന്തം ഉപേക്ഷിക്കുക, പാഠം ബുക്സ്, 2003

**English**

1. Kane.P.V., History of Sanskrit Poetics, Motilal Banarsidas, Delhi, 1961
2. Krishnamoorthy.K., VakrokthiJeevitha, Edited with Translation in English, Karnataka Universtiy, Dharward, 1977

# ദേശകാലങ്ങളുടെ സാംസ്കാരിക പാഠങ്ങൾ സ്റ്റാച്യു പി.ഒ. എന്ന നോവലിൽ

**ഡോ. കെ. റഹിം**
അസി. പ്രൊഫസർ, ഗവ. വിമൻസ്കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സമകാല മലയാള നോവലിന്റെ പരീക്ഷണാത്മകവും സവിശേഷവുമായ ആവിഷ്കാരമാണ് എസ് ആർ ലാലിന്റെ സ്റ്റാച്യു പി ഒ എന്ന നോവൽ. 1994 മുതൽ 2015 വരെ നീണ്ടുനിൽക്കുന്ന തിരുവനന്തപുരം നഗരത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തെയും അനുഭവത്തെയും ഭാവനാത്മക മായി ആവിഷ്കരിക്കുകയാണ് ഈ നോവലിൽ. 1990കളിൽ തിരുവനന്ത പുരത്ത് നിലനിന്നിരുന്ന സാഹിത്യസാംസ്കാരിക കൂട്ടായ്മകളുടെ പ്രധാന പ്പെട്ട ഇടമായിരുന്നു ലോഡ്ജുകൾ. ലോഡ്ജ് എന്ന പൊതുഇടത്തിൽ നിന്ന് ഫ്ളാറ്റ് എന്ന സ്വകാര്യ ഇടത്തിലേക്കുള്ള നഗരത്തിന്റെ പരിണാമമാണ് നോവ ലിൽ ആവിഷ്കൃതമാകുന്നത്. നഗരം വളരുകയും ആഗോളവൽക്കരണ ത്തിന്റെ കടന്നുവരവോടെ ജീവിതസങ്കല്പങ്ങളിലും സാംസ്കാരിക സമീപനങ്ങളിലും മാറ്റംവരുകയും ചെയ്യുന്നത് നോവലിൽ ക്രമാനുഗതമായി അവതരിപ്പിക്കുന്നുണ്ട്. ഒടുവിൽ സ്റ്റാച്യു ലോഡ്ജ് പൊളിച്ചുമാറ്റുകയും അവിടെ വലിയ ഫ്ളാറ്റ് പണിയുകയും ചെയ്യുമ്പോൾ ഒരു കാലത്തിന്റെ സാമൂഹികസാംസ്കാരിക സ്പന്ദനങ്ങളുടെ ചരിത്രം തന്നെ വിസ്മൃതിയിലാ വുകയാണ്. പുരോഗമനാത്മകവും ക്രിയാത്മകവുമായ ഒരു സാമൂഹിക പരിസരം സൃഷ്ടിക്കുന്നതിൽ അന്നത്തെ ലോഡ്ജുകളിൽ പൂത്തുലഞ്ഞ സാഹിത്യ സൗഹൃദക്കൂട്ടായ്മകൾക്കും ചർച്ചകൾക്കും കഴിഞ്ഞിരുന്നു. ഇന്ന് അത്തരം പൊതുഇടങ്ങൾ ഇല്ലാതാവുകയും മനുഷ്യൻ അവനവനിലേക്ക് ചുരുങ്ങുകയും ചെയ്യുന്ന കമ്പോളകാലത്തിൽ എത്തിനിൽക്കുകയാണ് എന്നും നോവലിസ്റ്റ് ധ്വനിപ്പിക്കുന്നു. ആഗോളവൽക്കരണവും അത് സൃഷ്ടിച്ച സാമൂഹികരാഷ്ട്രീയപരിണാമങ്ങളും കേരളത്തിന്റെ പൊതുബോധത്തിലും

ജീവിതവീക്ഷണത്തിലും വരുത്തിത്തീർക്കുന്ന മാറ്റത്തെ 'സ്റ്റാച്യു പി ഓ' എന്ന നോവൽ അടയാളപ്പെടുത്തുന്നു.

***താക്കോൽവാക്കുകൾ:*** സാംസ്കാരികപാഠം, സത്യാനന്തരകാലം, ശിഥിലരൂപങ്ങൾ

ചരിത്രബോധവും സാമൂഹികാനുഭവങ്ങളും ചേർന്ന് മനുഷ്യനിൽ രൂപപ്പെടുന്ന സവിശേഷമായ സാംസ്കാരികാനുഭവമാണ് സാഹിത്യമുൾപ്പെടെയുള്ള എല്ലാ കലാരൂപങ്ങളും പ്രദാനം ചെയ്യുന്നത്. കാലം മാറുന്നതിനനുസരിച്ച് കലാസങ്കല്പങ്ങളിൽ രൂപപരവും ആസ്വാദനപരവുമായ മാറ്റങ്ങളുമുണ്ടാകുന്നു. ആഗോളവല്ക്കരണത്തിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള നവലോകക്രമവും ജീവിത സങ്കല്പങ്ങളും നിലനിന്നിരുന്ന അഭിരുചികളെയും സൗന്ദര്യബോധത്തെയും തിരുത്തുകയും നവീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ദേശരാഷ്ട്രങ്ങൾക്കതീതമായി മനുഷ്യാനുഭവങ്ങളുടെ എല്ലാ അടരുകളെയും അധികാരം, രാഷ്ട്രീയം, സംസ്കാരം എന്നിവയുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതാണ് ഉത്തരാധുനികതയുടെ സംവേദനപരിസരം. ഉത്തരാധുനികതയുടെ ആഖ്യാനപരവും ആശയപരവുമായ വഴികളിലൂടെയാണ് സമകാല മലയാളനോവൽ സഞ്ചരിക്കുന്നത്. ആഖ്യാനത്തിലെ പുതുമകൊണ്ടും പ്രമേയപരമായ സവിശേഷത കൊണ്ടും ശില്പരമായ പരീക്ഷണാത്മകത കൊണ്ടും വ്യത്യസ്തമായ വായനാനുഭവം നല്കുന്ന നോവലാണ് എസ്. ആർ. ലാലിന്റെ 'സ്റ്റാച്യു പി.ഒ.'

കല, ശാസ്ത്രം, തത്ത്വചിന്ത, മതം, രാഷ്ട്രീയം, സാങ്കേതികവിദ്യ തുടങ്ങി മനുഷ്യ സംസ്കാരത്തിന്റെ വൈവിധ്യമാർന്ന മേഖലകളെ അടയാളപ്പെടുത്തുന്ന എല്ലാ ജ്ഞാനരൂപങ്ങളും മനുഷ്യനിൽ ഏല്പ്പിക്കുന്ന ആഘാതങ്ങളുടെ പ്രശ്നവല്ക്കരണമെന്ന നിലയിലേക്കു ഉത്തരാധുനിക നോവലുകളുടെ ആന്തരികഘടന മാറിയിട്ടുണ്ട്. ഏതുതരത്തിലുള്ള അധികാരരൂപങ്ങളും മനുഷ്യന്റെ ബുദ്ധിയേയും സ്വാതന്ത്ര്യത്തേയും നിഷ്ക്രിയമാക്കാനും അവനെ തങ്ങളുടെ വഴിയിലൂടെ നടത്തിക്കാനുമാണ് ശ്രമിക്കുന്നത്. ഇത്തരം ബലപ്രയോഗങ്ങൾക്കെതിരായ പ്രതിബോധം പുതിയ സൃഷ്ടികളിൽ പ്രവർത്തിക്കുന്നതായി കാണാം. സ്വതന്ത്രനായ മനുഷ്യൻ എന്ന നിലയിൽ ജീവിക്കാൻ വേണ്ടി കുടുംബം, സമൂഹം എന്നീ അധികാരരൂപങ്ങളോട് നിരന്തര സംഘർഷത്തിലേർപ്പെട്ട് പരാജയപ്പെടുന്ന ഒരു മനുഷ്യന്റെ അനന്യമായ സർഗ്ഗാത്മക ജീവിതത്തെ പ്രശ്നവൽക്കരിക്കുകയാണ് 'സ്റ്റാച്യു പി.ഒ.' എന്ന നോവൽ. ആഖ്യാതാവായ 'ഞാൻ' കഥാനായകനായ 'അയാൾ' എന്നീ രണ്ടുകഥാപാത്രങ്ങളെ കേന്ദ്രീകരിച്ച് വികസിക്കുന്ന ഇതിവൃത്തം തിരുവനന്തപുരം നഗരത്തിന്റെ ആയിരത്തിത്തൊള്ളായിരത്തിതൊണ്ണൂറുകൾ മുതലുള്ള സാംസ്കാരികചരിത്രം, ദേശകാലങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തിയുടെ ചരിത്രം എന്നീ തലങ്ങളിലൂടെയാണു മുന്നേറുന്നത്.

ആയിരത്തിത്തൊള്ളായിരത്തിതൊണ്ണൂറ്റിനാലിൽ ആരംഭിക്കുന്ന കഥ, ഏകദേശം രണ്ടായിരത്തി പതിനഞ്ചാമാണ്ടുവരെ നീണ്ടുനില്ക്കുന്ന കാലദൈർഘ്യമാണ് നോവലിൽ നിന്ന് മനസിലാക്കാൻ സാധിക്കുന്നത്. ചരിത്രം, അനുഭവം, ഭാവന എന്നിവ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വേർതിരിച്ചറിയാനാകാത്തവിധം നോവലിൽ പ്രത്യക്ഷമാകുന്നു. അനുഭവകഥാഖ്യാനത്തിലൂടെ ചരിത്രവും ഭാവനയും ചേർന്ന് ഭ്രമാത്മകമായ ഒരന്തരീക്ഷം സൃഷ്ടിക്കുകയാണ്. രേഖപ്പെടുത്തിവച്ച ഓർമ്മകളാണ് ചരിത്രം. ചരിത്രത്തിന്റെ ആകുലമായ ഓർമ്മകളെ വർത്തമാനത്തിലേക്കു പരാവർത്തനം ചെയ്യാനാണ് നോവലിസ്റ്റു ശ്രമിക്കുന്നത്. ചരിത്രത്തെ പാഠമായി കാണുന്ന എഴുത്തുകാരന്റെ ലക്ഷ്യം ഭൂതകാലത്തിന്റെ പുനസൃഷ്ടിയല്ല, മറിച്ച് അതിനെ വീണ്ടും സ്ഥാനപ്പെടുത്തി ഒരു പുതിയ യാഥാർത്ഥ്യം അവതരിപ്പിക്കലാണ്. ദേശകാലങ്ങളെ അടിസ്ഥാനമാക്കിയുള്ള സാംസ്കാരിക ചരിത്രത്തെ പുതിയകാലവുമായി ചേർത്തുവച്ച് മാറുന്ന ജീവിതസങ്കല്പത്തെക്കുറിച്ചുള്ള ചരിത്രപരമായ ഒരന്വേഷണം കൂടിയായി ഈ നോവൽ മാറുന്നു.

ആലപ്പുഴയിൽ നിന്നും തിരുവനന്തപുരം നഗരത്തിൽ ജേർണലിസം വിദ്യാർത്ഥിയായെത്തുന്ന ആഖ്യാതാവിന്റെ അനുഭവകഥാഖ്യാനം എന്ന നിലയിലാണ് നോവലിന്റെ ആവിഷ്കാരം. കുറഞ്ഞ ചെലവിൽ താമസിക്കുവാൻ കഴിയുന്ന സ്റ്റാച്യു ലോഡ്ജിൽ മുറിയെടുക്കുകയും തിരുവനന്തപുരം നഗരത്തോടുള്ള പ്രണയം ഹൃദയത്തിൽച്ചേർത്ത് ആഖ്യാതാവ് നഗരജീവിതത്തിന്റെ ഭാഗമായിത്തീരുന്നതുമാണ് കഥയുടെ മുഖസന്ധി. സ്റ്റാച്യു ലോഡ്ജിലെ 112-ാം നമ്പർ മുറിയിലെ താമസക്കാരനായ 'അയാളു'മായി ആഖ്യാതാവ് സൗഹൃദം സ്ഥാപിക്കുകയും അയാളുടെ സവിശേഷമായ വ്യക്തിത്വത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അയാളാണ് നോവലിലെ കേന്ദ്രകഥാപാത്രം. ആ കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ ആഖ്യാതാവിന് അയാളെക്കുറിച്ചുണ്ടായിരുന്ന ദുരൂഹതകളെല്ലാം നോവലിൽ അതേപടി ആവിഷ്കരിക്കുകയാണ്. ആഖ്യാതാവിന് അയാളെ നല്ല പരിചയമുണ്ട്; സുഹൃത്താണ്. എന്നാൽ അയാളെക്കുറിച്ച് ഒന്നുമറിയില്ല. എഴുത്തുകാരനാകാൻ ആഗ്രഹിക്കുന്ന ആഖ്യാതാവിന് അയാൾ ഒരു കഥാവിഷയമായിത്തീരുന്നു. അയാൾ എന്താണെന്ന അന്വേഷണവുമായാണ് അന്നത്തെ നഗരചരിത്രത്തിന് സമാന്തരമായി കഥ മുന്നോട്ടു പോകുന്നത്.

സമ്പത്തും ആഭിജാത്യവുമുള്ള ഒരു കുടുംബത്തിൽപ്പിറന്ന അയാൾ ബുദ്ധിശാലിയാണ്; നല്ല വിദ്യാഭ്യാസവുമുണ്ട്. എഴുത്തുകാരനും തത്ത്വചിന്തകനുമാണ്. പക്ഷേ, അയാളുടെ ജീവിതശൈലിയും ഇഷ്ടങ്ങളും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്. ബാങ്കിലെ ഉയർന്ന ഉദ്യോഗം ഉപേക്ഷിച്ചിട്ട് അലഞ്ഞുതിരിയുന്ന ജീവിതം. അയാൾക്ക് എല്ലാ വിഷയത്തെക്കുറിച്ചും വ്യക്തമായ ധാരണയും കാഴ്ചപ്പാടുമുണ്ട്. നഗരത്തിൽ വലിയ സൗഹൃദവലയമുള്ള അയാളുടെ ജീവിതമാകട്ടെ തികച്ചും വിഭിന്നമായ രീതിയിലായിരുന്നു. എത്ര വായിച്ചാലും ഉള്ളടക്കമെന്തെന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയാത്ത വിധം നിഗൂഢതയുടെ നിസർഗ്ഗസൗന്ദര്യം ഗുപ്തമാക്കി വച്ചിട്ടുള്ള ഒരു മഹത്തായ പുസ്തകമാണ് അയാൾ. മറ്റുള്ളവർക്ക് അരോചകമായി തോന്നുന്ന ജീവിതം നയിക്കുന്ന അയാളെ മനസിലാക്കാനുള്ള ശ്രമമാണ് ആഖ്യാതാവിന്റേത്. അയാളുടെ സർഗ്ഗാത്മകതയും വ്യതിരിക്തമായ സ്വഭാവവിശേഷങ്ങളും മനസിലാക്കാൻ ശ്രമിക്കുന്നതിനൊപ്പം അയാളെ കഥാപാത്രമാക്കി കഥ എഴുതാനുള്ള ശ്രമവും നടത്തുന്നുണ്ട്. കുടുംബവുമായും മറ്റുള്ളവരുമായും അകന്ന് സ്വതന്ത്രമായ ജീവിതം നയിക്കുന്ന അയാൾക്ക് ഭ്രാന്താണെന്നു കരുതി ബന്ധുക്കൾ

മനോരോഗാശുപത്രിയിലേക്ക് ബലം പ്രയോഗിച്ച് കൊണ്ടു പോവുകയാണ്. കുടുംബത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കാനായിരുന്നു അവരുടെ ശ്രമം. ആഖ്യാതാവിന്റെയും സുഹൃത്തുക്കളുടെയും ഇടപെടൽ നിമിത്തം ഭ്രാന്താശുപത്രിയിൽ നിന്ന് മോചിതനായ അയാൾ വീണ്ടും സ്റ്റാച്യു ലോഡ്ജിലെ 130-ാം നമ്പർ മുറിയിലേക്കു താമസത്തിനു വരികയാണ്. അയാളുടെ ജീവിതശൈലിയിലോ മനോഭാവത്തിലോ യാതൊരു മാറ്റവുമുണ്ടാകുന്നില്ല. തുടർച്ചയായി ഒരു മാസത്തോളം മനഃപൂർവ്വം ഭക്ഷണം ഉപേക്ഷിച്ച് അയാൾ മരണത്തെ സ്വയംവരിക്കുകയാണ്.

മനുഷ്യൻ സ്വതന്ത്രനായി ജനിക്കുകയും ബന്ധങ്ങളുടെ ചങ്ങലകളാൽ ബന്ധിതനായിത്തീരുകയുമാണ്(റൂസ്സോ). സ്വതന്ത്രനായിരിക്കുക എന്നതാണ് മനുഷ്യന്റെ പരമമായ ആഗ്രഹം. അത് സഫലമാകുന്നതാണ് ജീവിതത്തിന്റെ ആനന്ദകരമായ അവസ്ഥ. കുടുംബം, സമൂഹം എന്നീ അധികാരരൂപങ്ങൾ അയാളുടെ സ്വതന്ത്രജീവിതത്തെ തടയുന്നു. യഥാർത്ഥത്തിൽ അയാൾക്ക് ഭ്രാന്തുള്ളതായി യാതൊരു തെളിവുമില്ല. അയാളുടെ വ്യക്തിഗതമായ ഇഷ്ടങ്ങളാണ് അയാളുടെ ഭ്രാന്ത്. അത്തരം ഭ്രാന്തില്ലാത്ത ഒരു മനുഷ്യരുമില്ല. എന്നാൽ മനുഷ്യർ കൃത്രിമമായി സൃഷ്ടിച്ച പരിഷ്കൃതിയുടെ കാപട്യങ്ങളോട് താല്പര്യമില്ലാത്ത ഒരു സംസ്കാരമാണ് അയാളെ ഭരിക്കുന്നത്. നാഗരികത കൃത്രിമമാണെന്നും അത് പ്രകൃതിയെ നിഷേധിക്കുന്നുവെന്നും റൂസ്സോ ചൂണ്ടിക്കാണിക്കുന്നുണ്ട്. നാഗരികതയുടെ പരിഷ്കൃതിയോ കാപട്യങ്ങളോ ഇല്ലാത്ത, പ്രകൃതിയോടു ചേർന്നുനില്ക്കുന്ന ഒരു മനുഷ്യനാണ് അയാൾ. ആ മനുഷ്യന്റെ ജീവിതം പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാനാവുന്നില്ല എന്നതാണ് ഇവിടെ പ്രശ്നമായിത്തീരുന്നത്. സംസ്കാരമെന്നാൽ വരേണ്യവ്യവഹാരങ്ങളുടെ ലോകമാണെന്ന പൊതുബോധമാണ് ഇന്നും നിലനില്ക്കുന്നത്. 'ഒരാൾ എടുക്കുന്ന നിലപാടുകളാണ് അയാളുടെ ഡിഗ്നിറ്റിയെ നിശ്ചയിക്കുന്നത്. പൊതുസമൂഹം വേഷത്തിലും അയാൾ സഞ്ചരിക്കുന്ന വാഹനത്തിലും ജോലിയിലുമൊക്കെയാവും ഊന്നുക. അതിനെതിരെയുള്ള പ്രതിഷേധം അയാളിലുണ്ട്' (പുറം88) എന്ന് നോവലിൽ പറയുന്നുണ്ട്. മനുഷ്യന്റെ പെരുമാറ്റ രീതികളെയും അവയുടെ മൂല്യങ്ങളെയും ഉല്പാദിപ്പിക്കുന്ന ഈ പൊതുബോധത്തിനെതിരെയുള്ള പ്രതിരോധവും അതുമൂലമുണ്ടാകുന്ന ദുരന്തവുമാണ് അയാളുടെ ജീവിതം.

ഒരാൾ ജീവിച്ച് തീർക്കുന്ന ജീവിതം അയാളുടേത് മാത്രമായിരിക്കണം. അയാളുടെ സ്വന്തം ഇഷ്ടങ്ങളുടെ സാഫല്യമാണ് ആ ജീവിതത്തെ സൗന്ദര്യാത്മകമാക്കുന്നത്. കോട്ടും സ്യൂട്ടുമിട്ട് പരിഷ്കാരത്തിന്റെ മുഖഭാവങ്ങളുമായി ഒരുവൻ നടക്കുമ്പോൾ അവൻ അനുഭവിക്കുന്ന ആനന്ദം പോലെ തന്നെ, തനിക്കിഷ്ടപ്പെട്ട വേഷത്തിലും ശൈലിയിലും സ്വതന്ത്രനായി ജീവിക്കുമ്പോൾ കഥാനായകനും ആനന്ദമനുഭവിക്കുന്നുണ്ട്. പക്ഷേ, അയാളുടെ ഇഷ്ടത്തെ, ആനന്ദത്തെ പരിഷ്കൃതരെന്ന് സ്വയം കരുതുന്നവർക്ക് ഉൾക്കൊള്ളാനാകുന്നില്ല. അയാൾ നല്ലൊരു വായനക്കാരനും സഹൃദയനും പ്രശസ്തി ആഗ്രഹിക്കാത്ത എഴുത്തുകാരനും വിവർത്തകനുമായിരുന്നു. ആഖ്യാതാവ് വിദ്യാർത്ഥിയായിരിക്കുമ്പോൾ പ്രസിദ്ധീകരിച്ച കഥ വായിച്ച് അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് അയാൾ മാത്രമാണ്. മനഃശാസ്ത്ര മാസികയിൽ 'ലെവൽക്രോസ്'എന്ന

പംക്തി കൈകാര്യം ചെയ്തിരുന്ന അയാൾ ആഖ്യാതാവിനെ പല സന്ദർഭങ്ങളിലും സഹായിക്കുന്നുണ്ട്. തന്റെ മനസ്സിനെ മറ്റുള്ളവർക്ക് കാണാനാവാത്തവിധം ഇരുട്ടിൽ നിർത്തിയിട്ട് ശരീരം മാത്രം പുറത്തു കാണിച്ച ഒരു മനുഷ്യനാണയാൾ. ശരീരത്തിന്റെ ആകുലതകൾ അയാൾക്ക് ഒരു പ്രശ്നമേയല്ല. ഭക്ഷണം കഴിക്കാതെ കിടന്നുള്ള മരണത്തെ ക്കുറിച്ച് മുമ്പൊരിക്കൽ ചർച്ച ചെയ്തിരുന്ന അയാൾ ഒടുവിൽ ആ മാർഗ്ഗം സ്വയം തെരഞ്ഞെടുക്കുകയാണ്. എസ്. ആർ. ലാലിന്റെ തന്നെ 'ജീവചരിത്രം' എന്ന നോവലിലെ വാസുദേവൻ എന്ന കഥാപാത്രം ആത്മപീഡനപരമായി നടത്തുന്ന പ്രായോപവേശത്തിന്റെ മറ്റൊരു തലമാണ് ഈ നോവലിലെ നായകനിലും കാണാൻ കഴിയുന്നത്. സാമ്പത്തിക ഭദ്രതയുള്ള കുടുംബം, ഉയർന്ന ശമ്പളമുള്ള ജോലി, സാമൂഹിക പദവി എന്നിവയൊക്കെ അവഗണിച്ച് പരീക്ഷണാത്മകവും വ്യതിരിക്തവുമായ വഴികളിലൂടെ ജീവിതത്തിന്റെ അർത്ഥമന്വേഷിച്ച അയാൾ സത്യത്തിൽ ഗൗതമബുദ്ധന്റെ പകർപ്പാണ്. ബുദ്ധന്മാർക്ക് പ്രസക്തിയില്ലാതാവുന്ന പരിഷ്കൃതിയുടെയും ആസക്തിയുടെയും ലോകമാണ് പുതിയ കാലത്തേതെന്ന് അയാളുടെ ദുരന്തം കാണിച്ചു തരുന്നു.

ആയിരത്തിത്തൊള്ളായിരത്തിതൊണ്ണൂറുകളിലെ തിരുവനന്തപുരം നഗരത്തിന്റെ കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെയും എഴുത്തുകാരുടെയും ഒരു ഏകദേശ ചരിത്രം ഈ നോവലിൽ പ്രത്യക്ഷമാകുന്നുണ്ട്. എ. അയ്യപ്പൻ, എം. എം. ബഷീർ, കുരീപ്പുഴ ശ്രീകുമാർ, ജോൺ എബ്രഹാം, കടമ്മനിട്ട രാമകൃഷ്ണൻ, അയ്യപ്പപ്പണിക്കർ, എം. ഗംഗാധരൻ, ഡി. വിനയചന്ദ്രൻ, കെ. ജി. ശങ്കരപ്പിള്ള, എം.മുകുന്ദൻ, കെ. എൻ. ഷാജി തുടങ്ങി ആഖ്യാതാവിനോ നേരിട്ട് പരിചയമുള്ളവരും കണ്ടും കേട്ടും വായിച്ചറിഞ്ഞും പരിചയമുള്ളവരുമായ എഴുത്തുകാരെക്കുറിച്ചുള്ള പരാമർശങ്ങളും ആവിഷ്കാരങ്ങളും സാഹിത്യ സമ്പന്നമായ ഒരു ഭൂതകാലത്തെക്കുറിച്ചുള്ള ഹൃദ്യമായ ഓർമ്മകളായി നോവ ലിൽ നിറയുന്നു. അന്നത്തെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് ഇന്നത്തെ അവസ്ഥയിലേക്കുള്ള നഗരത്തിന്റെ മാറ്റത്തെക്കൂടി ഒടുവിൽ അവതരിപ്പിക്കുമ്പോൾ അത് രണ്ടുകാലങ്ങളുടെ താരതമ്യം കൂടിയായിത്തീരുന്നുണ്ട്. അക്കാലത്തെ ബുദ്ധിജീവി സംവാദങ്ങളുടെയും കലാസാഹിത്യസംഘങ്ങളുടെയും പശ്ചാത്തലം നഗരത്തിലെ ഇടത്തരം ലോഡ്ജുകളായിരുന്നു. ലോഡ്ജുകളെ കേന്ദ്രമാക്കി ഒരു സമാന്തരജീവിതം തന്നെയുണ്ടായിരുന്നുവെന്ന് കാണാം. സ്റ്റാച്യു ലോഡ്ജ്, കാർത്തിക, അശോക, ഖദീജമൻസിൽ, ട്രിവാൻഡ്രം ലോഡ്ജ്, സ്വാമീസ് ലോഡ്ജ് എന്നിങ്ങനെ ഇന്നുള്ളതും ഇല്ലാത്തതുമായ പല ലോഡ്ജുകളെക്കുറിച്ചും നോവലിൽ വിശദമായിപ്രതിപാദിക്കുന്നുണ്ട്. കേരളം അന്ന് കലാപരവും സാഹിതീയവുമായ ഒരുന്മാദത്തിന്റെ ലഹരിയിലായിരുന്നു. എഴുത്തുകാരനായിത്തീരുക എന്നത് വലിയ സ്വപ്നവും അഭിമാനവുമായി കരുതിയ കൂട്ടത്തിലുള്ളയാളാണ് ഈ നോവലിലെ ആഖ്യാതാവായ കഥാപാത്രം. മുന്നിലുള്ള വ്യത്യസ്തങ്ങളായ ജീവിതങ്ങളന്വേഷിച്ച് തുറന്നുവച്ച ക്യാമറ പോലുള്ള മനസ്സുമായി നടന്നിരുന്ന ആഖ്യാതാവിനെ സംബന്ധിച്ചിടത്തോളം 'അയാൾ' കഥയ്ക്കുള്ള വിഷയമായിത്തീരുകയാണ്.

ഉത്തരാധുനിക നോവലുകളിൽ കാണുന്ന ആഖ്യാനപരമായ സവിശേഷതകൾ ഈ നോവലിലുമുണ്ട്. ആഖ്യാതാവ് തന്നെ ഒരു പ്രധാന കഥാപാത്രമാണ്. ആഖ്യാതാവിന്റെ

ഓർമ്മകളും അനുഭവങ്ങളും വ്യക്തിഗതമായ പ്രശ്നങ്ങളും പ്രതിസന്ധികളും പ്രണയവും വരെ കടന്നുവരുന്നുണ്ട്. എഴുത്തുകാരനാവാൻ ആഗ്രഹിക്കുന്ന ആഖ്യാതാവിന്റെ തീവ്രമായ എഴുത്തനുഭവങ്ങളും വീർപ്പുമുട്ടലുകളും പരാജയഭീതിയുമൊക്കെ കഥയ്ക്കുള്ളിൽത്തന്നെ വിദഗ്ദ്ധമായി ഘടിപ്പിക്കുന്നു. പ്രധാന കഥ മുന്നോട്ടുപോകുമ്പോൾ അതിനുള്ളിൽ വ്യത്യസ്തമായ കഥകൾ സന്നിവേശിപ്പിക്കുന്ന മെറ്റാഫിക്ഷന്റെ സങ്കേതങ്ങൾ ഇവിടെ ദൃശ്യമാകുന്നുണ്ട്. ആഖ്യാതാവ് 'അയാളെ' കഥാപാത്രമാക്കിക്കൊണ്ട് കഥയും നോവലുമെഴുതുന്നത് ഈ നോവലിനുള്ളിൽ തന്നെയാണ്. കഥയിൽ ആവിഷ്കരിക്കുന്നതിനെക്കാൾ അവിശ്വസനീയതയും അമ്പരപ്പുളവാക്കുന്ന യഥാർത്ഥ ജീവിതങ്ങൾക്ക് നാം പലപ്പോഴും സാക്ഷിയാകാറുണ്ട്. ഇത്തരം അനുഭവങ്ങൾ അതേപടി കഥയിൽ ആവിഷ്കരിച്ചാൽ ചിലപ്പോൾ അത് കലാപരമായ പരാജയമായിത്തീർന്നേക്കാം. 'അയാളെ' ക്കുറിച്ചെഴുതിയ കഥ ആഖ്യാതാവ് പ്രസിദ്ധീകരണത്തിന് നല്കിയപ്പോൾ കഥയിലെ അയാളുടെ ജീവിതത്തെ യുക്തിസഹമായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പറഞ്ഞ് എഡിറ്റർ കഥ തിരിച്ച് നല്കുന്നുണ്ട്. നോവലിൽ കാണുന്നതിനെക്കാൾ സംഘർഷം സ്വയം അനുഭവിച്ച ഒരെഴുത്തുകാരനെ ആഖ്യാതാവിലൂടെ നമുക്ക് കാണാൻ കഴിയും.

നോവൽ എന്ന നിലയിൽ ഈ കൃതിയെ മികച്ച വായനാനുഭവമാക്കുന്നതിൽ മിന്നി മറഞ്ഞു പോകുന്ന മിഴിവാർന്ന ചില കഥാപാത്രങ്ങളും വലിയ പങ്കു വഹിക്കുന്നുണ്ട്. സ്റ്റാച്യു ലോഡ്ജിന്റെ നടത്തിപ്പുകാരനായിരുന്ന പിള്ളച്ചേട്ടൻ, സിനിമാക്കാരനാവാൻ ആഗ്രഹിച്ച് എങ്ങുമെത്താതെ പോകുന്ന സുമിത്രൻ അമ്പലപ്പുഴ, സ്റ്റാച്യു ലോഡ്ജിന്റെ ഉടമ പീറ്റർസാർ, അദ്ദേഹത്തിന്റെ മകൻ മൈക്കിൾ, കേന്ദ്രകഥാപാത്രമായ 'അയാളു'ടെ അച്ഛൻ, ആലപ്പുഴയിൽ നിന്നിറങ്ങിയ പൗരമിത്രം മാസികയുടെ നടത്തിപ്പുകാരനായിരുന്ന സുകുമാരൻ സാർ, കാർത്തികാ ലോഡ്ജിന്റെ താമസക്കാരനും ജലപ്പിശാചെന്ന് അന്തേവാസികൾ വിളിച്ചിരുന്നയാളുമായ ഡി.വൈ.എസ്.പി., ആഖ്യാതാവിനെ പ്രണയാതുരമായ അനുഭവങ്ങളിലേക്കും നഷ്ടപ്രണയത്തിന്റെ വേദനയിലേക്കുമെത്തിച്ച തമിഴ്നാടതിർത്തിയിലെ പെൺകുട്ടി, ആലപ്പുഴ ബസ്സ്റ്റാൻഡിൽ നിന്നാരാത്രിയിൽ പണം പിരിച്ചെടുത്ത് ആഖ്യാതാവിനെ അമ്പരപ്പിച്ച കവി അയ്യപ്പൻ, റിയൽ എസ്റ്റേറ്റു ബിസിനസിലൂടെ ധനികരായിത്തീർന്ന 'അയാളു'ടെ ചെറിയച്ഛന്റെ മക്കളായ രാജീവും വേണുവും തുടങ്ങി നിരവധി കഥാപാത്രങ്ങൾ നോവലിൽ പ്രത്യക്ഷമാകുന്നു.

ആഗോളവല്ക്കരണവും അത് സൃഷ്ടിച്ച സാമൂഹിക രാഷ്ട്രീയ പരിണാമങ്ങളും കേരളത്തിന്റെ പൊതുബോധത്തിലും ജീവിതവീക്ഷണത്തിലും വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. സ്റ്റാച്യു ലോഡ്ജെന്ന സാംസ്കാരിക പശ്ചാത്തലമുള്ള പൊതു ഇടത്തിൽ നിന്ന് ഫ്ളാറ്റെന്ന സ്വകാര്യഇടത്തിലേക്കുള്ള നഗരത്തിന്റെ പരിണാമമാണ് 'സ്റ്റാച്യു പി.ഒ.' എന്ന നോവൽ കാണിച്ചുതരുന്ന സാമൂഹികദർശനം. ഒടുവിൽ ലോഡ്ജ് പൊളിച്ച് ഫ്ളാറ്റ് നിർമ്മിക്കുകയാണ്. അന്നത്തെ ലോഡ്ജുകളും അവിടെ പൂത്തുലഞ്ഞ സാഹിത്യസൗഹൃദ കൂട്ടായ്മകളും ചർച്ചകളും കേരളത്തിൽ പുരോഗമനാത്മകവും ക്രിയാത്മകവുമായ ഒരു സാമൂഹിക പരിസരം സൃഷ്ടിക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അന്നുണ്ടായിരുന്ന കലാസാഹിത്യവേദികളും സാംസ്കാരിക കൂട്ടായ്മകളുമൊക്കെ മെല്ലെ മെല്ലെ

നിർജീവമായിത്തീർന്നു. ഇത് കാലത്തിന്റെ പരിണാമമാണ്. വർത്തമാനകാലത്തെ ഉൾക്കാമ്പില്ലാത്ത വിലയിരുത്തലുകളെയും തീർപ്പുകളെയുമൊക്കെ നോവലിന്റെ അവസാനഭാഗത്ത് അവതരിപ്പിക്കുന്നുണ്ട്. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളെക്കാൾ വൈകാരിക പ്രകടനങ്ങളും വ്യക്തിഗതമായ വിശ്വാസങ്ങളും പൊതുബോധത്തെ നിർണയിക്കുന്ന സത്യാനന്തര കാലത്തേയ്ക്കുള്ള മാറ്റമാണത്. സ്റ്റാച്യു ലോഡ്ജിന്റെ സ്ഥാനത്തുയർന്നു വന്ന ഫ്ളാറ്റിന്റെ സെക്യൂരിറ്റിയോട് 'ഇവിടല്ലേ, സ്റ്റാച്യു ലോഡ്ജ് ഉണ്ടായിരുന്നത്' എന്നു ചോദിക്കുന്ന ആഖ്യാതാവിനോട് 'ഇവിടോ, അല്ല സാറേ, ഞാനീ ഫ്ളാറ്റിന്റെ പണി തുടങ്ങുമ്പോഴേ ഉള്ളതാ. ഇവിടങ്ങനൊന്നില്ല.' എന്ന് അയാൾ തീർപ്പു കല്പിക്കുകയാണ്.

സമകാല മലയാളനോവലിന്റെ പുതിയൊരു മുഖമാണ് 'സ്റ്റാച്യുപി.ഒ.' എന്ന നോവൽ. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തെ തിരുവനന്തപുരത്തിന്റെ കലാസാംസ്കാരിക പരിണാമങ്ങളെ എഴുത്തനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന മികച്ച സൃഷ്ടിയാണിത്. ചിതറിക്കിടക്കുന്ന കുറേ സംഭവങ്ങളും അനുഭവങ്ങളും വിദഗ്ദ്ധമായി സന്നിവേശിപ്പിച്ച് ശില്പഭദ്രമായി ആവിഷ്ക്കരിച്ചിരിക്കുകയാണ്. ശിഥിലരൂപങ്ങളുടെ ഈ വിളക്കിച്ചേർക്കലിലൂടെ ഒരു ചരിത്രാനുഭവത്തിന്റെ പ്രതീതി സൃഷ്ടിക്കാൻ എസ്. ആർ. ലാലിനു കഴിഞ്ഞിട്ടുണ്ട്.

## ഗ്രന്ഥസൂചി:

1. *അനിൽ കെ എം (എഡിറ്റർ), സംസ്കാരനിർമ്മിതി, പ്രോഗ്രസ്ബുക്സ് 2017*
2. *മലയാളപഠനസംഘം, സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം 2011*
3. *ലാൽ എസ് ആർ, ജീവചരിത്രം, എൻബിഎസ് 2013*
4. *ലാൽ എസ് ആർ, സ്റ്റാച്യു പി ഒ, ഡിസിബുക്സ് 2018*

# ശാസ്ത്രകഥാപ്രസ്ഥാനം ഒരു ഓർമ്മപുതുക്കൽ

## ഫ്രഞ്ച് സാഹിത്യകാരനായ ജൂൾസ്വേണിന്റെ ലോകം ചുറ്റാൻ എൺപത് ദിനങ്ങൾ എന്ന ശാസ്ത്രനോവലിനെ ആസ്പദമാക്കിയുള്ള പഠനം

**ഡോ. ജേക്കബ് സാംസൺ**

നന്ദനം, പടിഞ്ഞാറ്റിൽ ലെയിൻ, മെഡിക്കൽ കോളേജ് പി. ഒ. തിരുവനന്തപുരം.

**പ്രബന്ധസംഗ്രഹം**

ശാസ്ത്രസത്യങ്ങൾ ജനങ്ങളിലെത്തിക്കാൻ ജീവിതം ഉഴിഞ്ഞുവച്ച പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് സാഹിത്യകാരനായ ജൂൾസ്വേൺ ശാസ്ത്രകഥാപ്രസ്ഥാനത്തിന്റെ പിതാവായാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ 'ലോകംചുറ്റാൻ 80 ദിനങ്ങൾ 'എന്ന നോവലാകട്ടെ ഏറ്റവുമധികം വായിക്കപ്പെടുന്ന ലോക ക്ളാസിക്കുകളിൽ ഒന്നാണ്. അന്ധവിശ്വാസങ്ങൾ അരങ്ങുവാഴുന്ന ഈ കാലഘട്ടത്തിൽ ഉത്തമ ലക്ഷ്യത്തോടെ രചിക്കപ്പെട്ട ഈ പുസ്തകത്തേയും ശാസ്ത്രകഥാപ്രസ്ഥാനത്തേയും കുറിച്ചുള്ള ഓർമ്മപുതുക്കുകയാണ്, ഇവിടെ സമയത്തിനെതിരേ നെട്ടോട്ടമോടുന്ന ഒരു മനുഷ്യന്റെ ഈ കഥയ്ക്ക് എന്നും പ്രസക്തിയുണ്ട്. വാസ്തവത്തിൽ സമയത്തിനെതിരേയുള്ള ഓട്ടമാണല്ലോ എല്ലാ മനുഷ്യരുടെയും ജീവിതം. ഒരു നോവലിൽ എന്തൊക്കെ വേണം? അവ എങ്ങനെ ഉൾക്കൊള്ളിക്കണം? എങ്ങനെ തുടങ്ങണം? എങ്ങനെ മുന്നോട്ടു പോകണം? എങ്ങനെ അവസാനിപ്പിക്കണം? വായനക്കാരന്റെ മനസിൽ എന്താണ് അവശേഷിപ്പിക്കേണ്ടത്? കാലവും ദേശവും മാറുമ്പോൾ ആസ്വാദനക്ഷമതയെ അത് എങ്ങനെ ബാധിക്കും? ഈ ദൃശമായ എല്ലാ സംശയങ്ങൾക്കും വ്യക്തമായ ഉത്തരം നല്കുന്ന ഈ കൃതിയുടെ പഠനം നോവൽ രചനയുടെ മർമ്മം അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴി കാട്ടിയാണ്.

***താക്കോൽ വാക്കുകൾ:*** സമയനിഷ്ഠ, സമചിത്തത, വിശ്വസ്തത

പതിനഞ്ചാം നൂറ്റാണ്ടിൽ ഇറ്റലിയിലും തുടർന്ന് പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലും ഫ്രാൻസിലുമാണ് ഒരു പുതിയ സാഹിത്യരൂപമായി നോവലുകൾ ആദ്യമായി പ്രസിദ്ധീകരി

---

ക്കപ്പെടുന്നത്. പുതുമയുള്ള ഈ സാഹിത്യരൂപം വളരെ വേഗം വായനക്കാരുടെ മനസ്സുകളിൽ ഇടംപിടിച്ചു. ഇന്നും സാഹിത്യത്തിൽ ഏറ്റവുമധികം വായനക്കാരുള്ളത് നോവലുകൾക്കാണ്.

വായനക്കാരുടെ മനസ്സു കീഴടക്കുന്ന ഏത് രചനയും സാഹിത്യമാവും എന്നു ചിന്തിച്ചവരും, സാഹിത്യത്തിൽ നിന്ന് സമൂഹത്തിന് ഗുണപരമായ മാറ്റമുണ്ടാകണമെന്ന് ശഠിച്ചവരും എല്ലാക്കാലത്തും ഉണ്ടായിരുന്നു. എന്നാൽ കലാപരമായി രചിക്കപ്പെട്ടതെല്ലാം അംഗീകരിക്കപ്പെട്ടു എന്നതാണ് വാസ്തവം. അന്ധവിശ്വാസത്തെ വായനക്കാരന്റെ ഉള്ളിൽ എത്തിച്ച 'ഡ്രാക്കുള'യും ശാസ്ത്രസത്യങ്ങൾ ജനമനസ്സുകളിൽ പതിപ്പിച്ച 'ലോകംചുറ്റാൻ എൺപത് ദിനങ്ങളും 'ഒരു പോലെ വായനക്കാർ അംഗീകരിച്ചു. ഇന്നും പുതിയ തലമുറയിലെ വായനക്കാരെ ഇവ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

ജനങ്ങളുടെ മനോഭാവം അനുസരിച്ചാണ് ഏതൊരു പ്രദേശത്തെയും സാഹിത്യം പുഷ്ടി പ്രാപിക്കുന്നത്. മാന്ത്രികനോവലുകളും ക്രൈംനോവലുകളും വിപണിയിൽ കരുത്താർജ്ജിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉത്തമലക്ഷ്യത്തോടെ സാഹിത്യ സപര്യ നിർവഹിച്ച പതിനെട്ടാംനൂറ്റാണ്ടിലെ മഹാനായ എഴുത്തുകാരന്റെ വിശ്വോത്തര മായ നോവൽ പഠനവിധേയമാക്കുന്നതിന് പ്രസക്തിയേറുന്നു.

ലോകക്ളാസിക്കുകളിൽ ഏറ്റവുമധികം വായിക്കപ്പെടുന്ന ഒരു നോവലാണ് 1872 ലെ കഥ പറയുന്ന ജൂൾസ്വേണിന്റെ 'ലോകംചുറ്റാൻ എൺപത്ദിനങ്ങൾ' (Around the World in Eigthy days) എന്ന ശാസ്ത്രനോവൽ.

ശാസ്ത്രകഥാപ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്ന ജൂൾസ്വേൺ 1828ൽ ഫ്രാൻസിലെ നാന്റ്സിൽ ഒരു അഭിഭാഷകന്റെ മകനായി ജനിച്ചു. 65 –ൽപരം ശാസ്ത്ര നോവലുകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്ക്', 'ആറാഴ്ച ഒരു ബലൂണിൽ', 'കടലിനടിയിൽ ഇരുപതിനായിരം കാതം', 'ഭൂമിയുടെ കേന്ദ്രത്തിലേക്ക് ഒരു യാത്ര', 'ലോകംചുറ്റാൻ 80 ദിനങ്ങൾ' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രഖ്യാതമായ നോവലുകൾ. മനുഷ്യൻ ചന്ദ്രനിലേക്ക് യാത്രചെയ്യുമെന്ന അദ്ദേഹത്തിന്റെ ഭാവനവർഷ ങ്ങൾക്ക് ശേഷം യാഥാർത്ഥ്യമാവുകയും ചെയ്തു. കാലത്തിനു മുൻപേ നടന്ന ഈ എഴുത്തുകാരന്റെ കൃതികൾ കാലഘട്ടങ്ങളെ അതീജീവിക്കുന്നതിൽ അതിശയിക്കാനില്ല. ഒരു നോവലിൽ എന്തൊക്കെ വേണം? അവ എങ്ങനെ ഉൾക്കൊള്ളിക്കണം? എങ്ങനെ തുടങ്ങണം? എങ്ങനെ മുന്നോട്ടു പോകണം? എങ്ങനെ അവസാനിപ്പിക്കണം? വായനക്കാരന്റെ മനസിൽ എന്താണ് അവശേഷിപ്പിക്കേണ്ടത്? കാലവും ദേശവും മാറു മ്പോൾ ആസ്വാദനക്ഷമതയെ അത് എങ്ങനെ ബാധിക്കും? ഈ ദൃശമായ എല്ലാ സംശയ ങ്ങൾക്കും വ്യക്തമായ ഉത്തരം നല്കുന്ന ഒരു ഉത്തമനോവലാണ് ജൂൾസ്വേണിന്റെ 'ലോകംചുറ്റാൻ എൺപത്ദിനങ്ങൾ (Around the world in 80 days) നോവൽ രചനയുടെ മർമ്മം അറിയാൻ ഈ നോവലിന്റെ ഘടന സൂക്ഷ്മമായി പഠിച്ചാൽ മതി.

ഏതൊരു സാഹിത്യകൃതിയ്ക്കും ആസ്വാദ്യത വർദ്ധിപ്പിക്കുന്നത് അതിന്റെ നാടകീയത യാണ്. വായനക്കാരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്ന സംഭ്രമജനകമായ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കഥാസന്ദർഭങ്ങളാണ് കഥയുടെ ജീവൻ. മുന്നോട്ടുള്ള വഴിയടഞ്ഞു പോകുന്ന സാഹചര്യങ്ങളും, വേർപിരിയലും, അപ്രതീക്ഷിതമായ കൂടിച്ചേരലും വിജയങ്ങളും പരാജയങ്ങളും പ്രതീക്ഷയും കടുത്ത നിരാശയും ഒറ്റപ്പെടലും പ്രണയവും, കഷ്ടപ്പാടുകളിൽ ഒന്നിച്ചുനിൽക്കാനുള്ള മനസ്സും അതിജീവനത്തിനുള്ള ധൈര്യവും അപ്രതീക്ഷിതമായി കൈവരുന്ന വിജയവുമെല്ലാം കഥയായി മുന്നിലെത്തുമ്പോൾ വായനക്കാരനും വികാരഭരിതനായി ആ യാത്രയിൽ നായകനോടൊപ്പം സഞ്ചരിക്കുന്നു. വായനക്കാരനെ കഥാപാത്രത്തോടൊപ്പം കൊണ്ടുപോകുന്ന രചനാതന്ത്രം ഈ കഥാകാരന്റെ അപൂർവ്വസിദ്ധിയാണ്.

വായനക്കാരുടെ ബുദ്ധിയും, അറിവും ഭാവനയും ഒരുപോലെ വികസിപ്പിക്കാൻ പര്യാപ്തമായ ഈ കൃതി അവിശ്വസനീയവും വൈവിധ്യപൂർണ്ണവുമായ അനുഭവ തലങ്ങളിലൂടെ വായനക്കാരെ കൊണ്ടുപോകുന്നു.

ഈ പുസ്തകം കയ്യിലെടുത്താൽ വായിച്ചുതീർക്കാതെ ആരും താഴെ വയ്ക്കില്ല. കഥാവസാനത്തെ സൂപ്പർ സസ്പെൻസ് കാലത്തെ വെല്ലുന്ന കലാവിരുതാണ്. അതും ഒരു ശാസ്ത്രസത്യത്തിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നുവെന്നത് എടുത്തു പറയേണ്ട പ്രത്യേകതയാണ്. സമയത്തിനെതിരെയുള്ള ഒരു മനുഷ്യന്റെ നെട്ടോട്ടത്തിന്റെ കഥയാണ് ‘ലോകംചുറ്റാൻ എൺപത്ദിനങ്ങൾ‘(Around the world in 80 days) മനുഷ്യരുടെ ജീവിതം സമയത്തിനെതിരെയുള്ള ഒരു വലിയ ഓട്ടം തന്നെയല്ലേ?

ഒരു പന്തയത്തിന്റെ ചുവടു പിടിച്ച് ലോകയാത്രക്കിറങ്ങിത്തിരിക്കുന്ന ഈ കഥയിലെ നായകനായ ഫിലിയാസ്ഫോഗ് നിരവധി വൈതരണികൾ തരണം ചെയ്തുകൊണ്ട് സമയത്തെ വെല്ലുവിളിച്ച് ഓരോ മിനിറ്റിനും വിലകൊടുത്ത് മുന്നേറുന്ന ഏറ്റവും ആവേശകരമായ കഥയാണ് ഈ നോവലിന്റെ ഇതിവൃത്തം.

ഇവിടെ എല്ലാ സംഭവങ്ങളും വളരെ സ്വാഭാവികമായാണ് അരങ്ങേറുന്നത് ഒരു ബാങ്ക് കവർച്ചയെകുറിച്ചുള്ള ചർച്ചയാണ് ഒരു പന്തയത്തിലേക്ക് ക്ലബ്ബിലെ അംഗങ്ങളെ എത്തിക്കുന്നത്. കള്ളന് രക്ഷപ്പെടാൻ എത്രസമയം വേണം എന്ന ചൂടുപിടിച്ച ചർച്ചയുടെ അന്ത്യത്തിൽ വെറും 80 ദിവസംകൊണ്ട് ലോകം ചുറ്റിവരാമെന്ന് ഫോഗ് പറയുന്നത് ക്ലബ് അംഗങ്ങളുമായുള്ള പന്തയത്തിൽ കലാശിക്കുന്നു. 20,000 പവൻ പന്തയത്തിൽ 80 ദിവസം കൊണ്ട് ലോകം ചുറ്റിവരാൻ ഫിലിയാസ്ഫോഗ് പുറപ്പെടുന്നു. ഒറ്റദിവസത്തെ പരിചയമുള്ള പാസ്പർട്ടൗട്ട് എന്ന വേലക്കാരൻ ഒപ്പംചേരുന്നു. സമയനിഷ്ഠ കൃത്യമായി പാലിക്കുന്ന ഫിലിയാസ്ഫോഗ് തന്റെ സകലസമ്പാദ്യവുമായാണ് യാത്ര തിരിക്കുന്നത്. അദ്ദേഹം പുറപ്പെട്ട ഉടൻ തന്നെ ബാങ്ക് കവർച്ചക്കാരൻ ഫിലിയാസ്ഫോഗാണെന്ന സംശയം ഒരു ഡിക്റ്ററ്റീവിന് ഉണ്ടാകുന്നു.

ഫിലിയാസ്ഫോഗിനെ അറസ്റ്റ് ചെയ്യുന്നതിന് അയാളുടെ തൊട്ടു പിന്നാലെ ഡിക്റ്ററ്റീവ് ഫിക്സും യാത്ര തിരിക്കുന്നു നായകനും വില്ലനും ഒരേ കപ്പലിൽ എത്തുന്നതോടെ കഥ ആകാംക്ഷയുടെ പാരമ്യതയിൽ എത്തുന്നു. പാസ്പർട്ടൗട്ടിന്റെ ബുദ്ധിശൂന്യമായ സംസാരം ഫിക്സിന്റെ സംശയം വർദ്ധിപ്പിക്കുന്നു. അയാൾ ഫിലിയാസ്ഫോഗിനെ അറസ്റ്റു ചെയ്യാൻ കരുക്കൾ നീക്കുന്നു. ഫിക്സ് നിരന്തരമായി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സമയനിഷ്ഠയിൽ

വിട്ടുവീഴ്ചയില്ലാത്ത ഫിലിയാസ്ഫോഗിന്റെ യാത്രയുടെ സമയക്രമത്തെ അതിരൂക്ഷമായി ബാധിക്കുന്നു.

ബോംബെയിലെത്തി ഫിലിയാസ്ഫോഗിനെ അറസ്റ്റു ചെയ്യുന്നതിനുള്ള വാറണ്ടു കിട്ടുന്നതുവരെ എങ്ങനെയെങ്കിലും അവിടെ തടഞ്ഞുനിർത്താൻ ഫിക്സ് വഴി തേടിക്കൊണ്ടിരുന്നു. അപ്പോഴാണ് പാസ്പർട്ടൗട്ടിന് ഒരു അബദ്ധം പറ്റിയത് ഫിക്സ് അറിഞ്ഞത്. ക്ഷേത്രത്തിൽ ഷൂസിട്ടു കൊണ്ട് കയറിയതിനെതുടർന്ന് പുരോഹിതന്മാർ പാസ്പർട്ടൗട്ടിനെ തൂക്കിയെടുത്ത് ദൂരെയെറിഞ്ഞിരുന്നു. അവിടെ അവസാനിക്കേണ്ട ആ പ്രശ്നം ഫിക്സ് ഇടപെട്ട് കോടതിയിൽ എത്തിച്ചു. 2000 പവൻ കെട്ടി വച്ച് കുറേയേറെ സമയവും നഷ്ടപ്പെടുത്തി ഫിലിയാസ്ഫോഗും പാസ്പർട്ടൗട്ടും അവിടെ നിന്നിറങ്ങി. തുടർന്ന് കഥ ഏറ്റവും ആകാംക്ഷാഭരിതമായാണ് നീങ്ങുന്നത്. സമയം ലാഭിക്കാൻ വേണ്ടി ആനയെ വിലയ്ക്കു വാങ്ങി വനത്തിലൂടെ യാത്രചെയ്യുന്നതും ആ യാത്രയിൽ മൃതദേഹത്തോടൊപ്പം ജീവനോടെ കത്തിക്കാൻ കൊണ്ടുപോയ യുവസുന്ദരിയായ ഔധയെ പാസ്പർട്ടൗട്ടിന്റെ ധീരസാഹസിക നീക്കത്തിലൂടെ രക്ഷിക്കുന്നതും ശ്വാസമടക്കിപ്പിടിച്ചേ വായിക്കാനാവൂ. ശേഷമുള്ള യാത്രയിൽ ഫിലിയാസ്ഫോഗിനൊപ്പം നിന്ന് കൊടുങ്കാറ്റിനെ നേരിടാനാഗ്രഹിക്കുന്ന നായികയായി ഔധ മാറുന്നതും കഥയെ ഏറ്റവും വികാരസാന്ദ്രമാക്കുന്നു.

വാറണ്ട് വരുന്നത് വരെ ഫിലിയാസ്ഫോഗിനെ തടഞ്ഞുനിർത്താൻ പാസ്പർട്ടൗട്ടിനെ സ്വാധീനിക്കാൻ ഫിക്സ് ശ്രമിക്കുന്നു. ഫിലിയാസ്ഫോഗ് കവർച്ചക്കാരനാണെന്നും അയാളെ അറസ്റ്റ് ചെയ്യാൻ സഹായിക്കണമെന്നും സഹായത്തിന് പ്രതിഫലം തരാമെന്നും ഫിക്സ് വാഗ്ദാനം ചെയ്യുന്നു. ഫിലിയാസ്ഫോഗ് ഒരു കള്ളൻ ആണെന്ന് വിചാരിക്കുന്നില്ലെന്നും അഥവാ കള്ളൻ ആണെങ്കിൽ പോലും താൻ അദ്ദേഹത്തിന്റെ വിശ്വസ്തനായ വേലക്കാരൻ ആണെന്നും ഭൂമിയിലെ മുഴുവൻ സ്വർണ്ണവും തരാമെന്ന് പറഞ്ഞാലും ചതിവു ചെയ്യുകയില്ലെന്നും പാസ്പർട്ടൗട്ട് തറപ്പിച്ചു പറയുന്നു. ഈ നോവലിലെ ഏറ്റവുമധികം തിളക്കമുള്ള കഥാപാത്രമാണ് പാസ്പർട്ടൗട്ട്.

സഹായം കിട്ടുകയില്ലെന്നുറപ്പായപ്പോൾ ഫിക്സ് പാസ്പർട്ടൗട്ടിനെ ചതിവിൽ പെടുത്തുന്നു. യാത്രയ്ക്കിടയിൽ സുപ്രധാനമായ ഒരു ഘട്ടത്തിൽ പാസ്പർട്ടൗട്ടിനെ ഫിക്സ് മയക്ക്മരുന്ന് പുകയ്ക്കാൻ കൊടുത്ത് അബോധാവസ്ഥയിലാക്കുന്നു. അയാൾക്ക് യഥാസമയത്ത് കപ്പലിൽ ഫിലിയാസ്ഫോഗിനോടൊപ്പം യാത്ര തിരിക്കാൻ കഴിയാതെ വരുന്നു. ഫിലിയാസ്ഫോഗിന്റെ യാത്രയ്ക്കുള്ള കപ്പൽ അയാളെക്കൂടാതെ പുറപ്പെട്ടു. ഫോഗ് സമയനഷ്ടത്തോടെ മറ്റൊരു കപ്പലിൽ പാസ്പർട്ടൗട്ടിനെ കൂടാതെ യാത്രതുടർന്നു. എല്ലാത്തിനും ഉത്തരവാദിയായ ഫിക്സ് ഒന്നുമറിയാത്തമട്ടിൽ കൂട്ടുകാരന്റെ ഭാവത്തിൽ ഫോഗിനോടൊപ്പം ചേർന്നു. ഭാരിച്ച തുക ചെലവു ചെയ്ത് ഫിലിയാസ്ഫോഗ് ഈ ശത്രുവിനെ പലപ്പോഴും ഒപ്പം കൂട്ടുന്നുണ്ട്. വാറണ്ട് കിട്ടിയാലുടൻ അറസ്റ്റു ചെയ്യാനായി അയാൾ ഫിലിയാസ്ഫോഗിനെ വിടാതെ പിന്തുടർന്നു. നീളൻ മൂക്കുകൾ എന്ന സർക്കസ് കമ്പനിയിൽ എത്തിയ പാസ്പർട്ടൗട്ട് യാദൃശ്ചികമായി വീണ്ടും ഫിലിയാസ്ഫോഗിന്റെ മുന്നിലെത്തുന്നു. തുടർയാത്രയിൽ വീണ്ടും അവർ ഒന്നിച്ചായി.

ഓരോ അധ്യായവും അടുത്തതെന്തായിരിക്കുമെന്ന ആകാംക്ഷയിലാണ് അവസാനിക്കുന്നത് ഏറ്റവും നാടകീയമായ സംഭവങ്ങൾ ചങ്ങലക്കണ്ണികൾ പോലെ കോർത്തിണക്കി വളരെ വായനക്ഷമമായാണ് ഈ നോവൽ മുന്നേറുന്നത്. ഇതിലൂടെ പ്രദാനം ചെയ്യുന്ന അറിവിന്റെ ലോകം ഈ നോവലിനെ വിശേഷോത്തരമാക്കുന്നു. ലോകത്തെപ്പറ്റിയുള്ള സൂക്ഷ്മമായ അറിവും എല്ലാ രാജ്യങ്ങളെക്കുറിച്ചും അവിടുത്തെ ജനങ്ങളെക്കുറിച്ചും അവിടുത്തെ പ്രധാന സഞ്ചാരമാർഗങ്ങളെക്കുറിച്ചും വാഹനങ്ങളെക്കുറിച്ചുമെല്ലാമുള്ള വ്യക്തമായ ധാരണയും കഥാകാരനുണ്ട്. സ്ലെഡ്ജിൽ മഞ്ഞുപാളികൾക്ക് മുകളിലൂടെ യാത്ര ചെയ്യുന്നതും ഇന്ത്യയിൽ ആനപ്പുറത്ത് യാത്ര ചെയ്യുന്നതും വിവിധ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നതുമെല്ലാം കഥയാണെങ്കിലും അതിലൂടെ ലോകത്തെക്കുറിച്ചുള്ള ഏകദേശ ധാരണ വായനക്കാരൻ ലഭിക്കുന്നു.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ധീരമായ നടപടികളും കഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സതിക്കെതിരെയുള്ള കഥാകാരന്റെ ശക്തമായ പ്രതികരണവും ഈ നോവലിലുണ്ട്. വളരെ ത്യാഗഭരിതമായി ഒരു യുവവിധവയെ മരണത്തിൽ നിന്ന് രക്ഷിച്ച് ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നത് ഈ കഥയിൽ ഏറ്റവുമധികം വൈകാരികത പകരുന്ന സംഭവമാണ്.

സമയത്തിനെതിരെയുള്ള പോരാട്ടത്തിൽ ഒരുഘട്ടത്തിൽ മറ്റു നിവൃത്തിയില്ലാതെ വന്നപ്പോൾ കപ്പിത്താനെ തടവിലാക്കി കപ്പൽ പൊളിച്ച് ഇന്ധനമാക്കുന്ന രംഗവും ഈ നോവലിലുണ്ട്. ആവശ്യം കഴിഞ്ഞപ്പോൾ ആ നഷ്ടം നികത്തിക്കൊടുത്ത് കപ്പിത്താനെ തൃപ്തനാക്കി വിടാനുള്ള സന്മനസ്സും ഫിലിയാസ്ഫോഗ് കാണിക്കുന്നു. അപായ സിഗ്നൽ കൊടുത്ത് കപ്പൽ നിർത്തി അതിൽ കയറിപ്പറ്റുന്ന രംഗം വായനക്കാരെ ആകാംക്ഷയുടെ പാരമ്യതയിലെത്തിക്കുന്നു. ട്രെയിനപകടവും കൊള്ളക്കാർ പാസ്പർട്ടൗട്ടിനെ തട്ടിക്കൊണ്ടുപോകുന്നതും സമയനഷ്ടവും പണവും നോക്കാതെ ഫിലിയാസ് ഫോഗ് രക്ഷക്കെത്തുന്നതും കഥയിലെ ഏറ്റവും വികാരഭരിതമായ സന്ദർഭങ്ങളിൽ ചിലതാണ്.

ഒരേ ഒരു ഘട്ടത്തിൽ മാത്രമാണ് ഫിലിയാസ്ഫോഗ് പ്രകോപിതനാകുന്നത്. തന്റെ ജീവിതം തന്നെ നശിപ്പിക്കുന്ന തരത്തിൽ ഫിക്സ് തടവിലാക്കുകയും അവസാനം ലളിതമായ ഒരു വാക്കിൽ ഖേദം പ്രകടിപ്പിച്ച് മോചിപ്പിക്കുകയും ചെയ്യുമ്പോൾ ക്ഷമ നശിച്ച ഫിലിയാസ് അയാളുടെ മുഖത്ത് ഇടിക്കുന്നു. ഈ ഒരേയൊരു സന്ദർഭത്തിൽ മാത്രമാണ് ഫോഗ് നിയന്ത്രണം വിട്ട് പെരുമാറിയത്. അല്ലാതെയുള്ള എല്ലാസന്ദർഭങ്ങളിലും വളരെ സമചിത്തതയോടു കൂടി മാത്രമാണ് ഈ കഥാപാത്രം പെരുമാറുന്നത്. വായനക്കാരന്റെ മനസ്സ് പോലെ കഥാപാത്രത്തെയും കഥയെയും മുന്നോട്ട് കൊണ്ടുപോകുന്ന ജ്യൂൾസ്വേൺ എന്ന എഴുത്തുകാരൻ എല്ലാകാലത്തും സ്മരിക്കപ്പെടുന്ന ഒരു മഹാപ്രതിഭ തന്നെയാണ്.

പന്തയം പരാജയപ്പെട്ട് സകലസമ്പാദ്യങ്ങളും നഷ്ടപ്പെട്ടപ്പോൾ ദുഃഖത്തിൽ കൂടെ നില്ക്കാൻ തനിക്ക് ബന്ധുക്കളോ സുഹൃത്തുക്കളോ ആരും തന്നെയില്ലെന്ന് ഔഢയോട്

ഫിലിയാസ്ഫോഗ് പറയുന്ന രംഗം ആരുടേയും കണ്ണു നിറയ്ക്കുന്നതാണ്. ഔഡയാകട്ടെ അവളുടെ മുഴുവൻ സ്നേഹവും അയാളിൽ അർപ്പിക്കുന്നു. അവരുടെ വിവാഹം ക്രമീകരിക്കാൻ പള്ളിയിലെ അച്ചനെ കാണാൻ പോകുന്ന പാസ്പർട്ടൗട്ട് ആ സത്യം തിരിച്ചറിയുന്നു. അവർ പന്തയത്തിൽ ഏറ്റ സമയത്ത് തിരിച്ചെത്തിയിരിക്കുന്നു. തിയതി തെറ്റിയതാണ്. ആ നിമിഷം മുതലുള്ള പാസ്പർട്ടൗട്ടിന്റെ കാര്യക്ഷമതയും സമയോചിത മായ പ്രവർത്തനവുമാണ് കഥാഗതിയെത്തന്നെ മാറ്റിമറിക്കുന്നത്.

കഥയുടെ തുടക്കത്തിൽ മറയനെപ്പോലെ സംസാരിക്കുകയും പെരുമാറുകയും ചെയ്ത പാസ്പർട്ടൗട്ട് കഥാനായകനെ പലതരമായ പ്രതിസന്ധികളിൽപെടുത്തിയെങ്കിലും കഥാന്ത്യത്തിൽ അതിനെല്ലാമുള്ള പ്രായശ്ചിത്തമെന്നോണം ഏറ്റവും ശക്തവും വേഗതയാർന്നതും കാര്യക്ഷമവുമായ നീക്കത്തിലൂടെ ഒരു യഥാർത്ഥ ഹീറോയെപ്പോലെ പന്തയം ജയിക്കുന്നതിലേക്ക് ഫിലിയാസ്ഫോഗിനെ നയിക്കുന്നത് അത്യന്തം ആവേശകരമായ വായനാനുഭവമാണ് പ്രദാനം ചെയ്യുന്നത്.

ഓരോ രാജ്യത്തെ സമയവും ഇന്ത്യൻ സ്റ്റാൻഡേർഡ്ടൈമും മനസ്സിലാക്കിയാണ് ഇന്ന് നമ്മൾ വിമാനയാത്ര ചെയ്യുന്നത്. കപ്പലിൽ വളരെ ദിവസങ്ങളെടുത്തു സഞ്ചരിച്ചിരുന്ന പഴയകാലത്ത് ഈ സമയമാറ്റം യാത്രികർക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. സമയത്തിന്റെ ഈ വ്യത്യാസം കഥയിലെ ഏറ്റവും വലിയ സസ്പെൻസാക്കി കഥയെ ശുഭപര്യാവസായിയാക്കി കഥാകാരൻ വായനക്കാരെ അത്ഭുതപ്പെടുത്തുന്നു.

കൃത്യനിഷ്ഠയുടെ കാര്യത്തിലും ചിട്ടയുടെ കാര്യത്തിലും ഒരു വിട്ടുവീഴ്ചയ്ക്ക് തയ്യാറില്ലാത്ത ഫിലിയാസ്ഫോഗ് അപ്പോഴും സ്റ്റൗ ഓഫ് ചെയ്യാത്തതു കൊണ്ടുണ്ടായ നഷ്ടം വേലക്കാരനായ പാസ്പർട്ടൗട്ടിൽ നിന്ന് ഈടാക്കുന്നത് ആ കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷത വ്യക്തമാക്കുന്നു.

ഈ നോവലിലെ കഥാപാത്രങ്ങളും, കഥാസന്ദർഭങ്ങളും ലോകവ്യാപകമായ അറിവുകളും, യാത്രാനുഭവങ്ങളിലൂടെ പകർന്നുതരുന്ന ജീവിതപാഠങ്ങളുമെല്ലാം ഈ നോവലിനെ അതുല്യമാക്കുന്നു; നോവലിസ്റ്റിനെ അനശ്വരനാക്കുന്നു.

## ആധാരഗ്രന്ഥങ്ങൾ

1. *കൃഷ്ണനുണ്ണി പി, ക്രൂശിതന്റെ മാനങ്ങൾ, തിരുംസൈൻ ബുക്സ്, 2008.*
2. *ബാലകൃഷ്ണൻ കാവുമ്പായി, മലയാളശാസ്ത്രസാഹിത്യ പ്രസ്ഥാനം, ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ, 2007*
3. *Manlove,C.N science Fiction: Ten Explorations, Kent OH: Kent State Universtiy Press,1986*
4. *Roberts,Brian, Science Fiction, London: Routledge, 2003*
5. *Parrinder, Ptarik, Science Fiction: Its Criticism and Teaching, London: Methuen, 1980.*

# ബഷീർസാഹിത്യവും വിമർശകരും

**ഡോ. പി. എസ്. രാജേഷ്കുമാർ**
അസ്സോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

മലയാളത്തിലെ നവോത്ഥാന എഴുത്തുകാരിൽ ഒന്നാമനാണ് വൈക്കം മുഹമ്മദ്ബഷീർ. എന്നാൽ മലയാളവിമർശനം അദ്ദേഹത്തെ ശരിയായി അടയാളപ്പെടുത്തിയിട്ടില്ല. ബഷീറിന്റെ ജനകീയസാഹിത്യത്തെയും കലയെയും മലയാളനിരൂപകർ എങ്ങനെയാണ് വിലയിരുത്തിയത് എന്നതിലേക്കുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

***താക്കോൽ വാക്കുകൾ:*** മലയാളനോവൽ, ചെറുകഥ, ആദ്യകാലം, നവോത്ഥാനം, ആധുനികം, ഉത്തരാധുനികം, ജനകീയസാഹിത്യം, സ്വാതന്ത്ര്യം, സഞ്ചാരം, രചനാതന്ത്രം, ഭാഷ, മനുഷ്യജീവിതം.

മലയാള ഗദ്യസാഹിത്യത്തിലെ ഏറ്റവും ചലനാത്മകമായ സാഹിത്യരൂപങ്ങളാണ് നോവൽ, ചെറുകഥ എന്നിവ. ഇവയ്ക്ക് രണ്ടിനും ഒന്നേകാൽ നൂറ്റാണ്ടിലധികം പഴക്കവുമുണ്ട്. മലയാള ചെറുകഥ/നോവൽ സാഹിത്യത്തെ അതിന്റെ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ നാലായിതിരിക്കാം. ആദ്യകാലം, നവോത്ഥാനകാലം, ആധുനികകാലം, ഉത്തരാധുനികകാലം എന്നിങ്ങനെ. ഇതിൽ തന്നെ മലയാള ഗദ്യസാഹിത്യത്തിന്റെ മികച്ച രചനാകാലം, നവോത്ഥാനമോ ആധുനികമോ എന്നതിനെക്കുറിച്ച് സാഹിത്യചരിത്ര കാരന്മാരും വിമർശകരും ഭിന്നാഭിപ്രായക്കാരാണ്. മലയാളഗദ്യത്തിൽ ചലനാത്മകവും സൈദ്ധാന്തികവുമായ അനുരണനങ്ങൾ അവതരിപ്പിക്കുകയും അതിനെ ഒരു ഉന്നത സാഹിത്യരൂപമെന്ന നിലയിലേക്ക് ഉയർത്തുകയും ചെയ്തത് നവോത്ഥാന എഴുത്തു കാരാണ്. തുടർന്നു വന്ന ആധുനികർ, തങ്ങളുടെ രചനാമികവിനാൽ കവിതാസാഹിത്യ ത്തിന്റെ നിലയിലേക്ക് ഗദ്യസാഹിത്യത്തെ വികസിപ്പിക്കുകയും ചെയ്തു.

മലയാള നവോത്ഥാനകഥ/നോവൽ സാഹിത്യത്തെ കരുത്തോടെ വളർത്തിയ എഴുത്തുകാർ വൈക്കം മുഹമ്മദ് ബഷീർ, എസ്. കെ. പൊറ്റെക്കാട്ട്, തകഴി ശിവശങ്കരപ്പിള്ള,

പി. സി. കുട്ടികൃഷ്ണൻ, പി. കേശവദേവ്, പൊൻകുന്നംവർക്കി എന്നിവരാണ്. ഇവരിൽ മികച്ച എഴുത്തുകാരൻ തകഴിയാണെന്ന് മലയാളവിമർശനം തെറ്റിദ്ധരിച്ചിരിക്കുന്നു. 'ഭാഷാ സാഹിത്യത്തിലെ പരാജയ (റിയലിസ്റ്റ്) പ്രസ്ഥാനത്തിൽപ്പെട്ട ചെറുകഥയെഴുത്തിന്റെ സ്ഥാപകനായ മഹാകവിയാണ് തകഴി'1 എന്ന് കേസരി ബാലകൃഷ്ണപിള്ളയും തകഴിയുടെ തലമുറയെ പിന്നിലാക്കിക്കൊണ്ട് പുതിയ പ്രവണതകൾ അൻപതുകൾക്കു ശേഷം ശക്തി നേടിയിട്ടുണ്ടെന്ന്' 2 അയ്യപ്പപ്പണിക്കരും 'സ്വയം എരിഞ്ഞുകൊണ്ട് കേസരി ബാലകൃഷ്ണപിള്ള നല്കിയ ബുദ്ധിപരമായ കൃപാവരമാണ് നമ്മുടെ നോവൽ സാഹിത്യത്തിലെ ഒന്നാമത്തെ പരീക്ഷണഘട്ടം നേരിടാനുള്ള കരുത്ത് തകഴിയുടെ തലമുറയ്ക്ക് നേടിക്കൊടുത്തത്' 3 എന്ന് കെ. പി. അപ്പനും തകഴിയെ അകാരണമായി അഭിനന്ദിച്ചിട്ടുണ്ട്. മുപ്പത്തൊമ്പത് നോവലുകളാലും അറുന്നൂറ് ചെറുകഥയാലും മൂന്ന് നാടകത്താലും പിന്നേയും അവശേഷിക്കുന്ന ഗദ്യകൃതികളാലും സമ്പന്നമാണ് തകഴിയുടെ സാഹിത്യം. എന്നാൽ അവയിൽ തന്നെ മികച്ചരചനകൾ എന്നു പറയാവുന്നത് വളരെ കുറച്ചു മാത്രമേയുള്ളൂ. അതുകൊണ്ടുതന്നെ നവോത്ഥാന കാലഘട്ടത്തിലെ മികച്ച എഴുത്തുകാരൻ എന്ന പദവി മറ്റൊരാൾക്കു നല്കാവുന്നതാണ്. അത് വൈക്കം മുഹമ്മദ് ബഷീറിനാണ്.

മലയാളത്തിലെ ഏറ്റവും ജനകീയനായ കവി എന്ന സ്ഥാനം സാഹിത്യ ചരിത്ര കാരന്മാർ നല്കിയിരിക്കുന്നത് കുഞ്ചൻനമ്പ്യാർക്കാണ്. എന്നാൽ മികച്ച കഥാകാരൻ ആരാണ് എന്ന് നിരീക്ഷിക്കുമ്പോൾ അത് ബഷീറാണെന്ന നിഗമനത്തിൽ നാം എത്തും. ബഷീറിന്റെ ഈ ജനകീയതയുടെ അടിസ്ഥാനം സാധാരണക്കാരന്റെ ജീവിതം അവന്റെ തന്നെ ഭാഷയിലെഴുതി എന്നതാണ്. ബഷീർ സാഹിത്യത്തിലെ ഏതാണ്ട് എല്ലാ കഥാപാത്രങ്ങളും ആത്മവ്യഥകളെ ഒരു പുഞ്ചിരിയോടെ മറികടക്കുന്ന മനുഷ്യരാണ്. ബാല്യകാലസഖിയിലും പ്രേമലേഖനത്തിലും മുച്ചീട്ടുകളിക്കാരന്റെ മകളിലും നാം കാണുന്നത് ജീവിതത്തോട് ആസക്തിയുള്ള മനുഷ്യവർഗ്ഗത്തെയാണ്. മിക്ക രചനകളിലും ബഷീറിന്റെ തന്നെ ജീവിതപ്പകർപ്പുകളെ നാം കണ്ടെത്തുന്നു. ഉദാഹരണത്തിന് ജന്മദിന ത്തിലെ കഥാപുരുഷൻ ബഷീർ തന്നെയാണ്. 'മകരം 8-ാം തീയതി ഇന്ന് എന്റെ ജന്മദിന മാണ്. പതിവിനു വിപരീതമായി വെളുപ്പിനേ ഞാൻ എണീറ്റ് കുളി മുതലായവയൊക്കെ കഴിച്ചു. ഇന്നേക്കു കരുതിവെച്ചിരുന്ന വെള്ളഷർട്ടും ഖദർ മുണ്ടും വെള്ളക്യാൻവാസ് ഷൂസും ധരിച്ച് മുറിയിൽ, എന്റെ ചാരുകസേരയിൽ വേവുന്ന ഹൃദയത്തോടെ ഞാൻ മലർന്ന് കിടക്കുകയായിരുന്നു. എന്നെ വെളുപ്പിനേ കണ്ടതിനാൽ എന്റെ മുറിയുടെ അടുത്ത് വലിയ നിലയിൽ കഴിഞ്ഞുകൂടുന്ന ബി. എ. വിദ്യാർത്ഥി മാത്യുവിനു വലിയ അത്ഭുതം തോന്നി. അദ്ദേഹം മന്ദഹാസത്തോടെ എനിക്ക് പ്രഭാതവന്ദനം നല്കി. 'ഹലോ ഗുഡ് മോർണിംഗ്'4 എന്നിങ്ങനെ താൻ അനുഭവിച്ചറിഞ്ഞ ജീവിതത്തെ കുറുവാചകങ്ങളിലൂടെ അദ്ദേഹം സ്പഷ്ടമായി ആവിഷ്കരിച്ചു. ഇതിന് അദ്ദേഹത്തെ സഹായിച്ചത് മലയാളത്തിലെ മറ്റൊരു എഴുത്തുകാരനുമില്ലാത്ത ജീവിതാനുഭവം തന്നെയായിരുന്നു. ഭ്രാന്താശുപത്രിയിൽ കിടന്നിട്ടുള്ള അനുഭവം മറ്റേത് മലയാള എഴുത്തുകാരനുണ്ട്? സ്വന്തം ജീവിതം കഥാപാത്രങ്ങളിലേക്ക് ചേർത്തപ്പോൾ ഉണ്ടായ പൂർണ്ണത തന്നെയാണ് ബഷീറിന്റെ ജനകീയതയുടെ അടിസ്ഥാനം. എന്നാൽ ഇതിനെക്കുറിച്ച് മലയാളവിമർശനം ശബ്ദിച്ചിട്ടില്ല.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും അതിന്റെ ഫലമായി മർദ്ദനം ഏല്ക്കേണ്ടി വരികയും ചെയ്ത എഴുത്തുകാരനാണ് ബഷീർ. സാഹിത്യകാരൻ തന്റെ പേനയിലൂടെ മാത്രം സ്വാതന്ത്ര്യത്തിന് ആഹ്വാനം ചെയ്യുന്നവൻ മാത്രമല്ലെന്നും അതിനായി പോരാടുന്നവ നാണെന്നും ബഷീർ തന്റെ പ്രവൃത്തികൊണ്ടു തെളിയിച്ചു. എന്നാൽ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം അദ്ദേഹം അതിന്റെ അധികാരഭാഗങ്ങളൊന്നും സ്വീകരിക്കാതെ അപ്പോഴും സ്വതന്ത്രനില തുടർന്നു. ബഷീറിന്റെ എഴുത്തിലും സ്വാതന്ത്ര്യസമരം പ്രതിഫലി ക്കുന്നില്ല. എന്നാൽ പാരതന്ത്ര്യത്തെ അതിന്റെ തീവ്രതയോടെ അവതരിപ്പിക്കുന്ന ടൈഗർ എന്ന കഥ മലയാളത്തിൽ ബഷീറിനു മാത്രമേ എഴുതുവാൻ കഴിയൂ. ബഷീർ പോലീസുകാർ വളർത്തുന്ന ടൈഗർ എന്ന നായെ അവതരിപ്പിക്കുന്നത് അധികാരവർഗ്ഗത്തോടു ചേർന്നുനിന്നു അതിന്റെ ഉച്ചിഷ്ടം ഭക്ഷിക്കുന്ന പ്രതിലോമവാദികളുടെ പ്രതീകമായാണ്. ‘ഗംഭീരനായ അവൻ ലോക്കപ്പിന്റെ മുമ്പിലൂടെ അങ്ങുമിങ്ങും നടക്കും. അല്ലെങ്കിൽ ഏതെങ്കിലും ഒരു ലോക്കപ്പിന്റെ വാതിൽക്കൽ ചെന്നുകിടക്കും. ഊണുസമയത്ത് ഇൻസ്പെക്ടറുള്ള മുറിയുടെ വാതിൽക്കൽ കാവലുണ്ടാവും. ഇൻസ്പെക്ടർ ഊണുകഴിഞ്ഞ് ഏമ്പക്കം വിട്ടുകൊണ്ട് എച്ചിലില പൊക്കിയെടുത്തു പട്ടിയുടെ മുമ്പിൽ വച്ചുകൊടുക്കും. ഒരാൾക്ക് ഉണ്ണാനുള്ള ചോറ് ആ പട്ടി കമ്മികമ്മി തിന്നുതുടങ്ങും. അതുകാണുമ്പോൾ തടവുകാരുടെ വായിൽ വെള്ളം നിറയും.’5 തുടർന്ന് ടൈഗറെ കമ്പിയഴികളിലൂടെ ജയിലിലേക്ക് വലിച്ച തടവുപുള്ളികളെ പോലീസുകാർ ക്രൂരമായി മർദ്ദിക്കുന്നതും അവ രുടെ രക്തംചീന്തുന്നതും ആ രക്തം ടൈഗർ നക്കിക്കുടിക്കുന്നതും കണ്ടിട്ട്, ‘ടൈഗർ ഭാഗ്യവാനായ ഒരു നായയാണ്’ എന്ന കടുത്ത പരിഹാസത്തോടെയാണ് കഥ അവസാനി പ്പിക്കുന്നത്. ഇന്നും അധികാരത്തിനും ചൂഷണത്തിനുമെതിരെ നിസ്വാർത്ഥമായി പോരാടുകയും അതുകൊണ്ടുതന്നെ പരാജിതരാവുകയും ചെയ്യുന്നവരുടെ ജീവിതത്തിലെ അവശേഷിപ്പുകളെ കവർന്നെടുക്കുവാൻ ശ്രമിക്കുന്നവർ സമൂഹത്തിലുണ്ട്. അവരുടെ നല്ല **അടയാളപ്പെടുത്തലാണ് ടൈഗർ** എന്ന നായയും കഥയും.

എസ്.കെ. പൊറ്റെക്കാട്ടിനെപ്പോലെ ബഷീറും സഞ്ചാരിയായിരുന്നു. ‘പാകിസ്ഥാൻ ഉണ്ടാകുന്നതിനു മുമ്പ് ഞാൻ ഇന്ത്യ മുഴുവനും സഞ്ചരിച്ചിട്ടുണ്ട്. കറാച്ചിയിൽ താമസിച്ചു. സിന്ധ് ഹൈദ്രബാദിൽ താമസിച്ചു. ലാഹൂറിൽ താമസിച്ചു. പെഷവാറിൽ താമസിച്ചു. ആഫ്രീദികളുടെ കൂടെ മലമുകളിലും’ 6 എന്ന് ഓർമ്മയുടെ അറകൾ എന്ന ആത്മകഥയിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചാരസാഹിത്യം എന്നു കേൾക്കുമ്പോൾ ഏതൊരു മലയാളിയും ഓർക്കുന്നത് എസ്.കെ.പൊറ്റെക്കാട്ടിനെയാണ്. അടിസ്ഥാന പരമായി സഞ്ചാരസാഹിത്യകാരനായിരുന്നു എസ്.കെ. ഈ സഞ്ചാരസാഹിത്യത്തിന്റെ രചനാതന്ത്രം തന്നെയാണ് എസ്.കെ. തന്റെ കഥയിലും നോവലിലും പ്രയോഗിച്ചതും. പൊറ്റക്കാട്ടിന്റെ കഥാപരിസരം കേരളീയമാണെങ്കിലും അതിനെ കൂടുതൽ ദീപ്ത മാക്കുന്നത് അദ്ദേഹം സഞ്ചരിച്ച രാജ്യങ്ങളിലെ സ്ഥലികൾ തന്റെ കഥയിലും നോവലിലും ഫലപ്രദമായി ലയിപ്പിച്ചതാണ്. ഒരു ദേശത്തിന്റെ കഥയിലെ അതിരാണിപ്പാടത്തിലും തെരുവിന്റെ കഥയിലെ തെരുവിലും പുള്ളിമാനിലെ കുടകിലും എന്തിന് കാട്ടു ചെമ്പകത്തിലെ ചെമ്പകത്തിൽ വരെ എസ്.കെ.യുടെ സഞ്ചാരസാഹിത്യ രചനയുടെ മികവ് പരന്നുകിടക്കുന്നുണ്ട്. എന്നാൽ പൊറ്റെക്കാട്ട് സ്ഥലനിർമ്മിതിയിൽ മാത്രമേ ഈ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സഞ്ചാരപഥങ്ങൾ ഉപയോഗിച്ചിട്ടുള്ളൂ. ബഷീർ മറ്റൊരു രീതിയിലാണ് തന്റെ യാത്രകളെ സാഹിത്യത്തിൽ ആവിഷ്കരിച്ചത്. തന്റെ യാത്രകളിലുടനീളം കണ്ട മനുഷ്യരെ തന്റെ കഥാപാത്രങ്ങൾക്ക് ഉയിരേകുവാൻ ഉപയോഗിക്കുകയാണ് അദ്ദേഹം ചെയ്തത്. അതുകൊണ്ടു തന്നെ നവോത്ഥാന എഴുത്തുകാരിൽ കഥാപാത്രങ്ങൾക്ക് കൂടുതൽ ഊർജ്ജം തന്റെ യാത്രകളിലൂടെ പകരാനായതും ബഷീറിനാണ്. ലോകത്തെവിടെയും താൻ കണ്ടറിഞ്ഞ നിരാലംബരും ഏകാകികളുമായ മനുഷ്യരെ തന്റെ രചനകളിൽ നിരന്തര മാവിഷ്കരിച്ചു എന്നതു തന്നെയാണ് ബഷീറിന്റെ രചനകളെ കൂടുതൽ ജീവസുറ്റതാക്കിയത്.

ഒരു എഴുത്തുകാരന്റെ ഏറ്റവും വലിയ സമ്പത്ത് അവന്റെ ഭാഷയാണ്. മലയാളത്തിലെ നവോത്ഥാന എഴുത്തുകാരുടെ പ്രധാനന്യൂനത അവരുടെ ഭാഷ തന്നെയായിരുന്നു. 'അവരുടെ കലവൃത്താന്തചരിത്രവുമായി ബന്ധപ്പെട്ടു നിന്നതിനാൽ ഭാഷസർഗ്ഗാത്മകമായി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അവർ പലപ്പോഴും പരാജയപ്പെടുകയും ചെയ്തു' എന്ന കെ.പി.അപ്പന്റെ നിരീക്ഷണം ശരിയാണ്. കാരണം അവർ തങ്ങളുടെ പ്രമേയത്തെ ഫലപ്രദമായി ആവിഷ്കരിക്കുവാൻ പറ്റിയ ഒരു ഭാഷ തെരഞ്ഞെടുക്കുന്നതിൽ പരാജയപ്പെട്ടു എന്നു പറയേണ്ടിവരും. എന്നാൽ ബഷീർ ഇതിൽ നിന്നും വ്യത്യസ്തനാണ്. മലയാളസർഗ്ഗാത്മക ഗദ്യസാഹിത്യത്തിൽ ഏറ്റവും ആകർഷണീയവും കരുത്തുറ്റതുമായ ഭാഷ ബഷീറിന്റേതാണ്. മലയാളത്തിൽ സംഭാഷണത്തിലൂടെ കഥയും നോവലും രചിച്ച് ഒരു സംവാദസാഹിത്യം തന്നെ ബഷീർ നിർമ്മിച്ചിരിക്കുന്നു. ഒരു ചെറിയ വാക്കിൽ പോലും ഒരു കലാപ്രപഞ്ചം ഉണ്ടാക്കുവാൻ ബഷീറിനു കഴിഞ്ഞു. ബഷീറിന്റെ എഴുത്തിന്റെ സമസ്തപദങ്ങളോ ദീർഘവാചകങ്ങളോ ഇല്ല. എന്നാൽ ഓരോ വാക്കിനും അസാധാരണമായ ധ്വനന ശക്തിയുണ്ട്. 'അല്ല, എന്നിട്ട്, പിന്നെ, ഓ, ഉം, ദേ തുടങ്ങിയവ ബഷീർ ഉപയോഗിക്കുമ്പോൾ ഇവയ്ക്കർത്ഥവികാസവും രസവൈവിധ്യവും ധ്വനിസാന്ദ്രത യും മാത്രമല്ല ഒരു വിമർശഹാസ്യം തന്നെ രൂപപ്പെടുന്നു. ഈ ഭാഷയുടെ ശക്തിയാണ് അദ്ദേഹത്തെ നവോത്ഥാന കഥാകാരന്മാരിൽ ഒന്നാമനാക്കിയത്.

മലയാളവിമർശനത്തിനു ശരിയായി വഴങ്ങാത്ത എഴുത്തുകാരനാണ് ബഷീർ. ചില വിമർശകർ അദ്ദേഹത്തിന്റെ എഴുത്തിനെ വളരെയധികം പുകഴ്ത്തിയപ്പോൾ മറ്റു ചിലർ പൂർണ്ണമായും ഇകഴ്ത്തി, വേറെ ചിലർ അർത്ഥഗർഭമായി മൗനംപാലിച്ചു. ഇത് അദ്ദേഹത്തിന്റെ കൃതികളുണ്ടാക്കിയ ഭിന്നസംവേദനത്തെ ബോധ്യപ്പെടുത്തുന്നതാണ്. എം. എൻ. വിജയനും എം. കെ. സാനുവും ബഷീറിന്റെ കൃതികളെ അളന്നടയാളപ്പെടുത്തിയ വരാണ്. എന്നാൽ എസ്. ഗുപ്തൻ നായർ ബഷീറിന്റെ ശബ്ദങ്ങൾ സാഹിത്യമാണെങ്കിൽ പൂരപ്പാട്ട് ഭഗവദ്ഗീതയാണ് ഞാൻ മഹാത്മാഗാന്ധിയാണെന്നു പരിഹസിച്ചു. സച്ചിദാനന്ദൻ 'ശബ്ദങ്ങൾ ബഷീറിന്റെ അപൂർവ്വ രചനകളിലൊന്നാണ്. 1947ൽ തന്നെ മലയാളത്തിലെ ആധുനികതയ്ക്കു തുടക്കം കുറിച്ച നീണ്ടകഥ' എന്നു ശബ്ദങ്ങളെ പ്രശംസിക്കുകയും ചെയ്യുന്നു. തന്നെയുമല്ല നട്ട്ഹംസന്റെ വിക്ടോറിയ എന്ന നോവലിന്റെ അനുകരണമാണ് ബഷീറിന്റെ മതിലുകൾ എന്ന എം. കൃഷ്ണൻ നായരുടെ വിമർശനവും ബഷീറിന്റെ കൃതികളെ മനസ്സിലാക്കാതെ എഴുതിയ എം. ബി. രഘുനാഥൻ നായരുടെ ഉപ്പൂപ്പാന്റെ

കുഴ്യാനകൾ എന്ന കൃതിയും നിലവാരം കുറഞ്ഞ മലയാളനിരൂപണത്തെയാണ് ബോധ്യപ്പെടുത്തുന്നത്. മലയാളത്തിലെ ആധുനികനിരൂപകർ ബഷീർ കൃതികളെ വിലയിരുത്താത്തതും ആ നിരൂപകരുടെ വീഴ്ചയെ കുറിക്കുന്നു. എഴുത്തിന്റെ എല്ലാ വരേണ്യതയേയും തന്റെ രചനകളിലൂടെ നിരാകരിച്ച ബഷീർ, മലയാളകഥാസാഹിത്യ ത്തിന് പ്രമേയത്തിലും ഭാഷയിലും ആവിഷ്കരണത്തിലും നവീനത പുലർത്തിയ എഴുത്തുകാരനാണ്. അതുകൊണ്ടു തന്നെയാണ് ബഷീർ സാധാരണവായനക്കാരന്റെ മികച്ച എഴുത്തുകാരനായത്.

## ഗ്രന്ഥസൂചി:

1. *കേസരിബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, പേജ് 539, സാഹിത്യപ്രവർത്തക സഹകരണസംഘം, 1984.*
2. *കെ. അയ്യപ്പപ്പണിക്കർ, തകഴി ശിവശങ്കരപ്പിള്ള, ഡി.സി.ബുക്സ്, പേജ് 48, 1992*
3. *കെ.പി.അപ്പൻ, മാറുന്നമലയാള നോവൽ, ഗൗതമാപബ്ലിഷേഴ്സ്, പേജ് 9, 1988*
4. *വൈക്കംമുഹമ്മദ് ബഷീർ, ബഷീർ സമ്പൂർണ്ണകൃതികൾ (ഒന്നാംഭാഗം) പേജ് 231, ഡി. സി. ബുക്സ്, 2012.*
5. *അതേപുസ്തകം, പേജ് 253*
6. *വൈക്കംമുഹമ്മദ് ബഷീർ, ബഷീർ സമ്പൂർണ്ണകൃതികൾ (രണ്ടാംഭാഗം), പേജ് 1524*
7. *കെ.പി.അപ്പൻ, മാറുന്ന മലയാളനോവൽ, ഗൗതമാപബ്ലിഷേഴ്സ്, പേജ് 12, 1988*
8. *സച്ചിദാനന്ദൻ, വിത്തും വൃക്ഷവും, പേജ് 20, കേരളസാഹിത്യഅക്കാദമി, 2012*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# ബലിപീഠത്തിലെ രക്തതാരം
# കെ.ജി.എസ്. കവിതകളിലെ കാല്പനിക ബോധങ്ങൾ

**ഡോ. ഗോപൻ ജി.**
എച്ച്.എച്ച്.എസ്.റ്റി., ഗവ. ഹയർ സെക്കന്ററി സ്കൂൾ, മൊഗ്രാൽ പുത്തൂർ

**പ്രബന്ധസംഗ്രഹം**

കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകളിലെ ആത്മനിഷ്ഠസ്വഭാവത്തെക്കുറിച്ചുള്ള അന്വേഷണമാണ് പ്രബന്ധം. കവിത സാമൂഹികജീവിതാവസ്ഥകളോട് സന്ധി ചെയ്യപ്പെടേണ്ട ഒന്നല്ല എന്ന ബോധ്യം കൃത്യമായി തന്റെ കവിതാന്തരീക്ഷത്തിൽ കെ.ജി.എസ്. അടയാളപ്പെടുത്തുന്നുണ്ട്. നിലവിലിരിക്കുന്ന സാമൂഹിക ക്രമത്തിൽ മാറ്റം വരുത്താൻ തീവ്രമായി ആഗ്രഹിക്കുന്ന കവി കെ.ജി.എസിൽ ദൃശ്യമാണ്. അപ്പോഴും കാല്പനികാന്തരീക്ഷത്തിന്റെ സ്വാധീനത്തിൽനിന്നും മുക്തമല്ല എന്നു കാണാം. കെ.ജി.എസിൽ കാല്പനിക ആത്മനിഷ്ഠത എന്നത് കേവലം വൈയക്തിക ബോധത്തിനുള്ളിൽ ബന്ധിതമല്ല, അത് വ്യക്തിസമൂഹവുമായി സംഘർഷപ്പെട്ടുകൊണ്ട് അനുഭവപ്പെടുന്ന ക്രിയാത്മകമായ പുതുനിർമ്മാണമാണ്.

***താക്കോൽവാക്കുകൾ:*** ആത്മനിഷ്ഠത, വൈയക്തികത, കാൽപ്പനികത

ജീവിതത്തെ സ്പർശിക്കുന്നതെന്തോ അതാണ് കവിത എന്ന് പറയാറുണ്ട്. കാഴ്ചയുടെ പിന്നാമ്പുറം കാണിക്കുകയും ബോധ്യങ്ങളെ മറിച്ചിടുകയും ചെയ്തുകൊണ്ട് മുന്നേറുന്ന പ്രത്യയശാസ്ത്രം. പുറത്തുനിൽക്കുകയും പുറത്താക്കപ്പെട്ടവരുടെ നാവായിമാറി നിലവിളിക്കുകയും അധികാരാസ്വാദകരുടെ അസ്വസ്ഥതയായി മാറുകയും ചെയ്യുന്ന ചോദ്യത്തല്ലുകളാണത്. ഇതിനെ കവിത ചാട്ടവാറാക്കുന്ന കവി എന്നൊക്കെ സൗന്ദര്യവൽക്കരിച്ച് നമ്മൾ പറയുന്നു. കെ.ജി.എസിന്റെ കവിതകൾ മാറിവരുന്ന വ്യവസ്ഥകളോട് പ്രത്യയശാസ്ത്രധർമ്മങ്ങളോട് സ്ഥാപനവത്കൃത ജീവിതവ്യഭിചാര (ആചാര)ങ്ങളോട് കലഹിച്ചു കൊണ്ടേയിരിക്കുന്നു.

കവിത ചരിത്രപരമാണ്. ചരിത്രപരമായി ഭാഷയെ, ജീവിതത്തെ പുതുക്കുകയും സാമൂഹികമായി മാനവികതയ്ക്കുള്ളിൽ നിന്നുകൊണ്ട് അതിനെത്തന്നെ ബലപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തിയാണത്. കെ.ജി.എസ് കടന്നുവരുന്ന സാമൂഹികാന്തരീക്ഷം മനസ്സിലാക്കിക്കൊണ്ട് വായിച്ചുതുടങ്ങുമ്പോൾ അദ്ദേഹത്തിന്റെ കാവ്യരചന എന്ന പ്രക്രിയ എത്രത്തോളം രാഷ്ട്രീയപരവും പ്രതിബദ്ധജനകവുമാണെന്ന് മനസ്സിലാകും. സ്വാതന്ത്ര്യാനന്തര ഭാരതം പലപ്പോഴും അധികാരസ്വാദ് ആസ്വദിക്കുന്ന ഭരണകൂടചിന്തയിൽ മുങ്ങിപ്പോകുന്ന അവസ്ഥകളുണ്ടായി. ചോര ചൊരിച്ചിലിന്റെ ദാരുണവ്യഥ ഉള്ളടക്കം ചെയ്തതാണ് സ്വാതന്ത്ര്യം എന്ന യാഥാർത്ഥ്യം വിസ്മരിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തര ജനാധിപത്യ രാജ്യത്ത് വീണ്ടും വിമോചനത്തിന്റെ ആവശ്യകത രൂപപ്പെട്ടു. ഭൗതികതൃഷ്ണ കൊണ്ട് ശ്രേണീബദ്ധമായ വ്യവസ്ഥയായി അധികാരം സാമൂഹികജീവിതത്തെ മാറ്റി. ജനാധിപത്യത്തിന്റെ സകല അർത്ഥത്തെയും മാനിച്ച് വിമോചന ഇച്ഛ അടിസ്ഥാനപരമായി പുലർത്തുന്ന ഇടതുപക്ഷപ്രസ്ഥാനത്തോട് ബുദ്ധിജീവികളും മനുഷ്യസ്നേഹികളും നിന്നു. ഭരണകൂട അധികാരം ജനാധിപത്യകാലത്തിലും ചക്രവർത്തിമാരെ നിർമ്മിക്കുന്നുവെന്ന അസംബന്ധ യാഥാർത്ഥ്യം ഇവരൊക്കെയും തിരിച്ചറിഞ്ഞു. മനുഷ്യനുവേണ്ടി സംസാരിക്കുന്ന നാവായി ഇടതുപക്ഷ പ്രത്യയശാസ്ത്രം ഉണ്ടെന്ന തിരിച്ചറിവ് ആദ്യകാലത്ത് കെ.ജി.എസ്സിനെ ആ പ്രത്യയശാസ്ത്രവുമായി അടുപ്പിച്ചു. പ്രത്യയശാസ്ത്ര പ്രസ്ഥാനം എന്ന നിലയിൽ ആദ്യകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയോടും പ്രസ്ഥാനത്തോടും കെ.ജി.എസ്സിന് താല്പര്യവും വിധേയത്വവും ഉണ്ടായിരുന്നു. 1960കളുടെ തുടക്കത്തിലുണ്ടായ പിളർപ്പും റിവിഷനിസ്റ്റ് പ്രവണതകളും മാവോസേതൂങ്ങിന്റെ ജീവിതത്തോടും ദർശനത്തോടുമുള്ള ആഭിമുഖ്യവും പശ്ചിമബംഗാളിലെ നക്സൽബാരി കലാപവും കെ.ജി.എസ്സിൽ പ്രത്യയശാസ്ത്രദർശനവുമായി ബന്ധപ്പെട്ട് വലിയ പരിണാമം ഉണ്ടാക്കി. അതുകൊണ്ട് തന്നെ ഈ കാലയളവിലുള്ള കവിതകളിൽ തീവ്രവാദ രാഷ്ട്രീയദർശനത്തിന്റെ സ്വാധീനമുണ്ട്. അതുപോലെതന്നെ അക്കാലത്തെ ദേശീയവും സാർവ ദേശീയവുമായ അധികാരത്തിന്റെ പുനർനിർമ്മിത സാഹചര്യങ്ങളും ഇതിന് കാരണമായി. 1965കൾക്കു ശേഷമുള്ള മലയാളകാവ്യധാര പരിശോധിക്കുമ്പോൾ അവിടെ 'പ്രതിജ്ഞാബദ്ധത'ക്ക് വലിയ പ്രാധാന്യം ഉണ്ടായിരുന്നു. പ്രതിജ്ഞാബദ്ധതയുമായി ബന്ധപ്പെട്ട് രാഷ്ട്രീയത്തെ കവിതയിൽ കേന്ദ്രസ്ഥാനത്ത് നിർത്തി. മനുഷ്യനീതിക്കും വിമോചനത്തിനും തീവ്രവാദസങ്കല്പങ്ങൾ ഉപയോഗിക്കുന്നത് വൈകാരികബലത്തോടു കൂടിയ ക്രൂരമായ അനീതിയാണ് എന്ന തിരിച്ചറിവ് കെ.ജി. എസ്സിനെ അതിൽനിന്നും വിട്ടുമാറാൻ പ്രേരിപ്പിച്ചു. പിന്നീട് ആ കവിത വർഗ്ഗവിമോചനത്തിന്റെ ബഹുതലങ്ങളെ മാനുഷിക നീതിയുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചു. സാർവദേശീയ കൊളോണിയലിസത്തെയും ആഭ്യന്തര കൊളോണിയലിസത്തെയും വർഗ്ഗവിമോചനാശയത്തിൽ നിന്നുകൊണ്ട് വിമർശിച്ചു. സാമൂഹികഘടനയിൽ വന്ന മാറ്റത്തെ നവ അധികാര പരികല്പനകളുമായി ഏകോപിപ്പിച്ച് കാര്യകാരണങ്ങൾ അന്വേഷിച്ചു. രാഷ്ട്രീയമൂല്യങ്ങളെ നിർവചിക്കുകയും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അതിനുവന്ന മാറ്റങ്ങളെ **ജുഗുപ്സയോടെ** നോക്കുകയും ചെയ്യുന്ന വ്യാപ്തി കവിതക്കുള്ളിൽ ഒരു നൈരന്തര്യമെന്നവണ്ണം അദ്ദേഹം പുലർത്തി. പാർലമെന്ററി അധികാരമോഹത്താൽ സ്ഥാപനവൽക്കരിക്കപ്പെടുന്ന രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെ

ആജ്ഞാപരിധികളെല്ലാം ലംഘിച്ച് സാംസ്കാരികഘടനയുടെ സുപ്രധാനഘടകമാണ് രാഷ്ട്രീയം എന്നു തിരിച്ചറിഞ്ഞ് അതിന്റെ വഴിമാറലുകളെയും ലക്ഷ്യബോധ ശോഷണ ത്തെയും വിമർശിച്ചു മുന്നേറുന്ന വിശാലമായ അവബോധമായി മാറി എഴുപതുകൾക്കു ശേഷമുള്ള കെ.ജി.എസ്. കവിതകൾ.

തീർച്ചയായും ചരിത്രവും ജീവിതവും സന്ദേഹങ്ങളും കലാപങ്ങളും അതിജീവനത്തി ന്റെ ഉപകരണമാകുന്ന സ്ഥലമാണ് കെ.ജി.എസ്സിന്റെ കവിതകൾ. ഇതിനെയൊക്കെ സ്വാംശീകരിക്കുന്ന ബൗദ്ധികമായ ഒരുതലം ശക്തമായി കെ.ജി.എസ്സ് തന്റെ കവിത കളിലൂടെ അനുഭവിപ്പിക്കുന്നു. ജീവിതത്തെ നിശ്ചലമാക്കുന്ന സ്ഥലകാലങ്ങളെ നിർമ്മിക്കുകയല്ല ക്രിയാപരമായ പ്രവൃത്തിയുടെ ഫലം എന്ന രീതിയിൽ തന്റെ ചുറ്റുപാടുക ളെ വിലയിരുത്തി മനുഷ്യനെ വീണ്ടെടുക്കുകയും കണ്ടെടുക്കുകയും ചെയ്യുന്നു. ഓർമ്മയും അനുഭവവും ഭാവനയും മനുഷ്യജീവിതത്തെ വ്യാഖ്യാനിക്കുന്ന സാമഗ്രിയായി കെ.ജി.എസ്സിന്റെ കവിതകളിലുണ്ട്. ഓർമ്മ രണ്ട് തരത്തിൽ പ്രവർത്തിക്കുന്നു. കടന്നുപോയ പ്രതിരോധകാലമായും, കടന്നുപോയ കാലം വിഫലമായിരുന്നോ എന്ന സന്ദേഹാവസ്ഥയിലും. ഇവ രൂപപ്പെടുന്നത് പൂർണ്ണമായും വ്യക്തിചിന്തയുടെ ബോധത്തിൽ നിന്നല്ല. ചുറ്റിലും വരുന്ന മാറ്റങ്ങൾ, വ്യവസ്ഥയുടെ മാറാത്ത അവസ്ഥ എന്നിവയോടുള്ള സാമൂഹികതല വിമർശനസമീപനത്തിൽ നിന്നാണ്. സങ്കീർത്തനരൂപത്തിലല്ല അവ നിലനിൽക്കുന്നത്, വിമോചനവാഞ്ഛയുടെ ഇച്ഛാപരമായ ആവേശത്തിലാണ്. ഇതേ സമയം തന്റെ ഗ്രാമവും ബാല്യവും അതിന്റെ പരിവർത്തനവും പറയുന്ന ഗൃഹാതുരത്വ ത്തിന്റെ സവിശേഷ ആഖ്യാനവും ഇക്കവി പുലർത്തുന്നു. കവിത സാമൂഹികമാറ്റത്തിനും വിമോചനത്തിനുമുള്ളതാണ് എന്ന തീവ്രകാല്പനിക സ്വഭാവത്തിന്റെ സവിശേഷ സാന്നിധ്യം ഇദ്ദേഹത്തിന്റെ കവിതകൾക്കുണ്ട്. സാമൂഹികമാറ്റത്തിന് കാരണമാകുന്ന മുന്നേറ്റങ്ങളെ വാഴ്ത്തുക, അധികാര സ്ഥാപനങ്ങളോട് വിയോജിക്കുക, സ്വത്വപരമായ ഇച്ഛകൾ സാമൂഹികതാല്പര്യങ്ങളുമായി ബന്ധിപ്പിക്കുക, നാഗരികതയുടെ ജീർണ്ണപരിസരവും മലിനമാകുന്ന ജീവിതമൂല്യങ്ങളും പൂരകമായി അതിജീവനത്തിനുള്ള വാക്കും മനസ്സുമായി ഗ്രാമത്തെ രൂപപ്പെടുത്തുക എന്നിവ കെ.ജി.എസ്സിന്റെ കവിതകളിൽ കാണുന്നു. ഇവ കാൽപ്പനിക ചരിത്രത്തിന്റെ നിർണ്ണായക സ്വഭാവ ഘടകങ്ങളുമായിരുന്നു. ആദ്യകാല കവിതയായ 'വൃക്ഷ'ത്തിൽ കാൽപ്പനികതയുടെ പ്രകടമായ സാന്നിധ്യമുണ്ട്. ''1969ൽ പ്രസിദ്ധീകരിച്ച 'വൃക്ഷം' എന്ന കവിതയിൽ മലയാള കാൽപ്പനിക കവിതാപാരമ്പര്യം വളർത്തിയെടുത്ത പ്രതീകഭാഷയുടെ സവിശേഷതകൾ മുഴുവൻ കാണാം.'' (കെ.എം. നരേന്ദ്രൻ, കെ.ജി.എസ്. കവിതകൾ, പുറം 17)

*"താരാവൃതരജനികണക്കെ*
*താരാർന്നെഴുമൊരുവൻതരുവുണ്ടെൻ*
*ശോകശ്യാമ മനസ്സിൽ" (വൃക്ഷം)*

എന്നെഴുതുമ്പോൾ മലയാളകാൽപ്പനിക കാവ്യചരിത്രത്തിന്റെ പാരമ്പര്യത്തെ അതിന്റെ എല്ലാ അർത്ഥമാനത്തോടും പിന്തുടരുന്നുണ്ട്. എന്നാൽ, ഇത് പ്രച്ഛന്ന കാൽപ്പനികതയി ലേക്ക് വഴുതിവീഴാതെ മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളുടെ ആന്തരികതലങ്ങളെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഗാഢമായി ഏറ്റുവാങ്ങി വികസിക്കുകയാണുണ്ടായത്. കാല്പനിക ഘടകങ്ങൾ കെ.ജി.എസിന്റെ കവിതകളിൽ മാനവിക പുരോഗതിയുടെ ഇച്ഛ എന്ന അർത്ഥത്തിൽ സാമൂഹികതലങ്ങളുമായി ഏറ്റുമുട്ടിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. നഗരത്തെക്കുറിച്ചു പറയുമ്പോഴും ചരിത്രത്തെക്കുറിച്ചു പറയുമ്പോഴും പ്രത്യയശാസ്ത്ര പരിണാമദശകളെ ക്കുറിച്ചു പറയുമ്പോഴും ഇത് വ്യക്തമാകുന്നു. ഗ്രാമം, വീട്, ബന്ധുത്വം, ഗ്രാമഭൂമിശാസ്ത്രം എന്നിവ കാൽപ്പനിക മനസ്സിന്റെ വ്യക്തിപരതയെ മാത്രം കേന്ദ്രീകരിക്കുന്നതല്ല. സമൂഹിക സാഹചര്യങ്ങളുമായി ഇഴുകി ബഹുതലസ്പർശമായ മനുഷ്യവിചാരശേഷിയിലേക്ക് അവ വിലയിക്കുന്നു.

ചരിത്രം, മിത്ത്, നഗരം, ഗ്രാമം, അധികാരം എന്നിവ വിമോചന ജീവിതനിലവാര ത്തോടെ വീണ്ടെടുക്കാനുള്ള കാവ്യസാമഗ്രികളായാണ് കെ.ജി.എസ്സിൽ ഉള്ളത്. കാൽപ്പനി കത ഭാവുകത്വവും പ്രസ്ഥാനവുമായി മാറിയതിനു പിന്നിൽ മനുഷ്യന്റെ വിമോചനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നിരാസവും ഇച്ഛകളും ഒപ്പം മനുഷ്യൻ ജീവിതത്തിന്റെ കേന്ദ്ര സ്ഥാനത്തു വരുന്ന സാഹചര്യവുമുണ്ടായിരുന്നു. കെ.ജി.എസ്സും കവിതയുടെ കേന്ദ്ര സ്ഥാനത്തു മനുഷ്യനെ നിർത്തി അവന്റെ രാഷ്ട്രീയബോധത്തെയും സ്വാതന്ത്ര്യത്തേയും സാമൂഹികവ്യവസ്ഥയുടെ അക്രമങ്ങൾക്കെതിരെ ജാഗ്രത്താക്കുന്നു. കാലികമായ ജീവിതാവസ്ഥകളുടെ ദാരുണവ്യഥകൾ മനസ്സിലാക്കി ജീവിതത്തെ വിഴുങ്ങുന്ന അധാർമ്മിക ചുറ്റുപാടുകൾക്കെതിരെ കവിതയെ സജ്ജമാക്കുമ്പോഴും നഗരത്തെയും ഗ്രാമത്തെയും അതിന്റെ സംഘർഷത്തോടു കൂടി വിശദീകരിക്കുമ്പോഴും കാൽപ്പനികത വ്യക്തിപരതയിൽ നിന്നുമാറി സാമൂഹികമായ ബോധതലമായി വിപുലപ്പെടുന്നു.

കെ.ജി.ശങ്കരപ്പിള്ളയിൽ ആത്മനിഷ്ഠത ആത്മപ്രകാശനമായി നിൽക്കുന്നു. പക്ഷെ അതു കേവലവിഷയാത്മകമായ അന്തരീക്ഷത്തെയല്ല അഭിസംബോധന ചെയ്യുന്നത്. സാമൂഹികസത്തയുമായി ബന്ധപ്പെട്ടു വ്യക്തിസ്വത്വത്തിനുണ്ടാകുന്ന പ്രതിപ്രവർത്തന മായാണ് ഉണ്ടാകുന്നത്. അതുകൊണ്ടു തന്നെ പൊതുജീവിതത്തിൽ ഇടപെട്ടുകൊണ്ട് വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞു വിലയിരുത്തുന്ന ബന്ധമുണ്ട്. അതിനാൽ കെ.ജി.എസ്സിന്റെ കവിതകളിലെ ആത്മനിഷ്ഠത സാമൂഹിക പൊതുമേഖല കളെ വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളിൽ ഉൾക്കൊണ്ടു കൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്നു. ആത്മനിഷ്ഠത സ്വത്വപരമായ ഏകാന്തതയായോ തടവറയായോ കാണുന്നില്ല. ആത്മ നിഷ്ഠതയുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാണ് അധികാര സ്ഥാപനങ്ങൾ. ഇത്തരം അധികാര സ്ഥാപനങ്ങളെ തിരസ്കരിക്കുന്ന പ്രവണത സാമൂഹിക പുരോഗതിയെ മുൻനിർത്തി കെ.ജി.എസ്സിൽ രൂപപ്പെടുന്നു. അത് വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷത്തിന്റെ ഫലമാണ്. ഇവിടെ ഈ സംഘർഷം വ്യക്തി എന്ന നിലയിൽ തീവ്രവിഷാദത്തിലേക്കോ സ്വയം സൃഷ്ടിക്കുന്ന ഏകാന്തവൽക്കരണത്തിലേക്കോ എത്തുന്നില്ല. അവയെ അകറ്റി സമൂഹവും താനും ഒന്നാണെന്ന സുനിശ്ചിതബോധത്തിൽ നിരസിക്കുവാനും വിമർശിക്കുവാനുമുള്ള സ്ഥലം എന്ന രീതിയിലാണ് ആത്മനിഷ്ഠത കെ.ജി.എസ്സിൽ നിൽക്കുന്നത്. വിശ്വമാനവികതയോട് അലിവുണ്ടാകുകയും സാധുജന വിമോചനം അനിവാര്യമായും ഉണ്ടാകേണ്ട ബോധവുമായാണ് ആത്മനിഷ്ഠത

കെ.ജി.എസ്.കവിതകളിലുള്ളത്. ആദ്യകാലകവിതകളിൽ ഏറ്റവും ശ്രദ്ധേയമായ 'ബംഗാൾ' എന്ന കവിതയിൽ ആത്മശൈഥില്യത്തിന്റെ ഉപരിവർഗ്ഗബോധം വിപ്ലവപൂർവ്വ കാലവുമായി ബന്ധപ്പെട്ട് വ്യാഖ്യാനിക്കുന്നതാണ്. അതായത് വിപ്ലവം ഉണ്ടാകുന്നതിനു മുമ്പ് അതിന് ഇഷ്ടമില്ലാത്ത ഉപരിവർഗ്ഗബോധത്തെ അത് ശിഥിലമാക്കുകയും വേഗത്തിൽ അധീശപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഒരു പരികല്പനയിൽ നിന്നുകൊണ്ടാണ് ഇതിഹാസ കഥാപാത്രമായ ധൃതരാഷ്ട്രർ, സഞ്ജയൻ എന്നിവരുടെ മഹാഭാരതയുദ്ധ സന്ദർഭത്തിലെ സംവാദപരിസരത്തു നിന്നു കൊണ്ട് സമകാലീന വിപ്ലവദേശത്തിന്റെ അവസ്ഥകളെ വീണ്ടെടുക്കുന്നത്. കവിത അവസാനിക്കുന്നത്,

"സഞ്ജയാ, എന്താണവിടെ നടക്കുന്നത്

എന്താണ് എന്താണ്?"

എന്ന ധൃതരാഷ്ട്രരുടെ ആശങ്കാകുലമായ മനഃസ്ഥിതി വെളിപ്പെടുത്തിക്കൊണ്ടാണ്. ഈ ആശങ്കയുടെ ഉറവിടം കാലിക ജീവിതത്തിലെ വിപ്ലവ സ്ഥലകാലങ്ങളാണ്. സമൂഹവുമായി തന്റെ രാഷ്ട്രീയബോധം വർഗ്ഗബോധമായി വികസിച്ച് മനുഷ്യജീവിതത്തെ നോക്കുന്നത് ധൃതരാഷ്ട്രരിലൂടെയും സഞ്ജയനിലൂടെയും വികസിപ്പിക്കുന്നു. സ്വത്വപരമായി ഇതിഹാസത്തിൽ ദുരന്താന്തരീക്ഷം പേറുന്ന കഥാപാത്രങ്ങളാണ് സഞ്ജയനും ധൃതരാഷ്ട്രരും. അധികാരവുമായി ഏറ്റവും അടുത്തു നിൽക്കുന്നവരായ ഇവർ സ്വാതന്ത്ര്യാനന്തര ഇന്ത്യൻ വിമോചന സ്ഥലകാലങ്ങളുമായി ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങളെ കാണുമ്പോൾ അധികാരത്തിന്റെ അന്ധത അതിനെ നിരസിക്കുന്നു. ധൃതരാഷ്ട്രരുടെ മനസ്സിലൂടെ കടന്നുപോകുന്നതും കാര്യങ്ങളെ അറിയുവാൻ ആഗ്രഹിക്കുന്നതുമായ ജിജ്ഞാസ ഭരിതമായ ബോധം കവിയുടേതു കൂടിയാണ്. പ്രതിഷേധം രൂപപ്പെടുന്ന സ്ഥലങ്ങൾ അമർച്ച ചെയ്യുവാനും അവിടെ അധികാരം മനഃപൂർവ്വം ഒരു ഭൂപ്രദേശം തന്നെ പൊതുബോധത്തിൽ നിന്നും മറച്ചുപിടിക്കാനും ശ്രമിക്കുന്നു. അത്തരം ഒരവസ്ഥയെ ആവിഷ്കരിക്കുന്ന തലത്തിൽ നിന്നാണ് കവിതയുടെ ആരംഭം.

*"ബംഗാളിൽ നിന്ന് ഒരു വാർത്തയുമില്ല.*
*ബംഗാളിൽനിന്നുമാത്രം*
*യാതൊന്നുമറിയുന്നില്ല*
*യാതൊന്നും*
*ഒന്നും(ബംഗാൾ)*

ധൃതരാഷ്ട്രരുടെ ചരിത്രപരമായ അധികാരമോഹത്തിൽ നിന്ന് സാമൂഹിക കാഴ്ചയുടെ യാഥാർത്ഥ്യങ്ങളിലേക്ക് പിന്നീട് കവിത വികസിക്കുന്നു. 'ബംഗാളിൽ' ഉള്ളവരെല്ലാം തന്റെ ബന്ധുക്കളാണ്. ഒപ്പം കവിയുടേയും അവിടെ വാക്ക് വിഷപ്പൊതികളാണ്. 'മന്ദഹാസ' ത്തിൽ പതിയിരിക്കുന്നത് 'ദംഷ്ട്ര'കളാണ്. ഇങ്ങനെ അതിക്രൂരമായ ഒരു കാലത്തെ ഇന്ത്യൻ സാമൂഹികാന്തരീക്ഷത്തിന്റെ പരിച്ഛേദമുണ്ട്. ഇവിടെ അപ്പോഴും പ്രതീക്ഷയുടെ ഒരു കണമായി പുത്തൻപാട്ട് കേൾക്കുന്നു. അതിൽ 'തീ'യുണ്ട്. കവിതയിൽ സഞ്ജയൻ പ്രതിനിധീകരിച്ചു കൊണ്ടു വെളിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളെ ഭയത്തോടെ കാണുന്ന

ധൃതരാഷ്ട്രർ ഇനി വരുന്ന കാലം എന്റെ മക്കളെ മുള്ളുമരങ്ങളിൽ കുരുക്കിൽ തൂക്കുമെന്നും മുക്കുവന്റെ വലയിൽ തന്റെ തല കൊരുത്തെടുക്കുമെന്നും വിചാരിക്കുന്നു. അതുകൊണ്ട് അന്ധനായിരിക്കുവാൻ ഇഷ്ടപ്പെടുന്നു. നിഷ്ഠൂരമാകുന്ന ജീവിതാവസ്ഥകളെ കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ട് പ്രതിരോധിക്കുന്ന ഉപരിവർഗ്ഗ ദുർബ്ബലവ്യാമോഹത്തെ പ്രതിനിധീകരിക്കുന്ന ഒരു മനസ്സ് ധൃതരാഷ്ട്ടരുടെ പ്രതീകത്തിലൂടെ വെളിപ്പെടുത്തുന്നു.

ബംഗാളിൽ നിന്ന് ഒന്നും അറിയുന്നില്ല എന്ന് പറയുമ്പോഴും അധികാരിവർഗ്ഗത്തെ അസ്വസ്ഥമാക്കുന്ന ഒരറിവുണ്ട്. അത് ബോംബും ലോക്കപ്പും പട്ടിണിയും നിറയുന്ന കലാപാന്തരീക്ഷമാണ്. ഇത് മനുഷ്യജീവിതത്തിനു വേണ്ടിയുള്ളതാണ്. അധികാരവർഗ്ഗം തമസ്കരിക്കുന്ന സാമൂഹിക ഇച്ഛകളെ യാഥാർത്ഥ്യബോധത്തിന്റെ ഉൾക്കാഴ്ചയോടെ വിശദീകരിക്കുന്ന ഒരു മനുഷ്യേച്ഛയുടെ സമരസാന്നിധ്യമുണ്ട്. ഇവിടെ അതാണ് സഞ്ജയൻ കാണുന്ന കാഴ്ചകളും ജീവിതവും നിലനിൽക്കുന്ന ജീവിതാവസ്ഥയുടെ ബോധമാക്കിത്തീർക്കുന്നത്. ഈ ബോധം കവിയുടെ തന്നെ രാഷ്ട്രീയ അസ്തിത്വ താൽപ്പര്യമാണ് ആ അസ്തിത്വം ചുറ്റുപാടുകളോട് സന്ധി ചെയ്യുന്ന ബലഹീനമായ രാഷ്ട്രീയ അസ്തിത്വമല്ല. അത് മനുഷ്യസ്വാതന്ത്ര്യത്തെയും ജീവിതത്തെയും നിഷേധിക്കുന്ന ദുഷിച്ച അധികാര അന്ധകാരത്തിനെതിരെ പ്രതിരോധം എന്ന രീതിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പ്രവണതയാണ്.

'ബംഗാളി'ൽ ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിച്ചറിയുവാൻ ശ്രമിക്കുന്ന സ്ഥലവും അവസ്ഥയുമുണ്ട്. എന്നാൽ സഞ്ജയൻ അതേപ്പറ്റി ഒന്നും പറയുന്നില്ല. ഈ മൗനം അർത്ഥവത്തായ മൗനമാണ്. അതു വാസ്തവത്തിൽ നമ്മുടെ തന്നെ അല്ലെങ്കിൽ ഒരു ജനതയുടെ തന്നെ മൗനമാണ്. ഉപരിവർഗ്ഗ അധികാര പ്രതിനിധി എന്ന നിലയിൽ ധൃതരാഷ്ട്രർ നിരസിക്കുന്ന നിസ്വജനതയുടെ ഇരമ്പം കേൾക്കുന്നത് ദുസ്സഹതയോടെയാണ്. ഒരു പക്ഷേ മധ്യവർഗ്ഗത്തിൽ രൂപപ്പെടാവുന്ന ഈ അധികാരരൂപം അതായത് അത് നമ്മിൽത്തന്നെ ഉള്ളതാണ്. ചരിത്രപരമായ വ്യക്തിത്വവും അതിനാൽത്തന്നെ അതിലുണ്ട്. നമ്മുടെ തന്നെ അധികാരഗർവ്വിന്റെ ഈ പൂർവ്വമൂർത്തിയെ ഇല്ലാതാക്കി വേണം നമുക്ക് പുതുജീവിതത്തിലേക്ക് കടക്കുവാൻ. അതായത് ധൃതരാഷ്ട്ടരുടെ കർതൃത്വവും അദ്ദേഹം കാണാനാഗ്രഹിക്കുന്ന അവസ്ഥകളും ഇഴപിരിയാതെയാണ് കിടക്കുന്നത്. ഇതിനെ വ്യവച്ഛേദിച്ച് നമ്മിൽത്തന്നെ ഒളിഞ്ഞിരിക്കുന്ന ധൃതരാഷ്ട്ടേ കർതൃത്വത്തെ ഇല്ലാതാക്കി വിമോചനത്തിലേക്ക് കടക്കുക. അതായത് ഇത് ഒരേസമയം ആത്മസമരവും ഒപ്പം വർഗ്ഗസമരവും ആണ്. ആത്മസമരം എങ്ങനെ വർഗ്ഗസമരമായി രൂപപ്പെടണമെന്നും അതിന്റെ പര്യാപ്തതയിലേക്ക് സ്വയം എത്തുവാനും സമൂഹത്തെ എത്തിക്കുവാനുമുള്ള സാഹചര്യമായാണ് ധൃതരാഷ്ട്രർ ഇതിൽ അടയാളപ്പെടുന്നത്. മൗനമായി നിൽക്കുന്ന സഞ്ജയൻ ഒരു തികഞ്ഞ ശ്രോതാവാണ് ഈ കവിതയിൽ. ആ ശ്രോതൃത്വം കവി ആരോപിക്കുന്നത് പൊതുബോധത്തിലാണ്. ധൃതരാഷ്ട്ടരുടെ ചിന്തകളിലും വചനങ്ങളിലും കവിതയുടെ തന്നെ ഉപരിവർഗ്ഗ വിമർശനത്തിന്റെ സാന്നിധ്യമുണ്ട്. ആ വിമർശനം സാമൂഹിക സാധ്യമാക്കുന്നിടത്ത് വർഗ്ഗപരമായ സമരത്തിന്റെ ആവശ്യകതയെ ധ്വനിപ്പിക്കുന്നു. ഇങ്ങനെ ജനതയും ചരിത്രവും അധികാരവും

കോർത്തിണക്കി സാമൂഹികമൂല്യത്തെയും ജീവിതത്തെയും അവതരിപ്പിക്കുകയാണ് ഇക്കവിതയിൽ.

'ബംഗാളി'നെ തുടർന്നു വന്ന 'ആനന്ദ'നിലും ആത്മനിഷ്ഠത സാമൂഹിക വ്യാപ്തിയിലേക്ക് വിലയിക്കുന്നു. ആനന്ദൻ ഇന്ന് കടന്നുവരുന്നത് പണ മുതലാളിത്തം സൃഷ്ടിച്ച ആവാസ വ്യവസ്ഥയുടെ പരിസരത്തിലേക്കാണ്. ജീവിതമൂല്യങ്ങൾ നിരസിക്കപ്പെട്ട് ഭ്രാന്തമായ ഭൗതികഭോഗങ്ങളുടെ വിഷം പുരണ്ട ചുറ്റുപാടുകളെ അഭിസംബോധന ചെയ്യുവാൻ ആനന്ദന് സാധ്യമല്ല. ജീവിക്കുവാൻ അന്ന് ഏകകർതൃത്വമായിരുന്ന രാജാവിനെയോ നാടുവാഴിയെയോ കീഴടക്കിയാൽ മതിയായിരുന്നു. സാഹചര്യം മാറി. ബഹുകർതൃത്വമാർന്ന മുതലാളിത്ത സ്ഥലങ്ങളായി ഇന്ന് ലോകം മാറിയിരിക്കുന്നു. വലിയ സമരം അനിവാര്യമാണ്. ജീവൻ അപായപ്പെടുന്ന ഒരു കാലമാണിത്.

*"ആനന്ദൻ, നിങ്ങൾ ആനന്ദവാന്മാർ,*
*കഴുമരങ്ങളും ഗോപുരങ്ങളും പോലെ, ഒരേസമയം*
*ഞങ്ങൾക്കടുത്തും അകലെയുമാണ്.*
*പണ്ടും ഇന്നും പോലെ, അഭിമുഖമായ ഈ നിലപോലെ.*
*ഞങ്ങളുടെ വിശപ്പിൽ, കണ്ണുനീരിൽ,*
*നിന്റെ പതിനാറായിരത്തെട്ടുപാപ്തിക്കുട്ടിമാരിൽ*
*വിയറ്റ്നാമിന്റെ മുകളിൽ തുറന്ന മൂന്നാംകണ്ണിൽ,*
*എവിടെയും നിങ്ങൾ ആനന്ദന്മാരാണ്.*
*ആനന്ദൻ, നീമറന്നു പോയിട്ടുണ്ടാവും:*
*ഇവിടടുത്താണ് സത്യലോകം. (ആനന്ദൻ)*

തീവ്രമായ സാമൂഹികബോധത്തിന്റെ ഉല്പന്നമാണ് ഈ വെളിപ്പെടുത്തൽ. അടിച്ചമർത്തപ്പെടുന്ന നിസ്വവർഗ്ഗത്തിന്റെ പ്രതിനിധിയാണു ഞാൻ എന്ന സ്വയം പ്രകാശനം ഇവിടുണ്ട്. സാർവദേശീയമായ മാനുഷിക നീതിയെ കാംക്ഷിക്കുന്ന മനസ്സും ഈ കവിതയിലുണ്ട്. സംവാദരൂപത്തിൽ വികസിക്കുന്ന ഈ കവിതയിൽ 'ഇവിടടുത്താണ് സത്യലോകം' എന്നു പറയുന്നു. അത് അതീന്ദ്രിയവും അലൗകികവുമായ ഒരു ലോകമല്ല. ഭൗതികവും സ്വാതന്ത്ര്യേച്ഛയുമുള്ള സമരമുഖമാണ്. സത്യം വിമോചനവും വാക്കുമാണെന്ന് കവി പറയുന്നു. മറ്റൊരു ലോകം ഇല്ല. ഇവിടെ സത്യലോകം എന്നുപറഞ്ഞുകൊണ്ട് യാഥാർത്ഥ്യലോകത്തെ നിലനിർത്തി ആത്മീയപാരമ്പര്യം ഉണ്ടാക്കിയ സാങ്കല്പിക സുഖലോകത്തെ അട്ടിമറിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സാഹചര്യത്തിൽ ഉണ്ടായ ചരിത്രപരമായ പരിവർത്തനവും ഇതിൽ വിശദീകരിക്കുന്നു.

*"ഇവിടെത്തന്നെകാണാം:*
*വെടിയേറ്റു ചിതറിപ്പോയ ഗാന്ധിയുടെ ഓരോ തുണ്ടും*
*ഓരോ വെള്ളപ്രേതമായിത്തുള്ളുന്നു.*
*പാലം കടക്കുമ്പോൾ ഒന്ന് മറ്റൊന്നിനെ*
*കായലിലേക്ക് തള്ളുന്നു." (ആനന്ദൻ)*

നമ്മുടെ തകർന്ന ചുറ്റുപാടുകളുടെ മാത്രമല്ല ചരിത്രപ്രയത്നത്തിന്റെ അനീതിവൽക്കരണം പോലും ഇവിടെ വെളിപ്പെടുത്തുന്നു. വ്യക്തിനിഷ്ഠമായി ഭൂതകാലത്തിലേക്കു നോക്കി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ഇച്ഛാസ്വരൂപമായിത്തീർന്ന ഗാന്ധി എന്ന വ്യക്തിക്കും ദർശനത്തിനും മൂല്യത്തിനും ഉണ്ടായ ഇടിവ് ആത്മനിഷ്ഠമായാണ് ഇവിടെ വിലയിരുത്തപ്പെടുന്നത്. ഈ വിലയിരുത്തലിൽ പ്രകടമാകുന്ന മറ്റൊരുതലം ചരിത്രപരമായി അതിനു വന്ന വിരുദ്ധസ്വഭാവവുമാണ്. ഇവിടെ ഉണ്ടാകുന്ന ഈ വിരുദ്ധതയിൽ വിഷാദവും രേഖപ്പെടുത്തുന്നുണ്ട്. ഇത് പോയ കാലത്തെ സ്വാതന്ത്ര്യം എന്ന സങ്കല്പനത്തിന്റെ ജീർണമായ അവസ്ഥയും അതിന്റെ പ്രയോക്താവ് എന്ന നിലയിൽ വാഴ്ത്തപ്പെട്ട കർതൃത്വത്തിന് ഉണ്ടായ തകർച്ചയുമാണ്. ഈ കാഴ്ച ആത്മനിഷ്ഠമായ പ്രേരണയിൽനിന്നും ഉണ്ടാകുന്ന ബോധമാണ്. അത് വിഷാദമായിട്ട് പരിണമിക്കുകയില്ല. സാമൂഹിക, ചരിത്ര വിമർശനശേഷിയായി ഉണരുകയാണ് ആനന്ദനിൽ. ബൗദ്ധസാന്നിധ്യമായി ആനന്ദനെകൊണ്ടു വന്ന് കാട്ടിത്തരുന്ന സ്ഥലങ്ങൾ നരഹത്യകളും നീതിരഹിതമായ ജീവിത വ്യവസ്ഥകളും നിറഞ്ഞ ജീവിതാന്തരീക്ഷത്തിലാണ്. ചരിത്രപരമായി അഹിംസാവാദി ഹിംസയുടെ സാന്നിധ്യം കൊണ്ട് അലംകൃതമായ സാമൂഹിക നടുവിൽ ഇതൊരു വിരുദ്ധോക്തിയാണെങ്കിലും നിലനിൽക്കുന്ന അവസ്ഥ ഇതാണെന്ന് പറയുന്ന യാഥാർത്ഥ്യബോധമുണ്ട്. ഭാവനയെയും യാഥാർത്ഥ്യവൽക്കരിക്കുന്ന അനുഭവലോകത്തെയും കുറിച്ച് പറയുവാനാണ് ഈ കവിക്ക് ഏറെ താല്പര്യം എന്ന് ഇത് സ്പഷ്ടമാക്കുന്നു. ചരിത്രപരമായ ഒരു വ്യഥ ഈ കവിതയിലുണ്ട്. അത് തീവ്രമായ വിഷാദത്തിലേക്ക് ചുരുങ്ങാതെ അതിന്റെ നിവർത്തിക്കായി ആത്മസാന്നിധ്യം കൊണ്ട് ബലപ്പെടുകയാണ് ചെയ്യുന്നത്.

നമ്മുടെ ബോധവും യുക്തിയും ഇല്ലാതാക്കുന്ന അനുഭവലോകത്തെക്കുറിച്ച് ഇക്കവി ബോധവാനാണ്. ചോദ്യം ചെയ്യാനുള്ള ത്രാണി ഇല്ലാതാകുന്നതിനെക്കുറിച്ചും അധികാര സാമൂഹിക പൊതുബോധത്തിൽ ഭീരുത്വം നിലനിർത്തുന്നതിനെക്കുറിച്ചും ഉത്കണ്ഠാകുലനാകുന്നു. ചുറ്റുപാടിന് നമ്മെത്തന്നെ തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതു തിരിച്ചറിയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്ന നിലപാടാണ് കെ.ജി.എസിനുള്ളത്.

*"കൂട്ടുകാരാ, നമ്മെത്തന്നതിന്*
*നമ്മുടെ മസ്തിഷ്കത്തിൽ*
*ചെളിവെള്ളത്തിൽ ഒരു മുതലവളരുന്നു." (കഷണ്ടി)*

നിർമ്മാണപരമായ ഇച്ഛാശക്തി സാമൂഹിക പുരോഗതിയുടെ മാനങ്ങളെ സ്പർശിക്കണമെങ്കിൽ യുക്തിയും നമ്മത്തെന്നെ നാമറിയുന്ന അവസ്ഥയും ഉണ്ടാകണം. 'മനുഷ്യൻ' എന്ന സ്വത്വത്തിന്റെ സർവതലമായ അർത്ഥങ്ങളെയും മാനിച്ചു കൊണ്ടാണ് ഇവിടെ ഈ അഭിപ്രായം മുന്നോട്ടുവയ്ക്കുന്നത്. അധീശത്വത്തിന്റെയും പണമുതലാളിത്തത്തിന്റെയും യുക്തിഭംഗത്തിന്റെയും ബിംബമായാണ് 'കഷണ്ടി' എന്ന കവിതയിൽ മസ്തിഷ്കത്തെ ആക്രമിക്കുന്ന മുതലയെ ആവിഷ്കരിക്കുന്നത്. യുക്തിയെ നിരുത്സാഹപ്പെടുത്തുന്ന പ്രവണത നമ്മോടൊപ്പം തന്നെ നമ്മുടെ ചുറ്റിനും സജ്ജമാക്കപ്പെടുന്നുണ്ട്. കിട്ടുന്ന

വ്യാജസംതൃപ്തികളിലും വ്യാജധൈര്യത്തിലും പെട്ട് നാം നമ്മുടെ ചരിത്രത്തെയും നമ്മെത്തന്നെയും യാതൊരു ദയുമില്ലാതെ മറക്കുകയാണ്. ഓരോർമ്മപ്പെടുത്തൽ എന്നവണ്ണം നൽകുന്ന ഈ അറിവുകൾ ആത്മനിഷ്ഠമാണ്. സാമൂഹികതലത്തിൽ നിന്നും ആർജിച്ച അനുഭവങ്ങളുടെ സാക്ഷ്യപത്രം കൂടിയാണിവ. അതുകൊണ്ടു തന്നെ ഈ അവസ്ഥക്ക് മാറ്റംവരണം എന്ന ചിന്തയും വ്യക്തിനിഷ്ഠമാണ്. എന്നാൽ അത് വ്യക്തിയിൽ നിന്നും വേർപെട്ട് സാമൂഹിക ആവശ്യമായി പരിണമിക്കുന്നുണ്ട്. 'കൂട്ടുകാരാ' എന്ന അഭിസംബോധന തന്നെ ഇത് സൂചിപ്പിക്കുന്നു. അപരനു വേണ്ടിയാണ് ഈ അറിവുകൾ കവി പകരുന്നത്. കൂട്ടുകാരൻ അഥവാ അപരൻ സമൂഹം തന്നെയാണ്. നിശ്ശബ്ദനാകുന്ന നിശ്ശബ്ദമാക്കപ്പെടുന്ന ഒരു സമൂഹത്തെക്കുറിച്ചുള്ള ആശങ്ക വ്യക്തിപരമായിത്തന്നെ ഈ കവിയെ വേട്ടയാടുന്നുണ്ട്. 'നിശ്ശബ്ദത' നിർമ്മിക്കുന്നത് ചുറ്റുപാടാണ്. അതിനെ ചുറ്റുപാടിനും നിർമ്മിക്കുന്നത് വിവിധ അധികാരബോധങ്ങളും. ഈ നിശ്ശബ്ദത വ്യക്തി പരമായും സാമൂഹികപരമായും അപകടകരമാണ്. കുട്ടിക്കാലം മുതലേ നിശ്ശബ്ദത നമ്മെ പിന്തുടരുന്നുണ്ട്. പക്ഷേ അത്കഠിനമാകുന്നത് സാമൂഹികബോധനിലവാരത്തിനു ശേഷവും ക്രൂരതയും അനീതിയും നിറയുമ്പോഴും നിശ്ശബ്ദരാകുമ്പോഴാണ്.

*"കുട്ടിക്കാലത്ത്*
*വിജനമായ തറവാട്ടിൽ സന്ധ്യാനേരത്ത്*
*ഞാൻ ഒറ്റയ്ക്കിരുന്നിട്ടുണ്ട്.*
*മുറ്റത്തുറങ്ങുന്ന പട്ടിയായിരുന്നു*
*അന്നെനിക്കു നിശ്ശബ്ദത*
*കീഴ്ജാതിക്കാരനെ പ്രേമിച്ചതിന്*
*വീട്ടുതുറുങ്കിലായ ചെറിയമ്മയായിരുന്നു*
*അന്നെനിക്കു നിശ്ശബ്ദത.*
*പൂവുകൾകരളുന്ന പുഴുവായിരുന്നു*
*അന്നെനിക്കു നിശ്ശബ്ദത.*
*പരലോകത്തു നിന്നുപറന്നുവരുന്ന കടവാതിലായിരുന്നു*
*അന്നെനിക്കു നിശ്ശബ്ദത*
*നിലാവിൽ, മന്ദാരത്തിന്റെ നിഴലായിരുന്നു*
*അന്നെനിക്കു നിശ്ശബ്ദത"* *(നിശ്ശബ്ദത)*

നിശ്ശബ്ദതയുടെ കുട്ടിക്കാലത്തെ സാമീപ്യം സൗമ്യവും നിഷ്കളങ്കവുമായിട്ടാണ് കവി വിവരിക്കുന്നത്. ഈ നിഷ്കളങ്കത പിൻതുടരുന്നത് അഭികാമ്യമല്ല. കാരണം വ്യവസ്ഥ ലംഘിച്ച് പ്രേമിക്കുന്നതിന് ഒരുപക്ഷേ അയാളും തുറുങ്കിലടയ്ക്കപ്പെടാം എന്ന ദുരന്ത ത്തിന്റെ തുടർച്ച അവിടെയുണ്ട്. ഈ നിശ്ശബ്ദതയെ ഭഞ്ജിക്കുമ്പോൾ കൊല്ലപ്പെട്ടേക്കാം. പക്ഷേ ആ മരണം സമൂഹനിർമ്മാണത്തിന്റെ ഉർവരതയാണ് എന്ന ബോധമാണ് 'നിശ്ശബ്ദത' എന്ന കവിതയിൽ അവതരിപ്പിക്കുന്നത്. നിശ്ശബ്ദതയുടെ അന്വേഷണമാണ് കവിതയെങ്കിൽക്കൂടി തന്നിൽ താൻ തന്നെ അന്വേഷിക്കുന്ന നിശ്ശബ്ദതയുടെ സ്ഥല കാലങ്ങൾ വിവരിക്കുക വഴി ആത്മനിഷ്ഠമായ ഒരവലോകനശേഷി ഈ കവിത

ഉണർത്തുന്നു. പിന്നീട് 'നിശ്ശബ്ദത'യുടെ പരിണാമത്തിൽ ബഹുതലമായ സാമൂഹിക അനീതികൾക്കെതിരെ നിശ്ശബ്ദത ശബ്ദമാകുമ്പോൾ 'ഞാൻ ജീവിച്ചിരിക്കുന്നു' എന്ന തെളിവും അടയാളപ്പെടുത്തുന്നു.

*"ഇന്നു ഞാനറിയുന്നു:*
*അഭിപ്രായ സ്വാതന്ത്ര്യമുപയോഗിച്ചവന്റെ കസേര*
*അടുത്തദിവസം ശൂന്യമാകുന്ന നിശ്ശബ്ദത.*
*മൂന്നാംദിവസം അവന്റെവീട്ടിൽ*
*മകൻമരിച്ച അമ്മയുടെ നിശ്ശബ്ദത,*
*ഭർത്താവ്മരിച്ച ഭാര്യയുടെ നിശ്ശബ്ദത,*
*മേശപ്പുറത്ത് കാത്തിരിക്കുന്ന*
*കട്ടൻകാപ്പിയുടെ നിശ്ശബ്ദത*
*മുറ്റത്ത്തുള്ളുന്ന ചുവന്നപൂക്കളുടെ നിശ്ശബ്ദത." (നിശ്ശബ്ദത)*

ഒരു ശരാശരി മനുഷ്യന്റെ ജനകീയ പ്രതിരോധത്തിന് പരാജയം സംഭവിച്ചിട്ടില്ല എന്ന വ്യംഗ്യം ഇവിടുണ്ട്. പ്രകടനമായ മരണത്തിന്റെ അവസ്ഥയും മരണംപോലും അനശ്വര മാക്കുന്ന രക്തസാക്ഷിത്വവും നിശ്ശബ്ദതയല്ല, കാലാന്തരത്തോളം വ്യവസ്ഥയ്ക്കെതിരെ ഉയരുന്ന ചോദ്യമാണ്. സമൂഹമധ്യത്തിലെ ജീവിതപ്രതിരോധത്തിന്റെ ഉപകരണമാണ് അത്. അതുകൊണ്ട് അതിനു ചെറുത്തുനില്പിന്റെ രാഷ്ട്രീയ സർഗ്ഗാത്മക ആർജ്ജവമുണ്ട്. ഈ ആർജവമാണ് രക്തസാക്ഷിത്വം. വെറും മരണമല്ലാതെ ഒരു പുതിയ കാലത്തിന്റെ നിർമ്മിതിക്കുള്ള ഊർജ്ജമായി മാറുന്നു അത്. ഈ വിശ്വാസമാണ് കവിക്കുള്ളത്. 'നിശ്ശബ്ദത' എന്ന കവിതയിൽത്തന്നെ ഇല്ലാതാക്കപ്പെടുമെന്നറിഞ്ഞു കുടുംബം അനാഥമാകും എന്ന് ഓർമ്മിക്കാതെയും സമൂഹജീവിത ഉന്നമനം ലക്ഷ്യമാക്കിമുന്നേറുന്ന ശബ്ദമായി നിശ്ശബ്ദതയെ ലംഘിക്കേണ്ടുന്ന അനിവാര്യത ബോധ്യപ്പെടുത്തുന്നു. സമയ ത്തെ ബിംബവൽക്കരിച്ചു കൊണ്ടാണ് ആ അനിവാര്യത അവതരിപ്പിക്കുന്നത്.

*"നിരാശയുടെ കവലയിൽ*
*പ്രജ്ഞയറ്റ്*
*നിന്നുപോയ നിങ്ങളുടെ*
*വാച്ചുകൾക്ക് കീ കൊടുക്കുവിൻ*
*ഈ നിശ്ശബ്ദ മണിക്കൂറിന്റെ ആഴത്തിൽ*
*വസന്തത്തിന്റെ ഇടിമുഴക്കമുണ്ട്.*
*വിഷസർപ്പങ്ങൾ വിറച്ചടിയട്ടെ,*
*തടവറകൾ പൊട്ടിത്തെറിക്കട്ടെ,*
*ഇലകൊഴിഞ്ഞ ശിഖരങ്ങളിൽ മുഴുവൻ*
*രക്തപുഷ്പങ്ങൾ ആർത്തുണരട്ടെ*
*വിണ്ടുപൊട്ടിയ മരുസ്ഥലങ്ങളിൽ*
*ഉറവകളുടെ പാട്ടുണരട്ടെ.*
*വേഗമാവട്ടെ തുടിമുഴങ്ങട്ടെ*

*നിന്നുപോയ വാച്ചുകളിൽ*
*നേരം ശരിയാക്കുവിൻ" (നിശ്ശബ്ദത)*

പ്രജ്ഞയും യുക്തിയും നിശ്ചലമാക്കപ്പെടുന്ന പരിസരമാണ് ചുറ്റിനുമുള്ളത്. അതിനെ നിരസിച്ച് വർഗ്ഗപരമായി മുന്നേറാനുള്ള മുദ്രാവാക്യ സ്വഭാവം ചരിത്രപരമായ മനുഷ്യ ജീവിതത്തിന്റെ അർത്ഥവും മാനവും മനസ്സിലാക്കി വിളിച്ചുപറയുന്ന വിമോചനമനസ്സ് 'വാച്ച്' എന്ന ബിംബത്തിലൂടെ കവിതയിൽ കാക്കുന്നു. സാമൂഹികജീവിതവുമായി പ്രതിപ്രവർത്തിക്കുന്ന ആഗ്രഹങ്ങളാണ് വ്യക്തിപരമായും കവിക്കുള്ളത്. വ്യക്തിയും സമൂഹവും ഛേദിക്കപ്പെട്ട ദ്വന്ദ്വങ്ങളല്ല. അതിനാൽ ആത്മനിഷ്ഠപരമായ ഈ അറിയിപ്പുകൾ ബഹുതലമായ മനുഷ്യജീവിതത്തെ അഭിസംബോധന ചെയ്യുകയും പ്രതിനിധീകരിക്കു കയും ചെയ്യുന്നു. അധികാരവും സ്ഥാപനവൽക്കരിക്കപ്പെടുന്ന സമൂഹവും ജീർണ മാക്കുന്നത് വർത്തമാനകാലത്തെ മാത്രമല്ല ഭാവികാലത്തെ കൂടിയാണ്. അതുകൊണ്ട് അതിനെയൊക്കെ നിശിതമായി വിമർശിക്കുന്ന കാലസൂചനയായി 'വാച്ചി'നെ അടയാള പ്പെടുത്തുന്നു. ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ ഉണ്ടാകുന്നത് വർത്തമാനകാലത്തിന്റെ നീതി രാഹിത്യത്തിൽ നിന്നാണ്. ഇതിനെ വിവേകബുദ്ധിയോടെ അദ്ദേഹം മനസ്സിലാക്കുന്നു.

രാഷ്ട്രീയം, നിലനിൽപ്പിന്റെ ആവശ്യകതയെ വിളിച്ചറിയിക്കുന്ന അനുഭവമാണ്. അതു കൊണ്ട് അതിന്റെ സത്യസന്ധത നിറഞ്ഞ പ്രയോഗങ്ങളുടെ വാഴ്ത്തൽ ഗാഢമായി നിലനിർത്തുന്നു. അത് ജനകീയ രാഷ്ട്രീയപ്രതിരോധം എന്ന രീതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നതും കെ.ജി.എസിന്റെ കവിതകളിൽ കാണുന്നു. ജീവിതത്തിന്റെ ഏറ്റവും നിസ്സാരവൽക്കരിക്കപ്പെടുന്ന മുഹൂർത്തവും കണ്ടെത്തി ജീവിതത്തിന്റെ മുഖ്യധാരയിലു ണ്ടാവുന്ന മാറ്റവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുന്നു അദ്ദേഹം. അതുകൊണ്ട് മാറിക്കൊണ്ടിരിക്കുന്ന ജീവിതത്തെ സർവ്വതലസ്പർശിയായി അനുഭവിക്കുന്ന ആത്മപരമായ താല്പര്യം കെ.ജി.എസ്സിൽ ഉണ്ട്. 'ഭാവിത്തണൽ' എന്ന കവിതയിൽ അത് വിശദമാക്കുന്നു.

*"എനിക്ക്*
*ലോകാന്തരങ്ങളെ പരിചരിക്കുന്ന*
*ഇതിഹാസമാവേണ്ട.*
*ഉച്ചച്ചൂടിലെ ദാഹനീരായാൽ മതി*
*എന്നെ കോരിയെടുക്കൂ*
*ഏതെങ്കിലും ഒരരുവിയിൽ വിടൂ.*
*വിയർപ്പുപോലെ പൊന്തി*
*വെയിൽപോലെ പാറി*
*കിളിപോലെ പാടി*
*ഏതെങ്കിലുമൊരു മഹാവൃക്ഷത്തിന്റെ വിത്തിൽ*
*ചേക്കേറി*
*ഞാൻ ഭാവിത്തണൽ വിളിച്ചുണർത്തട്ടെ." (ഭാവിത്തണൽ)*

പൊതുകാര്യതയെ സ്വകാര്യതക്ക് കീഴ്പ്പെടുത്തുന്ന സങ്കോചനാത്മകസ്വഭാവമല്ല ഈ വരികളിലൂടെ പ്രകാശിപ്പിക്കുന്നത്. സ്വകാര്യതയെ പൊതുകാര്യതക്ക് കീഴ്പ്പെടുത്തുന്ന പുരോഗമനാത്മക മനസ്സാണ്. ഉച്ചച്ചൂടും അരുവിയും വിയർപ്പും വിത്തും 'ഞാൻ' എന്ന സ്വത്വരൂപവും അനുഭവങ്ങളെ പ്രതിനിധീകരിക്കുന്ന സ്വകാര്യബിംബങ്ങളാണ്. എന്നാൽ അവയെ സാമൂഹികതലവുമായി ഘടിപ്പിച്ച് ഭാവികാലത്തേക്കു കൂടി എത്തിക്കുന്ന ആഗ്രഹമാണ് കാണുന്നത്. അതായത് സ്വകാര്യ ഇച്ഛ സാമൂഹിക ഇച്ഛയായി വിപുലപ്പെടുന്ന അവസ്ഥ. ഇങ്ങനെ ആത്മനിഷ്ഠ വിചാരധാര സാമൂഹിക നിഷ്ഠസ്വഭാവത്തിലേക്ക് ചേരുന്ന പുരോഗമനമായ അന്തരീക്ഷമാണ് കെ.ജി.എസ്സിലുള്ളത്. ആത്യന്തികമായി മാനവികബോധത്തെ വിപുലമാക്കി അതിനെ ബാധിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ ലംഘിച്ച് മനുഷ്യന്റെ ചരിത്രപരമായ വളർച്ചയുടെ സുപ്രധാനഘടകങ്ങളിലൊന്നായ കവിതയെ ഉപകരണമാക്കാനാണ് ഈ കവി ആഗ്രഹിക്കുന്നത്. തന്നെക്കുറിച്ചും കവിതയെക്കുറിച്ചും 'ലോകാന്തത' എന്ന കവിതയിൽ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. കാവ്യരചന തന്നെത്തന്നെ മാത്രമല്ല ഈ ലോകത്തെക്കൂടി അറിയാനും അറിയിക്കാനും ഉള്ളതാണ്. ഒപ്പം മാറ്റിത്തീർക്കുവാനും. അത് ആത്മത്യാഗപരമായ ഒരു സന്നദ്ധത കൂടിയാകുന്നു എന്നും പറയുന്നു.

*"കവിതയുടെ പ്രിസംകട*
*ന്നെത്തുമ്പൊ*
*ഴേകാന്തതയ്ക്കേഴു വർണം*
*ഏതൊരു പ്രിസംകട*
*ന്നെത്തിയോ*
*ഞാനിന്ന്*
*ലോകത്ത്*
*നൂറുനൂറായി*
*ച്ചിതറിവീഴുന്നു." (ലോകാന്തത)*

കവിതയുടെ ശീർഷകം പോലെ ഒരു കവിയുടെ 'പ്രജ്ഞ'ക്ക് പ്രകാശമൂല്യമുണ്ടാകുന്നത് ലോകം അന്ധകാരതുല്യമാകുമ്പോഴാണ്. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള ജീവിതത്തിന്റെ ദിശാസൂചിയാണ് കവിത. ഒരന്ധകാരത്തിനും അതിനെ തടയുക സാധ്യമല്ല. അകാരണമോ അജ്ഞാതമോ അല്ലാതെ അനുഭവങ്ങളുടെ സാഹചര്യങ്ങളിൽ നിന്നും തന്റെ ആവാസവ്യവസ്ഥയെ മനസ്സിലാക്കി ജീവിതപ്രതിരോധങ്ങളെ നിർമ്മിക്കുവാൻ യത്നിക്കുന്നു യഥാർത്ഥ കവി. കെ.ജി.എസിലും സംഭവിക്കുന്നത് മറ്റൊന്നല്ല. സമൂഹത്തിന്റെ ഭാഗമാണ് കവി എന്ന വികാരമല്ലാതെ സമൂഹത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ട ഒരു സ്വത്വബോധം ഇല്ല. സമൂഹഘടനയെ നിർണയിക്കുന്ന ഘടകമാണ് വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷം. ആ സംഘർഷം സ്വകാര്യമായി ചുരുക്കുകയല്ല മറിച്ച് അതിനെ സമൂഹഘടനയെ നിർണയിക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്ന ഉപകരണമായാണ് നിലനിർത്തുന്നത്. ലോകം ഈ കവിക്ക് അന്യവൽക്കരിക്കാനുള്ളതല്ല. അതിന്റെ

എല്ലാ അനുഭവതലത്തോടെയും സ്വാംശീകരിച്ച് അവതരിപ്പിക്കുവാനുള്ളതാണ്. 'അർത്ഥം' എന്ന കവിതയിൽ അദ്ദേഹം എഴുതുന്നത് ഇപ്രകാരമാണ്:

*"ഭാഷയുടെ ചരടിൽ കോർത്ത്*
*ലോകത്തെ*
*ഒരുഘടികാരം പോലെ*
*ഞാൻകൊണ്ടു നടക്കുന്നു*
*എവിടെപ്പോകുമ്പോഴും*
*എന്ത് ചെയ്യുമ്പോഴും" (അർത്ഥം)*

നിശ്ചലമാക്കപ്പെട്ടോ അന്യവൽക്കരിക്കപ്പെട്ടോ നിൽക്കുന്ന സ്ഥലമായല്ല താൻ വസിക്കുന്ന സ്ഥലത്തെ ഉൾക്കൊള്ളുന്നത്. ചലനാത്മകവും പ്രതിപ്രവർത്തന സ്വഭാവഫലമായ നവീകരണം എന്ന അർത്ഥത്തിലാണ്. വ്യക്തി, സമൂഹം ഇവയുടെ പരസ്പരപൂരകമായ പ്രവർത്തനമാണ് ജീവിതത്തിന് പുരോഗമനപരമായ മാറ്റമുണ്ടാക്കുന്നത്. മനുഷ്യവിമോചനത്തിന്റെ അടിസ്ഥാനവും ഇതുതന്നെ എന്നദ്ദേഹം വിശ്വസിക്കുന്നു. അതിനാൽത്തന്നെ കെ.ജി.എസ്സിൽ ആത്മനിഷ്ഠത സാമൂഹികപരമായ വിമോചന ഇച്ഛയായി പുരോഗമനപരമായ മാനുഷികനീതിയുടെ തലത്തിൽ വികസിച്ചു കൊണ്ട് പ്രവർത്തിക്കുന്നു.

കവികൾ സമൂഹത്തിലെ വിഷം തീനികളാണെന്ന് കേസരി പറയുന്നു. മറ്റുള്ളവരുടെ പ്രശ്നജീവിതത്തെ ചുമലിലേറ്റുകയും പ്രതിസന്ധിയില്ലാതെ പ്രതികരിക്കുകയും ചെയ്യുന്ന നാവ്. ആ നാവ് കലയുടെ ബലിപീഠം പണിയുന്ന ആയുധമാണ്. അവിടെ അയാൾ അയാളെത്തന്നെ കുരുതി കൊടുത്ത് കവിതയായി, ഒരു രക്തതാരമായി പിറകിൽ വരുന്നവർക്ക് വഴികാട്ടുന്ന പ്രകാശമായി മാറുന്നു. വിഷത്തെ ജീവിതദർശനത്തിലേക്ക് പരിണമിപ്പിക്കുന്ന രാഷ്ട്രീയമാണ് കവിത. കെ.ജി എസ്സിലും ഇത്തരം ഒരു ഒരുക്കപ്പെടൽ കാണാം. ആത്മനിഷ്ഠതയുടെ സംഘർഷത്തിൽ രൂപപ്പെട്ടാലും സമൂഹത്തിന്റെ വിഷാംശങ്ങൾ കണ്ടെത്തി വൈയക്തികതയിൽ പൂർണ്ണമായികരിച്ചു കളയാതെ സാമൂഹ്യനിഷ്ഠ രാഷ്ട്രീയമാക്കുന്ന ശേഷി. അവിടെ നമുക്ക് കവിത എന്ന രക്തതാരത്തെ കാണാം. അത് പ്രച്ഛന്നകാല്പനികതയുടെ താരമല്ല, ജീവിതത്തിന്റെ രക്തതാരമാണ്.

## ആധാരഗ്രന്ഥങ്ങൾ

1. *ബഞ്ചമിൻ ഡി. ഡോ., കാൽപ്പനികത മലയാളകവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.*
2. *രവീന്ദ്രൻ പി.പി., വീണ്ടെടുപ്പുകൾ സാഹിത്യം, സംസ്കാരം, ആഗോളത, ഡി.സി. ബുക്സ്, കോട്ടയം, 2006.*
3. *ശങ്കരപ്പിള്ള കെ.ജി., അതിനാൽ ഞാൻ ഭ്രാന്തനായില്ല, മാതൃഭൂമി ബുക്സ്, 2012.*
4. *ശങ്കരപ്പിള്ള കെ.ജി., ഓർമ്മകൊണ്ട് തുറക്കാവുന്ന വാതിലുകൾ, പെൻഗ്വിൻ ബുക്സ്, 2008.*
5. *ശങ്കരപ്പിള്ള കെ.ജി., കെ.ജി.എസ്. കവിതകൾ (19972007), ഡി.സി. ബുക്സ്, കോട്ടയം, 2011.*

6. *സുധീഷ് .എസ്, പ്രൊഫ., ഏകലവ്യന്റെ കൈവിരൽ*
7. *സുധീഷ് .എസ്, പ്രൊഫ., നഗ്നവും ആവിഷ്കാര സ്വാതന്ത്ര്യവും, മേപ്പിൾ ബുക്സ്, ദക്ഷിണേന്ത്യൻ സാഹിത്യകേന്ദ്രം, കൊല്ലം, 1999*
8. *എസ്. സുധീഷ് എസ്. പ്രൊഫ., വിമോചനത്തിന്റെ വാക്കും മനസ്സും, ഗയ ബുക്സ്, കൊല്ലം, 1999*
9. *Man Eastman, Enjoyment of potery with anthology for enjoyment of potery, Charles Scribner's Sons, New York, 1939*
10. *Morse Peckham, Thet riumph of Romanticism (collected essays), Universtiy of South Carobin Press, Columbia, South Carolina, 1971*
11. *Scott James R.A., The making of literature, Allied Publishers Limited, 1963.*

# കാവ്യഭാഷാപ്രതിരോധം എസ്. ജോസഫിന്റെ കവിതകളിൽ

**ധന്യ. പി. ഡി.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.

### പ്രബന്ധസംഗ്രഹം

ആധുനികാനന്തരസാഹിത്യസമീപനങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ മുഖ്യധാരയിലെത്തിക്കാനുള്ള ശ്രമങ്ങളോട് ഐക്യപ്പെടുന്നതായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രകൃതി, സ്ത്രീ, കീഴാളർ എന്നീ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയാകെ അഭിസംബോധന ചെയ്യുന്നുണ്ട് ഇന്നത്തെ സാഹിത്യം. ഓരത്തേക്ക് തള്ളപ്പെട്ടവരുടെ പ്രതിരോധശ്രമങ്ങൾ എന്ന നിലയിൽ സ്ഥാപനവൽക്കരിക്കപ്പെട്ട ആദർശങ്ങളെയും വ്യവസ്ഥാപിത ജ്ഞാനസങ്കല്പങ്ങളെയും ചോദ്യം ചെയ്യുന്ന ഒരു സംവാദസ്ഥാനമായി സമകാലിക സാഹിത്യം മാറുന്നു. ഇന്നിന്റെ ചരിത്രസാഹചര്യങ്ങളോട് സംവദിച്ചും കാലത്തിന്റെ മാറ്റത്തെ സ്വാംശീകരിച്ചും സമകാലികകവിത മലയാളസാഹിത്യത്തിലെ അപ്രതിരോധ സാന്നിധ്യമാകുന്നു. പ്രമേയം, രൂപം, കാവ്യഭാഷ, കർതൃത്വസങ്കല്പം തുടങ്ങിയവയിലെല്ലാം പരമ്പരാഗതരീതികളുടെ അതിലംഘനം നടത്തിക്കൊണ്ട് സ്വയം പുതുക്കലിന്റെ വഴിയെ സഞ്ചരിക്കുകയാണ് പുതുകവിത. സംവേദനത്തിന്റെ സൂക്ഷ്മതലങ്ങളിൽ എസ്.ജോസഫിന്റെ കവിത മുന്നോട്ടുവച്ച വൈവിധ്യങ്ങളുടെ സജീവതയാണ് ലേഖനത്തിന്റെ അന്വേഷണവിഷയം. വരേണ്യവൽകൃത കാവ്യഭാഷ എന്ന സങ്കൽപ്പത്തെ തകർത്തുകൊണ്ടാണ് നാട്ടുമൊഴികളുടെ സൗന്ദര്യത്തെ ജോസഫ്കവിതയിലേക്ക് എത്തിച്ചത്. സാധാരണ വ്യവഹാരഭാഷയിലെ പദങ്ങൾ കവിതയിലേക്ക് കൊണ്ടുവരുന്നതിലൂടെ കാവ്യഭാഷയെ സംബന്ധിച്ച യാഥാസ്ഥിതിക മനോഭാവത്തെതന്നെയാണ് കവി തകർക്കുന്നത്

***താക്കോൽവാക്കുകൾ:*** കീഴാള സ്വത്വനിർമ്മിതി, കാവ്യഭാഷാ പ്രതിരോധം, ബഹുസ്വരത,

## പുതുകവിത: ആഖ്യാന സവിശേഷതകൾ

പ്രത്യയശാസ്ത്രപരമായ അവബോധവും അവതരിപ്പിക്കപ്പെടുന്ന വ്യവഹാരലോകത്തിന്റെ സവിശേഷതയുമെല്ലാം ചേർന്ന് രൂപപ്പെടുത്തുന്ന കാഴ്ചസ്ഥാനങ്ങൾ പുതുകവിതയുടെ സ്വത്വം നിർണ്ണയിക്കുന്നു. നാളിതുവരെ കവിതയിലില്ലാതിരുന്ന കീഴാളസ്വത്വങ്ങളും അവയിലൂന്നിയുള്ള അനുഭവാവിഷ്കാരങ്ങളും പുതുകവിതയുടെ സവിശേഷതയാണ്. 'ചെറിയവസ്തുക്കളെയും അവയുടെ കാവ്യയാഥാർത്ഥ്യങ്ങളെയും തിരിച്ചറിയുന്നവരാണ് പുതിയകവികൾ. ചെറിയവസ്തുക്കളെ അവയുടെ ചെറുപ്പത്തോടെ അവതരിപ്പിക്കുന്നു. അവ വലിയവയുടെ ചെറുരൂപങ്ങളല്ല' (രാജഗോപാലൻ ഇ.പി., 2009: 71). സൂക്ഷ്മമായ അനുഭവാവിഷ്കാരങ്ങൾ കവിതയെ അനുപമമായ കാവ്യാനുഭവമാക്കുന്നു.

കവിതയിലെ ഭാഷാപരമായ സങ്കേതങ്ങൾ, അതിലൂടെ ആവിഷ്കൃതമാകുന്ന ജീവിതപരിസരങ്ങൾ, എഴുത്തുകാരന്റെ നിലപാടുകൾ എന്നിവയെല്ലാം കവിതയെക്കുറിച്ചുള്ള ചർച്ചയിൽ പ്രധാനമാണ്. 'ആവിഷ്കരിക്കുന്ന അനുഭവത്തിന്റെ അപൂർവതയിലും ആവിഷ്കരണത്തിനുള്ള ഉപകരണമായ വാക്കുകളുടെ തെരഞ്ഞെടുപ്പിലും അവയുടെ വിന്യാസത്തിലുമെല്ലാം പരമാവധി സൂക്ഷ്മതപുലർത്തുന്നവരാണ് പുതിയ കവികൾ' (എൻ. പ്രഭാകരൻ,2005:73).

സാഹിത്യത്തിൽ ആധുനികത സൃഷ്ടിച്ച ഭാവുകത്വത്തിന് ദാർശനികതയുടെ കനവും പരിവേഷവുമുണ്ടായിരുന്നു. ഈ ദർശനപരതയും സങ്കീർണതയും ആസ്വാദനത്തെ തടഞ്ഞു നിർത്തുന്നു. ഇത്തരമൊരവസ്ഥയ്ക്കെതിരെയുള്ള പ്രതി കവിതയായിരുന്നു, പുതുകവിത. സച്ചിദാനന്ദൻ, കടമ്മനിട്ട, കക്കാട്, അയ്യപ്പപ്പണിക്കർ, ചുള്ളിക്കാട് തുടങ്ങിയ കവികളുടെ പരീക്ഷണോന്മുഖവും രൂക്ഷരുചികൾക്ക് പ്രാമുഖ്യമുള്ളതുമായ കാവ്യരീതി മലയാളത്തിൽ സൃഷ്ടിച്ചഭാവുകത്വ കാലാവസ്ഥയിൽ നിന്നുള്ള ബോധപൂർവ്വമായ വിച്ഛേദമായിരുന്നു പുതുകവിതയുടെ മികച്ച മാതൃകകളിലൂടെ അരങ്ങേറിയത്. ആത്മവ്രണങ്ങളെക്കുറിച്ച് അത്യുച്ചസ്ഥായിയിൽ വിലപിച്ചിരുന്ന ആധുനികരുടെ സ്വരസവിശേഷതയായിരുന്നില്ല വാസ്തവോക്തിയുടെ ഋജു മാർഗ്ഗമായിരുന്നു അവരുടേത്. (സജയ്കെ.വി., 2012 :14). തികച്ചും സാധാരണമായ അനുഭവങ്ങളെ അതിനു ചേർന്ന ഭാഷ കൊണ്ട് പൊലിപ്പിച്ചെടുത്ത പുതുകവിത അതിന്റെ കാവ്യവ്യവഹാരങ്ങളിലും പദനിർമ്മിതികളിലുമെല്ലാം പുതിയ ഭാവുകത്വം നിർമിച്ചു. പി.പി. രാമചന്ദ്രൻ, ടി.പി.രാജീവൻ, കെ.ആർ.ടോണി, വീരാൻകുട്ടി, എസ്.ജോസഫ്, എം.ബി.മനോജ്, എം. ആർ.രേണുകുമാർ തുടങ്ങിയവരെല്ലാം ഭാഷ നഷ്ടപ്പെട്ട്, ചരിത്രത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടവരുടെ ചിത്രങ്ങൾ ലളിതമായ വാക്കുകളിലൂടെയും ചിഹ്നങ്ങളിലൂടെയും അവതരിപ്പിച്ചവരാണ്.

## കാവ്യഭാഷ

ഭാഷാനിർമ്മിതമായ കലാവസ്തുവാണ് സാഹിത്യം. കലാകാരന്റെ ഭാവനയും വികാരവും വാക്‌രൂപം കൈക്കൊള്ളുമ്പോഴാണ് ഒരു ഉത്തമകലാസൃഷ്ടി രൂപപ്പെടുന്നത്. പുതിയ അനുഭൂതികളുടെ ആവിഷ്കരണത്തിനായി ഭാഷയെ പരമാവധി പ്രയോജനപ്പെടു

ത്തുകയാണ് കവി ചെയ്യുന്നത്. വാക്കുകൾ കവിതയിൽ എപ്രകാരം തങ്ങളുടെ സാന്നിധ്യം വെളിവാക്കുന്നുവെന്നത് ഭാഷാപഠനത്തെ പ്രശ്നവല്കരിക്കുന്നുണ്ട്. സംസ്കാരം, ചരിത്രം, അനുഭവം ഇവയുടെ മൂർത്തരൂപമാണ് ഭാഷ. ഭാഷയിലൂടെ നാം വായിച്ചെടുക്കുന്നത് സംസ്കാരവും ചരിത്രവും മനുഷ്യാനുഭവങ്ങളുമാണ്. ഭാഷയുടെ ഈ സവിശേഷതയാണ് കവിതയിൽ പ്രത്യേകമായ ഇടങ്ങൾ രൂപപ്പെടുന്നതിന് കാരണമാകുന്നത്. പെണ്ണെഴുത്ത്, ദളിതെഴുത്ത് തുടങ്ങിയ എഴുത്തുരീതികൾ മുഖ്യധാരാ സാഹിത്യത്തിൽ നിന്നും വ്യത്യസ്തമാകുന്നത് ഭാഷയുടെ ഇത്തരം സവിശേഷതകൾ മൂലമാണ്. 'ഭാഷ വംശപരമായോ വർണ്ണപരമായോ വിഭജിതരായിരിക്കുന്ന സാമൂഹ്യവിഭാഗങ്ങളെ ഏകമനോഘടനയിൽ സംയോജിപ്പിക്കുന്നു. ഇതു മുൻചൊന്ന സാമൂഹ്യവിഭാഗങ്ങളെ വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ പ്രതികരിക്കാൻ കഴിയുന്ന ജനതയാക്കി മാറ്റുന്നു. ഈ സവിശേഷതയാണ് സാമൂഹിക രാഷ്ട്രീയപരിവർത്തനത്തിൽ ഭാഷയെ ഒരു വ്യവഹാരമാക്കുന്നത്' എന്ന് കെ.കെ.കൊച്ച് നിരീക്ഷിക്കുന്നുണ്ട് (2005 :43).

ആധുനികർ ഉപയോഗിച്ചിരുന്ന 'ജരാകീർണമായ ഭാഷാചർമ്മം' ഉരിഞ്ഞുകളയുകയും ഭാഷയെ അതിന്റെ കൃത്രിമ നാട്യങ്ങളിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യുന്നതാണ് പുതു കവിത തുറന്ന ഒരു വലിയ സാധ്യത. ഉപയോഗിച്ച് തേഞ്ഞപദങ്ങളും ഭാഷാശൈലികളും അവയുടെ ഭിന്നപ്രയോഗങ്ങളുമെല്ലാം ആവർത്തനവിരസവും മടുപ്പുളവാക്കുന്നതു മാണെന്നും ഒരു പൊളിച്ചെഴുത്തു നടത്തി സ്വയം നവീകരിക്കുന്നതിലൂടെ മാത്രമേ പുതിയ അനുഭവമണ്ഡലങ്ങളുടെ ആവിഷ്കരണം സാധ്യമാകൂ എന്നുമുള്ള തിരിച്ചറിവ് പുതുകവിത യ്ക്കുണ്ട്. ഭാഷയുടെ ശബ്ദകോശങ്ങളിൽ നിന്നും അമിതമായ പ്രകടനപരതയിൽ നിന്നു മുള്ള കുതറിമാറലുകളും ഉറയൂരലുകളും പുതുകവിത സാധ്യമാക്കുന്നുണ്ട്. 'പുതുമൊഴി ക്കവിതകൾ ഭാഷയെ അതിസൂക്ഷ്മമായി നോക്കിക്കണ്ടു.

ഭാഷയിലെ പാരമ്പര്യബോധങ്ങളെയും കാവ്യഭാഷ എന്ന വരേണ്യസങ്കല്പത്തെയും തകർക്കുന്നു. പുതുകവിതകൾ വാഗർത്ഥമെന്ന പാരമ്പര്യത്തോടാണ് ആദ്യം എതിരിടു ന്നത്. വാഗർത്ഥങ്ങളുടെ മുഴക്കം ഒരുവരേണ്യ സങ്കല്പമാണെന്ന് പുതുകവി തിരിച്ചറി യുന്നുണ്ട്. വാക്ക്, അർത്ഥം, പ്രതിനിധാനം, എന്നിങ്ങനെ മൂന്ന് അടിസ്ഥാന സങ്കല്പത്തി ലാണ് കവിതയുടെ എഴുത്തും വായനയും സാധ്യമാകുന്നത്. വാക്ക് ശബ്ദവും അർത്ഥവും മാത്രമല്ല വാക്ക് ഒരു പ്രതിനിധാനം കൂടിയാണെന്ന് പുതുകവി കണ്ടെത്തുന്നു" (ബിൻസ് എം.മാത്യു, 2014 :349). ഭാഷയെ നിർവചിക്കാനല്ല, അർത്ഥബോധത്തിന് ഉതകുന്നരീതിയിൽ ഭാഷയെ ലാളിത്യത്തോടെ ഉപയോഗിക്കാനും അറിയാനുമാണ് പുതുകവി ശ്രമിക്കുന്നത്.

പുതുകവിതകളുടെ ആഖ്യാനപരവും രചനാപരവുമായ ഇത്തരം സവിശേഷതകളുടെ അടിസ്ഥാനത്തിൽ എസ്. ജോസഫിന്റെ കവിതകളിലെ ഭാഷ വിശകലനം ചെയ്യാനാണ് ലേഖനത്തിന്റെ വരുംഭാഗങ്ങളിൽ ശ്രമിക്കുന്നത്.

## കാവ്യഭാഷാപ്രതിരോധം

മലയാളസാഹിത്യത്തിൽ ഭാഷാപരവും പ്രമേയപരവും രൂപപരവുമെല്ലാമായ പരീക്ഷണങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിന്റെ കവിയാണ് എസ്. ജോസഫ്. അനന്യമായ അനുഭവങ്ങളുടെ സൂക്ഷ്മമായ ആവിഷ്കാരം ഈ കവിതകളിലുണ്ട്. മുഖ്യധാരാസാഹിത്യം

കണ്ടുപരിചയിച്ച പ്രമേയലോകങ്ങളുടെ അതിരുകൾ തമസ്കരിക്കപ്പെട്ടവരെക്കൂടി ചേർത്ത് ജോസഫ് വിപുലപ്പെടുത്തുന്നു. കവിതയെ സംബന്ധിച്ച യാഥാസ്ഥിതിക ധാരണകളെ പൊളിച്ചെഴുതുന്ന ആഖ്യാനശൈലിയും രചനാരീതിയും രൂപപ്പെടുത്തുന്ന ഈ കവിതകൾ സംവേദനം ചെയ്യുന്ന അനുഭവലോകങ്ങൾ തീക്ഷ്ണമാണ്. ആഖ്യാനത്തിലെ ആർഭാട ങ്ങളോ കാവ്യഭാഷയുടെ കടുംപിടുത്തങ്ങളോ ഇല്ലാതെ തന്നെ ഇവിടെ കവിത പുതിയ ചില സാധ്യതകളിലേക്ക് തുറക്കുന്നു.

തൊണ്ണൂറുകളിൽ പരക്കെ അംഗീകരിക്കപ്പെട്ട കാവ്യരീതി ആധുനികതയായിരുന്നു. ആധുനികത നിലനിർത്തിയ പദ്യരൂപങ്ങളും ബിംബവല്കൃതഭാഷയുടെ അതിഭാവു കത്വവും വൃത്തതാളരൂപങ്ങളുമെല്ലാം ജോസഫ് ഉൾപ്പെടെയുള്ള കവികൾ ആദ്യകാല എഴുത്തിൽ നിലനിർത്തിയിരുന്നു. പരമ്പരാഗതരീതിയെ പിന്തുടരുന്ന ഈ കാവ്യഭാഷ ജോസഫിൽ നിന്ന് പിന്നീട് തീരെമാഞ്ഞു പോകുകയും വ്യത്യസ്തമായ ഭാഷാവഴികളി ലേക്ക് കവിത ചുവടുമാറുകയും ചെയ്യുന്നുണ്ട്. പാരമ്പര്യ കാവ്യഭാഷണങ്ങളുടേതായ രീതി ജോസഫിന്റെ പിൽക്കാല കവിതകളിൽ പൂർണമായും ഒഴിവാക്കപ്പെടുന്നു. കറുത്തകല്ല്, മീൻകാരൻ എന്നീ സമാഹാരങ്ങളും കടന്ന് ഐഡന്റിറ്റികാർഡ് എന്ന സമാഹാരത്തിലെത്തുമ്പോൾ പാരമ്പര്യവഴികളെ ഒഴിവാക്കിക്കൊണ്ട് കവിതപൂർണമായും ഗദ്യഭാഷയിലേക്ക് ചുവടുമാറുന്നു.

## തിരസ്കൃതരുടെമൊഴികൾ

അറിവ് അധികാരമാവുകയും അധികാരം ഭാഷയിലൂടെ സാഹിത്യത്തിലേക്ക് കടന്നു കയറ്റം നടത്തുകയും ചെയ്യുമ്പോൾ അധികാരമില്ലാത്തവരുടെ സ്വരങ്ങൾ അവഗണി ക്കപ്പെട്ടു പോകുന്നു. ഇത്തരമൊരവസ്ഥക്കെതിരെ തന്റെ കവിതകളിലൂടെ തീർത്ത പ്രതിരോധമാണ്എസ്. ജോസഫിന്റെ പിൽക്കാല കവിതകളെ മൗലികവും വ്യത്യസ്തവു മാക്കുന്നത്. സമൂഹത്തിലെ ഉയർന്ന തട്ടിലുള്ളവരുടെ സാഹിത്യം അധികാരത്തെ പിൻപറ്റുന്നവയാണെന്ന കാഴ്ചപ്പാടിൽ നിന്നാണ് അത്തരം ഭാഷയും എഴുത്തുരീതിയും എതിർക്കപ്പെടേണ്ടതാണെന്ന ധാരണ ഈ കവിതകളിൽ പ്രബലമാകുന്നത്. 'നമ്മുടെ ഭാഷയുടെ ഉടുപ്പുകളെ അതിന്റെ നഗ്നത കൊണ്ട് ലജ്ജിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നതാണ് ജോസഫിന്റെ ഭാഷാസങ്കല്പം' (സജയ്കെ. വി., 2005: 7). ജോസഫിന്റെ ഭാഷ മലയാളകവിതയിൽ മുമ്പില്ലാത്തവിധം തെളിമയും ലാളിത്യവുമുള്ള നാടൻമൊഴി യായി മാറി.

ഉപരിവർഗത്തിന്റെ താൽപര്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തിയെടുത്ത കാവ്യഭാഷ അടിസ്ഥാനവർഗ്ഗത്തിന്റെ സ്വത്വത്തെ കവിതയിലേക്കാവാഹിക്കാൻ പര്യാപ്തമല്ലെന്നുള്ള തിരിച്ചറിവാണ് ഈ ലാളിത്യത്തിന് ഹേതു. "ലാളിത്യത്തിന് അബോധപരമായ ഒരു വ്യത്യസ്തത ദർശനം ജോസഫിന്റെ കവിതകളിൽ സംഭവിക്കുന്നുണ്ട്. ജലം വെള്ളം മാത്രമാണെന്ന ബോധം ചരിത്രപരമായ ഒരു തിരിച്ചറിവാണ് ' (പ്രദീപൻ പാമ്പിരിക്കുന്ന്, 2005: 7).

*'കൊച്ചുകുട്ടികളോടൊത്ത്
അമ്മകല്ല് കളിക്കുന്നതും
പൂച്ചക്കുഞ്ഞുങ്ങളെ വളർത്തുന്നതും
പട്ടികളോടും കോഴികളോടും
വർത്തമാനം പറയുന്നതും
ഞാൻ കേട്ടിട്ടുണ്ട്' (എസ്. ജോസഫ്, 2000 :25).*

ഇത്തരത്തിലുള്ള സാധാരണ ജീവിതാവസ്ഥകൾ സാധാരണ വ്യവഹാരഭാഷയിൽത്തന്നെ ആവിഷ്കരിക്കാൻ കഴിയുന്നത് ലാളിത്യത്തെക്കുറിച്ച് കവി പുലർത്തുന്ന സങ്കല്പങ്ങളുടെ പിൻബലത്തിലാണ്. 'സാധാരണക്കാരുടെ, പ്രത്യേകിച്ച് കുട്ടികളുടെയും അമ്മമാരുടെയും വർത്തമാനം എന്നെ സ്വാധീനിച്ചിട്ടുണ്ട്' (2000:10) എന്ന് കവി പറയുന്നു. തന്റേതായ ഇടത്തിൽ നിന്നുകൊണ്ട് ലളിതവും സുതാര്യവുമായി ജോസഫ് കവിതയെഴുതുന്നു.

അതിസാധാരണത്വമാണ് ജോസഫിന്റെ കാവ്യരീതിയുടെ മുഖമുദ്ര. തെളിമയും ലാളിത്യവുമുള്ള നാടൻപദങ്ങളുടെ ചേരുവകളിലൂടെ സാധാരണക്കാരുടെ അനുഭവങ്ങളെ കവിതയിലേക്കാവാഹിക്കുന്നു. സാധാരണ ഗദ്യഭാഷയിൽ സാധാരണ ജീവിതങ്ങളെ വരച്ചിടുന്ന കവി വക്രീകരിച്ച് ഉപയോഗിക്കുന്ന മൊഴികളെ മാത്രം കാവ്യമായി കണക്കാക്കിയിരുന്ന യാഥാസ്ഥിതിക ധാരണകളെത്തന്നെയാണ് തകർക്കുന്നത്. 'ഭാഷയെക്കുറിച്ചുള്ള പുതിയ അവബോധമാണ് ജോസഫിന്റെ കവിതയുടെ ഉറവ. സംഭാഷണ ഭാഷയുടെ ലാളിത്യമെന്നത് വെറുംവാക്കല്ല. അർത്ഥം നിഗൂഢമാണ് എന്ന വരേണ്യസങ്കൽപ്പത്തെ അത് ബോധപൂർവ്വം നിരാകരിക്കുന്നു. ഭാഷയിൽ ഒളിച്ചു വെച്ച അർത്ഥത്തിലേക്കല്ല, ഭാഷയിലേക്കു തന്നെയാണ് കവി നോക്കുന്നത്' (പ്രദീപൻ പാമ്പിരിക്കുന്ന്, 2005:8). കവിത സ്വാഭാവിക ജീവിതത്തിന്റെ പ്രത്യക്ഷമാണെന്നും നിഗൂഢമായ അനുഭവാവിഷ്കാരമല്ലെന്നും ഈ കവിതകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

വാക്കുകളുടെ വാച്യമായ അർത്ഥം തന്നെ കവിതയായി മാറുന്നതിലൂടെ ലഭിക്കുന്ന സ്വാഭാവികതയാണ് ഈ കവിതകളുടെ ശക്തി. 'കവിതയെ വാഗ്ലീലകളാക്കി അഭിരമിക്കുന്ന മുഖ്യധാരാ കവികളിൽ നിന്ന് ഏറെ അകലെയാണ് എസ്. ജോസഫ് എന്ന കവിയുടെ നിൽപ്പ്. മലയാളസംവേദനത്തിന് ഇന്നേവരെ അപരിചിതമായിരുന്ന ചില മനുഷ്യപ്രകൃതിസാന്നിധ്യങ്ങളെ കവിക്കുമാത്രം സാധ്യമാകുന്ന അനുഭവതീവ്രതയോടെ കവിതയിലേക്ക് ആനയിച്ചു എന്നതാണ് ഈ കവിയുടെ വ്യത്യസ്തതയ്ക്കുള്ള പ്രധാനകാരണം. അതാകട്ടെ പ്രാന്തവൽക്കരിക്കപ്പെട്ട്, ചരിത്രത്തിന്റെ വർത്തമാന യാഥാർത്ഥ്യങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഒരു ജനപദത്തിന്റെ ജീവിതമുദ്രകളാണ്' (എൻ. ശശിധരൻ, 2003: 55).

*'കുന്നിൻ ചെരിവിൽ നടന്നു
മഴപെയ്യുമെന്നുപറഞ്ഞു അവൾ
മടക്കുളത്തിനു മുകളിൽ*

*പേഴിനടുത്തു നിന്നപ്പോൾ*
*പച്ചനിറത്തിൽ അനങ്ങാത്ത*
*വെള്ളംകണ്ടുപേടിച്ചു അവൾ*
*അവിടെമീൻ പിടിക്കാൻ വന്ന*
*പഴേകാര്യം പറഞ്ഞു ഞാൻ ' (2003 :27).*

കവിതയ്ക്കുള്ളിൽ ഒളിപ്പിച്ചിരിക്കുന്ന അർത്ഥത്തിന്റെ നിഗൂഢതകളോ പ്രമേയത്തിന്റെ ദാർശനിക മാനം നൽകുന്ന പൊള്ളയായ ചിന്താപരതയോ ഒന്നുമില്ലാതെ തന്നെ ഈ കവിത സ്വയം വെളിപ്പെടുത്തുന്നു. നാട്ടിടവഴികളിൽ കേൾക്കുന്ന നാടൻമൊഴികളുടെ കരുത്തിലാണ് ഈ കവിത കൊരുത്തിരിക്കുന്നത്.

നിത്യജീവിതത്തിലെ വ്യവഹാരങ്ങളാണ് ഈ ഭാഷയ്ക്ക് അടിസ്ഥാനം. കേരളീയമായ ജീവിതാവസ്ഥകളുടെ സന്നിവേശമാണ് ജോസഫിന്റെ കവിതകളിലെ ഭാഷയെ ജനജീവിതവുമായി ബന്ധപ്പെടുത്തുന്നത്.

*'മുറ്റത്തെ നടക്കല്ലിൽ*
*അമ്മയുംകുഞ്ഞുമിരിക്കുന്നു*
*കാറ്റെന്നമ്മ പറയുമ്പോൾ*
*ആറ്റെന്നുകുഞ്ഞും പറയുന്നു*
*കാക്കയെ ചൂണ്ടിക്കാട്ടുമ്പോൾ*
*കാക്കയെന്നവൾ പറയുന്നു.*
*കോഴിക്കുടുംബം കൊക്കൊക്കോ*
*കൊക്കിച്ചിക്കിയെത്തുമ്പോൾ*
*അമ്മയിങ്ങനെ പാടുന്നു*
*കോഴിടെമക്കളെ കണ്ടോടിമക്കളെ*
*താറാവിന്റെമക്കളെ കണ്ടോടിമക്കളെ ' (2003: 50).*

കവിതയെന്ന തെളിച്ചമുള്ള വാമൊഴി ഗദ്യമായി പരിണമിക്കുന്നത് ഈ കവിതകൾ നമുക്ക് കാട്ടിത്തരുന്നു. ഒരു സാധാരണക്കാരൻ മറ്റൊരു സാധാരണക്കാരനോട് പറയുന്ന നാട്ടുമൊഴിപോലെ ലളിതമാണ് ജോസഫിന്റെ ഭാഷ.

കവിതയെന്നാൽ ജീവിതാവസ്ഥകളെക്കുറിച്ചുള്ള വർത്തമാനം പറച്ചിലിൽ കവിഞ്ഞൊന്നുമല്ല എന്നിടത്തോളം അനൗപചാരികവും സ്വാഭാവികവുമാണത്.

മുഖ്യധാരാജീവിതത്തിന് അന്യമായ ബിംബങ്ങളും പദങ്ങളും യഥേഷ്ടം ഉപയോഗിക്കുന്ന, പലപ്പോഴും ഒരു ജനവംശത്തിന്റെയാകെ അനുഭവങ്ങളിലൂടെ നീങ്ങുന്ന ഗദ്യമാണ് ജോസഫ് കവിതയിൽ ഉപയോഗിക്കുന്നത്. കീഴാളരുടെ ജീവിതപരിസരത്തു നിന്നും കണ്ടെത്തുന്ന പ്രാദേശികപദങ്ങൾ കവിതയിൽ ഉപയോഗിക്കുന്നതിലൂടെ കീഴാള ജീവിതത്തിനകത്തു നിന്ന് ആഖ്യാനം നടത്തുന്ന കർതൃസ്ഥാനത്തിന്റെ രൂപപ്പെടലാണ് സാധ്യമാകുന്നത്

മാനകഭാഷ എന്ന സങ്കല്പം കീഴാളമായ അനുഭവലോകങ്ങളുടെ വലിയപ്രദേശങ്ങളെ സാഹിത്യത്തിൽ നിന്ന് ഒഴിവാക്കുന്നു. അതുകൊണ്ടു തന്നെ കീഴാളരുടെ ജീവിതം ആവിഷ്കരിക്കുമ്പോൾ മാനകഭാഷയിലില്ലാത്ത ഗ്രാമീണപദങ്ങളെത്തേടി ജോസഫിന്റെ കവിത സഞ്ചരിക്കുന്നു.

*"കഴിഞ്ഞവേനയ്ക്ക് ഒരു വെറകുപെരയുണ്ടാക്കി' (2005:44) എന്നും*
*'മുളക്കൊടികൾക്കിടയിലെ എടവഴിയിൽ നിന്നവൾ*
*എന്നെ യാത്രയാക്കി' (2005:44) എന്നും*
*'ഒരുമെച്ചിങ്ങ തൊട്ടടുത്ത കൈതോട്ടിലെ*
*ചിറയിൽ വീണു.*
*ഇപ്പവരാവേ*
*കുഞ്ഞിനെ അപ്രത്തെ വീട്ടിലേല്പ്പിച്ചിട്ട് അവൾ വന്നു (2005:37)*

എന്നുമെല്ലാം ജോസഫിന് എഴുതാൻ കഴിയുന്നത് ഗ്രാമീണപദങ്ങളുടെ ലാഘവത്തെ കവിതയിലേക്ക് കൊണ്ടുവരുന്നതു കൊണ്ടാണ്. പോക്കെടം, കൊടം, ഓലി, മിറ്റം, ആനവായൻ പെര, കെട്ടിയോൻ, തെണ്ണിച്ചു കൊണ്ടുപോവുക, ഞൗരിയടിക്കുക, വയ്യിട്ട്, സൊന്തം, മേത്ത്, കുളിക്കാതേം പിളിക്കാതേം, ഞങ്ങടെ, വെളിരുകൾ, ശേല്, വഴുക, തേര്, ഒട്ടൽ, അരുവാ, അലക്, കൊട്ട ഇങ്ങനെ അനേകം പ്രാദേശികപദങ്ങൾ ജോസഫ് കവിതയിൽ എഴുതുന്നുണ്ട്. അനുഭവാവിഷ്കാരത്തിന്റെ വസ്തുനിഷ്ഠതയിലും സത്യസന്ധതയിലും മാത്രം ശ്രദ്ധിക്കുന്ന കവി വാക്കുകളെ അവയുടെ അനുഭവപരിസരത്തു നിന്ന് അടർത്തിമാറ്റാതെ തന്നെ കവിതയിൽ ഉപയോഗിക്കുന്നു. പകരം വയ്ക്കാനാവാത്ത ഇത്തരം വാക്കുകൾ കവിതയ്ക്ക് മൗലികതയും അനന്യമായ അനുഭവദീപ്തിയും പ്രദാനംചെയ്യുന്നു.

*'തുറകളിലോ നാട്ടിൻപുറങ്ങളിലോ ചില വാക്കുകളുണ്ട്*
*തെക്കൻ കൊല്ലൻ, കാനക്കുമ്പി വെയിൽ എന്നിങ്ങനെ*
*ഒറ്റക്കേൾവിക്കോ അർത്ഥം പറയാതെയോ*
*മനസ്സിലാവില്ല*
*അവയ്ക്കുപകരം വാക്കുകളില്ല' (2003:16).*

ഭാഷയിൽ ഇന്ന് നിലനിൽക്കുന്ന പദങ്ങൾ ഉപയോഗത്തിലൂടെയും പ്രതീകവൽക്കരണ ങ്ങളിലൂടെയും അർത്ഥശോഷണം സംഭവിച്ചവയാണെന്നും ഈ പദങ്ങളിലൂടെ ആവിഷ്കരിക്കാനാവാത്ത അനുഭവപരിസരങ്ങൾ സാഹിത്യത്തിൽനിന്ന് അന്യവൽക്കരി ക്കപ്പെടുകയാണ് എന്നുമുള്ള തിരിച്ചറിവാണ് ജോസഫിന്റെ കവിതകളെ പ്രാദേശികഭാഷ യോട് അടുപ്പിക്കുന്നത്.

*'ഇന്ന് വാക്കുകൾക്ക് ഒരുപകിട്ടുമില്ല*
*മുനപോയ ഉളികൊണ്ടു പണിയുന്ന*
*ആശാരിയാണ് കവി.*
*ആലയില്ലാത്ത കൊല്ലൻ*

*ചുറ്റികയും കരണ്ടിയുമില്ലാത്ത കൽപ്പണിക്കാരൻ പണിനടന്നേപറ്റൂ. പണിയില്ലാത്ത നാട്ടിലൂടെ പണി തേടിപോകുകയാണ് കവി " (2003:17).*

പരിഷ്കൃതവും വരേണ്യവുമായ സമകാലിക കാവ്യഭാഷയുടെ പ്രകടനപരതയിലും അതിഭാവുകത്വത്തിലുമുള്ള അവിശ്വാസമാണ് ഭാഷയെത്തന്നെ പ്രതിരോധതന്ത്രമാക്കാൻ ജോസഫിനെ പ്രേരിപ്പിക്കുന്നത്. പദ്യപ്രമേയകേന്ദ്രിതമായ നിശ്ചിതരൂപ മാതൃകകളിലൂടെ മാത്രം കവിതയെഴുതാൻ നിർബന്ധിതമാക്കുന്ന കാവ്യനിയമങ്ങളാണ് മലയാളസാഹിത്യത്തെ അടക്കിഭരിക്കുന്നതെന്ന കാഴ്ചപ്പാട് ജോസഫിന്റെ കവിതകളെ സംവാദാത്മകമാക്കി. കവിതയിൽ നടപ്പാക്കേണ്ട ചില പുതിയ രീതികളെക്കുറിച്ച് ഈ കവിക്ക് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അതിനായി നിലനിൽക്കുന്ന കാവ്യപാരമ്പര്യത്തെ അപ്പാടെ നിരാകരിക്കണമെന്നും വരേണ്യതയുടെ മൊഴിവഴക്കങ്ങളെ തച്ചുടക്കണമെന്നും കവിക്ക് അറിയാം

*"നിന്റെ ആളുകളെ എനിക്കറിയാം*
*വലിയ കെട്ടിടങ്ങൾ പോലെയുള്ളവർ*
*അവർ നിന്നെ ചതുരങ്ങളിലും വൃത്തങ്ങളിലും പൂട്ടിയിട്ടു*
*ഒരുതുളയിലൂടെ നീ പുറംലോകംകണ്ടു.*
*വീട്ടുപകരണങ്ങളിൽ തട്ടിവീണു*
*തുണികളും ചിരികളുമെടുത്തണിഞ്ഞ്*
*അമ്പലത്തിലേക്ക് പോകുംവഴി*
*നീകാറിലിരുന്ന് എന്നെ നോക്കിയത് മറക്കത്തില്ല*
*എല്ലാം മടുത്തുഅല്ലേ?*
*നിനക്ക് വേണ്ട സ്വാതന്ത്ര്യമല്ലേ?*
*ഇവിടെ അതേയുള്ളൂ ഇഷ്ടമുള്ളത് പറയാം, ചെയ്യാം*
*തോട്ടിൽ പോയികുളിക്കാം.*
*പറമ്പിൽ എത്തുന്ന കരികിലം പിടകളോടൊപ്പം ചിലയ്ക്കാം" (2003:9,10).*

കവിതയിലേക്ക് പുതുതായി എത്തിച്ചേർന്നു കൊണ്ടിരിക്കുന്ന സാധാരണ ജനവിഭാഗത്തെയും അവരുടെ സ്വത്വപ്രതിസന്ധികളെയും ആവിഷ്കരിക്കണമെങ്കിൽ കവിതയ്ക്കുള്ളിൽ നിലനിൽക്കുന്ന പ്രബലധാരകളെ വെല്ലുവിളിക്കേണ്ടി വരും. കവിതയിൽ ഇതുവരെയുണ്ടായിരുന്ന കർതൃത്വസങ്കല്പങ്ങളെ പൊളിച്ചെഴുതുന്നുണ്ട് ജോസഫ് കവിത. കവിതയിലെ ഏകശിലാത്മകമായ സ്വരസത്തക്ക് മാറ്റം സംഭവിക്കുന്നതും കവിതയിൽ അനേകകർത്തൃത്വങ്ങൾ രൂപപ്പെടുന്നതും അതുവഴി കവിത ബഹുസ്വരമാകുന്നതുമായ കാഴ്ച ജോസഫിന്റെ കവിത കാട്ടിത്തരുന്നു.

## ഗ്രന്ഥസൂചി:

1. *കൊച്ച് കെ. കെ., 2005, വായനയുടെ ദളിത്പാഠങ്ങൾ, പൂർണ്ണപബ്ലിക്കേഷൻസ്, കോഴിക്കോട്.*
2. *ജോസഫ് എസ്., 2000, കറുത്തകല്ല്, ഡിസിബുക്സ്, കോട്ടയം.*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

3. ജോസഫ് എസ്., 2003, മീൻകാരൻ, ഡിസിബുക്സ്,കോട്ടയം.
4. ജോസഫ് എസ്., 2005, ഐഡന്റിറ്റികാർഡ്, ഡിസിബുക്സ്, കോട്ടയം.
5. ജോസഫ് എസ്., 2009, ഉപ്പന്റെ കൂവൽ വരയ്ക്കുന്നു, ഡിസിബുക്സ്, കോട്ടയം.
6. ജോസഫ് എസ്. 2013 ചന്ദ്രനോടൊപ്പം ഡിസിബുക്സ്, കോട്ടയം.
7. ജോസഫ് എസ്. 2017 മഞ്ഞപറന്നാൽ ഡിസിബുക്സ്, കോട്ടയം.
8. ജോസഫ് എസ്., വെള്ളം എത്രലളിതമാണ്, സൈകതംബുക്സ്.
9. പ്രദീപൻ പാമ്പിരിക്കുന്ന്, 2005 'കവിതയുടെ സൂക്ഷ്മഭൂപടം' ഐഡൻറിറ്റികാർഡ് (എസ്. ജോസഫ്) ഡിസിബുക്സ്, കോട്ടയം.
10. പ്രഭാകരൻ എൻ., 2005 മൗനത്തിന്റെ മുഴക്കങ്ങൾ, കൈരളിബുക്സ്, കണ്ണൂർ.
11. പ്രസന്നരാജൻ, 2002, ഉത്തരാധുനികചർച്ചകൾ, പ്രഭാത്ബുക്ഹൗസ്, തിരുവനന്തപുരം.
12. പ്രസന്നരാജൻ, 2005, തേനുംവയമ്പും, ഡിസിബുക്സ്, കോട്ടയം.
13. രാമകൃഷ്ണൻ ദേശമംഗലം, 1986, കാവ്യഭാഷയിലെ പ്രശ്നങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
14. ശശിധരൻ എൻ., 2003 'വാക്കിന്റെ തായ്‌വേരുകൾ', മീൻകാരൻ (എസ്. ജോസഫ്) ഡിസി ബുക്സ് കോട്ടയം.
15. സജയ് കെ.വി., 2005., 'കവിതയുടെസൂക്ഷ്മഭൂപടം', ഐഡന്റിറ്റികാർഡ് (എസ്. ജോസഫ്) ഡിസിബുക്സ് കോട്ടയം.

## ആനുകാലികങ്ങൾ

1. ബിൻസ് എം. മാത്യു, 2014, 'കാവ്യഭാഷയിലെ സമരങ്ങൾ', സമകാലിക മലയാളകവിത: പുതുമയും പലമയും (എഡി: മിനിആലീസ്) ജനുവരി
2. രാജഗോപാലൻ ഇ. പി., 2009 ചെറിയവയുടെ അറിവ് മലയാളം ഓഗസ്റ്റ്
3. സജയ് കെ.വി., 2012 ചെറുതുകളുടെ പലമ മലയാളം റിസർച്ച് ജേണൽ ജനുവരി
4. സജയ് കെ.വി. 2014, 'കാവ്യഭാഷാപരിണാമം പുതുകവിതയിൽ' സമകാലികമലയാള കവിത: പുതുമയും പലമയും (എഡി: മിനിആലീസ്) ജനുവരി

# ഇസ്ലാമിക ഫെമിനിസം
# വ്യവഹാരവും രാഷ്ട്രീയവും

**സലീന. എസ്**
അസി. പ്രൊഫസർ, ഗവ.വിക്ടോറിയ കോളെജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**

മതവും ഫെമിനിസവും തമ്മിലുള്ള ബന്ധത്തെ പുനർവിചിന്തനം ചെയ്യുന്ന വായനകൾ ഉണ്ടാകുന്ന ചരിത്രപശ്ചാത്തലത്തിലാണ് ഇസ്ലാമിക ഫെമിനിസത്തെ പറ്റിയുള്ള ചർച്ചകളും സംവാദങ്ങളും ഉണ്ടാകുന്നത്. ഇസ്ലാമിക ഫെമിനിസത്തിന്റെ വ്യവഹാരരീതികളെയും ഇസ്ലാംമതത്തിന്റെ അടിസ്ഥാനഗ്രന്ഥമായ ഖുർആനിന്റെ പുനർവായനകളെയും വിശകലനം ചെയ്യുന്നു. ഖുർആൻ മൗലികമായി ശുദ്ധപാഠമാണ്. അതുകൊണ്ടു തന്നെ ഖുർആനിന്റെ സ്ത്രീപക്ഷ വായനകൾ സാധ്യമാണ്. വ്യാഖ്യാനഭേദങ്ങളാണ് സ്ത്രീപക്ഷ ആധികാരിക വ്യവസ്ഥിതിയുടെ ദർശനമായി ഇസ്ലാമികമൂല്യങ്ങളെ വ്യവസ്ഥപ്പെടുത്തുന്നത്.

***താക്കോൽ വാക്കുകൾ:*** ഇസ്ലാമിക ഫെമിനിസം, ഖുർആൻ പുനർവായന, ചരിത്രസന്ദർഭം, സ്ത്രീപക്ഷ ഇസ്ലാം

മതങ്ങൾ പൊതുവേ ആണധികാരത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കുള്ളിലാണ് നിലകൊള്ളുന്നത്. സത്താവാദപരവും പ്രകൃതിശാസ്ത്രപരവുമായ കാഴ്ചപ്പാടുകൾ സ്ത്രീകളുടെ ബൗദ്ധിക മാനസിക ശാരീരിക കഴിവുകളെയും വ്യക്തിത്വത്തെയും അംഗീകരിക്കുന്നില്ല. ഇത്തരം ആശയസംഹിതകൾ ഇസ്ലാമികപാരമ്പര്യത്തിൽ പ്രബലമാണ്. വണങ്ങുക, കീഴ്പ്പെടുത്തുക, അടിയറവയ്ക്കുക എന്നെല്ലാം അർത്ഥമുള്ള അസ്ലമ എന്ന ധാതുവിൽ നിന്നാണ് ഇസ്ലാം എന്ന പദം ഉണ്ടായത്. ഒരു വ്യക്തി സ്ഥാപിച്ചതോ ഒരു പ്രത്യേക ജനവിഭാഗത്തെ ഉദ്ദേശിച്ചുണ്ടായതോ അല്ല ഇസ്ലാംമതം. തൗഹീദ് അഥവാ ഏകദൈവവിശ്വാസമാണ് ഇസ്ലാമിന്റെ മൂലപ്രമാണം. വിശ്വാസാചാര നടപടിക്രമങ്ങളെ ക്രമീകരിച്ചു കൊണ്ടുള്ള ഇസ്ലാമിക നിയമസംഹിതയെ ശരീഅത്ത് എന്നാണ്പറയുന്നത്.

ഇസ്ലാംമതത്തിന്റെ ആധാരഗ്രന്ഥം ഖുർആനാണ്. ശുദ്ധമായ അറബിഭാഷയിൽ എഴുതപ്പെട്ട ഖുർആനിൽ ഏറ്റവും ശുദ്ധമായ ഖുറൈശി ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നത്. പല സദാചാരമൂല്യങ്ങളും അത് മുന്നോട്ടുവയ്ക്കുന്നുണ്ട്. മനുഷ്യർക്ക് വേണ്ടി അവതരിച്ച ദിവ്യവചനങ്ങൾ ആണവ. ഏഴാം നൂറ്റാണ്ടിൽ അറേബ്യയിൽ പ്രവാചകനായ മുഹമ്മദ്നബിക്ക് വെളിപ്പെട്ട ദൈവവചനങ്ങളായ ഖുർആൻ ഇസ്ലാമിക ജീവിതത്തിന്റെ നിയമവ്യവസ്ഥകൾക്ക് അടിസ്ഥാനമായ സന്മാർഗദർശനമാണ്. മുഹമ്മദ്നബിയുടെ നാൽപതാമത്തെ വയസ്സിൽ ഹിറാഗുഹയിൽ വച്ച് കേട്ട അഞ്ചുവാചകങ്ങളാണ് ഖുർആനിൽ നിന്നും ആദ്യമായി അവതരിച്ചു കിട്ടിയ ഭാഗം. പിന്നീടുള്ള 23 കൊല്ലത്തെ ജീവിതകാലത്തിനിടയിൽ സന്ദർഭാനുസരണം ഖുർആൻ സൂക്തങ്ങൾ മുഴുവനും അവതരിക്കപ്പെട്ടു. ഖുർആൻ മനുഷ്യഹൃദയങ്ങളിൽ ആണ് ആദ്യം സൂക്ഷിക്കപ്പെട്ടിരുന്നത്. പിന്നീടാണ് സമാഹരണം നടത്തി ഒറ്റഗ്രന്ഥമാക്കിയത്. ആദ്യകാലത്ത് ഖുർആൻ വ്യാഖ്യാതാക്കൾ ഉണ്ടായിരുന്നില്ല. കാലക്രമത്തിൽ ജീവിതത്തിലൂടെ ഖുർആൻ വ്യാഖ്യാനിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുകയും ഖുർആനിന്റെ അർത്ഥവും ആശയവും ഗ്രഹിക്കാൻ വ്യാഖ്യാനം ആവശ്യമായിത്തീരുകയും ചെയ്തു. കാലാന്തരത്തിൽ ഖുർആൻ വ്യാഖ്യാനത്തിന്റേതായ ഒരു ശാസ്ത്രശാഖ രൂപപ്പെടുകയും ഇസ്ലാമിക വൈജ്ഞാനികമണ്ഡലത്തിൽ ശരീഅത്ത്, വ്യാകരണം, രാഷ്ട്രീയം തുടങ്ങിയ വിജ്ഞാന ശാഖകൾ ആവിർഭവിക്കുകയും പുഷ്ടിപ്പെടുകയും ചെയ്തു. തുടർന്ന് ധാരാളം ഇസ്ലാമിക രചനകളും ഉണ്ടായി. ഖുർആൻ എന്ന ആധാരഗ്രന്ഥത്തിന് പകരം ഇത്തരം രചനകൾ അവലംബമാക്കപ്പെട്ടതോടെയാണ് മൗലികപാഠത്തിന്റെ പ്രസക്തി നഷ്ടമായത്.

ഇരുപതാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തോടെ വിവിധ മുസ്ലിം സമൂഹങ്ങളിൽ ലിംഗസമത്വത്തിനു വേണ്ടിയുള്ള പുതിയ മുന്നേറ്റങ്ങൾ ഉടലെടുത്തു. ഈ പ്രവണതയാണ് പൊതുവിൽ ഇസ്ലാമിക ഫെമിനിസം എന്ന് വ്യവഹരിക്കപ്പെട്ടത്. ഖുർആനിന്റെ ആൺവായനകളെ റദ്ദ് ചെയ്തുകൊണ്ട് പുതിയ രൂപത്തിലുള്ള സ്ത്രീപക്ഷ വായനകൾ ഉയർന്നുവന്നു ഇസ്ലാമികമൂല്യങ്ങളുടെ പുരുഷമേധാവിത്വ ഭാഷ്യങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ലിംഗനീതിയെക്കുറിച്ചുള്ള മൗലികതത്ത്വങ്ങൾ വീണ്ടെടുക്കാനാണ് ഇസ്ലാമിക സ്ത്രീവാദം ശ്രമിച്ചത്. പുരുഷകേന്ദ്രിതമായ ആധുനികതയുടെ മൂല്യബോധത്തെ അവർ ചോദ്യം ചെയ്തു.

ഇസ്ലാംമതത്തിലെ സ്ത്രീയുടെ രണ്ടാം പൗരത്വം ഖുർആൻ പുനർവായനകളിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ആമിനാവദൂദ്, ഫാത്തിമ ബൽറാസ് തുടങ്ങിയവർ ഇസ്ലാമിക മൂല്യങ്ങളുടെ പുനരവലോകനത്തിലൂടെ മുസ്ലിം സ്ത്രീയുടെ മതാത്മക ഇടങ്ങളെ പൊളിച്ചെഴുതുന്നു. ഇവിടെയാണ് ഇസ്ലാമിക ഫെമിനിസത്തിന്റെ നൈതികത അടയാളപ്പെടുത്തപ്പെടുന്നത്. യാഥാസ്ഥിതിക ഇസ്ലാമിക മൂല്യങ്ങൾ പിന്തുടരുന്ന പുരുഷാധിപത്യ പ്രതിനിധാനങ്ങൾ ഉടച്ചുവാർക്കപ്പെടുകയും സ്ത്രീയെന്ന സംവർഗ്ഗത്തിന്റെ രണ്ടാം പൗരത്വം റദ്ദ് ചെയ്യപ്പെടുകയും ചെയ്യുന്നു. പുരുഷാധിപത്യപരമായി വ്യാഖ്യാനിക്കപ്പെട്ട ഖുർആൻ സൂക്തങ്ങളിലൂടെ തന്നെയാണ് ഈ എഴുത്തുകാർ സ്ത്രീപക്ഷ ഇസ്ലാം എന്ന ദർശനം സാധ്യമാക്കുന്നത്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മതപരമായും ലിംഗപരമായും ഉള്ള സാമൂഹിക സ്ഥാപനങ്ങളെ ഇസ്ലാമിക ഫെമിനിസ്റ്റുകൾ വിമർശനാത്മകമായി വിശകലനം ചെയ്യുന്നു. 1980ന് ശേഷം ഉണ്ടായ സാമൂഹ്യപരിതോവസ്ഥകൾ ഫെമിനിസ്റ്റ് രാഷ്ട്രീയവും മതബോധവും തമ്മിലുള്ള ബന്ധത്തിൽ പുതിയ തിരിച്ചറിവുകൾക്ക് ഇടംകൊടുക്കുകയും പുതിയ വായനകളിൽ പുതിയഭാഷ്യങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്തു. ഈ ചരിത്രസന്ദർഭത്തിലാണ് ബിബ്ലിക്കൽ ഫെമിനിസം, ഇസ്ലാമിക് ഫെമിനിസം തുടങ്ങിയ ചർച്ചകൾ ഉണ്ടാകുന്നത്.

## ഇസ്ലാമിക സ്ത്രീവാദം വ്യവഹാരതലങ്ങൾ

ഖുർആൻ സൂക്തങ്ങളുടെ പുനരവലോകനത്തിൽ മതഗ്രന്ഥത്തെ ആവരണം ചെയ്യുന്ന ദൈവികപരിവേഷങ്ങൾക്ക് ഇളക്കംതട്ടുന്നു. മതഗ്രന്ഥങ്ങളെ അവയുടെ പുനർവായനകളിൽ കാലിക പശ്ചാത്തലത്തിലും അന്നത്തെ സാമൂഹ്യസാഹചര്യങ്ങൾക്ക് അനുസരിച്ചും പുതിയ വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കുന്നു.

സ്ത്രീയുടെ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി, പുരുഷന്റെ മേൽ ചാർത്തപ്പെടുന്ന കർത്തവ്യങ്ങളെയാണ് ഖുർആൻ പുരുഷന് അനുവദിച്ചു കൊടുക്കുന്നു എന്ന് പാരമ്പര്യ ഇസ്ലാം അവകാശപ്പെടുന്ന അധികാരമായി എൻജിനീയർ കാണുന്നത്. ആധുനിക സ്ത്രീവാദ പ്രത്യയശാസ്ത്രങ്ങളിൽ നിന്ന് ഭിന്നമായാണ് അദ്ദേഹം ഇസ്ലാമിക സ്ത്രീവാദത്തെ സമീപിച്ചിട്ടുള്ളത്. ശരീരത്തിന്മേലുള്ള സ്ത്രീയുടെ പൂർണ്ണസ്വാതന്ത്ര്യമാണ് ആധുനിക സ്ത്രീവാദത്തിന്റെ അടിസ്ഥാനദർശമെങ്കിൽ മതനിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ള സ്ത്രീയുടെ സ്വാതന്ത്ര്യമാണ് അദ്ദേഹം ലക്ഷ്യമിടുന്നത്. ഇസ്ലാമിക ഫെമിനിസത്തിൽ മൂല്യങ്ങളാണ് അടിസ്ഥാനം, എന്നാൽ പാശ്ചാത്യ ഫെമിനിസത്തിൽ മൂല്യങ്ങൾക്ക് സ്ഥാനമില്ല.

തൊണ്ണൂറുകളിൽ ഇസ്ലാമിലെ ലിംഗപദവിയെ പറ്റി ഫാത്തിമ മെർനീസ്സി, ലൈലാ അഹ്മദ്, ആമിനാവദൂദ് തുടങ്ങിയവർ ഉന്നയിച്ച വിമർശനമാണ് പിന്നീട് പൊതു/അക്കാദമിക വ്യവഹാരങ്ങളിൽ ഇസ്ലാമിക ഫെമിനിസം എന്നറിയപ്പെട്ടതെന്നും മാർഗോബദ്രാനാണ് ആ പേരിനെ വ്യാപകമാക്കിയതെന്നും ഉമ്മുൽഫായിസ അഭിപ്രായപ്പെടുന്നു. ആണുങ്ങളുടെ സങ്കല്പവും താൽപര്യവും അനുസരിക്കുന്നവർ ആയിരിക്കണം സ്ത്രീകൾ എന്നും സ്വന്തം കാഴ്ചപ്പാടുകളുമായി അവർ ഒരരികിൽ മാറി നിന്നുകൊള്ളണമെന്നുമുള്ള നിലപാടിനെ തനിക്ക് വിമർശിച്ചേ മതിയാകൂ എന്ന് ആമിനവദൂദ് ഉറപ്പിച്ചുപറയുന്നുണ്ട്.

അമേരിക്കയിൽ കുടിയേറിയ, ഇസ്ലാം സ്വീകരിച്ച ആഫ്രിക്കൻ വംശജയായ ആമിനാവദൂദ് ഖുർആൻ വായനയെ രീതിശാസ്ത്രപരമായി പൊളിച്ചെഴുതി. ഖുർആനിന് ചരിത്രപരമായ വായന അനിവാര്യമാണെന്ന് വിശ്വസിച്ച വദൂദ്മതഗ്രന്ഥത്തെ ആൺകോയ്മാവിരുദ്ധ പാഠമായാണ് വ്യാഖ്യാനിച്ചത്. തൗഹീദ്, ഖിലാഫത്ത് (ദൈവത്തിന്റെ പ്രാതിനിധ്യം) എന്നീ അടിസ്ഥാനബോധത്തിൽ നിന്നുകൊണ്ടാണ് വദൂദ് തന്റെ വ്യാഖ്യാനത്തിന്റെ ഇസ്ലാമിക അടിത്തറ നിർമ്മിച്ചത്. പാഠം എന്ന നിലയിൽ ഖുർആൻ മൗലികവും ശുദ്ധവുമാണെന്നും വായനയുടെ ചരിത്രവൽക്കരണത്തിലൂടെയാണ് പിതൃകോയ്മാതലത്തിൽ ഇസ്ലാംമതം

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എത്തപ്പെടുന്നത് എന്നും നിരീക്ഷിച്ചറിഞ്ഞ വദൂദ് ഖുർആനെ ആൺവായനകളിൽ നിന്നും മോചിപ്പിക്കാൻ ശ്രമിച്ചു.

## ഖുർആൻ പുനർവായനകൾ

അറേബ്യയിൽ ഖുർആൻ അവതരിച്ചകാലത്ത് മിക്ക ജനവിഭാഗങ്ങൾക്കിടയിലും നിലവിലിരുന്ന ദൈവസങ്കല്പങ്ങൾ മിക്കവയും പ്രാകൃതവും വൈകാരികവും ആയിരുന്നു. സ്ത്രീകളെ അടിമപ്പെടുത്തിക്കൊണ്ടുള്ള വൈവാഹികജീവിതമായിരുന്നു പൊതുവേ നയിക്കപ്പെട്ടിരുന്നത്. എല്ലാ ഭാര്യമാരും ഭർത്താക്കന്മാരെ നിരുപാധികം അനുസരിച്ചിരുന്നു. ഇത്തരത്തിലുള്ള ആണധികാര വ്യവസ്ഥിതിയുടെ മാറ്റമാണ് ഖുർആൻ ഉദ്ഘോഷിക്കുന്നത്. ഖുർആൻ വ്യാഖ്യാനത്തിന്റെ ആൺവായനാപാഠങ്ങളാണ് പിതൃകോയ്മാ വ്യവസ്ഥിതിക്ക് അനുകൂലമായി മൗലികതത്വങ്ങളെ മാറ്റിയെടുത്തത്.

സ്ത്രീ പുരുഷന്മാർക്ക് പ്രത്യേകമായി ഒരു അധികാരവ്യവസ്ഥയും ഖുർആൻ കൽപ്പിച്ചിട്ടില്ല. ഖുർആൻ ഒരു സന്മാർഗദർശനമായതിനാൽ പല സദാചാരമൂല്യങ്ങളും അത് മുന്നോട്ടുവയ്ക്കുന്നുണ്ട്. അവയ്ക്ക് നിശ്ചിത സ്ഥലങ്ങളിലാണ് ഏറെ പ്രസക്തിയെങ്കിലും പ്രായോഗിക സ്വാധീനശക്തി അപാരവും അവ്യാപ്തവുമാണ്. ലോകത്തുള്ള എല്ലാ സമൂഹങ്ങളെയുമാണ് ഖുർആൻ സംബോധന ചെയ്യുന്നത്. സൂക്തങ്ങൾ ഉദ്ദേശിക്കുന്ന അടിസ്ഥാനതത്ത്വങ്ങൾ അഥവാ സനാതനമൂല്യങ്ങൾ വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലത്തിൽ എങ്ങനെ പ്രയോഗവൽക്കരിക്കാനാകും എന്നാണ് തിരിച്ചറിയേണ്ടത്. മനുഷ്യർക്കിടയിൽ യാതൊരു അതിരുകളും ഖുർആൻ കൽപ്പിക്കുന്നില്ല. സ്ത്രീ പുരുഷന്മാർക്ക് പ്രത്യേകമായി ഒരു അധികാരവ്യവസ്ഥയും കൽപ്പിച്ചിട്ടില്ല. സ്ത്രീക്ക് പരിമിതികൾ ഉണ്ട് എന്ന് സൂചിപ്പിക്കുന്ന യാതൊന്നും ഖുർആനിൽ ഇല്ല. തൊഴിൽപരമായ ആൺപെൺ വിവേചനവും കാണുന്നില്ല. ഗർഭധാരണത്തിന് കഴിവുള്ള സ്ത്രീക്ക് മാത്രമാണ് എന്ന് ഖുർആൻ വിശദീകരിക്കുന്നുണ്ടെങ്കിലും അത് മാത്രമാണ് അവരുടെ കടമയെന്നോ എല്ലാ സ്ത്രീകളും ഗർഭം ധരിക്കണം എന്ന കൽപ്പനയോ ഇല്ല. മക്കളോടുള്ള കടമ അമ്മയ്ക്ക് എന്നപോലെ അച്ഛനും ഉണ്ടെന്നാണ് ഖുർആൻ മതം. സ്ത്രീയെ ബഹുമാനത്തോടെയാണ് ഖുർആൻ സംബോധന ചെയ്യുന്നത്. സ്ത്രീ പുരുഷന്മാർ ഒപ്പത്തിനൊപ്പം നിൽക്കണമെന്നാണ് ഖുർആനിന്റെ പ്രപഞ്ചവീക്ഷണം. ഇതാണ് ഖുർആൻ വായനയിലൂടെ ആമിനാവദൂദ് നിരീക്ഷിക്കുന്നത്.

സ്ത്രീകളുടെ പദവിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഖുർആൻ വചനങ്ങൾ പ്രവാചകന്റെ മദീനയിലെ ജീവിതകാലമായ പത്ത് വർഷങ്ങൾക്കിടയിൽ ആവിർഭവിച്ചതാണെന്ന് വിശദീകരിക്കുന്ന ഫാത്തിമ മെർനീസ്സി ഓരോ ഖുർആൻ വചനവും അതിന്റെ ചരിത്ര സന്ദർഭങ്ങൾ വിശദീകരിച്ചു കൊണ്ടാണ് വ്യാഖ്യാനിക്കുന്നത്. ചരിത്രസന്ദർഭങ്ങൾ, ഭാഷാശാസ്ത്രപരവും വ്യാകരണപരവുമായ അർത്ഥങ്ങൾ ഇവ മെർനീസ്സി സൂക്ഷ്മമായി അപഗ്രഥിക്കുന്നുണ്ട്. ആത്മീയമാനങ്ങൾക്കപ്പുറം ഇസ്ലാം ആദ്യമായും അടിസ്ഥാനപരമായും മർദ്ദിതരും ശിഥിലീകരിക്കപ്പെട്ടതുമായ ഒരു ജനതയ്ക്ക് മുന്നിൽ അധികാരത്തിനുള്ള വാഗ്ദാനമായിരുന്നു എന്ന് മെർനീസ്സി അഭിപ്രായപ്പെടുന്നു. ഖുർആൻ വ്യാഖ്യാനങ്ങളെ

ദൈവികപരിവേഷത്തിനപ്പുറം മനുഷ്യപ്രയത്നങ്ങളായി മാത്രം കാണുന്ന ആമിനാവദൂദ്, ഖുർആൻ എഴുതപ്പെട്ട ദേശകാലങ്ങൾ അഥവാ പരിസരം, രചനാരീതിയിലെ വ്യാകരണ നിയമങ്ങൾ, ഉള്ളടക്കത്തിന്റെ സ്വഭാവം എന്നീ സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് വിശകലന വിധേയമാക്കുന്നത്. ഖുർആനിക സൂക്തങ്ങളെ പരസ്പരം ബന്ധപ്പെടുത്തി യുള്ള പാഠാന്തരവായനകളും ഇസ്ലാമികസ്ത്രീവാദികൾ നടത്തുന്നുണ്ട്.

1980 കൾക്ക് ശേഷമുള്ള സ്ത്രീവാദചിന്തകൾ പോസ്റ്റ് ഫെമിനിസം എന്ന പേരിലാണ് അറിയപ്പെടുന്നത്. സ്ത്രീ/പുരുഷൻ എന്നീ ദ്വന്ദ്വാത്മക വ്യവഹാരങ്ങളെ മാറ്റിപ്പണിതു കൊണ്ട് ക്വീർ സിദ്ധാന്തങ്ങളുടെയും ട്രാൻസ് പഠനങ്ങളുടെയും സൈദ്ധാന്തിക വ്യവഹാര ങ്ങൾ സ്ത്രീവാദങ്ങൾ (feminisms) എന്ന ബഹുസ്വരതാസങ്കല്പത്തിന് ഇടം കൊടുത്തു. ഇസ്ലാമിക സ്ത്രീവാദവും ഏകശിലാത്മകമല്ല. മൂന്നാംതരംഗസ്ത്രീവാദത്തിന്റെ സൈദ്ധാ ന്തിക ഭൂമികയിലാണ് ഇസ്ലാമിക ഫെമിനിസം ശക്തമാകുന്നത്. അതിനുമുമ്പും മുസ്ലീം സ്ത്രീകൾ നിരവധി സാമൂഹ്യ രാഷ്ട്രീയ ഇടപെടലുകൾ നടത്തിയിരുന്നു. രണ്ടായിരത്തിനു ശേഷം കൂടുതൽ സക്രിയമായ വ്യവഹാരങ്ങൾ കടന്നുവന്നു. വൈവിധ്യ മേഖലകളിലേക്ക് ഇസ്ലാമിക സ്ത്രീവാദ ചിന്തകൾ വിപുലമായി. കേഷിയ അലി, ആയിഷ ഹിദായത്തുള്ള തുടങ്ങിയവർ ഇവരിൽ പ്രമുഖരാണ്. ഇസ്ലാമിക ഫെമിനിസത്തിന് ധാരാളം വിമർശനങ്ങൾ ഉണ്ടായ പശ്ചാത്തലത്തിൽ ഇസ്ലാമിക സ്ത്രീവാദത്തിന്റെ ആത്മീയ ഇടപെടലായ സൂഫി വായനകൾ സാധ്യമായി.

പാശ്ചാത്യസ്ത്രീവാദത്തിന്റെ പൊതുധാരയിൽ നിന്ന് ഇസ്ലാമിക ഫെമിനിസം മാറി നിൽക്കുന്നു എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. ഇസ്ലാമിക ഫെമിനിസത്തെക്കുറിച്ച് വിശദമായി അപഗ്രഥിക്കുന്ന അസ്ഗർഅലി എൻജിനീയർ പാരമ്പര്യമതപണ്ഡിത യുക്തിക്കുള്ളിലാണ് നിലകൊള്ളുന്നത്. സ്ത്രീശരീരത്തിന്റെ ഉടമസ്ഥതയും സ്വാതന്ത്ര്യ പ്രഖ്യാപനവും ചില വ്യവസ്ഥകൾക്ക് വിധേയമായാണ് ഇസ്ലാമിക സ്ത്രീവാദത്തിൽ പ്രവർത്തിക്കുന്നത്. ആ വ്യവസ്ഥകളുടെ അടിസ്ഥാനം ഇസ്ലാമിക മൂല്യങ്ങളാണ്. ലൈംഗി കതയ്ക്ക് ആനന്ദത്തിനപ്പുറം ഒരു ദൈവികഛായകൂടി കൽപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ സ്ത്രീയുടെ സ്വതന്ത്ര ലൈംഗികത ഇസ്ലാം മൂല്യവ്യവസ്ഥ അംഗീകരിക്കുന്നില്ല. വിവാഹം കുടുംബം എന്നീ സാമൂഹികസ്ഥാപനങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ള സ്വാതന്ത്ര്യം മാത്രമാണ് അനുവദിക്കപ്പെടുന്നത്. അതോടൊപ്പം സ്ത്രീയുടെ തുല്യത, അന്തസ്സ്, സാമൂഹികപദവി, വ്യക്തിത്വം തുടങ്ങിയ സംസ്കാരികസംവർഗ്ഗങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു.

പാശ്ചാത്യഫെമിനിസത്തിൽ എന്നപോലെ സ്ത്രീയുടെ സ്വത്വരൂപീകരണ പ്രക്രിയ യാണ് ഇസ്ലാമിക ഫെമിനിസത്തിലും നടക്കുന്നത്. ഇസ്ലാമിക മൂല്യങ്ങളിലും നിയമ വ്യവസ്ഥകളിലും ഊന്നിനിന്നുകൊണ്ടാണ് ഈ സ്വത്വനിർമ്മാണം സാധ്യമാക്കിയിരി ക്കുന്നത്. ഖുർആൻ സൂക്തങ്ങളെ ചരിത്രസന്ദർഭങ്ങളുമായി ചേർത്ത് വിശകലനം ചെയ്തും പല സാംസ്കാരികപശ്ചാത്തലത്തിൽ അതിന്റെ പ്രയോഗസാധുത കണ്ടെത്തിയും സാങ്കേതിക പദങ്ങളെ നിഷ്കൃഷ്ടമായി വ്യാഖ്യാനിച്ചും വ്യാകരണഭാഷാശാസ്ത്രതലത്തിൽ നിരീക്ഷിച്ചും പാഠാന്തരവായനകൾ നടത്തിയും സ്ത്രീപക്ഷ ഇസ്ലാം എന്ന ദർശന ത്തിൽ

എത്തിച്ചേരുന്നു. ഇസ്ലാമികമൂല്യങ്ങളെ ശാസ്ത്രീയമായും യുക്തിയുക്തമായും ചോദ്യം ചെയ്യുന്ന ഇസ്ലാമിക ഫെമിനിസത്തിന്റെ അധികാര വിമർശനത്തിന്റെ തലം കേവലം ദൈവശാസ്ത്രപരമല്ല. പോസ്റ്റുകളോണിയൽ വ്യവഹാരങ്ങളിലേക്കും വിമർശനാത്മകമായ രാഷ്ട്രീയപ്രശ്നമായി അത് മാറുന്നുണ്ട്.

## സഹായകഗ്രന്ഥങ്ങൾ

1. *അബു. ഒ, മുസ്ലിം രാജ്യചരിത്രം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2015*
2. *അലിഅസ്ഗർ എഞ്ചിനീയർ ഡോ., ഇസ്ലാമിക ഫെമിനിസം, ഒലിവ്ബുക്സ്, 2015*
3. *ഉമ്മുൽഫായിസ, ഇസ്ലാമികഫെമിനിസം വൈവിധ്യം സങ്കീർണതഭാവി, അദർബുക്സ്, 2021*
4. *മെർനീസ്സിഫാത്തിമ, ഇസ്ലാമും സ്ത്രീകളും, ഒലിവ്ബുക്സ്, 2009*
5. *വദൂദ്ആമിന, ഖുർആൻ ഒരു പെൺവായന, അദർബുക്സ്, 2021*

# പാലയും പനയും ചുരത്തും മാതൃഭാവങ്ങൾ

**പ്രിയാ നാരായണൻ**
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ. തമിഴ് എച്ച്.എസ്സ്.എസ്സ്, ദേവികുളം, ഇടുക്കി

**പ്രബന്ധസംഗ്രഹം**

മനുഷ്യസംസ്കാരം രൂപമെടുത്തിട്ടുള്ളത് നിരവധി ഘടകങ്ങളിൽ കൂടിയാണ്. അത്തരം സംസ്കാരത്തിന്റെ ഭാഗമായി കിടക്കുന്ന ഒന്നാണ് ആരാധന. ആദിസംസ്കാരം മുതൽ പ്രകൃതി മനുഷ്യന്റെ ആരാധനയിൽ ഇടംപിടിച്ചിട്ടുണ്ട്. മനുഷ്യൻ പ്രകൃതിയിൽ അഭയം കണ്ടെത്തിയപ്പോൾ പ്രകൃതിയെ മാതൃ സ്ഥാനത്ത് പ്രതിഷ്ഠിച്ച് ആരാധന തുടർന്നു. ആ മാതൃഭാവത്തിൽ തന്നെ ഘോര സൗമ്യരൂപങ്ങളുണ്ടായിരുന്നു. അതിലൊന്നാണ് യക്ഷി. ഉർവ്വരതയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായിരുന്ന യക്ഷി എന്ന ദേവതയ്ക്ക് ക്രമേണ അർത്ഥഭേദമുണ്ടായി, ഭീഷണമൂർത്തി എന്ന അർത്ഥം മാത്രമായിത്തീർന്നു. കേരള സംസ്കാരത്തിൽ യക്ഷിദേവതയുടെ സ്ഥാനം, ആരാധനാ സമ്പ്രദായത്തിൽ വന്നമാറ്റം, അർത്ഥഭേദത്തിനിടയായ സാഹചര്യങ്ങൾ എന്നിവ അന്വേഷണ വിധേയമാക്കുന്നതിന് ലേഖനത്തിലൂടെ ശ്രമിക്കുന്നു. സൗന്ദര്യാത്മക സങ്കല്പം എന്നതിൽ നിന്നും വ്യതിചലനം ഉണ്ടായത് എത്രത്തോളമെന്നതിനെ കുറിച്ചും പഠനവിധേയമാക്കുന്നു.

***താക്കോൽ വാക്കുകൾ:*** മാതൃദേവതാരാധന, ഉർവ്വരത, യക്ഷിസങ്കല്പം, ആരാധന, സംസ്കാരം, യക്ഷിയക്ഷന്മാർ, മാതൃപ്രതീകം, പ്രേതാന്വേഷണം, പടയണി, സുന്ദരയക്ഷി, പ്രകൃത്യാരാധന, അമ്മദൈവങ്ങൾ

## പാലയും പനയും ചുരത്തും മാതൃഭാവങ്ങൾ

ഗോത്രസ്മൃതികളുടെ മിത്തും യാഥാർത്ഥ്യവും കെട്ടുപിണഞ്ഞു കിടക്കുന്ന അനുഭവപരമ്പരയാണ് ആരാധന. സംസ്കാരത്തിന്റെ ഉല്പത്തി മുതലുള്ള ചരിത്രം പരിശോധിച്ചാൽ ലോകമെമ്പാടും ആരാധനയിലുള്ള വൈവിധ്യം മനസ്സിലാക്കാൻ കഴിയും. പ്രാചീനമനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി ജീവിച്ചിരുന്നവനാണ് അവന്റെ

ജീവനോപാധിയായിരുന്ന പ്രകൃതി ചിലസമയത്ത് സംഹാരഭാവത്തിൽ കാണപ്പെട്ടു. അതുകൊണ്ട് മനുഷ്യന് പ്രകൃതിക്ഷോഭങ്ങളെ ഭയമായിരുന്നു. തനിക്ക് വേണ്ടതെല്ലാം നൽകുന്ന പ്രകൃതിയെ ഭയം കലർന്ന ആരാധനാഭാഗത്തിൽ വീക്ഷിക്കാൻ മനുഷ്യനെ പ്രേരിപ്പിച്ചു. ഇടിമിന്നൽ, പേമാരി, കാറ്റ്, സൂര്യൻ എന്നിങ്ങനെ തന്റെ അറിവിന്റെ പരിധിയിൽ പെട്ടവയെയെല്ലാം അവൻ ആരാധിച്ചു. തന്റെ അഭയകേന്ദ്രമായ പ്രകൃതിയിൽ മനുഷ്യൻ മാതൃഭാവം ദർശിച്ചു. തനിക്ക് ഭക്ഷണവും അഭയവും നൽകുന്ന പ്രകൃതിയിൽ മാതൃസ്ഥാനം കൽപ്പിച്ച്ആശ്രയംകണ്ടെത്തി. സമൃദ്ധിയും ഐശ്വര്യവും നൽകുന്ന ഭൂമി ആദിമ മനുഷ്യന് മാതാവും സംഹാരഭാവത്തിലുള്ള ഭൂമി ഭീകരമാതാവുമായി മാറി. ഇങ്ങനെ മാതൃദേവതാസങ്കല്പത്തിൽ രണ്ട് ഭേദങ്ങൾ ഉടലെടുത്തു.

ലോകസംസ്കാരങ്ങളിൽ എല്ലാം തന്നെ ഈ രണ്ടുഭേദങ്ങളും നമുക്ക് കാണുവാൻ സാധിക്കും. മാതൃസങ്കല്പം രൂപപ്പെട്ടിരിക്കുന്നത് കാർഷികവൃത്തിയിൽ നിന്നാണ്. ഭാരതത്തിലും ഇതുപോലെതന്നെ കാർഷികവൃത്തിയിൽ അധിഷ്ഠിതമായ പാരമ്പര്യം ആണുള്ളത്. അതുകൊണ്ടു തന്നെ ഭാരതത്തിലെ മാതൃദേവതാസങ്കൽപ്പവും കൃഷിയു മായി ബന്ധപ്പെട്ട് കിടക്കുന്നു സിന്ധുനദീതടസംസ്കാര കാലത്ത് അമ്മദൈവങ്ങൾ ആരാധനയുടെ ഭാഗമായിരുന്നു. സംസ്കാരത്തിന്റെ ശേഷിപ്പുകളിൽ വയറ്റിൽനിന്നും ചെടിമുളച്ചു വരുന്നതരത്തിലുള്ള സ്ത്രീശില്പം കണ്ടെടുത്തിട്ടുണ്ട്. ഇത് ഭൂമിമാതാവിന്റെ പ്രതീകമാണ്. കൃഷിയിൽ മാത്രമല്ല ചികിത്സ, കാലം. വിദ്യ എന്നിങ്ങനെ വിവിധമേഖല കളിൽ വ്യത്യസ്ത മാതൃദേവതകൾ ഉണ്ടായിരുന്നു. ഇതുപോലെ മാതൃദേവതാ സങ്കല്പത്തിൽ നിന്നും രൂപം കൊണ്ട മറ്റൊരു വകഭേദമാണ് യക്ഷിസങ്കല്പം.

ഭാരതത്തിൽ പുരാതനകാലംമുതൽ ആരാധിച്ചു വന്നിരുന്ന അമ്മ ദൈവ സങ്കല്പമാണ് യക്ഷി. മാതൃദേവതാരാധനയിലെ സൗന്ദര്യാത്മകമായ വിശിഷ്ടസങ്കല്പമാണിത്. ഉപദേവതവിഭാഗമായ യക്ഷന്റെ സ്ത്രീജനങ്ങളാണ് യക്ഷി, യക്ഷിണി എന്നിങ്ങനെ അറിയപ്പെടുന്നത്. ഹൈന്ദവമതമനുസരിച്ച് സമ്പത്തിന്റെ പ്രതീകമായ കുബേരന്റെ കൊട്ടാരത്തിലെ ദിവ്യസാന്നിധ്യമാണ് യക്ഷയക്ഷിണികൾ. 'യ' എന്ന സംസ്കൃത ശബ്ദത്തിന് യാഗയജ്ഞാദികൾ എന്നും 'ക്ഷ' എന്ന ശബ്ദത്തിനു 'യക്ഷ' എന്നും അർത്ഥ നിർവചനം നടത്തിക്കാണുന്നു. ഇങ്ങനെ ചിന്തിച്ചാൽ ശബ്ദത്തിന് യാഗാദികളുടെ സംരക്ഷകർ എന്നർത്ഥം സിദ്ധിക്കും. ഇതനുസരിച്ച യക്ഷവർഗ്ഗം സമ്പത്തിന്റെയും യാഗങ്ങളുടെയും ഐശ്വര്യത്തെയും സൂക്ഷിപ്പുകാരാണ്. ഉർവരതയുടെ പ്രതീകമായി കണ്ടിരുന്നവരാണ് യക്ഷിയക്ഷന്മാർ. ഇതിഹാസങ്ങളിൽ യക്ഷവർഗ്ഗം പരാമർശം അർഹിച്ചതും ഇക്കാരണത്താൽ തന്നെയാണ്. ഇതിഹാസങ്ങളിൽ യക്ഷികളുടെ ഉപാസന കൊണ്ടുണ്ടാകുന്ന ഫലങ്ങളെക്കുറിച്ച് സൂചനയുണ്ട്. മഹാഭാരതത്തിലെ 'യക്ഷിണീ തീർത്ഥം' എന്ന സ്ഥലത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. ഇവിടം സന്ദർശിക്കുന്നത് അശ്വമേധം നടത്തുന്ന ഫലം നൽകുമെന്നും പറയുന്നുണ്ട്. യക്ഷിദേവതയെ ഉപാസിക്കുന്നതിലൂടെ ബ്രഹ്മഹത്യാപാപമോചനം ലഭിക്കുമെന്നും വ്യക്തമാക്കുന്നു. ഇത്തരത്തിൽ സകല ഐശ്വര്യങ്ങളുടെയും പ്രതീകമായിരുന്ന യക്ഷിദേവതക്ക് എങ്ങനെ സ്ഥാനത്താഴ്ച യുണ്ടായി ഘോരമാതൃസങ്കല്പത്തിൽ എത്തിയെന്ന ചോദ്യം പ്രസക്തമാണ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആദിദ്രാവിഡഗോത്രക്കാരാണ് യക്ഷിദേവതയെ ആരാധിച്ചുപോന്നിരുന്നത്. ഭാരതീയപുരാണങ്ങളിൽ യക്ഷി ആരാധനയുടെ പ്രാർത്ഥനകൾ കണ്ടുവരുന്നുണ്ടെങ്കിലും വൈദികേതര മൂർത്തിയായതിനാൽ വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോയി. ഭാഗവതപുരാണം, മത്സ്യപുരാണം, വായുപുരാണം എന്നിവയിലെല്ലാം യക്ഷിയെക്കുറിച്ച് സൂചനയുണ്ട്. എങ്കിലും അത്രയും പ്രാധാന്യത്തോടെ യക്ഷിദേവതയെ ആരാധിക്കാൻ വൈദിക കാലഘട്ടത്തിലുള്ളവർ തയ്യാറായിരുന്നില്ല. യക്ഷിസങ്കല്പത്തിന് പ്രാധാന്യം നൽകിയത് ബുദ്ധജൈനമതങ്ങളാണ് അതുകൊണ്ടുതന്നെ ഈ മതങ്ങളിൽ യക്ഷി യക്ഷന്മാരുടെ വിവരണങ്ങൾ കൂടുതലായി കാണപ്പെടുന്നു.

പ്രകൃത്യാരാധനാകാലം മുതൽ നിലനിന്നിരുന്ന യക്ഷി ആരാധനയ്ക്ക് ജൈനമതം പ്രാധാന്യം നൽകി. ജൈനമത തീർത്ഥങ്കരന്മാരുടെ രക്ഷാദേവതാസ്ഥാനത്ത് അവർ യക്ഷിയെ പ്രതിഷ്ഠിച്ചു. ഓരോ തീർത്ഥങ്കരന്മാർക്കൊപ്പവും അവരുടെ രക്ഷാദേവതയായ ഓരോ യക്ഷികളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ചക്രേശ്വരി, അജിത തുടങ്ങിയവർ ഇത്തരത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ സംരക്ഷകമൂർത്തി എന്നതിൽ നിന്നും വ്യത്യസ്തമായി ഘോരഭാവത്തിൽ യക്ഷിയക്ഷന്മാരെ ചിലഘട്ടങ്ങളിൽ ജൈനമതം ആവിഷ്കരിച്ചിട്ടുണ്ട്. ജൈനമതവിശ്വാസികൾ ആഗ്രഹസാഫല്യത്തിനായി യക്ഷിപൂജ നടത്തിയിരുന്നു. ജൈനസാഹിത്യത്തിലും ശില്പകലയിലും യക്ഷിസജീവ സാന്നിധ്യ മായിരുന്നു. തീർത്ഥങ്കരന്മാരുടെ രക്ഷാദേവതരൂപത്തിലുള്ള യക്ഷിശില്പങ്ങളും ശിലാരേഖകളും കണ്ടെത്തിയിട്ടുണ്ട്. ജൈനമതകാലഘട്ടത്തിൽ യക്ഷി പ്രബല ആരാധനാ മൂർത്തിയായിരുന്നു. പ്രാചീന തമിഴ്കൃതികളും ഇത് സൂചിപ്പിക്കുന്നുണ്ട്. ജൈനമത വിശ്വാസപ്രകാരം യക്ഷികൾക്ക് അപാരമായ ഗൂഢവിദ്യകളും അത്ഭുതപ്രവർത്തികളും ചെയ്യാൻകഴിയും. ഈ മാന്ത്രികതയാകാം യക്ഷി ആരാധനക്ക് പ്രചോദനമായി ഭവിച്ചത്. പിന്നീട് സ്വതന്ത്രമായ സ്ഥാനം ആരാധനതലത്തിൽ യക്ഷിക്ക് ഉണ്ടാവുകയും ചെയ്തു. യക്ഷിപൂജക്ക് താന്ത്രികഗ്രന്ഥങ്ങൾ പലതും രചിച്ചത് ജൈനസന്യാസിമാർ ആണ്. പല ഭാഗങ്ങളിൽ നിന്നും ലഭിച്ച യക്ഷിപ്രതിമകൾ ജൈനമതത്തിൽ യക്ഷിക്കുണ്ടായിരുന്ന സ്ഥാനം വ്യക്തമാക്കുന്നു.

ഭാരതത്തിൽ പ്രബലമായ ബുദ്ധമതത്തിലും യക്ഷിക്ക് സവിശേഷസ്ഥാനമുണ്ട്. ബുദ്ധമതത്തിൽ ആരാധനയുടെ തലത്തിലും അല്ലാതെയും യക്ഷിസങ്കല്പം നിലനിന്നിരു ന്നതായി കാണാൻ സാധിക്കും. സൗമ്യരൂപത്തിലും രൗദ്രരൂപത്തിലുമുള്ള ഭിന്നഭാവങ്ങളി ലാണ് ബുദ്ധമതത്തിലെ യക്ഷി. ബുദ്ധമതസാഹിത്യത്തിലും ഈ രണ്ട് ഭാവങ്ങളും ആവിഷ്കരിച്ചിരിക്കുന്നു. ഘോരസങ്കൽപ്പത്തിൽ ഉള്ള യക്ഷന്മാരെ ബുദ്ധൻ പരിവർത്തനം ചെയ്തതായി ബൗദ്ധസാഹിത്യത്തിൽ സൂചിപ്പിക്കുന്നു. ഇവിടെ യക്ഷിവർഗ്ഗത്തിന് മാനുഷിക ഭാവമാണ് കൽപ്പിച്ചിരിക്കുന്നത്. ബൗദ്ധസാഹിത്യത്തിൽ മാത്രമല്ല ശില്പകല യിലും യക്ഷിക്ക് സവിശേഷസ്ഥാനമുണ്ട്. യക്ഷിയുടെ ഭാവവൈവിധ്യങ്ങളെ ബുദ്ധമത കാലഘട്ടത്തിൽ മനോഹരമായി ശിലയിൽ കടഞ്ഞെടുത്തതിലൂടെ പ്രകടമാക്കുന്നത് അക്കാലത്തെ യക്ഷിവ്യാപനമാണ്. ബുദ്ധമതസാഹിത്യത്തിൽ യക്ഷകുല സംബന്ധിയായ പല കഥകളും പ്രചാരത്തിലുണ്ട്. മാദകത്വത്തിന്റെ പ്രതീകമായി യക്ഷി ശില്പകലയിൽ

നിറഞ്ഞു നിൽക്കുന്നു. ശില്പങ്ങളിലെ യക്ഷിസൗന്ദര്യം വശ്യതയുടെ പ്രതീകമാണ്. പ്രാചീനഘട്ടത്തിൽ തന്നെ യക്ഷികൾ ശില്പകലയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ജൈനമത കാലഘട്ടത്തിൽ യക്ഷിയുടെ വിവിധഭാവങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധമത കാലഘട്ടത്തിന്റെ ശേഷിപ്പുകളായി ധാരാളം യക്ഷിശില്പങ്ങൾ അമരാവതി, സാഞ്ചി, മധുര, ബോധഗയ തുടങ്ങിയ ഇടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട് ഈ ശില്പങ്ങളിൽ യക്ഷിയെ പ്രകൃതിയുമായി കൂട്ടിയിണക്കുന്ന പ്രതീകങ്ങൾ നിലനിർത്തിയിരിക്കുന്നത് കാണാം. യക്ഷികൾക്ക് ഒപ്പം തന്നെ ധാരാളം യക്ഷശില്പങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പ്രസിദ്ധമായതാണ് പർഖം യക്ഷപ്രതിമ. യക്ഷിശില്പങ്ങളിൽ 2000 വർഷത്തിലേറെ പഴക്കമുള്ള ദിദർഗഞ്ജ് ഭാരതീയ ശില്പകലയുടെ പ്രതാപം വിളിച്ചോതുന്നു. ഈ യക്ഷി പ്രതിമക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ചരിത്രമൂല്യത്താൽ അന്താരാഷ്ട്രപ്രസിദ്ധി നേടിയിരിക്കുന്നു. യക്ഷിയുടെ പൂർണ്ണകായ പ്രതിമയാണിത് നിധിപേടകങ്ങൾ കൈയിലേന്തിയ യക്ഷികളുടെ ശില്പങ്ങൾ നിരവധി സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഇവയെല്ലാം പല കാലഘട്ടത്തിൽ ശില്പകലയിൽ പ്രത്യക്ഷപ്പെട്ടതാണ്. രൂപസൗകുമാര്യത്തോടെ കുറ്റമറ്റതായി ശിലയിൽ കടഞ്ഞെടുത്ത ഈ സൗന്ദര്യം ആ കാലഘട്ടത്തിലെ ജനമനസ്സുകളിലെ യക്ഷി ആരാധനയുടെ ഭാഗമായി ഉടലെടുത്തവ തന്നെയാണ്.

യക്ഷി ഉപാസനയുടെ തലത്തിൽ നിരവധി വൈവിധ്യങ്ങൾ കാണപ്പെടുന്നുണ്ട്. തന്ത്ര ശാസ്ത്രത്തിൽ യക്ഷിണികളുടെ ഉപാസനയെകുറിച്ച് പറയുന്നുണ്ട്. മന്ത്രവാദവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രന്ഥങ്ങളിലും യക്ഷികളുടെ ഉപാസനയെ കുറിച്ച് സൂചനയുണ്ട്. ജൈനമതഗ്രന്ഥങ്ങൾ 24 തരം യക്ഷികളെകുറിച്ച് സൂചിപ്പിക്കുന്നു. യക്ഷിസങ്കല്പത്തിന് ഗുണഭേദങ്ങൾ കല്പിച്ചിട്ടുണ്ട്. സത്വരജോതമോഗുണരൂപികളായി വ്യത്യസ്ത സ്വഭാവങ്ങളിൽ വിരാജിക്കുന്ന അത്ഭുതദേവതയാണ് യക്ഷി. വിവിധ പേരുകളിലും സ്തുതികളിലുമാണ് അവർ അറിയപ്പെടുന്നത്. യക്ഷികളുടെ ആരാധനയെകുറിച്ച് പ്രതിപാദിക്കുന്ന താന്ത്രികഗ്രന്ഥങ്ങളാണ് മന്ത്രമഹാർണ്ണവവും മന്ത്രമഹോധതിയും. മന്ത്ര മഹാർണവം എന്ന താന്ത്രികഗ്രന്ഥത്തിൽ മുപ്പത്തിയാറ് തരം യക്ഷിണികളെ കുറിച്ച് വിവരിക്കുന്നു. വിചിത്ര, വിഭ്രമ, മദന, മഹാഭയ, മാഹേന്ദ്രി, ശംഖിനി, ചാന്ദ്രി, ശ്മശാനി, വടയക്ഷി, മേഖല, വികല, ലക്ഷിൻ, കാമിനി, ശതപത്രി, സുലോചന, ഭിക്ഷുണി, ജനരഞ്ജിക, വിശാല, ശോഭാദ്യ, കപാലി, വിലാസിനി, നടി, രാമേശ്വരി, സ്വർണ്ണരേഖ, സുരസുന്ദരി, മനോഹരി, പ്രമദ, രാഗിണി, നഖകേശിക, നേമിനി, പത്മിനി, സ്വർണവതി, രാത്രിപ്രിയ എന്നിവരാണ് മന്ത്രമഹാർണ്ണവത്തിൽ പ്രതിപാദിച്ചിരിക്കുന്ന യക്ഷിണികൾ.

യക്ഷിസങ്കല്പത്തിലെ വകഭേദങ്ങൾക്ക് ഓരോന്നിലും പ്രത്യേക സിദ്ധികൾ വിവരിക്കുന്നുണ്ട്. മൺമറഞ്ഞു കിടക്കുന്ന നിധിശേഖരങ്ങൾ വെളിപ്പെടുത്തുന്നതിനും അപൂർവ്വമായ ദിവ്യസിദ്ധികൾ പ്രദാനം ചെയ്യുന്നതിനും ഹംസി, വിശാല, വടയക്ഷി, ലക്ഷിൻ, നടി തുടങ്ങിയവർക്ക് സാധിക്കുന്നു. സന്തോഷവും ഐശ്വര്യവും പ്രദാനം ചെയ്യുന്നതിനും ആഗ്രഹസാഫല്യത്തിനും വിചിത്ര, ശംഖിനി, രാത്രിപ്രിയ എന്നീ ദേവത കളുടെ ഉപാസന കൊണ്ട് സാധിക്കുമെന്ന് വിശ്വസിക്കുന്നു. ജരാനരകൾ ബാധിക്കാ

തിരിക്കാനും നിത്യയൗവനം ലഭിക്കുന്നതിനും ഉപാസിച്ചിരുന്ന ദേവതയാണ് മഹാഭയ. ഈ യക്ഷിക്ക് ഭയാശങ്കകൾ മാറ്റാനുള്ള സിദ്ധിയുണ്ട്. ഇതുകൂടാതെ വശീകരണത്തിന്റെ തലത്തിൽ നിൽക്കുന്ന യക്ഷിസങ്കല്പങ്ങളിൽ പെടുന്നവയാണ് ഘണ്ഠ, ജനരഞ്ജിക, കാമേശ്വരി, മനോഹരി, പ്രമദ, രാത്രിപ്രിയ എന്നിവർ. ഇവർക്ക് പ്രണയത്തിന്റെയും ആകർഷണത്തിന്റെയും സ്നേഹത്തിന്റെയും ഭാവങ്ങളാണ് ഉള്ളത്. മഹാരോഗനിവാരണത്തിനായി ഉപാസിച്ചിരുന്ന യക്ഷിദേവതയാണ് മദന, മഹാഭയ തുടങ്ങിയവർ. ഒരു യക്ഷിക്ക് തന്നെ വിവിധ സിദ്ധികൾ കല്പിച്ചിട്ടുണ്ട്. സ്വർണവതി എന്ന യക്ഷിക്ക് അഞ്ജനസിദ്ധിയും സുലോചന എന്ന യക്ഷിക്ക് പാദുക സിദ്ധിയും നൽകാൻ സാധിക്കുമെന്നാണ് സങ്കല്പം. വിദൂരങ്ങളിൽ അതിവേഗത്തിൽ സഞ്ചരിക്കാനുള്ള കഴിവാണ് പാദുക സിദ്ധി. ഈ സിദ്ധി ഉപയോഗിച്ച് നിദ്രാവസ്ഥയിൽ ആയിരിക്കുന്ന ആരെയും വിദൂരങ്ങളിൽ കൊണ്ടുപോകാൻ സാധിക്കും. പ്രാചീനമണിപ്രവാള കാവ്യമായ ഉണ്ണുനീലി സന്ദേശത്തിൽ നിദ്രാവസ്ഥയിലായിരുന്ന നായകനെ യക്ഷി കടുത്തുരുത്തിയിൽ നിന്നും തിരുവനന്തപുരത്ത് എത്തിക്കുന്നുണ്ട്. ഈ ഇതിവൃത്തത്തിന് നിദാനമായത് യക്ഷിസങ്കല്പത്തിലെ ഇത്തരം വിശ്വാസങ്ങൾ തന്നെയായിരിക്കണം.

മാതൃദേവത സങ്കല്പം കേരളീയ പരിസരത്തിൽ പരിശോധിച്ചാൽ മാതൃത്വത്തിന്റെ രണ്ട് ഭാവങ്ങളും ശക്തമായി നിലനിൽക്കുന്നതായി കാണാം. ഇവിടെ മാതൃസങ്കല്പത്തിന്റെ ഘോരവും സൗമ്യവുമായ ഭാവങ്ങൾ ഇടകലർന്നുണ്ടായ ആരാധനാസങ്കല്പമാണ് കടലമ്മ എന്ന മാതൃദേവത. ഒരേസമയം സർവ്വഐശ്വര്യങ്ങളും നൽകുന്നവളായും സംഹാരരൂപിണിയായും കടലമ്മ നിലകൊള്ളുന്നു. ഇതുപോലെ യക്ഷിസങ്കല്പത്തിലും കേരളത്തിൽ വ്യത്യസ്തതകൾ ഉണ്ട്. ജൈനമതത്തിന്റെ വ്യാപനത്തോടെയാണ് കേരളത്തിൽ യക്ഷി ആരാധന വേരുപിടിച്ചത്. കേരളീയ സങ്കല്പമനുസരിച്ച് യക്ഷിയുടെ ഭർത്തൃസ്ഥാനത്ത് യക്ഷന് പകരം ഗന്ധർവ്വനെയാണ് അവരോധിച്ചിരിക്കുന്നത്. സൗന്ദര്യത്തിന്റെയും വശ്യതയുടെയും കാല്പനികതയുടെയും മൂർത്തീഭാവമായാണ് കേരളീയ പരിസരത്തിൽ യക്ഷിദേവത വിരാജിക്കുന്നത്. പുരാതനകാലം മുതൽ തന്നെ കേരളത്തിൽ യക്ഷി ആരാധനമൂർത്തിയായിരുന്നു. തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ നിന്ന് ലഭിച്ച ചെപ്പേടുകളിൽ യക്ഷിയെ ഉപദേവതയായി ആരാധിച്ചിരുന്നു എന്നതിന് തെളിവ് ലഭിക്കുന്നുണ്ട്. തെക്കേ ഇന്ത്യയിലെ ഗ്രാമദേവതയായ അമ്മ ദൈവസങ്കൽപ്പത്തെ യക്ഷിരൂപത്തിൽ ആരാധിച്ചു വന്നിരുന്നതാണ് ഇശക്കിയമ്മൻക്ഷേത്രങ്ങൾ. ഇശക്കി എന്ന നാമം പോലും യക്ഷി എന്ന സംസ്കൃതനാമത്തിൽ നിന്നും ഉദ്ഭവിച്ചതാണ്. ഭാരതത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ വ്യാപകമായി ആരാധിച്ചു വന്നിരുന്ന ദേവതയാണ് യക്ഷി എന്നതിന് ഇതിനെക്കാൾ വലിയൊരു തെളിവില്ല.

സർപ്പാരാധനയും അമ്മദൈവാരാധനയും ഇടകലർന്നു കിടക്കുന്ന ദ്രാവിഡ സംസ്കാരത്തിൽ യക്ഷിക്ക് സവിശേഷ സ്ഥാനമുണ്ട്.കേരളത്തിലെ ആദ്യകാലത്തെ ഹൈന്ദവ ആരാധനകേന്ദ്രങ്ങൾ ആയിരുന്നു കാവുകൾ. യക്ഷികളെയും ഗ്രാമദേവതകളെയും പ്രതിഷ്ഠിച്ചിരുന്നത് കാവുകളിലായിരുന്നു. യക്ഷി ആരാധനയുള്ള കാവുകൾ യക്ഷിക്കാവുകൾ എന്നറിയപ്പെട്ടു. ആര്യസംസ്കാരത്തെ തുടർന്നാണ് ക്ഷേത്രങ്ങൾ ഉണ്ടായത്. കാവുകളിൽ നിന്നും ക്ഷേത്രങ്ങളായി പരിണമിച്ച യക്ഷിക്കാവുകളും ഉണ്ട്. പാറമേക്കാവ്,

പനയനാർക്കാവ്, തിരുമ്പറംകാവ് എന്നിവ ആദികാലത്ത് കാവുകൾ ആയിരുന്നവയും പിൽക്കാലത്ത് ക്ഷേത്രങ്ങളായി മാറിയവയും ആണ്. നാഗർകാവുകളിലും നാഗയക്ഷി എന്നൊരു വിഭാഗമുണ്ട്. നാഗയക്ഷിയും കേരളത്തിലെ അമ്മ ദൈവാരാധനയിൽ പെടുന്നു. നാഗയക്ഷി ഐശ്വര്യവും ധനവും സന്താനലാഭവും ആഗ്രഹസാഫല്യവും നൽകുമെന്ന് വിശ്വസിക്കുന്നു. ആദിദ്രാവിഡ സംസ്കാരത്തിലെ ആരാധനയുമായുള്ള സമന്വയമാണിത് വിളിച്ചോതുന്നത്. പ്രകൃതിശക്തികളിലെ ഘോരഭാവത്തെ ആരാധനയോടെ വണങ്ങിയ ആദിമമനുഷ്യന്റെ പ്രകൃത്യുപാസനാകേന്ദ്രങ്ങളാണ് കാവുകൾ. കാവുകളിലെ പച്ചപ്പ് പ്രകൃതിയുടെ സമൃദ്ധിയെയാണ് സൂചിപ്പിക്കുന്നത്. ജൈനരുടെ യക്ഷിപ്രതിമകളിലും പ്രകൃതിയുമായുള്ള ഈ ബന്ധം വ്യക്തമാണ്. വൃക്ഷങ്ങൾക്ക് ചുവട്ടിൽ നിൽക്കുന്ന നിലയിലുള്ള യക്ഷിശില്പങ്ങളാണ് അധികവും കണ്ടുകിട്ടിയിട്ടുള്ളത്. യക്ഷിശില്പങ്ങളുടെ പശ്ചാത്തലത്തിൽ വൃക്ഷസാന്നിധ്യം കാണുന്നതും കേരളീയർ കാവുകളിൽ യക്ഷിപ്രതിഷ്ഠ നടത്തിയതിനും പരസ്പരം ബന്ധം കൽപ്പിക്കാം.

കേരളത്തിലെ പല പ്രമുഖ ക്ഷേത്രങ്ങളിലും യക്ഷി ചിത്രങ്ങളും ശില്പങ്ങളും കാണാം. തളിപ്പറമ്പ്, വൈക്കം, ഏറ്റുമാനൂർ പനയനാർക്കാവ്, തളിയിൽ ശിവക്ഷേത്രം, പുണ്ഡരീകപുരംക്ഷേത്രം, പൂവപ്പുഴ എന്നീ ക്ഷേത്രങ്ങൾ അവയിൽ ചിലതാണ്. പുണ്ഡരീകപുരം ക്ഷേത്രത്തിലെ ചിത്രത്തിൽ അരയ്ക്കു താഴെ മാത്രം വസ്ത്രം ധരിച്ചിരിക്കുന്ന രീതിയിലാണ് യക്ഷിദേവതയെ ചിത്രീകരിച്ചിരിക്കുന്നത്. ഈ ചിത്രത്തിന്റെ പശ്ചാത്തലത്തിൽ ആലേഖനം ചെയ്തിരിക്കുന്ന വൃക്ഷം കവുങ്ങാണ്. കവുങ്ങിന്റെ ചുവട്ടിൽ നിന്ന് ഇടംകൈയിൽ വാൽക്കണ്ണാടി പിടിച്ചു വലംകൈകൊണ്ട് പൊട്ടുകുത്തുന്ന തരത്തിലാണ് യക്ഷിയുടെ ചിത്രം. പത്മനാഭസ്വാമിക്ഷേത്രത്തിലും സമാനഭാവത്തിൽ യക്ഷിദേവതയെ ആ ലേഖനം ചെയ്തിട്ടുണ്ട്. കയ്യിൽ വാൽക്കണ്ണാടി പിടിച്ച് ദാസിയോടൊപ്പം നിൽക്കുന്ന യക്ഷിരൂപമാണ് ഇവിടെയുള്ളത്. കിഴൂർ ശിവക്ഷേത്രത്തിൽ അമ്മാനമാടുന്ന മോഹിനി യക്ഷീരൂപമാണുള്ളത്. പൂവപ്പുഴക്ഷേത്രത്തിൽ പൊട്ടുതൊടുന്ന മോഹിനി യക്ഷിയെ ദാരുശില്പത്തിൽ കൊത്തിവെച്ചിട്ടുണ്ട്.

കേരളത്തിലെ യക്ഷി ആരാധനയിൽ സുന്ദരയക്ഷി സങ്കല്പത്തിനാണ് പ്രാധാന്യം. വരദായിനിയും ഐശ്വര്യപ്രദായിനിയുമായി കാണപ്പെടുന്ന യക്ഷിസങ്കല്പമാണ് സുന്ദരയക്ഷി. ഈ യക്ഷിദേവതയെകുറിച്ച് പല ധ്യാനശ്ലോകങ്ങളുമുണ്ട്. ഈ ധ്യാനങ്ങളിൽ എല്ലാം വർണ്ണിക്കുന്നത് യക്ഷിദേവതയുടെ മോഹനരൂപമാണ്.

*ആദർശദണ്ഡാശ്രിതവാമദോഷ്ണാ*
*ചാന്യേനഫാലേതിലകംദധാനം*
*സപൂഗവൃക്ഷാശ്രിതദക്ഷപാദാം*
*നമാമിയക്ഷിംവിരജാംബരാഢ്യം*

[ഇടത്തെ കയ്യിൽ കണ്ണാടി പിടിച്ചും വലത്തേ കൈകൊണ്ട് നെറ്റിമേൽ പൊട്ടുതൊട്ടും കവുങ്ങിൽ വലതുകാൽ മടക്കിവെച്ചു വെളുത്തവസ്ത്രം ഉടുത്തു നിൽക്കുന്ന യക്ഷിയെ നമിക്കുന്നു]

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഇതാണ് സുന്ദരയക്ഷിയെ ചിത്രീകരിക്കുന്നതിന് മിക്കകലാകാരന്മാരും ഉപയോഗിച്ചു വരുന്ന ധ്യാനമന്ത്രം എന്ന് ഡോക്ടർ എം.ജി.ശശിഭൂഷൻ കേരളീയരുടെ ദേവതാസങ്കല്പം എന്ന പുസ്തകത്തിൽ വ്യക്തമാക്കുന്നു. വാമൊഴിയായി പ്രചരിച്ചുവരുന്ന മന്ത്രങ്ങളും ഉണ്ട്. കേരളത്തിൽ മന്ത്രവാദകർമ്മത്തിന് പ്രസിദ്ധമായ കക്കാട്, കല്ലൂരിലെ കാട്ടുമാടം, സൂര്യകാലടി തുടങ്ങിയ മനകളിൽ യക്ഷി ഉപാസന ഉൾപ്പെട്ട താളിയോല ഗ്രന്ഥങ്ങളുണ്ട്. വൈവിധ്യം അനുസരിച്ച് യക്ഷികളുടെ ധ്യാനങ്ങളിൽ മാറ്റമുണ്ട്.

*അരുണചന്ദനവസ്ത്രഭൂഷിതാം*
*സജലതോയദതുല്യതനൂരുഹാം*
*സ്മരകുരംഗദൃശ്യംവടയക്ഷിണി*
*കമുകനാഗലതാദളയുക്തരാം.*

ഏറ്റവും മനോഹരമായ യക്ഷിസങ്കല്പമാണ് മോഹിനിയക്ഷി. ആരാധനയുടെ തലത്തിലേക്ക് ഉയർന്ന ഈ യക്ഷിയെ സുന്ദരയക്ഷി എന്നും വിളിക്കുന്നു. കയ്യിൽ വാൽക്കണ്ണാടി പിടിച്ചു പൊട്ടുകുത്തുന്ന തരത്തിലാണ് മോഹിനിയക്ഷിയുടെ ആവിഷ്കരണരീതി. ചില കുടുംബങ്ങളിൽ പരദേവത സ്ഥാനത്തും സങ്കൽപ്പിച്ചു പോരുന്നു. സുന്ദരയക്ഷിയിൽ നിന്നും വ്യത്യസ്തമാണ് അന്തരയക്ഷി. ഉഗ്രരൂപത്തിലുള്ള സങ്കല്പമാണിത്. കുടുംബത്തിന്റെ രക്ഷാസ്ഥാനത്ത് നിലകൊള്ളുന്ന യക്ഷിദേവതയെ പ്രീതിപ്പെടുത്തുന്നതിനായി യക്ഷിക്കളമൊരുക്കി കളമെഴുത്തും പാട്ടും നടത്തിവരുന്നു. യക്ഷിക്കളങ്ങൾ പൊതുവേ മഞ്ഞനിറത്തിലാണ് വരയ്ക്കുന്നത്. കളമെഴുത്തും പാട്ടും നടത്തിയിരുന്ന ഗണകവിഭാഗം ഒരു കാലത്ത് ജൈനമത വിശ്വാസികൾ ആയിരുന്നതായി കരുതപ്പെടുന്നു. സന്താന ലബ്ധിക്കായി യക്ഷിത്തോറ്റങ്ങൾ നടത്തി വരുന്നു ഇതുകൂടാതെ അപൂർവമായിട്ടെങ്കിലും യക്ഷിത്തെയ്യങ്ങളും കാണാം. കരിഞ്ചാമുണ്ഡിയും പുള്ളിഭഗവതിയും യക്ഷിത്തെയ്യങ്ങളാണ്. ചില അമ്പലവാസി വിഭാഗക്കാരുടെ പാരമ്പര്യമുറപ്രകാരമുള്ള വിവാഹത്തിന് യക്ഷയക്ഷിണിമാരുടെ കളം അരിമാവ് കൊണ്ട്വരച്ച് പൂജിക്കാറുണ്ട്. ഏറ്റവും മംഗളകരമായ വിവാഹമുഹൂർത്തത്തിൽ യക്ഷിപൂജ നടത്തുക എന്നത് ഈ ദേവതയുടെ പ്രാധാന്യത്തെയാണ് വിളിച്ചോതുന്നത്. ഉപദേവതാസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന യക്ഷിദേവതക്ക് മറ്റ് ഉപദേവതകൾക്ക് നൽകുന്ന പൂജയിൽ നിന്നും വ്യത്യാസമുണ്ട്. വറപ്പൊടി, കരിക്ക് എന്നിവയാണ് യക്ഷിക്ക് പ്രിയപ്പെട്ട നിവേദ്യങ്ങൾ

ഒരുകാലത്ത് അതിഗംഭീരമായി ആരാധന കൈക്കൊണ്ട് സമൃദ്ധിയുടെ പ്രതീകമായി നിലകൊണ്ട യക്ഷിസങ്കല്പത്തിന് എങ്ങനെ സ്ഥാനത്താഴ്ച ഉണ്ടായി എന്നത് ചിന്തനീയമാണ്. ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട, പ്രതികാരദാഹവുമായി അലയുന്ന ആത്മാവ് എന്ന നിലയിലാണ് ഇന്നത്തെ കാലത്ത് യക്ഷി അറിയപ്പെടുന്നത്. എന്തിനെയും നശിപ്പിക്കുവാനും ആകർഷണത്തിലൂടെ വശീകരിച്ച് ലക്ഷ്യം നേടാനും കഴിയുന്ന ഭീകരസങ്കൽപ്പമാണ് ഇന്നത്തെ യക്ഷി. പ്രസിദ്ധമായ പലയക്ഷികളും നാടോടികഥകളിലും സാഹിത്യങ്ങളിലും ഉണ്ട്. കള്ളിയങ്കാട്ട് നീലി, മറവങ്കോട്ട് യക്ഷി, കാഞ്ഞിരോട്ട് യക്ഷി എന്നിവർ അവരിൽ ചിലതാണ്. തിരുവിതാംകൂറിന്റെ പ്രാചീനചരിത്രത്തിൽ ഏറെ ശ്രദ്ധിക്ക

പ്പെട്ട യക്ഷിയാണ് മേലാംകോട് യക്ഷി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ മുറപ്പെണ്ണായ ഉമ്മിണിത്തങ്കയാണ് കാലാന്തരത്തിൽ മേലാംകോട് യക്ഷിയായി മാറിയത്. സഹോദര ന്മാരായ പത്മനാഭൻ തമ്പിയുടെയും രാമൻ തമ്പിയുടെയും മരണത്തിന് കാരണക്കാരായ മാർത്താണ്ഡവർമ്മയോടുള്ള പ്രതികാരത്താൽ സ്വന്തം നാവു പിഴുതെടുത്ത് ആത്മാഹുതി ചെയ്ത ഉമ്മിണിത്തങ്കയുടെ ആത്മാവ്, മരണാനന്തരം ഘോരസങ്കല്പത്തിലെ യക്ഷിയായി തീർന്നു. പിന്നീട് ഈ യക്ഷിക്ക് ദേവതാസ്ഥാനം നൽകി മേലാംകോട് യക്ഷിയമ്മയായി ആരാധിച്ചുപോരുന്നു. ഈ കഥകളിലെല്ലാം യക്ഷിമോക്ഷം നേടാതെ അലയുന്ന പ്രതികാരദാഹിയായ ആത്മാവാണ്. ഈ നിലയിൽ അല്ലാത്ത ഒരു അന്വേഷണം ആവശ്യമാണ്. പ്രകൃതിയിലെ അദൃശ്യശക്തികളെ മനുഷ്യൻ യക്ഷിയായി വ്യാഖ്യാനിച്ചു. സങ്കല്പങ്ങളിൽ വന്ന വ്യതിയാനം ആണ് ഈ വിരുദ്ധതയ്ക്ക് പിന്നിൽ. മനുഷ്യമനസ്സിൽ പതിഞ്ഞുപോയ യക്ഷിസങ്കല്പത്തിനും യക്ഷിസാന്നിധ്യത്തിനും മന:ശാസ്ത്രപരമായ അപഗ്രഥനമാണ് ആവശ്യം. ആദിമൂലരൂപങ്ങളിൽ നിന്നും വ്യത്യസ്തമായി ഇന്നത്തെ യക്ഷി ആരാധനയെ പരേതാരാധന എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുവാനേ കഴിയുകയുള്ളൂ.

കേരള സംസ്കാരത്തിൽ നിലനിൽക്കുന്ന വിവിധ ആരാധനാ ഭേദങ്ങളിൽ ഒന്നാണ് പരേതാരാധന. ചെറുതും വലുതുമായ പരേതാരാധനാരീതികൾ കേരളത്തിൽ സാർവ ത്രികമായി കാണുവാൻ സാധിക്കും. കുടുംബം, ദേശം എന്നീ തലങ്ങളിലേക്ക് ഈ ആരാധനാരീതി വ്യാപിച്ചുകിടക്കുന്നു. ആദ്യകാലത്ത് തറവാടുകളിൽ യോഗി സമാനനും ബൗദ്ധികനിലവാരത്തിൽ ഉയർന്നവനും ഗുരുസ്ഥാനീയനുമായ മുതിർന്ന അംഗത്തിന് മരണശേഷം ദിവ്യത്വം കൽപ്പിച്ചു കുടുംബത്തിന്റെ സംരക്ഷകസ്ഥാനത്ത് പ്രതിഷ്ഠിച്ചി രുന്നു. മന്ത്രമൂർത്തി, യോഗീശ്വരൻ എന്നിങ്ങനെ പല പേരുകളിൽ ഈ പ്രതിഷ്ഠകൾ അറിയപ്പെട്ടു. ഇവർക്ക് കുടുംബപരദേവതകൾക്കൊപ്പം സ്ഥാനം നൽകി പൂജാകർമ്മങ്ങൾ നടത്തിയിരുന്നു. ഈ ആത്മാവ് കുടുംബാംഗങ്ങളെ എക്കാലവും സർവ്വദോഷങ്ങളിൽ നിന്നും കാത്തുകൊള്ളും എന്നവിശ്വാസം അടിയുറച്ചിരുന്നു. പരേതാരാധന ഒരു ദേശത്തി ന്റെ സ്വന്തമായി മാറുന്ന അവസ്ഥയാണ് തെയ്യക്കോലങ്ങളിൽ കാണുന്നത്. വീരാരാധന യാണ് ഇവിടെ മുഖ്യമായത്. ധീരനായ വ്യക്തിയോടുള്ള ആരാധന പിന്നീട് ഭക്തിക്ക് വഴിമാറുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കതിവനൂർ വീരൻ, മുച്ചിലോട്ടമ്മ എന്നിങ്ങനെ നിരവധി തെയ്യക്കോലങ്ങൾ ഇതിനുദാഹരണങ്ങളാണ്. കീഴാളസമൂഹം അനുഭവിച്ചിരുന്ന അടിമത്വത്തിൽ നിന്നും അടിച്ചമർത്തലിൽ നിന്നും ഉയർന്നു വന്ന ദൈവീകസങ്കല്പത്തെ നമുക്ക് ഇവിടെ ദർശിക്കാം. ഓരോ തെയ്യവും പ്രതികാരത്തിന്റെയും ചതിയുടെയും കഥ പറയുന്നു. മരണാനന്തരം അവരുടെ ചരിതങ്ങൾക്ക് ദൈവികത്വം കൽപ്പിച്ച് ആരാധനാതലത്തിലേക്ക് ഉയർത്തുന്നു. ഒരുദേശത്തിന്റെ സംരക്ഷകമൂർത്തി യായി മാറുന്നു. ഇങ്ങനെ കുടുംബദേശങ്ങളിൽ നിലനിൽക്കുന്ന പരേതാരാധനാ പ്രതീകങ്ങളല്ല യക്ഷിസങ്കല്പം. ഭീകരത സൃഷ്ടിച്ച മനുഷ്യരക്തം കുടിച്ച് പ്രതികാര ഭാവത്തോടെ വിഹരിച്ച പല ആത്മാക്കളെയും മന്ത്രതന്ത്രങ്ങളിലൂടെ അടക്കിനിർത്തി പിന്നീട് ദേവതാസ്ഥാനം നൽകിയ കഥകൾക്ക് ഇത്തരത്തിൽ പരേതാരാധന എന്ന് മാത്രമേ പേര് നൽകാൻ കഴിയൂ. ഇതിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തമാണ് യക്ഷിസങ്കല്പം.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആധുനികസമൂഹത്തിൽ ഭയം ജനിപ്പിക്കുന്ന പ്രേതം എന്ന നിർവചനമാണ് യക്ഷിക്ക് കൈവന്നിരിക്കുന്നത്. ഇവിടെ മരണാനന്തരം ചുറ്റിത്തിരിയുന്ന ആത്മാവാണ് യക്ഷി. ആധുനികശാസ്ത്രം ആത്മാവിന്റെ സഞ്ചാരങ്ങളെ ലക്ഷ്യമാക്കി നിരവധി പഠനങ്ങൾ നടത്തുന്നുണ്ട്. അതിന്റെ മറവിൽ ഇതൊരു കച്ചവടമായി മാറിയിരിക്കുന്നു. 2017 ജനുവരി യിലെ കിളിപ്പാട്ട് മാസികയിൽ പ്രസിദ്ധീകൃതമായ സാബുജോസിന്റെ 'പ്രേതം വന്ന് വിളിക്കുമ്പോൾ' എന്ന ലേഖനത്തിൽ ഇത്തരത്തിൽ കച്ചവടവൽക്കരിക്കപ്പെട്ട പ്രേതാന്വേഷണതന്ത്രങ്ങളെ കുറിച്ച് വിശദമാക്കിയിട്ടുണ്ട്. ലോകവ്യാപകമായി പ്രവർത്തിക്കുന്ന പാരാനോർമൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് ആവശ്യമായ ഉപകരണങ്ങൾ വിൽക്കുന്ന വ്യാപാരശൃംഖലയെ ഈ ലേഖനത്തിൽ തുറന്നുകാട്ടുന്നു. ആത്മാവ് ഭൂമിയിൽ നിലനിൽക്കുന്നുവെന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ പ്രേതാന്വേഷണ കുതുകികളും പ്രേതബാധയിൽ വിശ്വസിച്ച് ദുരൂഹതകളെ അംഗീകരിക്കുന്നവരും എത്തിനിൽക്കുന്നത് വലിയൊരു കെണിയുടെ മുന്നിലാണ്. ഈ ലേഖനത്തിൽ ആത്മാവ് എന്ന സങ്കല്പ ത്തെക്കുറിച്ച് വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ഭൗതിക ശാസ്ത്രസിദ്ധാന്തപ്രകാരം ഊർജ്ജം നിർമിക്കുവാനും നശിപ്പിക്കുവാനും സാധ്യമല്ല. എന്നാൽ ഒരു രൂപത്തിൽ നിന്നും മറ്റൊന്നിലേക്ക് പരിവർത്തനം ചെയ്യാൻ സാധിക്കും. ഈ സിദ്ധാന്തം അനുസരിച്ച് മരണശേഷം ഒരു വ്യക്തിയുടെ ശരീരത്തിലെ ഊർജ്ജം ചുറ്റുപാടുകളിലേക്ക് വിതരണം ചെയ്യപ്പെടുകയാണെന്ന് വ്യക്തമാക്കുന്നു. അങ്ങനെയെങ്കിൽ ആത്മാവ് അലഞ്ഞു നടന്ന് മറ്റൊരാൾക്ക് ബാധോപദ്രവമായി മാറും എന്ന വിശ്വാസത്തിൽ യാതൊരു അടിസ്ഥാനവുമില്ല. ഇത്തരം വിശ്വാസങ്ങളെ മുതലെടുപ്പ് നടത്തുന്നവരാണ് ഇതിനെ വളർത്തി വലുതാക്കി ലാഭം കൊയ്യാൻ ശ്രമിക്കുന്നത്. മനുഷ്യ മനസ്സിന്റെ ചില അവസ്ഥാവിശേഷങ്ങളാണ് ഈ പ്രേതാനുഭവങ്ങൾക്ക് പിന്നിൽ. ഇതിന് മന:ശാസ്ത്രപരമായ സമീപനമാണ് ആവശ്യം. ഭാരതീയദർശനത്തിൽ താന്ത്രിക വിധിപ്രകാരം മനുഷ്യാത്മാവ് എന്ന ഊർജ്ജം മരണാനന്തരം അന്നത്തിലൂടെ പിതാവിൽ പ്രവേശിക്കുകയും ബീജത്തിലൂടെ മാതൃഗർഭത്തിൽ എത്തി പുതിയൊരു ഊർജ്ജമായി പുതിയ ജന്മമായി രൂപപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ധാരാളം പഠനങ്ങൾ ആദികാലം മുതൽ നടത്തപ്പെട്ടിരിക്കുന്നു. ഇതെല്ലാം തന്നെ പ്രാചീനകാലം മുതൽ പ്രകൃതി പ്രതിഭാസങ്ങളെകുറിച്ച് അറിയാനുള്ള മനുഷ്യന്റെ അദമ്യമായ ത്വരയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നവയാണ്. ആത്മാവിന്റെ സഞ്ചാരത്തെക്കുറിച്ച് അറിയാനുള്ള മനുഷ്യ ന്റെ ത്വര അവനെ കൊണ്ടെത്തിക്കുന്നത് പലപ്പോഴും മറ്റൊരനുഭവത്തിലേക്കും മാനസികാവസ്ഥയിലേക്കുമാണ്. ഇതിന്റെ ചുവടുപിടിച്ച് വികസിച്ചു വരുന്നതാണ് ദുർമന്ത്രവാദം. ഇതിലേക്ക് കോപ്പുകൂട്ടുന്നവർ കുറ്റകൃത്യങ്ങൾക്ക് പോലും മടിക്കുന്നില്ല. ഇത് സമൂഹത്തിനു തന്നെ ആപൽക്കരമാണ്. ആഗോളതലത്തിൽ വൻ സാധ്യതയുള്ള ഒന്നാണ് ദുർമന്ത്രവാദം. ധാരാളം ദുർമന്ത്രവാദ സൈറ്റുകൾ പോലും ഉണ്ട്. അങ്ങനെ സൈബർലോകത്തും ദുർമന്ത്രവാദം ആധിപത്യം ഉറപ്പിച്ചിരിക്കുന്നു. ഇതിനൊക്കെ വളമാകുന്നത് ഭൂമിയിലെ നെഗറ്റീവ് എനർജിയെ കുറിച്ചുള്ള സങ്കല്പമാണ്. എന്നാൽ ഇത്തരം നെഗറ്റീവ് എനർജിയാണ് യക്ഷി എന്ന അർത്ഥത്തിൽ നാം മനസ്സിലാക്കിയിരിക്കുന്നത്. പ്രേതസങ്കല്പത്തിൽ നിന്നും ഭിന്നമായ ഒരു കാഴ്ചപ്പാടാണ് യക്ഷി എന്നത് നാം

ഉൾക്കൊള്ളേണ്ടതുണ്ട്.

യക്ഷിസങ്കല്പത്തെ ആധാരമാക്കി നാടോടിക്കഥകൾ സാഹിത്യകൃതികൾ എന്നിവ ധാരാളമായുണ്ട് ഇവയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന യക്ഷികൾ പരേതാത്മാക്കൾ ആണെന്ന് കാണാം. തെക്കൻ പാട്ടുകളിൽ യക്ഷികൾ പ്രാധാന്യത്തോടെ നിലനിൽക്കുന്നു. ഡോക്ടർ വി.വി.ഹരിദാസ് യക്ഷിസങ്കല്പം എന്ന തന്റെ പുസ്തകത്തിൽ തെക്കൻ പാട്ടുകളിലെ യക്ഷികഥാപാത്രങ്ങളെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. കൂടാതെ സാഹിത്യ കൃതികളായ ശുകസന്ദേശം, ഉണ്ണുനീലി സന്ദേശം തുടങ്ങിയവയിലും തുടർന്നുവന്ന മറ്റ് മലയാളകൃതികളിലും യക്ഷിക്ക് പ്രാധാന്യമുണ്ട്. ഇതിൽ എടുത്തു പറയേണ്ടവയാണ് മലയാറ്റൂരിന്റെ 'യക്ഷി', ബഷീറിന്റെ 'നീലവെളിച്ചം', സുനിൽ പരമേശ്വരന്റെ മാന്ത്രിക നോവലുകൾ എന്നിവ. ഇങ്ങനെ യക്ഷി പ്രമേയത്തിൽ അവതരിപ്പിക്കപ്പെട്ട സാഹിത്യ കൃതികൾക്ക് വായനക്കാർ അധികമായിരുന്നു. ഇതിനു പിന്നിൽ നിഗൂഢ സങ്കല്പങ്ങളെ ക്കുറിച്ചറിയാനും അടുക്കാനും ഉള്ള മനുഷ്യവാസനയാണുള്ളത്. ഉള്ളിൽ അടിയുറച്ചിരി ക്കുന്ന ഗോത്രസ്മൃതികളുടെ അനുരണനമാണ് യക്ഷിക്കഥകളുടെ ആസ്വാദനത്തിനു പിന്നിൽ. വേറിട്ട അനുഭവമാണ് ഇത്തരം സാഹിത്യകൃതികൾ ആസ്വാദകന് നൽകുന്നത്.

ഒരു കാലഘട്ടത്തിൽ മലയാളിയുടെ ആസ്വാദനത്തിന്റെ മുഖ്യമേഖല ആഴ്ചപ്പതിപ്പു കളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നോവലുകളായിരുന്നു. മലയാളിയുടെ ആസ്വാദനത്തി ന്റെ അനുഭൂതിതലങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ആഴ്ചപ്പതിപ്പുകളിൽ മാന്ത്രികത ഇടംപിടിച്ചു. അത്തരം മാന്ത്രികനോവലുകൾക്ക് ഏറെ ആസ്വാദകർ ഉണ്ടായിരുന്നു. സാധാരണക്കാരന്റെ മാന്ത്രികതയോടുള്ള താല്പര്യം കാരണം അത്തരം നോവലുകൾ ജനപ്രിയത സൃഷ്ടിച്ച് മുന്നേറിക്കൊണ്ടിരുന്നു. ഇന്ന് ആ സ്ഥാനം കയ്യടക്കിയിരിക്കുന്നത് ടെലിവിഷൻ പരമ്പരകളാണ്. എല്ലാ ചാനലിലും രാത്രിപരമ്പരയായി യക്ഷിസാന്നിധ്യം പറന്നെത്തി. മാന്ത്രികതയും യക്ഷിയും ആധുനികസമൂഹത്തിന്റെയും മാനസികതലങ്ങളെ പിടിച്ചുകുലുക്കാൻ ശേഷിയുള്ളതാണെന്നാണ് ഇത് തെളിയിക്കുന്നത്. അതിനാൽ യക്ഷി എക്കാലത്തും ഉള്ളിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഒരു വിസ്മയം തന്നെയാണ്.

മലയാളസാഹിത്യത്തിൽ എന്നതുപോലെ മലയാളസിനിമയ്ക്കും യക്ഷി പ്രിയങ്കരി യാണ്. പുരാവൃത്തങ്ങളുടെ സ്വാധീനവും മനുഷ്യമനസിന്റെ അടിത്തട്ടിൽ വിസ്മൃതമായി കിടക്കുന്ന ഭാവനകളുമാണ് യക്ഷിസിനിമകൾക്ക് പ്രേക്ഷകരെ ലഭിക്കുന്നതിനുള്ള പ്രധാന കാരണം. മലയാളചലച്ചിത്രത്തിൽ മന:ശാസ്ത്രപരമായ സമീപനത്തോടെ യക്ഷിസങ്കല്പ ത്തെ അപഗ്രഥിച്ച സിനിമയാണ് മണിച്ചിത്രത്താഴ്. ഇതിൽ യക്ഷിബാധ എന്നതു മുത്തശ്ശിക്കഥകളുടെ പ്രേരണ മനുഷ്യനിൽ എത്തിക്കുന്ന ദ്വന്ദ്വവ്യക്തിത്വം മാത്രമാണെന്ന് സ്ഥാപിക്കുന്നു. ഭാർഗവീനിലയം, ശ്രീകൃഷ്ണപ്പരുന്ത്, വെള്ളിനക്ഷത്രം, ആകാശഗംഗ, യക്ഷിയും ഞാനും, ആടുപുലിയാട്ടം, പ്രേതം എന്നിങ്ങനെ നിരവധി സിനിമകൾ യക്ഷി പ്രമേയത്തിൽ മലയാളത്തിൽ പിറവിയെടുത്തു. അവയിലെല്ലാം യക്ഷി എന്നതു ഒടുങ്ങാത്ത പകയുമായി ജന്മങ്ങൾക്കപ്പുറത്തും നാശംവിതച്ച് അനുയോജ്യമായ ശരീരത്തിൽ ആശ്രയം കണ്ടെത്തുന്ന ഒന്നാണ്. ഒടുവിൽ ഒരു മന്ത്രവാദക്കളത്തിന് മുന്നിലോ ആണിയിലോ

ആവാഹിക്കപ്പെടുന്നതാണ് സിനിമയിലെയും സാഹിത്യത്തിലെയും യക്ഷി. സിനിമയിലെയും സാഹിത്യത്തിലെയും മുത്തശ്ശിക്കഥകളിലെയും യക്ഷികൾ ഈ വിധത്തിൽ ആവാഹിക്കപ്പെട്ട് അടിച്ചമർത്തപ്പെടേണ്ടവരാണ്. ഇതെല്ലാം തന്നെ യക്ഷിയുടെ യഥാർത്ഥ മുഖത്തെ മാറ്റി പ്രതിഷ്ഠിക്കുന്നു. ഐതിഹ്യമാലയിലെ യക്ഷികൾ ഇങ്ങനെ ഒതുക്കി മാറ്റപ്പെട്ട യക്ഷിസങ്കല്പത്തെയാണ് സാക്ഷ്യപ്പെടുത്തുന്നത്. പിന്നീട് ഇവ ആരാധനാതലത്തിലേക്ക് ഉയർന്നതായും കാണാം. മനുഷ്യമനസിന്റെ വേറിട്ട ചിന്തയാണ് യക്ഷി. യഥാർത്ഥ്യത്തിൽ നിന്നും വ്യതിചലിച്ച് മാറ്റി പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു വിരുദ്ധതയാണ് യക്ഷി.

യക്ഷി എന്ന സൗന്ദര്യാത്മകമായ സങ്കല്പത്തെ മനുഷ്യൻ ചില പ്രത്യേക ചട്ടക്കൂടുകളിൽ ഒതുക്കി. പാല, കരിമ്പന തുടങ്ങിയ പശ്ചാത്തലങ്ങളിൽ നിർത്തി ഭീകര ഭാവം നൽകി അവതരിപ്പിച്ചത് ഭാവനാസംബന്ധമായ ഏതോ മനസ്സിന്റെ വിലാസങ്ങളാവാം. ആചാര്യ എം.ആർ.രാജേഷിന്റെ ഹിന്ദുധർമ്മരഹസ്യം എന്ന പുസ്തകത്തിൽ യക്ഷിയുടെ വാസസ്ഥാനം എങ്ങനെ പനയിൽ എത്തിച്ചേർന്നു എന്ന് വ്യാഖ്യാനിക്കുന്നു. യജ്ഞം ചെയ്യുന്നവനെ 'യക്ഷൻ' എന്നും യജ്ഞ സ്ഥലത്തെ 'യക്ഷി' എന്നും വിവക്ഷിക്കുന്നു. യജ്ഞം അധ:പതിച്ചതോടെ യക്ഷിക്കും ഹീനാർത്ഥം ഉണ്ടായിക്കാണാമെന്നും യജ്ഞം നടന്ന മണ്ണിൽ എഴുത്തോലപ്പന നടുന്ന പതിവുണ്ടായിരുന്നതിനാൽ പിൽക്കാലത്ത് യക്ഷിവാസം പനയിലായി എന്ന് വ്യാഖ്യാനം ഉണ്ടായി എന്നും വിശദമാക്കുന്നു. ഭീഷണ പ്രതീതി ജനിപ്പിച്ച് ആത്മാവിന്റെ സാന്നിധ്യം മാത്രമാക്കി യക്ഷിസങ്കല്പത്തെ തരംതാഴ്ത്തുന്നത് ഉചിതമല്ല. പുരാതനകാലത്ത് മനുഷ്യനിൽ ഉരുത്തിരിഞ്ഞ ഉർവ്വരതാദേവതയായ യക്ഷിയെ സംഹാരത്തിന്റെ മാത്രം ചട്ടക്കൂടിൽ ഒതുക്കേണ്ടതല്ല. യക്ഷിസങ്കല്പത്തിന്റെ സത്യം തേടിയുള്ള യാത്ര രസകരവും ഗൗരവകരവുമായ ഒരു പഠനമാണ്. 2017 ഏപ്രിൽ മാസത്തിലെ ഭാഷാപോഷിണിയിൽ കടമ്മനിട്ട വാസുദേവൻ പിള്ള 'പടയണിക്കാലം' എന്ന തന്റെ ലേഖനത്തിൽ പടയണിയിലെ യക്ഷിയെകുറിച്ച് സൂചിപ്പിക്കുന്നു. അതിലദ്ദേഹം യക്ഷി എന്നതിന് 'രക്ഷിക്കുന്നവൾ' എന്ന അർത്ഥമാണെന്ന് സ്ഥാപിക്കുന്നു. 'യക്കി'യാണ് യക്ഷിയായത്. യക്ഷിയുടെ അർത്ഥവും 'രക്ഷിക്കുന്നവൾ' എന്ന് തന്നെയാണ്. അല്ലാതെ പിടിച്ച് തിന്ന് കൊല്ലുന്ന സങ്കല്പം അല്ല. ആലിൽ രക്തം കുടിക്കുന്ന യക്ഷി അല്ല ആലില പ്രാണവായുവാക്കുന്ന രക്ഷയാണ്' എന്നാണ് കടമ്മനിട്ട വാസുദേവൻപിള്ള തന്റെ ലേഖനത്തിൽ ശക്തമായി സ്ഥാപിക്കുന്നത്. ഇതുകൂടാതെ യക്ഷി ആദ്യദേവതയാണെന്ന് വ്യക്തമാക്കുന്നു. സംരക്ഷകസ്ഥാനത്തുള്ള യക്ഷിദേവതാസങ്കല്പത്തിലെ വിഭാഗമായ ആകാശയക്ഷി അഥവാ അംബരയക്ഷി ഭൂമിയുടെ സംരക്ഷണകവചമായ ഓസോൺ പാളിയെ പ്രതിനിധീകരിക്കുന്നു എന്നും സ്ഥാപിക്കുന്നു. ഇങ്ങനെ പടയണിയിലും യക്ഷിക്കോലത്തിന്റെ സംരക്ഷകസ്ഥാനം വ്യക്തമാവുകയാണ്.

യാഗങ്ങളുടെയും ഉപാസനകർമ്മങ്ങളുടെയും ഉപാസകരുടെയും സംരക്ഷകരായിരുന്ന യക്ഷികൾ യാഗാദികൾക്ക് വിഘ്നം വരാതിരിക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നു. അതുകൊണ്ടുതന്നെ ആ യാഗശാലയിലേക്ക് കടക്കുന്ന ശത്രുക്കളെ നേരിടാൻ അവർ

ഘോരരൂപങ്ങൾ സ്വീകരിച്ചിരുന്നു. ഭൂമിക്കും യാഗങ്ങൾക്കും ഉപാസകർക്ക് ആപത്തു നേരിടുന്ന അവസരങ്ങളിൽ ഇവർ ശത്രുസംഹാരത്തിന് മടിച്ചിരുന്നില്ല. ഐശ്വര്യത്തിന്റെ രക്ഷകരായിരുന്ന യക്ഷികൾ ഞങ്ങളുടെ കർമ്മത്തിന് വിഘ്നം വരുമ്പോൾ സ്വീകരിച്ചിരുന്ന ഭീകരരൂപത്തെയും ഭാവത്തെയും മാത്രം പിൽക്കാലത്ത് എടുത്തുകാട്ടി ഭയം ജനിപ്പിച്ചു. സ്നേഹവാത്സല്യങ്ങൾ പോലെ മാതൃത്വത്തിന്റെ മറ്റൊരുതലം തന്നെയാണ് ശാസനയും. എന്നാൽ ഐശ്വര്യത്തിന്റെ കാവലാളായ മൂർത്തരൂപത്തിന് പിന്നീട് ഭീകരതയുടെ മുഖമാണ് ലഭിച്ചത്. മാതൃത്വത്തിന്റെ ഏറ്റവും മൂർത്തമായ ഭാവങ്ങൾ യക്ഷിസങ്കല്പത്തിൽ കാണാൻ സാധിക്കും. ഇടശ്ശേരി ഗോവിന്ദൻനായരുടെ പൂതപ്പാട്ട് എന്ന കൃതിയിൽ ഘോരഭാവം വെടിഞ്ഞ് മാതൃത്വത്തിന്റെ മൂർത്തരൂപം കൈക്കൊള്ളുന്ന പൂതത്തിനെ ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ സംരക്ഷണത്തിനായി ഘോരഭാവം കൈക്കൊള്ളുമ്പോഴും അടിസ്ഥാനമായ മാതൃഭാവത്തിൽ നിലകൊള്ളുന്നതാണ് യക്ഷിദേവത.

ആര്യാധിനിവേശത്തോടെ ആരാധനയിലും സാമൂഹികക്രമങ്ങളിലുമെല്ലാം മാറ്റങ്ങൾ ഉണ്ടായി. അവൈദികപാരമ്പര്യം സ്ത്രീകൾക്കും പ്രകൃതിക്കും നൽകിയിരുന്ന പ്രാധാന്യത്തെ വൈദികപാരമ്പര്യം പാടേ നിഷേധിച്ചു. മാതൃദേവതാരാധനയ്ക്കും മാതൃപാരമ്പര്യത്തിനും ഉണ്ടായിരുന്ന മേൽക്കോയ്മയിൽ നിന്നുണ്ടായ മാതൃദായക്രമത്തിൽ പോലും മാറ്റങ്ങൾ ഉണ്ടായി. അതിന്റെ ഫലമായി യക്ഷിസങ്കല്പത്തിലും മാറ്റംവന്നു. സാമൂഹിക വ്യവസ്ഥിതിയിൽ മാറ്റംവന്നപ്പോൾ പലതരത്തിലുമുള്ള സ്വാർത്ഥതാല്പര്യങ്ങൾക്കും വേണ്ടി മനുഷ്യനിലെ ഭയത്തെ കാലക്രമത്തിൽ ചിലർ മുതലെടുത്തു. യക്ഷിയുടെ ഘോരഭാവത്തെ എടുത്തുകാട്ടി സമൂഹത്തിൽ ഭയം ജനിപ്പിച്ചു. ഒരുവിഭാഗത്തിന് ഇരുളിന്റെ മറവിലെ കുറ്റകൃത്യങ്ങൾക്ക് ഭംഗം വരാതിരിക്കാൻ ഒരു സമൂഹത്തെ തന്നെ മാറ്റി നിർത്താൻ ഇത്തരം യക്ഷികഥകളിലൂടെ സാധിച്ചു. അതോടെ ഭീകരതയുടെ മൂർത്തിയായി യക്ഷിമാറി. അധർമ്മമാർഗത്തിൽ സഞ്ചരിച്ച് ലൈംഗികാനന്ദം കണ്ടെത്താൻ വ്യഗ്രത കാട്ടിയിരുന്ന ഒരു വിഭാഗം പുരുഷവർഗ്ഗത്തിന്റെ കാമനകൾക്ക് കടിഞ്ഞാണിടാൻ ആരോ സൃഷ്ടിച്ച കാമാസക്തിയുടെ പ്രതിരൂപമാകാം യക്ഷി. കഥകളിൽ പുരുഷവർഗ്ഗത്തെ വശീകരിച്ച് നശിപ്പിക്കുന്ന യക്ഷികളെയാണ് ആവിഷ്കരിച്ചിട്ടുള്ളത്. കാമാസക്തിയുടെ പ്രതിരൂപമാക്കി യക്ഷിയെ അവതരിപ്പിച്ചത് സൗന്ദര്യത്തിന് പിന്നിലുള്ള ആപത്തിന്റെ മുഖത്തെ സൂചിപ്പിക്കാൻ തന്നെയാകണം. കാരണം മധ്യകാലഘട്ടത്തിലെ സാമൂഹിക ജീവിതം കുത്തഴിഞ്ഞതായിരുന്നു. സ്ത്രീശരീരവർണ്ണനയും ലൈംഗികതയും കൊടികുത്തി വാണിരുന്ന ആ കാലഘട്ടത്തിൽ സ്ത്രീസുരക്ഷ മുൻനിർത്തിയാകണം യക്ഷിക്കഥകൾ പ്രചരിപ്പിച്ചത്. വിജനമായ വഴികളിലോ വനപ്രദേശങ്ങളിലോ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം ഈ യക്ഷിക്കഥകൾ നൽകിയിരിക്കണം. മുന്നിൽ നിൽക്കുന്നത് യക്ഷിയാണോ മനുഷ്യസ്ത്രീയാണോ എന്ന ഭയം പുരുഷനെ കീഴ്പെടുത്തുമെന്ന് ചിന്തിച്ച് ആരോ നിർമ്മിച്ച സങ്കല്പമാകാം കഥകളിലെ യക്ഷി. എന്നാൽ ആധുനികസമൂഹത്തിൽ അത്തരംകഥകൾ ഒന്നും തന്നെ സ്ത്രീവർഗ്ഗത്തിന്റെ രക്ഷയ്ക്ക് എത്തുന്നില്ല എന്നതും എടുത്തു പറയേണ്ടതാണ്. ഇന്ന് പകൽവെളിച്ചത്തിലും പലവിധ ആക്രമണങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയാണ് നാം കാണുന്നത്. പിഞ്ചുബാല്യങ്ങളെ പോലും ചീന്തി എറിയുന്ന നരാധമന്മാരുടെ കാലമാണിന്ന്. ആഗ്രഹ

പൂർത്തീകരണം സംഭവിക്കാതെ മരണപ്പെട്ട ആത്മാക്കളിൽ സ്ത്രീകളെ മാത്രമാണ് യക്ഷി എന്ന് വിളിപ്പേര് നൽകി ഭീകരതയുടെ മൂർത്തിയാക്കി മാറ്റിയിരിക്കുന്നത്. എന്നാൽ സമാനനിലയിൽ മരണപ്പെടുന്ന പുരുഷാത്മാവിന് തത്തുല്യമായ പദമോ രൂപവിവരണമോ ഇല്ല. ഇതിനെക്കുറിച്ച്ചിന്തിക്കുമ്പോൾ നാം എത്തുന്നത് മറ്റൊരുതലത്തിലാണ്. പ്രാചീനകാലഘട്ടത്തിൽ സ്ത്രീകളുടെമേൽ പുരുഷന്മാർ ആധിപത്യം സ്ഥാപിച്ചിരുന്നു. പുരുഷന്മാരുടെ മേൽക്കോയ്മയിൽ എന്നും അടിമത്തം അനുഭവിച്ച് ചൂഷണങ്ങൾക്ക് വിധേയരായിരുന്ന സ്ത്രീകൾ അടിച്ചമർത്തലിൽ നിന്നും ഉരുത്തിരിഞ്ഞ തെയ്യക്കോലങ്ങളെ പോലെ ഉയർത്തെഴുന്നേറ്റു. തന്റെ വരും തലമുറയുടെ കാവലാളാകാൻ അവരിൽ ആരെങ്കിലുമൊക്കെ കൊതിച്ചിരിക്കണം. അത്തരം ചിന്തകൾ മനസ്സിന്റെ അബോധ തലങ്ങളിൽ വ്യാപരിച്ച് അവരുടെ യക്ഷിബാധയായി പ്രകടമായതാകാം. തങ്ങൾക്ക് വിലക്കപ്പെട്ടതൊക്കെ നേടാനും ദുരനുഭവങ്ങൾക്കെതിരെ സംഹാരഭാവത്തോടെ പ്രതികരിക്കാനും യക്ഷിബാധയിലൂടെ അവർ ശ്രമിച്ചിരിക്കാം. ഇനി മറ്റൊരുതലം തങ്ങൾ ചെയ്തതോ മുൻതലമുറ ചെയ്തതോ ആയ പാപത്തെകുറിച്ചുള്ള പശ്ചാത്താപവും പാപബോധവും കൂടിക്കലർന്ന് നിയന്ത്രണം നഷ്ടപ്പെട്ട അവസ്ഥയിൽ ഒറ്റപ്പെട്ട ഇടങ്ങളിലൂടെയുള്ള സഞ്ചാരങ്ങൾ അവരുടെ അമാനുഷിക സാന്നിധ്യമായി അനുഭവപ്പെട്ടിട്ടുണ്ടാകാം. അങ്ങനെ യക്ഷി എന്ന ഘോരസത്വം സ്ത്രീ മാത്രമായി. ആത്മാവ്, പ്രതികാരം, രക്തപാനം, രാത്രിസഞ്ചാരം, പാല, കരിമ്പന എന്നീ അലങ്കാരങ്ങൾ യക്ഷിയുടെ സ്ത്രീപ്രതീകങ്ങൾക്ക് മാത്രമായിത്തീർന്നു. അങ്ങനെ തലമുറകളിലൂടെ ആ വിശ്വാസം അടിയുറച്ചു. ബുദ്ധജൈനമതങ്ങളുടെ തകർച്ച യക്ഷികളുടെ സ്ഥാനത്താഴ്ചയ്ക്കുള്ള പ്രധാന കാരണമാണ്. വൈദികമതത്തിന്റെ ആരാധനാഭേദങ്ങൾ യക്ഷിസങ്കല്പത്തിലും വ്യത്യസ്തതകൾ സൃഷ്ടിച്ചു. എന്നാൽ സൗന്ദര്യാത്മകമായ മോഹനരൂപം വശീകരണത്തിന്റെ പ്രതീകമാക്കി നിർത്തി. പാല, പന തുടങ്ങിയ പ്രകൃതി ആരാധനാഭാഗങ്ങളായ വൃക്ഷങ്ങൾ യക്ഷിയുടെ വാസസ്ഥാനം ആയി. അതിൽ പൗരാണിക പ്രകൃത്യാരാധനയുടെ ശേഷിപ്പ് കാണുവാൻ സാധിക്കും. പാല എന്ന കറയുള്ള വൃക്ഷം 'മാതൃദേവതാരാധനയുടെ പ്രതീകമായിരുന്നു എന്നത് വിസ്മരിച്ചുകൂടാ. ഫലവൃക്ഷങ്ങളും പാൽമരങ്ങളും ആയിരുന്നു മാതൃപ്രതീകങ്ങളായ വൃക്ഷങ്ങൾ. ബുദ്ധജൈനമതങ്ങളോടുള്ള നിരാകരണസ്വഭാവം യക്ഷിദേവതയെ ആദിമൂലരൂപങ്ങളിൽ നിന്ന് വ്യത്യാസപ്പെടുത്തി പൈശാചിക ഭാവം നൽകി. ഇങ്ങനെ നൂറ്റാണ്ടുകളിലൂടെ രൂപമാറ്റം വന്ന പുണ്യസങ്കല്പമാണ് യക്ഷി. കാലചക്രത്തിന്റെ ചലനത്താൽ വിരുദ്ധധ്രുവങ്ങളിൽ എത്തിയ ആശയമാണ് യക്ഷിസങ്കല്പം. തികഞ്ഞ ചിന്താശേഷിയോടെ വേർതിരിച്ചറിയേണ്ട ഈ ദേവതാസങ്കല്പത്തെക്കുറിച്ച് കൂടുതൽ പഠനം ആവശ്യമാണ്.

## സഹായകഗ്രന്ഥങ്ങൾ:

1. *വാസുദേവൻ പിള്ള, കടമ്മനിട്ട, പടയണിക്കാലം, ഭാഷാപോഷിണി, 2017 ഏപ്രിൽ*
2. *വേണുഗോപാൽ, കാരാഴ്മ, കേരളത്തിന്റെ ക്ഷേത്രപാരമ്പര്യവും സംസ്കാരവും, ദേവീബുക്ക്സ്, കൊടുങ്ങല്ലൂർ, 2018*

3. *ശശിഭൂഷൺ എം.ജി, ഡോ., കേരളത്തിലെ ചുവർ ചിത്രങ്ങൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.*
4. *ശശിഭൂഷൺ എം.ജി: ഡോ,കേരളീയരുടെ ദേവതാസങ്കല്പം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.*
5. *ശിവശങ്കരൻനായർ കെ, സംസ്കാരംയുഗങ്ങളിലൂടെ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.*
6. *സാബുജോസ്, പ്രേതം വന്നു വിളിക്കുമ്പോൾ, കിളിപ്പാട്ട്, 2017 ജനുവരി.*
7. *സോമൻ പി, ഡോ., അമ്മദൈവവും സംസ്കാരവും, പ്രഭാത് ബുക്സ്, തിരുവനന്തപുരം, 2003.*
8. *ഹരിദാസ് വി.വി, ഡോ., യക്ഷിസങ്കല്പം, സാഹിത്യപ്രവർത്തക സഹകരണസംഘം, 2016.*

# നഗരവും നോവൽ ഭാവനയും വി.എം. ദേവദാസിന്റെ 'ചെപ്പും പന്തും' എന്ന നോവലിന്റെ വായന

**മുത്തു. കെ.**
അസി. പ്രൊഫസർ, തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജ്, തിരൂർ.

**പ്രബന്ധസംഗ്രഹം**

രണ്ട് കാലഘട്ടങ്ങളിലായി ഒരേ സ്ഥലത്ത് ജീവിച്ചവരും പരസ്പര ബന്ധമില്ലാത്തവരുമായ രണ്ട് വ്യക്തികളുടെ ജീവിതകഥ സഞ്ചയിക്കുക എന്ന പരീക്ഷണത്തിനപ്പുറം ചെപ്പും പന്തും എന്ന നോവലിൽ ഇന്ത്യൻ നഗരങ്ങളുടെ സാംസ്കാരികമായ പരിവർത്തനങ്ങളുടെ സാധുത അന്വേഷിക്കുന്നു. നഗരവാസികളുടെ അന്യവത്കൃതവും ദുരന്തപൂർണ്ണവുമായ ജീവിതാവസ്ഥകളെ തികഞ്ഞ സ്വാഭാവികതയോടെ അവതരിപ്പിക്കുന്നു. സംസ്കാരത്തിന്റെ ഓരോ പരിണാമഘട്ടങ്ങളിലും സമൂഹത്തിൽ സംഭവിക്കുന്ന പരിവർത്തനങ്ങളിൽ ഹിംസാത്മകതയുടെ ഒരു മറുവശവും പ്രകടമാണ്. നവോത്ഥാനമുൾപ്പെടെയുള്ള ലിബറൽ ആശയപദ്ധതികളുടെ ഉപോൽപ്പന്നങ്ങളെല്ലാം പിൽക്കാലത്ത് മർദ്ദന ഉപാധികളായി മാറിയിട്ടുണ്ട്. ഈ ആശയങ്ങളാണ് ചെപ്പും പന്തും എന്ന നോവലിനെ സജീവമാക്കുന്നത് എന്ന് ഈ ലേഖനം സമർത്ഥിക്കുന്നു.

***താക്കോൽ വാക്കുകൾ:*** നഗരം, പുനർവായന, ആധുനികതാവാദം

നഗരം എന്ന സാംസ്കാരികരൂപകം മലയാളനോവൽ കഥാസാഹിത്യത്തിൽ എക്കാലവും സജീവമായി അവതരിപ്പിക്കുന്ന പ്രതിഭാസമാണ്. ആദ്യകാല നോവലുകളിലും മുപ്പതുകൾക്കുശേഷം സജീവമായ നവോത്ഥാനനോവലുകളിലും നഗരത്തിന്റെ സാധ്യതകളെ അവതരിപ്പിച്ചപ്പോൾ 1950കൾക്കു ശേഷം ഇതിന്റെ വിവിധങ്ങളായ വിരുദ്ധതകളെ അവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. രചനയിലും പ്രതിപാദനത്തിലും നവസാധ്യതകൾ അന്വേഷിക്കുന്ന സമകാലനോവലുകളിലും നഗരം സജീവമായ

പ്രമേയമായി നിലനിൽക്കുന്നു. ഇത്തരത്തിൽ ശ്രദ്ധേയമായ രചനയാണ് വി.എം. ദേവദാസിന്റെ ചെപ്പും പന്തും. 1914ൽ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം മുതൽ 2015 ലെ പ്രളയംവരെയുള്ള ചെന്നൈ നഗരത്തിന്റെ സാംസ്കാരികമായ ഒരു രൂപരേഖ ഈ നോവലിൽ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. 2017-ൽ പ്രസിദ്ധീകരിച്ച ഈ നോവൽ പ്രമേയത്തിലും ആഖ്യാനത്തിലും ഏറെ സവിശേഷതകൾ ഉൾക്കൊള്ളുന്നുണ്ട്. രണ്ട് ഭാഗങ്ങളിലായാണ് നോവൽ ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 1977 മുതൽ 1984 വരെ മദ്രാസ്, തിരുവള്ളവർ നഗർ, മൂന്നാം വീട്ടിൽ താമസിച്ച ഉബൈദിന്റെ കഥയാണ്. 2008 മുതൽ 15 വരെ അവിടെത്തന്നെ താമസിച്ച് ഒരു ബ്രിട്ടീഷ് രാസവള ഫാക്ടറിയിൽ സീനിയർ അക്കൗണ്ടന്റായ മുകുന്ദൻമേനോന്റെ കഥയാണ് രണ്ടാം ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. രണ്ടുപേരും ഒരേ വാടകവീട്ടിൽ താമസിച്ചിരുന്നു എന്നതല്ലാതെ ഇവരുടെ ജീവിതങ്ങൾക്കു തമ്മിൽ ഒരു ബന്ധവുമുണ്ടായിരുന്നില്ല. പരസ്പര ബന്ധമില്ലാത്ത ഈ കഥാപരിസരങ്ങളെ സംയോജിപ്പിച്ച് ഒരു പുതിയ ആഖ്യാനതന്ത്രം രൂപപ്പെടുത്തിയെടുക്കുക എന്നതായിരുന്നു ഈ നോവലിൽ നിർവ്വഹിച്ചത്. എന്നാൽ ഇതോടൊപ്പം തന്നെ ചെന്നൈ നഗരത്തെ മുൻനിർത്തി ഇന്ത്യൻ നാഗരികഗതയുടെ ഒരു സാംസ്കാരിക രാഷ്ട്രീയ അവലോകനമാണ് ഈ രചനയിൽ നിർവ്വഹിക്കുന്നത്. ഒന്നാം ഭാഗത്തിൽ ഉബൈദിനെ കേന്ദ്രീകരിച്ചാണ് കഥാഗതിയുടെ സഞ്ചാരം. കൂടാതെ ഉബൈദിന്റെ സംരക്ഷകനായ ശാന്തറാം മാണിക്സേട്ടിന്റെയും ഇവർ രണ്ടുപേരും താമസിച്ച വാടകവീടിന്റെ ഉടമസ്ഥയായ രാജലക്ഷ്മി അക്കയുടെയും കഥകൾകൂടി പ്രതിപാദിക്കുന്നു. കവിയും സാമൂഹ്യ പ്രവർത്തകനുമായ ടി.ഉബൈദ് ഇവിടെ സാന്നിധ്യമാവുന്നു. സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ച് സേട്ടുവിന്റെ ജോലിക്കാരനാകുന്ന ഉബൈദ് അയാളുടെ വിശ്വസ്തനും സന്തത സഹചാരിയുമാകുന്നു. സേട്ടിന്റെ കുടുംബം പരമ്പരാഗതമായി പലിശ ഇടപാടുകാരും തികഞ്ഞ യാഥാസ്ഥിതികരുമാണ്. തന്റെ കുടുംബത്തെ ഉപേക്ഷിച്ച് അദ്ദേഹം കോഴിക്കോട് വ്യാപാരിയായി ജീവിക്കുകയായിരുന്നു. ഈ സമയത്താണ് ഉബൈദിന്റെ ആഗമനം. സേട്ടിന്റെ ചികിത്സ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കായി മദ്രാസ്സിലെത്തുന്ന ഇവർ ലക്ഷ്മി അക്കയുടെ വാടകവീട്ടിൽ താമസിക്കുന്നു. തന്റെ ഭർത്താവായ ശ്രീനിവാസ അയ്യർ പണിതതായിരുന്നു ആ വീട്. ബ്രാഹ്മണ്യത്തിന്റെ അപ്രായോഗികമായ ജീവിതശൈലി പിൻതുടരാതെ റെയിൽവെ ഉദ്യോഗസ്ഥനായി ജീവിതം കെട്ടിപ്പടുക്കുകയായിരുന്നു അദ്ദേഹം. എന്നാൽ അയ്യരുടെ അകാലചരമവും, ബുദ്ധിസ്ഥിരതയില്ലാത്ത മകന്റെ അവസ്ഥയും ആ വീടിന്റെ ശേഷിച്ച ഭാഗം വാടകയ്ക്കു കൊടുക്കുവാൻ ലക്ഷ്മി അക്കയെ നിർബന്ധിതയാക്കി. അവിടെവെച്ച് സേട്ട് ഫാത്തിമ എന്ന പെൺകുട്ടിയുമായി പ്രണയത്തിലാവുകയും അവർ തമ്മിൽ വിവാഹിതരാവുകയും ചെയ്തു. അവളുടെ സഹോദരനായ ഇല്യാസ് തന്റെ സഹോദരി അന്യമതത്തിലുള്ള ഒരാളെ വിവാഹം ചെയ്യുന്നതിൽ വിമുഖനായിരുന്നു. മാത്രമല്ല ഫാത്തിമയുടെ സ്വത്തിനുവേണ്ടി അവകാശവാദം ഉന്നയിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ വാടകവീട്ടിൽ നടന്ന സംഘട്ടനത്തിൽ ഫാത്തിമ ഇല്യാസിന്റെ കൂട്ടാളിയായ വെട്രിവേലിനാൽ കൊല്ലപ്പെട്ടു. ഉബൈദ് വെട്രിവേലിനെ പരിക്കേൽപ്പിച്ചതിനാൽ അയാൾക്ക് അവനോട് പകതോന്നി. താമസിയാതെ സേട്ട് മരിച്ചു. ഉബൈദിന് മറ്റൊരു ഹോട്ടലിൽ ജോലി ലഭിച്ചു. ജയിലിൽനിന്നും പിതാവിന്റെ

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മരണാനന്തര ചടങ്ങുകൾക്കായി പരോളിൽ ഇറങ്ങിയ വെട്രിവേൽ കടപ്പുറത്തുവെച്ച് ഉബൈദുമായി കണ്ടുമുട്ടുന്നു. എന്നാൽ നാടകീയമായി ഉബൈദ് രക്ഷപ്പെടുന്നു. ഇതേസമയം ശ്രീലങ്കയിൽ നടത്താനുദ്ദേശിച്ച ബോംബ് സ്ഫോടനം ആസൂത്രണത്തിൽ വന്ന പിഴവുകളാൽ മദ്രാസ്സിൽ വെച്ചുതന്നെ നടന്നു. മുപ്പതോളം പേർ മരിച്ച ഈ സ്ഫോടന ത്തെ ഉബൈദ് അതിജീവിച്ചുവെങ്കിലും അതിനുശേഷം അയാൾ അപ്രത്യക്ഷനായി. നിരവധി ദുരൂഹതകൾ നിലനിർത്തിക്കൊണ്ടാണ് ഒന്നാം ഭാഗം അവസാനിക്കുന്നത്.

രണ്ടാംഭാഗത്തിൽ ഈ സമസ്യകളൊന്നും പൂരിപ്പിക്കാതെ നോവലിസ്റ്റ് ആ വാടക വീട്ടിൽ താമസിച്ച മറ്റൊരു വ്യക്തിയുടെ ജീവിതമാണ് ചിത്രീകരിക്കുന്നത്. ഒരു ബ്രിട്ടീഷ് രാസവള കമ്പനിയിൽ നിന്നും ഒരു മാസത്തിനുള്ളിൽ പിരിഞ്ഞുപോകാൻ വിധിക്കപ്പെട്ട മുകുന്ദൻ മോനോന്റെ കഥയാണ് ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നത്. മുകുന്ദൻ മേനോൻ എന്ന പേരിനപ്പുറം മറ്റൊരു സൂചനയും നോവലിസ്റ്റ് നൽകുന്നില്ല. ഡോ. പി.എം. ഗിരീഷ് സൂചിപ്പിച്ചതു പോലെ മുകുന്ദൻമേനോന്റെ പുറംകാഴ്ചകളിലൂടെയാണ് ഈ ഭാഗം പുരോഗമിക്കുന്നത്. ചീഫ് മാനേജരുടെ സെക്രട്ടറിയായ ലിസസാമുവലിന്റെ ജീവിതവും മുകുന്ദൻമേനോൻ ബാറിൽവെച്ചു കാണുന്ന ടീമ് അഹഹായിലെ ചെറുപ്പക്കാരുടെ ജീവിതവും ഈ ഭാഗത്ത് ചുരുക്കി പ്രതിപാദിക്കുന്നു. ബാറിൽവെച്ച് മുകുന്ദൻമേനോൻ ഒരു മാന്ത്രികനെ പരിചയപ്പെടുന്നു. അയാൾ നഗരത്തിൽ നടത്തുന്ന മൂന്ന് പ്രദർശനങ്ങളിൽ സഹായിയായി നിൽക്കാമെന്ന് വാക്കുകൊടുക്കുന്നു. പ്രദർശനങ്ങളും വിജയകരമായി പൂർത്തിയാക്കി. മൂന്നാമത്തേത് ഒരു കാക്കാലമുറ (മുൻകൂട്ടി നിശ്ചയിക്കാത്ത തെരുവു പ്രദർശനം)യാകുമെന്ന് സൂചിപ്പിക്കുന്നു. മേനോൻ തന്റെ കമ്പനിയിൽ നിന്ന് പിരിയുന്ന ദിവസമായിരുന്നു അന്ന്. നിശ്ചയിച്ച സ്ഥലത്ത് മേനോൻ എത്തിയെങ്കിലും പ്രദർശനം നിർത്തിവെച്ചതായി അധികൃതർ അറിയിച്ചു. എന്നാൽ ആ കെട്ടിടത്തിന്റെ മുകളിൽനിന്നും താഴേയ്ക്കു ചാടുവാൻ തീരുമാനിച്ച് അയാൾ മുടങ്ങിപ്പോയ കാക്കാലമുറ അനുഷ്ഠിക്കാൻ തയ്യാറായിനിൽക്കുന്നു. ഒന്നാം ഭാഗത്തിലേതുപോലെ സുഘടിതമായ ഒരു ഇതിവൃത്തം ഈ ഭാഗത്ത് പ്രകടമാകുന്നില്ല. ലക്ഷ്മിഅക്കയും ഇല്യാസും ഈ ഭാഗത്തിലും കടന്നുവരുന്നുണ്ടെങ്കിലും കഥാഗതിയുടെ പരിണാമത്തിൽ ഇവരുടെ പങ്ക് തീർത്തും അപര്യാപ്തമാണ്. ഒരു സ്ഥലം കേന്ദ്രമാക്കി വ്യത്യസ്തമായ കാലഘട്ടങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഒരു കഥാപരിസരം രൂപപ്പെടുത്തുക എന്നത് നമ്മുടെ നോവൽ അഭിമുഖീകരിച്ച മറ്റൊരു പരീക്ഷണമാണ്. എഴുത്തുകാരന്റെ ഭാഷയിൽത്തന്നെ പറഞ്ഞാൽ ചെപ്പും പന്തും എന്ന പരസ്പരബന്ധമില്ലാത്ത വസ്തുക്കൾ ചേർത്ത് നിർമ്മിക്കുന്ന ഒരു മാന്ത്രികകലയുടെ സങ്കേതമാണ് ഈ നോവലിൽ അനുവർത്തിക്കുന്നത്.

നഗരജീവിതത്തിന്റെ പ്രശ്നവൽക്കരണവും അപഗ്രഥനവും ഈ നോവലിൽ ഒരു പ്രമുഖ പ്രതിപാദനവിഷയമാകുന്നു. എന്നാൽ 60-70കളിലെ ആധുനികതാവാദ കാലഘട്ടത്തിലെ അതിദാർശനികതയിലൂന്നിയതും വിക്ഷുബ്ധപൂർണ്ണവുമായ വിമർശന സമീപനമല്ല നോവലിസ്റ്റ് ആവിഷ്കരിക്കുന്നത്. നാഗരികതയ്ക്കു നേരെയുള്ള പ്രത്യക്ഷ വിമർശനമാണ് ഉന്നയിക്കുന്നത്. ഇത് രണ്ടാം ഭാഗത്ത് മുകുന്ദൻമേനോന്റെ വിരസമായ ജീവിതാവസ്ഥകളെ അവതരിപ്പിക്കുമ്പോഴാണ് കൂടുതൽ സ്പഷ്ടമാവുന്നത്. എന്നാൽ ഒരു

അനിവാര്യത എന്ന നിലയിൽ തികച്ചും സ്വാഭാവികമായ ശൈലിയാണ് രചയിതാവ് ഈ അവതരണത്തിനുവേണ്ടി കൈക്കൊള്ളുന്നത്. അതിജീവനത്തിനുവേണ്ടിയുള്ള അശ്രാന്ത പരിശ്രമത്തിലേർപ്പെടുകയാണ് നഗരജീവിയായ ഓരോ കഥാപാത്രവും പലകാരണങ്ങളാൽ ചെന്നൈനഗരത്തിൽ എത്തിപ്പെട്ട ഇവർ തങ്ങളുടെ ജീവിതം ഇവിടെത്തന്നെ കരുപിടിപ്പിക്കാൻ ശ്രമിക്കുന്നു. മടങ്ങിപ്പോക്ക് ഇവർ ചിന്തിക്കുന്നില്ല. ഭർത്താവ് മരിച്ചശേഷവും അസുഖമുള്ള മകനുമായി മറ്റെവിടെയും പോകാതെ തന്റെ ഭർത്താവ് പണിത വീട്ടിൽ തന്നെ താമസിച്ച ലക്ഷ്മിഅക്ക, തന്റെ ആശ്രിതനായ സേട്ട് മരിച്ചുപോയിട്ടും പകുതി ശമ്പളത്തിൽ മറ്റൊരു ഹോട്ടലിൽ ജോലിചെയ്യുന്ന ഉബൈദ്, (അയാളുടെ ജീവനു ഭീഷണി ഉണ്ടായിരുന്നു എന്നുകൂടി ആലോചിക്കണം. കമ്പനിയിൽനിന്നു സ്വയം വിരമിച്ചശേഷം ആ നഗരത്തിലെ ഒരു കെട്ടിടത്തിലെ ഉയർന്നനിലയിൽ നിന്നും താഴേയ്ക്കുചാടി ആത്മഹത്യ ചെയ്യാനുള്ള ശ്രമമാണെന്നുവേണം കരുതാൻ) 'കാക്കാലമുറ' അനുഷ്ഠിക്കുന്ന മുകുന്ദൻ എന്നിവരൊക്കെ ഇതിന് പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

നോവലിന്റെ ആദ്യഭാഗങ്ങളിൽ ചില കഥാപാത്രങ്ങളെങ്കിലും കാണിക്കുന്ന സഹജീവിസ്നേഹവും ആദർശപരതയും പിൽക്കാലത്ത് കാണുന്നില്ല. ഫാത്തിമയുടെ സ്വത്തിന്റെ അവകാശത്തിനുവേണ്ടി സേട്ടിനോട് തർക്കിക്കുന്ന ഇല്ല്യാസ് അയാളുടെ മരണശേഷം തന്റെ സഹോദരിയുടെ ഭർത്താവെന്നനിലയിൽ സേട്ടിന്റെ സമ്പത്തിലൊരു ഭാഗവും കൂടി അവകാശപ്പെടുന്നു. ഇവിടെ മുതൽ നഗരജീവിതം അനുവർത്തിക്കാൻ ശ്രമിക്കുന്ന ആദർശനിരാസവും ഹിംസാത്മകതയും വെളിപ്പെട്ടുതുടങ്ങുന്നു. രണ്ടാംഭാഗത്തിൽ ഈ ആദർശനിരാസം തീർത്തും സ്വാഭാവികമായ ഒരു പ്രക്രിയയായി തീരുന്നു. മുകുന്ദൻമേനോൻ ജോലിചെയ്യുന്ന ബ്രിട്ടീഷ് രാസവളകമ്പനി ജീവനക്കാർക്ക് ഒരുമാസത്തെ നോട്ടീസ് നൽകി പിരിച്ചുവിടാൻ പോവുകയാണ്. ഇവിടെ ഉളവാകുന്ന ആശങ്കകൾക്ക് വലിയ വിലയൊന്നും നോവലിൽ കൽപ്പിക്കുന്നില്ല. കമ്പനിയിലെ മറ്റൊരു ജീവനക്കാരിയും ഫിനാൻസ് മാനേജരുടെ സെക്രട്ടറിയുമായ ലിസ സാമുവലിനെ മറ്റ് ജീവനക്കാരുടെ രഹസ്യങ്ങൾ ചോർത്തി നൽകുവാനും വ്യക്തിപരമായ പല ആവശ്യങ്ങൾക്കും ചീഫ് മാനേജർ ഉപയോഗിക്കുന്നു. തന്നെ സിംഗപ്പൂരിലെ പുതിയ ഓഫീസിലേക്ക് കൊണ്ടുപോകാമെന്ന വാഗ്ദാനം ഒടുവിൽ മാനേജർ നിരസിക്കുന്നു. ലിസയുടെ പരാതിയിൽ കേവലമൊരു കൗതുകത്തിനപ്പുറം ഒരു പ്രത്യേകതയും മറ്റു സഹപ്രവർത്തകർ കാണുന്നില്ല. ഇവിടെ അതിജീവനത്തിനായി ഓരോ നഗരവാസിയും അഭിമുഖീകരിക്കുന്ന സാഹചര്യങ്ങൾക്ക് സംഭവിക്കുന്ന ശിഥിലീകരണത്തോടൊപ്പം അധികാരം എന്ന വ്യവസ്ഥ മുൻപുള്ളതിനേക്കാൾ ജനാധിപത്യവിരുദ്ധമാവുന്നു എന്നൊരു സൂചനകൂടി മുന്നോട്ടുവയ്ക്കുന്നുണ്ട്.

പ്രകൃതിയും മനുഷ്യനും സൃഷ്ടിക്കുന്ന ഏത് ദുരന്തവും നഗരജീവിതത്തിൽ ഉളവാക്കുന്ന അരക്ഷിതാവസ്ഥ ഈ രചനയിൽ പരാമർശവിധേയമാകുന്നു. ഒന്നാം ലോകമഹായുദ്ധം മുതൽ 2015ൽ വ്യാപകമായ പ്രളയംവരെയുള്ള ചെന്നൈ നഗരത്തെ ഗ്രസിച്ച ദുരന്തങ്ങൾ നോവലിൽ സൂചിപ്പിക്കുന്നു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ, 1964ലെ ഇന്ത്യാ പാക് യുദ്ധം, 1984ൽ ചെന്നൈ വിമാനത്താവളത്തിലുണ്ടായ ബോംബ്സ്ഫോടനം എന്നിവ ചിലതു മാത്രമാണ്. കഥാഗതിക്കുതന്നെ മാറ്റം വരുത്തുന്ന ചില സംഭവങ്ങളുണ്ട്. 1984ൽ

തമിഴ്പുലികൾ ആസൂത്രണം ചെയ്ത ബോംബ് സ്ഫോടനത്തിൽ മുപ്പതോളം പേർ കൊല്ലപ്പെട്ടു. ഈ ദുരന്തത്തെ ഉബൈദ് അതിജീവിച്ചതായി കഥയിൽ സൂചനകളുണ്ട്. എന്നാൽ അതിനുശേഷമുള്ള ഉബൈദിന്റെ തിരോധാനത്തിന് കാരണമായി. ഈ സംഭവത്തെയും അധികൃതർക്ക് വ്യാഖ്യാനിക്കാം എന്ന സാധ്യതകൂടി വായനക്കാർക്ക് നൽകിയാണ് ഒന്നാം ഭാഗം അവസാനിക്കുന്നത്. ഉബൈദിന്റെ ആശ്രയമായിരുന്നു സേട്ടിന്റെ ഭാര്യാസഹോദരനായ ഇല്ല്യാസിന്റെയും അയാളുടെ കൂട്ടാളി വെട്രിവേലിന്റെയും വധഭീഷണി ഉബൈദിനുമേൽ ഉണ്ടായിരുന്നു. രണ്ടാംഭാഗത്തിൽ മുകുന്ദൻ കണ്ടുമുട്ടുന്ന ഇന്ദ്രജാലക്കാരൻ പറയുന്ന വാക്കുകൾ ഇങ്ങനെയാണ്. യുദ്ധങ്ങളും കലാപങ്ങളും ആരംഭിക്കാനാണ് ഞാൻ മാജിക് ചെയ്യുന്നത്. സകല ലോകക്രമങ്ങളും തച്ചുടച്ചുതകർത്ത ശേഷം ഞാൻ ഏവരെയും സാഹോദര്യം പഠിപ്പിക്കും (ചെപ്പും പന്തും 169). നഗരം എന്ന സാംസ്കാരിക നിർമ്മിതിയുടെ മേൽ അധീശത്വം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഭരണകൂടം ഉൾപ്പെടെയുള്ള വ്യവസ്ഥകളുടെ പ്രതികരണങ്ങളാണ് ഈ വാക്കുകളിൽ പ്രതിഫലിത മാവുന്നത്. അത്ഭുതങ്ങളേതുമില്ലാത്തവിധം സാധാരണമായ നിത്യകർമ്മങ്ങളാൽ ചുറ്റിലുമുള്ളവരെയും തന്നെയും തിരിച്ചറിയപ്പെടാതെ അപരജീവിതം നയിച്ച് ലോകമെമ്പാടുമുള്ള മഹാനഗരങ്ങളിൽ ഉപജീവനം നടത്തവേ ആയുസ്സൊടുങ്ങുകയോ അപ്രത്യക്ഷരാകുകയോ ചെയ്യുന്ന മനുഷ്യർക്കായി ഈ നോവൽ സമർപ്പിക്കുന്നു എന്ന ഗ്രന്ഥകാരന്റെ വാക്കുകളിൽനിന്ന് നഗരജീവിതത്തിന്റെ ദുരന്തമുഖം തന്നെയാണ് വെളിവാകുന്നത്. ഉബൈദും മുകുന്ദനും കാണുന്ന സ്വപ്നങ്ങളിൽ കത്തിയമർന്ന നഗരവും സ്വയരക്ഷയ്ക്കായി പലായനം ചെയ്യുന്ന ജനങ്ങളും ഏത് സമയത്തും അപ്രതീക്ഷിതമായി സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളുടെ സൂചനയുമാണ് വ്യക്തമാവുന്നത്. ഇഷ്ടാനുസരണം അപ്രത്യക്ഷമാക്കുന്ന ഒരു ഇന്ദ്രജാലക്കാരനായി ഇവിടെ നഗരം രൂപാന്തരം പ്രാപിക്കുന്നു. രണ്ടാം ഭാഗത്തിൽ കാണുന്ന ഇന്ദ്രജാലക്കാരനിൽ നഗരത്തിന്റെ ഹിംസാത്മകമായ രൂപഭാവാദികളാണ് പ്രകടമാവുന്നത്. ഒന്നാംഭാഗത്തിൽ ഉബൈദിന്റെ അപ്രത്യക്ഷമാകലിനെ ഉള്ളാലെ ഉലച്ചിരുന്നവരുടെ ഓർമ്മകളിൽനിന്നും സംഭാഷ ണങ്ങളിൽ നിന്നുമൊക്കെ പതിയെപ്പതിയെ അവൻ മാഞ്ഞുമാഞ്ഞില്ലാതായി എന്നാണ് പറയുന്നത്. രണ്ടാംഭാഗത്തിൽ അവതരിപ്പിക്കുന്ന രണ്ട് മാജിക്ഷോകളിൽ ഹിംസയും സമ്പത്തിന്റെ പിടിച്ചടക്കലും പ്രമേയമായി വരുന്നു. ഒന്നാം ദിവസത്തെ കളിയിൽ ആദാമിന്റെ മക്കൾ തമ്മിലുള്ള സംഘട്ടനവും രണ്ടാം ദിവസത്തേതിൽ ആലിബാബയുടെ കഥയുമാണ് പ്രതിപാദിക്കുന്നത്. സംസ്കാരവും അതിലൂടെ രൂപപ്പെടുന്ന നാഗരികതയും പരിണാമദിശയുടെ ഓരോ ഘട്ടത്തിലും ദുർബലർക്കുമേൽ പ്രയോഗിക്കുന്ന മർദ്ദനത്തെയാണ് ഇത് പ്രയോഗവത്കരിക്കുന്നത്. അധികാരരാഷ്ട്രീയത്തിന്റെ മർദ്ദനത്തിൽ അധിഷ്ഠിതമായ നീതിബോധം സവിസ്തരം പ്രതിപാദിതമാകുന്നുണ്ട് ഈ നോവലിൽ. നഗരവാസികളായ സാധാരണക്കാരെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഒന്നാം ലോകമഹായുദ്ധക്കാലത്ത് ബ്രിട്ടനിൽനിന്നും സ്വാതന്ത്ര്യം ആഗ്രഹിച്ച് ജർമ്മനിയുടെ സഹായത്തോടെ മദ്രാസിനെ ആക്രമിച്ച ചെമ്പകരാമൻപിള്ളയുടെ പ്രവൃത്തികളും അവയ്ക്കുനേരെ ബ്രിട്ടീഷ് അധികാരികൾ നടത്തിയ പ്രത്യാക്രമണങ്ങളും നോവലിൽ വിശദീകരിക്കുന്നു. ശ്രീനിവാസഅയ്യരുടെ മുത്തച്ഛനായ ശിവസ്വാമി അയ്യർ

പറഞ്ഞ ആ സംഭവം ലക്ഷ്മിഅക്കയുടെ ഓർമ്മകളിലൂടെ അവതരിപ്പിക്കുന്നു. യുദ്ധംതുടങ്ങി ഏതാണ്ട് രണ്ട് മാസങ്ങൾക്കുള്ളിൽ പിള്ളയുടെ നിർദ്ദേശപ്രകാരം ജർമ്മൻ കപ്പലായ എംഡൻ മദ്രാസ്സിനുനേരെ ആക്രമണം അഴിച്ചുവിട്ടു. യുദ്ധഭീതിയൊന്നും കൂടാതെ നവരാത്രി ആഘോഷിച്ചിരുന്ന അവർ അപ്രതീക്ഷിതമായ ഈ ആക്രമണത്തിനു മുന്നിൽ നിസ്സഹായരായി. നിരവധി നാശനഷ്ടങ്ങൾക്കുപുറമെ ഇരുപതിനായിരത്തോളം ആളുകൾ അപ്രത്യക്ഷരായി. വിമോചനത്തിലധിഷ്ഠിതമായതെന്ന് നമ്മുടെ ചരിത്രം വിശേഷിപ്പിക്കുന്ന ഒരു സ്വാതന്ത്ര്യസമരസംരംഭം ഇത്രമേൽ ഹിംസാത്മകമായി മാറി എന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ബഹുസ്വരതാ സങ്കല്പങ്ങൾക്കുമേൽ വെല്ലുവിളി ഉയർത്തിക്കൊണ്ടുള്ള നിരവധി സംഭവങ്ങൾ നാട്ടിൽ സംജാതമായി. ഭാഷാടിസ്ഥാനത്തിലും മറ്റു പ്രാദേശിക വ്യത്യാസങ്ങൾക്കനുസരിച്ചും പ്രത്യേക സംസ്ഥാനപദവി വേണമെന്ന വാദം ഉന്നയിച്ചിരുന്നു. ചില പ്രക്ഷോഭങ്ങൾ സ്വതന്ത്രരാഷ്ട്രത്തിനുതന്നെ വേണ്ടിയുള്ളതായിരുന്നു. മഹാനഗരങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാനങ്ങളുടെ അവകാശവാദങ്ങൾ മറ്റൊരു പ്രശ്നമായിരുന്നു. ആന്ധ്രയും തമിഴ്നാടും മദ്രാസ്സിനുവേണ്ടി അവകാശവാദം ഉന്നയിച്ചിരുന്നു. ദേശീയപാർട്ടിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രമുഖനേതാക്കന്മാർതന്നെ ഇരുസംസ്ഥാനങ്ങൾക്കുവേണ്ടി വാദിക്കാൻ തയ്യാറായി. നീലംസഞ്ജീവറെഡ്ഡി ആന്ധ്രയ്ക്കു വേണ്ടിയും സി. രാജഗോപാലാചാരി തമിഴ്നാടിനുവേണ്ടിയും നിലകൊണ്ടു. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ ഗവർണ്ണർ ജനറലായ ആചാരിയുടെ അധികാരസ്വാധീനമുപയോഗിച്ച് മദ്രാസ്സിനെ തമിഴ്നാടിന്റെ ഭാഗമാക്കി. ജനസംഖ്യയിൽ തമിഴർക്കുള്ളതിനോടൊപ്പം തന്നെ പ്രാതിനിധ്യം തെലുങ്കർക്കുമുണ്ടെന്നും ഇരുകൂട്ടരെയും വേഷംകൊണ്ടോ ഭാഷകൊണ്ടോ പേരുകൊണ്ടുപോലുമോ തിരിച്ചറിയാൻ സാധിക്കുകയില്ലെന്ന് മുകുന്ദൻ മേനോൻ കണ്ടെത്തുന്നു. കൂടാതെ ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലെ ജനങ്ങളുടെ സാന്നിധ്യം ഇവിടെ കാണാം. ഈ നഗരം പിന്നീട് തമിഴ് ദേശീയത ഉയർത്തിപ്പിടിച്ച ദ്രാവിഡപ്രസ്ഥാനത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്നു എന്നത് ഒരു വിരോധാഭാസമാണ്. 1984ൽ കൊളംബോയിൽ നടത്താനുദ്ദേശിച്ച ബോംബ് സ്ഫോടനത്തിന് സകല ഒത്താശകളും ചെയ്തു കൊടുക്കുവാൻ നഗരത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉണ്ടാവുമെന്ന് ഈ സ്ഫോടനം നടത്തുവാൻ നിയോഗിക്കപ്പെട്ട കതിരേശന് ഉറപ്പുണ്ടായിരുന്നു. എന്നാൽ അധികാരികളുടെ അശ്രദ്ധമൂലം മദ്രാസ് വിമാനത്താവളത്തിൽ വെച്ചുതന്നെ സ്ഫോടനം നടന്നു.

ഇന്ത്യയിൽ ആധുനിക നാഗരികത സ്ഥാപിതമായ കാലത്ത് ജാതീയത ഉൾപ്പെടെയുള്ള ഫ്യൂഡൽമൂല്യങ്ങളോട് പ്രകടിപ്പിച്ച വിമുഖത വ്യവസായാനന്തരകാലത്തോടുകൂടി തീർത്തും ഉപേക്ഷിക്കുന്നതായി കാണാം. നവോത്ഥാനകാലഘട്ടത്തിൽ ലിബറൽ മൂല്യങ്ങൾ ഉയർത്തിയ പ്രസ്ഥാനങ്ങൾ കൂടുതൽ വിഭാഗീയമാകുന്ന സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടല്ലോ. തമിഴ്നാട്ടിൽ ഇ.വി.ആർ നയിച്ച ദ്രാവിഡപ്രസ്ഥാനങ്ങൾക്കും ഇത്തരമൊരു അവസ്ഥാ വിശേഷം സംജാതമായിരുന്നു. ഈ രചനയിൽ ഇതിന് ദൃഷ്ടാന്തം പ്രകടമാണ്. ലക്ഷ്മിഅക്കയുടെ ഭർത്താവായ ശ്രീനിവാസഅയ്യർ പാരമ്പര്യത്തിൽനിന്നും വ്യതിചലിച്ച് ഒരു റെയിൽവേ ഉദ്യോഗസ്ഥനായിത്തീരുന്നു. തന്റെ മകൻ

പാരമ്പര്യം കൈവിടുന്നതിന് കാരണക്കാരനായി മാതാപിതാക്കൾ കാണുന്നത് പെരിയോരെയാണ്. (ഇ.വി.ആർ) അയ്യരുടെ മരണശേഷം ബുദ്ധിസ്ഥിരതയില്ലാത്ത മകനെയും കൊണ്ട് അതിജീവനശ്രമം നടത്തുന്ന ലക്ഷ്മിഅക്ക തന്റെ വീടിന്റെ അവശേഷിച്ച രണ്ട് നിലകൾ വാടകയ്ക്കുകൊടുക്കാൻ തീരുമാനിക്കുന്നു. ആദ്യകാലങ്ങളിൽ വാടകക്കാർക്കുമേൽ ഒരുപാധിയും അവർ മുന്നോട്ടുവെയ്ക്കില്ല. ഇതിനുദാഹരണമായി സേട്ടുവിന്റെയും ഉബൈദിന്റെയും ജീവിതം നോവലിസ്റ്റ് സവിസ്തരം പ്രതിപാദിക്കുന്നു. സേട്ട് അവിടെ മത്സ്യമാംസാദികൾ പാചകം ചെയ്തിരുന്നു എന്നു മാത്രമല്ല ഒരു കൊലപാതകം ഉൾപ്പെടെയുള്ള അത്യാഹിതങ്ങൾ സംഭവിച്ചിട്ടും സേട്ടുവിനെയും ഉബൈദിനെയും ഇറക്കിവിടുന്നില്ല. ലക്ഷ്മിഅക്ക പുലർത്തിപ്പോന്ന ഹൃദയവിശാലത രണ്ടാം ഭാഗത്തിൽ കാണുന്നില്ല. മത്സ്യമാംസാദികൾ പാചകം ചെയ്യുന്നതിൽനിന്ന് മുകുന്ദൻ മേനോനെ വിലക്കുകയും വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ ഇടയ്ക്കിടെ നിരീക്ഷിക്കുകയും ചെയ്യുന്നു. ബ്രാഹ്മണ്യം ഉല്പാദിപ്പിക്കുന്ന സാംസ്കാരികപരിസരത്തോട് കൃത്യമായി സന്ധിചെയ്യുവാൻ നഗരവും അതിനെ നയിക്കുന്ന ഭരണകൂടവും തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. സ്വകാര്യതയെ അംഗീകരിക്കുന്നു എന്ന് പ്രത്യക്ഷത്തിൽ പ്രഖ്യാപിക്കുമ്പോഴും സൂക്ഷ്മമായി ഓരോ വ്യക്തിയെയും നിരീക്ഷിക്കുന്ന അധികാരയുക്തിയാണ് ഇവിടെ വെളിവാകുന്നത്.

അതിജീവനത്തിനായി വിവിധകാലങ്ങളിൽ ചെന്നൈ നഗരത്തിലെത്തിയ രണ്ട് വ്യക്തികളുടെ തീർത്തും വ്യതിരിക്തമായ ജീവിതാവസ്ഥകൾ ഈ നോവലിൽ കൃത്യമായി സന്നിവേശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. വിഭിന്നകാലഘട്ടങ്ങളിലും സാഹചര്യങ്ങളിലുമായതിനാൽ പരസ്പരബന്ധമില്ലാത്ത ഈ രണ്ട് ജീവിതാവസ്ഥകളെയും സന്നിവേശിപ്പിച്ചുകൊണ്ട് വി.എം. ദേവദാസ് ഈ രചനയിലൂടെ ചെന്നൈ നഗരത്തിന്റെ ഏതാണ്ട് ഒരു നൂറ്റാണ്ട് നീണ്ട ചരിത്രം അവതരിപ്പിക്കുന്നു. എന്നാൽ ഇത് ഏതെങ്കിലും ഒരു നഗരത്തെ മാത്രമായല്ല ഇന്ത്യൻ നാഗരികതയുടെ തന്നെ സാംസ്കാരിക അവസ്ഥയെക്കൂടി പ്രതിഫലിപ്പിക്കുന്നു.

## ഗ്രന്ഥസൂചി:

1. *ഗോപാലകൃഷ്ണൻ പി.കെ., കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.*
2. *ദേവദാസ് വി.എം., ചെപ്പും പന്തും, ഡി.സി. ബുക്സ്, കോട്ടയം, 2017.*
3. *വിജയൻ എം.എൻ., നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, വാല്യം 2, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.*
4. *ശ്രീധരമേനോൻ എ., കേരള ചരിത്രം. എസ്. വിശ്വനാഥൻ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, 1999.*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# കളിയും കാര്യവും

**ഡോ. ഡി. വി. അനിൽകുമാർ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ്, കട്ടപ്പന

### പ്രബന്ധസംഗ്രഹം

കുട്ടിക്കളികൾ വെറുംകളികൾ മാത്രമല്ല, അവയ്ക്ക് പിന്നിൽ കാര്യവുമുണ്ട്. കുട്ടികളിൽ പിൽക്കാലത്ത് രൂപപ്പെടുന്ന സർഗാത്മകതയ്ക്ക് പിന്നിൽ പോലും കളികൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. കാൾഗ്രൂസ്, സിഗ്മണ്ട് ഫ്രോയിഡ് തുടങ്ങിയ ചിന്തകർ ഈ മേഖലയിൽ നടത്തിയ പഠനങ്ങൾ ഇത് സാധൂകരിക്കുന്നു.

***താക്കോൽവാക്കുകൾ:*** കളി, സർഗാത്മകത, ഷില്ലർ, സ്പെൻസർ, കാൾ ഗ്രൂസ്, സിഗ്മണ്ട് ഫ്രോയിഡ് , കലയും ആനന്ദവും, കലയും ആസ്വാദനവും, ചോദനയും കളിയും, ഗ്രോസിന്റെ ആനന്ദഘട്ടങ്ങൾ, ഫ്രോയിഡും ലൈംഗികതയും, ആനന്ദതത്വവും തമാശയും കളികളും, കളിയും യാഥാർത്ഥ്യവും, സ്വപ്നവും ഫാന്റസിയും കളികളും.

ഒരു കളിയും (Play) കുട്ടിക്കളിയല്ല; ഒരു കുട്ടിക്കളിയും വെറും കളിയും അല്ല. ലോകത്താകമാനം എത്രമാത്രം കളികളാണുള്ളത്. കുട്ടിക്കളിയിൽ തുടങ്ങി കലയിലും കായികകേളികളിലും അവസാനിക്കാതെ കളി ഇന്നും തുടരുന്നു. പലപ്പോഴും കളിയും കലയും ഒന്നായിത്തീരുന്ന അവസ്ഥയും കാണാം. കണ്യാരുകളി, മാർഗംകളി, കഥകളി എന്നിങ്ങനെ കളികൾ കലയായി തുടരുന്നു. മനുഷ്യന്റെ കായികവും മാനസികവും കലാപരവുമായ വളർച്ചയിൽ കളികൾക്ക് വലിയ പങ്കുണ്ടെന്നാണ് മാനവചരിത്രം പറയുന്നത്.

കളിക്കുന്ന ഒരു കുട്ടിയെ നിരീക്ഷിക്കുന്നതിലൂടെ ലോകത്തെ അവൻ മനസ്സിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും നമുക്ക് മനസ്സിലാക്കാൻ കഴിയും. അവനെ കളിയിലേക്ക് നയിച്ച പ്രചോദനത്തെ കണ്ടെത്തുന്നതിലൂടെ അവന്റെ ആഗ്രഹങ്ങളെയും പ്രശ്നങ്ങളെയും ഉത്കണ്ഠകളെയും നമുക്ക് കണ്ടെത്താം. അവനു പോലും മനസ്സിലാകുന്നില്ലെങ്കിലും അവന്റെ പ്രശ്നങ്ങളെ അവൻ മറികടക്കുന്നത് കളികളിലൂടെയാണ്. അതിനു

തടസ്സം നിൽക്കുമ്പോൾ അവനു മുന്നിലുള്ള ഒരു മാർഗ്ഗമാണ് നമ്മൾ അടച്ചു കളയുന്നത്. വരാനിരിക്കുന്ന കുട്ടിയുടെ ജന്മത്തെ ഭയത്തോടെ കാണുന്ന മൂത്തകുട്ടി ഒരു പാവക്കുട്ടിയെ കളിപ്പിക്കുന്നതിലൂടെ സ്വയം അമ്മയായി താദാത്മ്യം പ്രാപിച്ച് തന്റെ ഉത്കണ്ഠയെയും കോപത്തെയും ഉരുക്കിക്കളയുകയാണ്. അതോടെ വെറുമൊരു കുഞ്ഞായിരിക്കാതെ അമ്മയെപ്പോലെ ആകാനും മുതിർന്നവരെപ്പോലെ പെരുമാറിത്തുടങ്ങാനും കുട്ടി പഠിക്കുകയാണ്.

ഭാവികാലത്തേക്ക് വേണ്ടി സ്വയം സജ്ജമാകാൻ കുട്ടി പഠിച്ചു തുടങ്ങുന്നത് കളികളിലൂടെയാണ്. കാൾ ഗ്രൂസും(Karl Groos) പിയാഷെയും (Jean Piaget) ഈ പഠന മേഖലയിൽ വലിയ സംഭാവനകൾ നൽകിയവരാണ്. ജീവിതത്തിൽ എല്ലായ്പ്പോഴും വിജയിച്ചു കൊണ്ടേയിരിക്കില്ലെന്നും വീണ്ടും വീണ്ടും പരിശ്രമിച്ചാൽ വിജയിക്കാൻ കഴിയുമെന്നും പരാജയത്തെ നേരിടേണ്ടതെങ്ങനെയെന്നും കുട്ടി പഠിക്കുന്നത് കളികളിലൂടെയാണ്. കളികളിൽ ഏർപ്പെടുന്ന കുട്ടിയെ അവന്റെ ഭാവനയ്ക്കും സ്വപ്നങ്ങൾക്കും വിട്ടുകൊടുക്കുകയാണ് വേണ്ടത്. മാതാപിതാക്കൾ നിയന്ത്രിക്കാൻ തുടങ്ങുന്നതോടെ സ്വയം ആശയങ്ങൾ വികസിപ്പിക്കുന്നതിൽ കുട്ടി പരാജിതനായിത്തീരുന്നു. സ്വയം ചിന്തിക്കാനും സ്വപ്നം കാണാനും പ്രവർത്തിക്കാനും ഉള്ള ഇടമാണ് സർഗാത്മകത ആവശ്യപ്പെടുന്നത്. ഇതാണ് കുട്ടിക്ക് സ്വന്തമായ ആന്തരികജീവിതം പ്രദാനം ചെയ്യുന്നത്. പ്രത്യേകനിയമങ്ങളെ അനുസരിക്കുന്ന കളികളിലേക്ക്(Games) കടക്കുന്നതോടെ ഒരുവൻ സാമൂഹ്യജീവിതത്തെ പരിചയപ്പെടുകയാണെന്ന് കൂടിപറയണം. നിയമങ്ങളുടെയും വിലക്കുകളുടെയും ലോകത്തേക്കുള്ള പ്രവേശനമാണത്. കളികളിലൂടെ നിയമ ലംഘനത്തിനുള്ള കരുത്ത് ആദ്യമേ ആർജിച്ചിരുന്ന സ്വതന്ത്രനായ കുട്ടിക്കു മാത്രമേ സർഗാത്മകമായി ലോകക്രമത്തെ മാറ്റിത്തീർക്കേണ്ടത് എങ്ങനെയെന്ന് സർഗാത്മകമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയൂ. അത്തരക്കാരാണ് ജീവിതത്തെ സംവാദാത്മകമാക്കുന്നതും കലയെ സൃഷ്ടിക്കുന്നതും. വിജയവും പരാജയവും അവർക്ക് വിഷയമായിത്തീരുന്നില്ല. ലോകത്തെ പുതുക്കിപ്പണിയുവാനുള്ള ശക്തിയും പ്രചോദനവും ആയി അവർ മാറുന്നു. അതിന് അടിസ്ഥാനമായിത്തീരുന്നതോ കുട്ടിക്കാലത്ത് അവർ അനുഭവിച്ചിരുന്ന സ്വതന്ത്രമായ കളികളുടെ ലോകവും.

ഷില്ലർ (Schiller) മൃഗങ്ങളിലും സസ്യജാലങ്ങളിലും ഉള്ള അധിക ഊർജ്ജത്തെ കളികളുമായി ബന്ധിപ്പിച്ച് ചിന്തിക്കുന്നുണ്ട്. സിംഹം വിശപ്പില്ലാത്തപ്പോഴും എതിരിടാൻ എതിരാളികൾ ഇല്ലാത്തപ്പോഴും തന്റെ ഏകാന്തതയെ മറികടക്കാനും സന്തോഷത്തിനായും ഗർജിക്കുന്നു. ചിത്രശലഭങ്ങൾ വെള്ളിവെളിച്ചത്തിൽ പാറിനടക്കുന്നു. ഇതിന്റെ പിന്നിൽ പ്രത്യേക ആവശ്യങ്ങൾ ഒന്നുമില്ല. സസ്യജാലങ്ങൾ വേണ്ടതിൽ അധികമുള്ള ഊർജ്ജത്തെയാണ് കൂടുതൽ വിത്തുകൾ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്നതെന്നാണ് ഷില്ലറിന്റെ പക്ഷം(Letters upon the Aesthetical Education of Man, Letter XXVII). മനുഷ്യസ്വഭാവത്തെക്കുറിച്ച് പറയുന്നിടത്ത് തന്റെ ആഗ്രഹങ്ങൾ നിറവേറ്റുന്ന വസ്തുക്കളുടെ കാഴ്ചയിൽ നിന്നും വസ്തുവിന്റെ രൂപത്തെക്കുറിച്ച് ചിന്തിച്ചു തുടങ്ങുന്നതോടെയാണ് ഉന്നതമായ ആനന്ദത്തെ അവന് അനുഭവിക്കാൻ കഴിയുന്നതെന്ന് ഷില്ലർ

പറയുന്നു. ഈ രണ്ടാമത്തെ ഉന്നതമായ ആനന്ദത്തിന് കാരണം സൗന്ദര്യാസ്വാദനമാണ്. ഇതാണ് കലയ്ക്ക് അടിസ്ഥാനമായതും.

സ്പെൻസർ (Spencer)അദ്ദേഹത്തിന്റെ 'ദി പ്രിൻസിപ്പിൾസ് ഓഫ് സൈക്കോളജി' (The Principles of Psychology) എന്ന ഗ്രന്ഥത്തിൽ കളികളെക്കുറിച്ച് കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ജീവിതത്തെ നേരിട്ട് ബാധിക്കാതെ തന്നെ കളികളും സൗന്ദര്യാത്മക പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട വ്യക്തിയുടെ കഴിവുകളുടെ(Faculties) പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക വഴി ജീവിതത്തെ തന്നെ പരോക്ഷമായി സ്വാധീനിക്കുന്നുണ്ട്. തങ്ങളുടെ ആവശ്യങ്ങളെ സന്തർപ്പണം ചെയ്യുക എന്ന പ്രധാന ആവശ്യത്തിലൂന്നി പ്രവർത്തിക്കുന്ന താഴ്ന്നപടിയിലുള്ള മൃഗങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉയർന്ന തലത്തിലുള്ള മൃഗങ്ങൾ തങ്ങളുടെ കഴിവുകളെ ഉയർന്നതലത്തിൽ പ്രയോഗിക്കുന്നതാണ് കളി. അവിടെ നേടിയെടുക്കേണ്ടതിനെക്കുറിച്ചുള്ള ബോധ്യം ഉണ്ടായിരിക്കും. ഇരപിടിയന്മാരായ മൃഗങ്ങൾ വേട്ടയെയും പോരാട്ടത്തെയും അനുകരിക്കുന്ന കളികൾ നടത്താറുണ്ട്. ശത്രുവിനെ പരാജയപ്പെടുത്തുന്നതിലെ ആനന്ദവും അതുവഴി അനുഭവിക്കുന്നു. ഉന്നതമായ കഴിവുകളുടെ ഉപയോഗത്തിലൂടെ നേടുന്ന ആനന്ദമാണ് കല. എന്നാൽ ചെറിയ കഴിവുകളിലൂടെ കണ്ടെത്തുന്ന ആനന്ദമാണ് കളികൾ. ദ്വന്ദ്വങ്ങൾ സൃഷ്ടിച്ച് സെൻസർ നടത്തുന്ന ഇത്തരം വാദമുഖങ്ങൾക്ക് ഒരിക്കലും ശാസ്ത്രീയമോ യുക്തിസഹമോ ആയ അടിസ്ഥാനം ഇല്ല. മനുഷ്യരുടെ പെരുമാറ്റത്തെയോ മാനസികപ്രവർത്തനത്തെയോ പരിഗണിക്കാതെ ഉള്ള നിഗമനങ്ങൾ ആയിപ്പോകുന്നു ഇവ. ചിലപ്പോൾ കഴിവുകൾ എന്നതിനേക്കാൾ ശാരീരിക അവയവങ്ങളായ ഹൃദയം, ശിരസ്സ്, ശ്വാസകോശം എന്നിവയെപ്പോലും അദ്ദേഹം മുന്നിൽ കണ്ടിരുന്നില്ലേ എന്നും സംശയിക്കേണ്ടിവരും. ഭാവനയുടെ പ്രാധാന്യത്തെ സ്പെൻസർ പരിഗണിക്കുന്നതേയില്ല.

ജീവികളുടെ പല ആന്തരിക ചോദനകൾക്കുമുള്ള (Internal Drives) പരിഹാരമായി കളികൾ മാറാറുണ്ട് എന്ന യാഥാർത്ഥ്യം ശ്രദ്ധിക്കേണ്ടതാണ്. അധികമുള്ള ഊർജ്ജത്തിന്റെ സർജ്ജനം മാത്രമാണ് അവിടെ നടക്കുന്നത്. വിവിധ ചോദനകൾക്ക് സന്തർപ്പണം നൽകാൻ കഴിയുന്നതിലൂടെയും പകരംവെക്കാൻ (Substitute) കഴിയുന്നതിലൂടെയും ആണ് ജീവികൾക്ക് സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുന്നത്.

കളിയെയും കലയെയും നിർവചിക്കുന്നതിലും വിവരിക്കുന്നതിലും ഷില്ലറും സ്പെൻസറും പരാജയപ്പെടുകയാണ്. ജീവിതത്തിലെ അടിയന്തിരാവശ്യങ്ങൾ നിറവേറ്റിയാൽ മാത്രം നടക്കുന്ന ഒന്നാണ് കളി എന്ന നിഗമനം തന്നെ തെറ്റിപ്പോകുന്നു. കലയുടെ ഉൽപ്പാദനത്തെയും ആസ്വാദനത്തെയും വ്യത്യസ്തമായി കണ്ടുവിശകലനം ചെയ്യുന്നതിലും അവർക്ക് പരാജയം സംഭവിക്കുന്നു. നമ്മുടെ ശാരീരികാവശ്യങ്ങളെ നിറവേറ്റിയാൽ മാത്രമേ കല ആസ്വദിക്കാൻ കഴിയൂ എന്നിടത്തേക്ക് വാദമുഖങ്ങൾ വഴിതെറ്റിപ്പോകുന്നു.

കാൾ ഗ്രൂസ് തന്റെ 'ദി പ്ലേ ഓഫ് അനിമൽസ്', 'പ്ലേ ഓഫ്മാൻ ' (The Play of Animals, The Play of Man) എന്നീ ഗ്രന്ഥങ്ങളിൽ ഇവരുടെ സിദ്ധാന്തങ്ങളെ വിമർശിക്കുന്നുണ്ട്. അധികഊർജ്ജം കളികൾക്ക് ആവശ്യമുണ്ട് എന്നതിനെ അദ്ദേഹം അംഗീകരിക്കുന്നില്ല.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ജീവികളുടെ ജൈവികോർജ്ജം (a power itself) അഥവാ ജന്മവാസന (Instincts) ആണ് കളിയുടെ അടിസ്ഥാനം എന്ന് ഗ്രൂസ് സ്ഥാപിക്കുന്നു. ഓരോ സ്പീഷീസിൽപ്പെട്ട മൃഗങ്ങൾക്കും വ്യത്യസ്തതരം കളികൾ ഉണ്ടായത് അങ്ങനെയാണ്. ചോദന (Stimulus) ഉണ്ടാകുമ്പോൾ കളികളും ഉണ്ടാകും. പാരമ്പര്യവുമായി ബന്ധപ്പെട്ടവയാണ് ജന്മവാസന കൾ. ഇതിനോടൊപ്പം സന്നദ്ധതയും (Voluntary) ചേരുമ്പോഴാണ് കളി ഉണ്ടാകുന്നത്. അതിനോട് പരിശീലനം കൂടി ചേരുമ്പോൾ അത് പൂർണ്ണതയിൽ എത്തും. കുട്ടിക്കാലത്തു നിന്നും (പരിശീലനകാലമാണിത്) ജീവിതത്തിന് ചേർന്ന രീതിയിൽ (life duties) വ്യക്തി രൂപപ്പെടുന്നതിൽ കളികൾക്ക് പങ്കുണ്ട്. ധാരാളം ജന്മവാസനകളും അവയ്ക്കു ചേർന്ന കളികളും ഉണ്ട്.

എല്ലാ കളികളും കളികളിൽ അവസാനിക്കുന്നു എന്ന് പറയാനാകില്ല ചിലതിനെ വേർതിരിച്ചറിയാം എന്നേയുള്ളൂ (eg: Hunting- hunger, aggression, dominance, sadism, vantiy, desire for final approval etc). മാത്രമല്ല കളികൾ ഏതെങ്കിലും ഒരു പ്രത്യേക ആവശ്യത്തിന് വേണ്ടി മാത്രം പ്രയോജനപ്പെടുന്നതാണ് എന്നത് ഒരു കടുംവാദമായിരിക്കും. പല പ്രയോജനങ്ങൾ ഉള്ളതാണ് കളി എന്നു പറയുന്നതായിരിക്കും ശരി. അധികോർജ്ജത്തെമെരുക്കുക, ആനന്ദത്തിന് പകരം കണ്ടെത്തുക തുടങ്ങിയവയെല്ലാം അതിൽപെടും. ബോറടി മാറ്റാനും വൈകാരികമായ വിരേചനത്തിനും അത് ആവശ്യമാണ്. കുട്ടിക്കളിയുടെ ആവർത്തനമാണ് മുതിർന്നവരുടെ കളിയെന്നും ആനന്ദമാണ് അതിന്റെ ലക്ഷ്യമെന്നും ഗ്രൂസ് ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. ജന്മവാസനയിൽ നിന്നും വ്യത്യസ്തമായി മറ്റെന്തെങ്കിലും ലക്ഷ്യത്തിലേയ്ക്കായി (പണം നേടാനും മറ്റും) അതിനെ രൂപപ്പെടുത്തിയെടുക്കുമ്പോൾ അതിന് കളിയുടെ സ്വഭാവം നഷ്ടമാകും. ആനന്ദത്തിനു വേണ്ടി ചെയ്യുന്ന ശാരീരികചലനങ്ങളെപോലും കളിനിർവചനത്തിൽ ഗ്രൂസ് ഉൾപ്പെടുത്തും. അങ്ങനെ കളിയുടെ വ്യാപകത്വം വർദ്ധിച്ചു. പക്ഷേ നിയന്ത്രിതമായ പല കളികളും നിർവചനത്തിന് പുറത്തുമായി.

ഓരോ കളിയും ആനന്ദം നൽകുന്നു. ഒരു ജന്മവാസനയെ തൃപ്തിപ്പെടുത്തുമ്പോൾ ലഭിക്കുന്ന പ്രാഥമികമായ സന്തോഷത്തിനു പുറമേ ആനന്ദത്തിന് കാരണമായതന്റെ ശക്തിയിലുള്ള വിശ്വാസത്തിൽ നിന്നും ഉണ്ടാകുന്ന ആനന്ദത്തിന്റെ ഘട്ടത്തെയും ഗ്രൂസ് വിവരിക്കുന്നു. കലാപ്രവർത്തനവും ഈ രണ്ട് ആനന്ദവും നൽകുന്നുണ്ട്. പക്ഷേ മറ്റേതെങ്കിലും ഉദ്ദേശ്യത്തോടെ നടപ്പാക്കുമ്പോൾ അതിന് കളിയുടെ സ്ഥാനം നഷ്ടമാകുന്നു എന്ന് ഗ്രൂസ് പറയുന്നു. എല്ലാകളികളും ആനന്ദത്തിലേക്ക് എന്ന വാദവും അംഗീകരിക്കാൻ പ്രയാസമാണ്. ഇച്ഛാഭംഗവും ഭയവും എല്ലാം കളിയിലേക്ക് നയിക്കാറുണ്ടല്ലോ. ശക്തിയിൽ ഉള്ള വിശ്വാസം (Joy in being a cause) മാത്രമല്ല കഠിനപ്രയത്നവും സംഘർഷവും എല്ലാം ആനന്ദത്തിന് കാരണമായേക്കാം. അതിൽ നിന്നുണ്ടാകുന്ന കളികളും കളികളല്ലാതെ വരില്ലല്ലോ.

1905 ലെ 'ത്രീ എസ്സേസ് ഓൺ ദിതിയറി ഓഫ് സെക്സ്വാലിറ്റി' (Three Essays on the Theory of Sexuality) യിൽ ആധുനികവിദ്യാഭ്യാസം കളികളെ ഉപയോഗിച്ച് യുവതയെ ലൈംഗികതയിൽ നിന്നും അകറ്റുന്നു എന്നാണ് ഫ്രോയിഡ് പറഞ്ഞത്. വാക്കുകൾ

കൊണ്ടുള്ള കളികളിലൂടെ കുട്ടി നേടുന്ന ആനന്ദത്തെയും അദ്ദേഹം വിവരിക്കുന്നുണ്ട്. ഗെയിമുകളിൽ നേരിടുന്ന തടസ്സങ്ങളെ തരണം ചെയ്യുന്നതിലൂടെ വ്യക്തിമാനസിക സമ്മർദ്ദത്തെ ലഘൂകരിക്കുന്നു. വിമർശനബുദ്ധി കടന്നുവരുന്നതോടെ കളി മുതിർന്ന വരിൽ അർത്ഥമില്ലാത്തതായിത്തീരുന്നു. തമാശകൾ മുതിർന്നവരിൽ കളിയുടെ ഫലം നൽകുന്നു. സ്വപ്നങ്ങളെപ്പോലെ തമാശകളും അർത്ഥം മറച്ചുവച്ചിരിക്കുന്നു. കുട്ടികളുടെ കളികളുടെ അടിത്തറ അനുകരണത്തിലാണ് (Mimicry). മുതിർന്നവർ തങ്ങളുടെ അവസ്ഥ യിലേക്ക് താണ് ഒപ്പം കളിക്കുമ്പോൾ കുട്ടികൾ കൂടുതൽ ആനന്ദം അനുഭവിക്കുന്നു.

മൂന്നുവർഷത്തിന് ശേഷം എഴുതിയ 'ക്രിയേറ്റീവ് റൈറ്റേഴ്സ് ആൻഡ് ഡ്രീം തിയറി' (Creative Writers and Dream Theory) എന്ന പ്രബന്ധം കളികളെക്കുറിച്ച് വിശദമായ വിവരണം നൽകുന്നുണ്ട്. എല്ലാ കുട്ടികളും ഒരു സർഗ്ഗാത്മക എഴുത്തുകാരനെപ്പോലെ ആണെന്ന് പറയാൻ കഴിയില്ല. പക്ഷേ കുട്ടി തന്റെ സ്വാതന്ത്ര്യത്തോടെ ഗൗരവമായി കളിയെ സമീപിക്കുന്നത് കളിയുടെ വിപരീത യാഥാർത്ഥ്യമാണ് (Real). കുട്ടി തന്റെ സങ്കല്പലോകത്തെയും യഥാർത്ഥലോകത്തെയും താരതമ്യം ചെയ്യുന്നു. ഈ താരതമ്യം സർഗാത്മക എഴുത്തുകാർ നടത്തുന്നില്ല. മുതിരുന്നതോടെ അവർ ദിവാസ്വപ്നങ്ങൾ കളികൾക്ക് പകരംവയ്ക്കുന്നു. കുട്ടികൾക്ക് കളിയിൽ മറച്ചു വയ്ക്കാൻ ഒന്നുമില്ല. എന്നാൽ മുതിർന്നവർ ഫാന്റസികളിലും ദിവാസ്വപ്നങ്ങളിലും പലതും മറച്ചുവയ്ക്കുന്നു. അതായത് മുതിർന്നവരുടെ കളികളിലും ഫാന്റസികളിലും അവർ മറച്ചുവയ്ക്കുന്നത് കുട്ടിക്കാലത്തെ അഭിലാഷങ്ങളാണ്.

അതായത് തങ്ങളുടെ ലിബിഡോ (Libido) സംബന്ധമായ മാനസികസമ്മർദ്ദത്തെ തുറന്നുവിടുന്നതിനുള്ള മാർഗമാണ് മുതിർന്നവർക്ക് ഫാന്റസികളും തമാശകളും. പിൽക്കാലത്ത് 'ബിയോണ്ട് പ്ലഷർ പ്രിൻസിപ്പലി'ലൂടെ (Beyond the Pleasure Principle) കളികളെ ആനന്ദതത്ത്വവുമായി കൂട്ടിയിണക്കാൻ ഫ്രോയിഡ് ശ്രമിക്കുന്നുണ്ട്. ജീവിത ത്തിലെ ദുഃഖങ്ങളെ കുട്ടി എങ്ങനെയാണ് കളിയിലൂടെ മറികടക്കുന്നത് എന്നും അദ്ദേഹം വിവരിക്കുന്നുണ്ട്. എന്നാൽ ആനന്ദതത്വത്തിനും അപ്പുറം കടന്ന് മനുഷ്യനിലുള്ള മരണാഭിമുഖ്യം (Death drive) കണ്ടെത്തുന്ന ഫ്രോയിഡ് കുട്ടികളിലും വലിയ അളവിൽ മുതിർന്നവരിലും മരണാഭിമുഖ്യം ഉള്ളതായി കണ്ടെത്തുന്നു. കുട്ടികൾ കളികൾക്കിടയിൽ തങ്ങൾ തന്നെ നിർമ്മിച്ചതിനെ കളിക്കായിതന്നെ തച്ച് തകർക്കാറുണ്ടല്ലോ. ആധുനിക ഗെയിമുകളിൽ നാം കാണുന്ന അക്രാമകമായ പലതിന്റെയും ഉറവിടം ഈ മരണാഭിമുഖ്യം ആയി മനസ്സിലാക്കാം. ആധുനിക മനശാസ്ത്രവും ഇതിനെ അംഗീകരിക്കുന്നു. മനശാസ്ത്ര മേഖലയെ ലൈംഗികതയിലും വ്യക്തിയിലും തളച്ചിട്ടു എന്ന് ഫ്രോയ്ഡിനെകുറിച്ച് പരാതിപ്പെടാറുണ്ടെങ്കിലും 'സിവിലൈസേഷൻ ആൻഡ് ഡിസ്കണ്ടന്റ്സ്'ൽ (Civilization and Discontents) എത്തുമ്പോൾ ഫ്രോയിഡ് സാമൂഹികതലത്തിലേക്ക് വ്യാപരിക്കുന്നത് കാണാം. സിരാരോഗികൾ ആയിത്തീർന്ന ആധുനിക മനുഷ്യന്റെ കഥയാണത്. കളികൾ ആനന്ദം മാത്രമല്ലന്നും സിരാരോഗത്തിന്റെ പ്രതിഫലനങ്ങൾ കൂടിയാണെന്നും അവിടെ ചേർത്തുവായിക്കണം.

സ്വതന്ത്രമായ കളികൾ ഉള്ളലോകത്ത് സ്വതന്ത്രമായി ചിന്തിക്കുന്ന കുട്ടികൾ വളർന്നു വരുന്നത് ഇന്ന് നമുക്ക് സ്വപ്നം കാണാനേ കഴിയൂ. അക്രമത്തിന്റെ വീഡിയോ ഗെയിമുകൾ ഭരിക്കുന്ന കാലത്ത് സർഗാത്മകമായി ഭാവി തലമുറ വികസിച്ചുവരാൻ ധാരാളം പരിമിതികൾ ഉണ്ട്. കളിയിലെ കാര്യത്തെക്കുറിച്ച് ബോധവാന്മാരായി നമുക്ക് ഈ പ്രതിസന്ധി മറികടക്കാം.

## സഹായകഗ്രന്ഥങ്ങൾ

1. *നൗഷാദ് എസ്., ഡി.വി.അനിൽകുമാർ, പാശ്ചാത്യസാഹിത്യ സിദ്ധാന്തം, വാല്യം ഒന്ന് രചയിതാവ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015*
2. *Freud, Sigmund, Beyond the Pleasure Principle and Other Writings, Penguin Books,2003*
3. *Freud, Sigmund, Civilization and its Discontents, WW Norton and Company, 1989*
4. *Groos, Karl,The Play of Man, D.Appleton and Company, Newyork, 1901*
5. *Groos, Karl, The Play of Animals, D.Appleton and Company, NewYork , 1901*
6. *Schiller, Friedrich, Letters upon the Aesthetical Education of Man, Dover Publications, NewYork*
7. *Spencer, Herbert, The Principles of Psychology, D.Appleton and Company, Newyork, 1898*

# അപരലോകത്തെ പ്രേമഭാജനങ്ങൾ

**ഡോ. സരിത. കെ. ആർ**
കോളത്ര, കാർത്തികപ്പള്ളി പി ഒ, ആലപ്പുഴ

**പ്രബന്ധസംഗ്രഹം**

മലയാളനോവൽ ആരംഭഘട്ടംമുതൽ സാമൂഹിക പ്രശ്നങ്ങളോട് സംവദിച്ചു കൊണ്ടാണ് വളർന്നത്. പലതരം ശ്രേണീബന്ധങ്ങളിലൂടെ കടന്നുപോകുന്ന ഒരു സമൂഹത്തിൽ സ്ത്രീകളുടെ നില എന്തായിരുന്നു എന്ന അന്വേഷണത്തിനപ്പുറം, പുതിയ സ്ത്രീത്വമാതൃകകളുടെ നിർമ്മിതി യിൽ ചില പരീക്ഷണങ്ങളൊക്കെ നടന്നിരുന്നു. എന്നാൽ നവോത്ഥാന കാലഘട്ടത്തിൽ ശക്തരായ സ്ത്രീ നോവലിസ്റ്റുകൾ കടന്നു വന്നതോടെ, പുരുഷൻമാരായ നോവലിസ്റ്റുകൾ വരച്ചിട്ട ആദർശ സ്ത്രീ മാതൃകകളിൽ നിന്ന് ഭിന്നരായ, തലച്ചോറും യുക്തിചിന്തയും പ്രതികരണശേഷിയുമുള്ള സ്ത്രീത്വ മാതൃകകൾ സൃഷ്ടിക്കപ്പെട്ടു. ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി' എന്ന നോവലിനെ സാമാന്യമായും കെ. സരസ്വതി യമ്മയുടെ 'പ്രേമഭാജനം' എന്ന നോവലിനെ വിശദമായും പഠിച്ചുകൊണ്ട് നവോത്ഥാനഘട്ടത്തോടെ ഉരുത്തിരിഞ്ഞു വന്ന ആധുനിക സ്ത്രീത്വ നിർമ്മിതിയുടെ സവിശേഷതകൾ എന്തെന്ന് വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

***താക്കോൽ വാക്കുകൾ:*** നവോത്ഥാനഘട്ടം, സ്ത്രീപ്രതിനിധാനം, കന്യകാത്വം, മാതൃത്വം, പാതിവ്രത്യം, ലൈംഗികത, വസ്ത്രത്തിന്റെ രാഷ്ട്രീയം, സ്ത്രീവ്യക്തിത്വം

പതിനെട്ടാം നൂറ്റാണ്ടോടു കൂടിയാണ് ലോകസാഹിത്യത്തിൽ നോവൽ എന്ന പ്രസ്ഥാനം ഉരുവം കൊണ്ടത്. 1740 ൽ സാമുവൽ റിച്ചാർഡ്സൺന്റെ 'പമീല ' പുറത്തുവന്നു. സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ടാണ് ആദ്യംമുതൽ ഈ സാഹിത്യരൂപം നിലനിന്നത്. ഗൃഹോപകരണങ്ങളുടെയും ഉപഭോഗവസ്തുക്കളുടെയും കണ്ടുപിടിത്തം

വീട്ടമ്മമാരുടെ ജോലിഭാരം കുറയ്ക്കുകയും ഒഴിവുസമയം കൂട്ടുകയും ചെയ്തു. സ്ത്രീകൾക്ക് നാട്ടുവർത്തമാന(ഗോസിപ്പ്)ത്തിനു തുല്യമായ എന്തെങ്കിലുമൊന്ന് വായിക്കാൻ വേണ്ടിയിരുന്നു. ചുറ്റുമുള്ള സംഭവങ്ങളും വ്യക്തികളുമാണ് നാട്ടുവർത്തമാനത്തിനു വിഷയം. അതുതന്നെ നോവലിനും വിഷയമായി. സ്ത്രീപുരുഷബന്ധത്തിന്റെ നാനാവശങ്ങളെയും ധാർമികവൈകാരികമൂല്യങ്ങളെയും വിശകലനം ചെയ്യുന്നതോടൊപ്പം തന്നെ പിൽക്കാലത്തു നിലവിൽ വന്ന സ്ത്രീ സങ്കൽപ്പത്തിന്റെ വാർപ്പു മാതൃകയായി 'പമീല' മാറുകയും ചെയ്തു. സ്ത്രീകൾ ചാരിത്ര്യനിഷ്ഠ കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും അതിനുകിട്ടുന്ന സമ്മാനമായി നല്ല വിവാഹബന്ധവും റിച്ചാർഡ്സൺ ആവിഷ്ക്കരിക്കുന്നു. 'പമീല'യ്ക്കു ശേഷം അദ്ദേഹം രചിച്ച 'ക്ലാരിസ'യിലും ഇതേ മാതൃക പിൻതുടരുന്നതു കാണാം. ശീർഷകമായി റിച്ചാർഡ്സൺ സ്വീകരിച്ച പമീല, ക്ലാരിസ തുടങ്ങിയ പേരുകളും നോവൽ സാഹിത്യം സ്ത്രീകളോടു പുലർത്തിയ സമീപനം വ്യക്തമാക്കുന്നു.

1800 കളോടെ ഇന്ത്യയിലും നോവൽ സാഹിത്യം വേരുറപ്പിച്ചു. ബംഗാളി, മറാഠി, ഹിന്ദി, ഉറുദു, മലയാളം തുടങ്ങിയ ഭാഷകളിൽ വന്ന ആദ്യകാല നോവലുകളും സ്ത്രീകേന്ദ്രിത പ്രമേയങ്ങളാണ് കൈകാര്യം ചെയ്തത്. ബങ്കിംചന്ദ്രചാറ്റർജിയുടെ 'ദുർഗ്ഗേശനന്ദിനി' (1865)യിൽ വിധവാവിവാഹം തുടങ്ങിയ സാമൂഹിക പരിഷ്ക്കരണ വിഷയങ്ങൾ ചർച്ചാവിധേയമാക്കുന്നുണ്ട്. ബാലവിവാഹം, വിധവാവിവാഹം മുതലായ സ്ത്രീപ്രശ്നങ്ങളെ വിമർശനാത്മകമായി അപഗ്രഥിക്കാനുള്ള ശ്രമങ്ങൾ ഹരിനാരായൺ ആപ്തേ, ഗോവർധൻ ത്രിപാഠി തുടങ്ങിയ നോവലിസ്റ്റുകൾ നടത്തുന്നുണ്ട്.

മലയാളനോവലിന്റെയും തുടക്കം മുതൽ തന്നെ സ്ത്രീകേന്ദ്രിത പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. 1889 ൽ ചന്തുമേനോന്റെ 'ഇന്ദുലേഖ' പുറത്തുവന്നതു മുതൽ 1940 കളിൽ യഥാതഥ പ്രസ്ഥാനം ആവിർഭവിക്കുന്നതു വരെയുള്ള കാലഘട്ടം പരിശോധിച്ചാൽ അതു വ്യക്തമാകും. 1864 ജൂലൈ മുതലുള്ള ഏഴു ലക്കങ്ങളിലായി വിദ്യാസംഗ്രഹത്തിലൂടെ പുറത്തുവന്ന 'സ്ലെയർസ്ലെയിൻ' എന്ന നോവൽ 1877 ൽ 'ഘാതകവധം' എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ടു. മിസിസ്കോളിൻസ് രചിച്ച ഈ നോവൽ, വിദ്യാഭ്യാസം സ്ത്രീകളുടെ ചിന്താമണ്ഡലത്തിൽ വരുത്തുന്ന സ്വാധീനവും സ്ത്രീവിദ്യാഭ്യാസത്തിലൂടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നതി സാധ്യമാക്കാമെന്നുമുള്ള ആശയവും പങ്കുവെയ്ക്കുന്നു. 'ഇന്ദുലേഖ'യിലെത്തുമ്പോൾ ഈ കാഴ്ചപ്പാട് ശക്തമായി വികസിക്കുന്നത് നാം കാണുന്നു. എന്നാൽ ഇന്ദുലേഖയ്ക്കും ഇന്ദുലേഖയെത്തുടർന്നുണ്ടായ സ്ത്രീകേന്ദ്രിത നോവലുകൾക്കും ആസ്വാദകരായി ഉണ്ടായിരുന്നത് പരിമിതമായ സ്ത്രീ സമൂഹമായിരുന്നു. നോവൽ സ്വയം വായിച്ചാസ്വദിക്കുന്ന സ്ത്രീസമൂഹത്തെ സൃഷ്ടിക്കാൻ പര്യാപ്തമായ വിദ്യാഭ്യാസനിലവാരം വരേണ്യസമുദായത്തിലെ ഒരു ന്യൂനപക്ഷം വനിതകളിലേക്ക് മാത്രമായി ചുരുങ്ങിയിരുന്നു.

വളരെ വൈകിയാണ് മലയാളത്തിൽ സ്ത്രീ നോവലിസ്റ്റുകൾ കടന്നുവരുന്നത്. ജെ. പാറുക്കുട്ടിയമ്മ, കല്പകശേരിൽ ജാനകിയമ്മ, അംബാദേവിത്തമ്പുരാട്ടി, തരവത്ത്

അമ്മിണിയമ്മ, കാത്തുള്ളി വീട്ടിൽ ദേവകിയമ്മ തുടങ്ങിയ സ്ത്രീകൾ ഇവരിൽ പ്രമുഖ രാണ്. ഇംഗ്ലീഷ് കൃതികളെയോ, പുരാണങ്ങളെയോ, വീരകഥകളയോ ആസ്പദമാക്കി എഴുതിയ യുക്തിഭദ്രമല്ലാത്ത ആഖ്യാനങ്ങളായിരുന്നു അവയധികവും.

## പ്രേമഭാജനം

മലയാളനോവലിന്റെ രണ്ടാംഘട്ടമെന്ന് കേസരി ബാലകൃഷ്ണപിള്ള വിശേഷിപ്പിച്ച നവോത്ഥാനഘട്ടത്തിലാണ് ശക്തിയും യുക്തിഭദ്രതയുമുള്ള ഒറ്റപ്പെട്ട സ്ത്രീനോവലുകൾ കടന്നുവരുന്നത്. തകഴിയും ബഷീറും പൊറ്റെക്കാട്ടുമൊക്കെ ശക്തരായി തിളങ്ങിനിന്ന കാലഘട്ടത്തിലാണ് കെ. സരസ്വതിയമ്മയുടെ 'പ്രേമഭാജനം' എന്ന നോവലും പുറത്തു വരുന്നത്. 1944ൽ പുറത്തിറങ്ങിയ ഈ നോവൽ അക്കാലത്തുണ്ടായ പല നോവലുകളെയും പോലെ മലയാളസാഹിത്യചരിത്രത്തിൽ ശ്രദ്ധേയമായ ഇടംനേടുകയോ ചർച്ചചെയ്യപ്പെടു കയോ ചെയ്തില്ല. തോട്ടികളെയും അടിമകളെയും റിക്ഷാക്കാരെയും ഒക്കെപോലെ അവഗണിക്കപ്പെട്ട വ്യക്തിത്വവും പ്രതിനിധാനവുമാണ് സ്ത്രീകളുടേത് എന്ന തിരിച്ചറിവ് ഒരുപക്ഷേ ഈ നോവലിന്റെ രചനയ്ക്കു പ്രേരണ ആയിരുന്നിരിക്കാം.

സ്വഗതാഖ്യാന രൂപത്തിലാണ് നോവൽ എഴുതപ്പെട്ടിരിക്കുന്നത്. കാമുകനോടൊപ്പം ആത്മഹത്യ ചെയ്ത ജ്യേഷ്ഠത്തിയെപ്പറ്റിയുള്ള അനുജത്തിയുടെ ഓർമ്മകളിലൂടെയാണ് നോവൽ ആഖ്യാനം ചെയ്തിരിക്കുന്നത്. ഒരച്ഛന് രണ്ട് സ്ത്രീകളിൽ ഉണ്ടായവരാണ് ആ പെൺകുട്ടികൾ. ജ്യേഷ്ഠത്തി കേരളത്തിൽ ജനിക്കുകയും യൂറോപ്പിൽ വളരുകയും മടങ്ങിനാട്ടിൽ വരികയും ചെയ്തവളാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ ജീവിത ദർശനങ്ങളെ അടുത്തറിഞ്ഞ ആ പെൺകുട്ടി യൂറോപ്യൻ ജീവിതരീതികളിൽ കുറേക്കൂടി സത്യസന്ധത ദർശിക്കുന്നു. അമ്മ ഭഗവതി എന്നും അച്ഛൻ ലൂയിസ എന്നും അനുജത്തി ബൂനി എന്നും വിളിക്കുന്ന ഈ പെൺകുട്ടിയാണ് നോവലിലെ കേന്ദ്രകഥാപാത്രം. പൗരസ്ത്യസ്വത്വം പേറുന്ന അനുജത്തിയുമായി അവൾ നടത്തുന്ന തർക്കങ്ങളിലൂടെ പ്രണയം, ലൈംഗികത, പാതിവ്രത്യം, സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ പൗരസ്ത്യർ പിൻതുടരുന്ന കാഴ്ചപ്പാടുകളിലെ പ്രതിലോമാത്മകസ്വഭാവം വലിച്ചു പുറത്തിടുന്നു. പാരിസ്ഥിതിക വീക്ഷണം, പെൺവാദം. ഇക്കോഫെമിനിസം ഇവയൊക്കെ മലയാളികളുടെ സജീവ ചിന്തയിലേക്കു വരുന്നതിനു മുമ്പുതന്നെ സരസ്വതിയമ്മ ഈ കാഴ്ചപ്പാടുകളുടെ ജൈവഘടന പ്രേമഭാജനം എന്ന നോവലിൽ അവതരിപ്പിച്ചു.

## പാതിവ്രത്യം

പ്രപഞ്ചശക്തികളെപ്പോലും നിയന്ത്രിക്കാനുള്ള ശക്തിയായി ഭാരതീയ മിത്തുകളിൽ നിറഞ്ഞു നിൽക്കുന്ന സങ്കല്പമാണ് പാതിവ്രത്യം. പുരുഷൻ എങ്ങനെയുള്ളവനായാലും പരിപൂർണ്ണ വിധേയകളായി അയാളുടെ ആഗ്രഹങ്ങൾക്കു കൂട്ടുനിൽക്കുന്ന ശീലാവതിയെ പോലുള്ള സ്ത്രീകളെ ആദർശമാതൃകകളായി അവതരിപ്പിച്ചു കൊണ്ടാണ് ആണധികാര സമൂഹം കുലസ്ത്രീ സങ്കൽപ്പങ്ങളെ ഊട്ടിവളർത്തുന്നത്. ഈ സങ്കൽപ്പത്തെ നോവലിൽ

സരസ്വതിയമ്മ വിമർശനവിധേയമാക്കുന്നത് നോക്കുക: 'നോക്കൂ പലരിൽ നിന്നും സന്താനങ്ങളെ നേടിയ കുന്തിയും പതിവ്രത, അഞ്ചുഭർത്താക്കൻമാരുള്ള ദ്രൗപദിയും സതി, നിത്യം ഓരോ ഭർത്താക്കൻമാരെ സ്വീകരിക്കുന്നതാണ് തങ്ങളുടെ പതിവ്രതാ ധർമ്മം എന്നു വിശ്വസിക്കുന്ന ദേവലോകവേശ്യകൾക്കും ശാപാനുഗ്രഹശക്തിയുണ്ട്. വാസ്തവത്തിൽ തീക്ഷ്ണമായ സദാചാരനിഷ്ഠയാണോ ഇവർക്കൊക്കെ ഈ ശക്തി കൊടുക്കുന്നത്? അല്ല, ശരിയായ പ്രവൃത്തിയാണ് താൻ ചെയ്യുന്നത് എന്ന ആത്മ വിശ്വാസം.' (പ്രേമഭാജനം, പുറം. 873)

ഇവിടെ പരാമർശിക്കുന്ന സ്ത്രീകൾ ഏകഭർത്തൃവ്രതം സ്വീകരിച്ചവരല്ല എങ്കിലും പതിവ്രതാത്വം കൈവന്നവരാണ്. ചിലപ്പോഴെങ്കിലും ബഹുഭർത്തൃത്വം ആ സ്ത്രീകളുടെ തെരഞ്ഞെടുപ്പുമല്ല. കുന്തിയും ദ്രൗപദിയും ദേവസ്ത്രീകളും ഒന്നിലധികം പുരുഷൻമാരെ സ്വീകരിക്കുന്നത് പുരുഷൻമാരുടെ തന്നെ തീരുമാനപ്രകാരമാണ്. എങ്കിലും അതിൽ അപാകത കാണാത്ത ഒരു വ്യവസ്ഥിതി ആ സമൂഹത്തിനിടയിൽ തന്നെ നിലനിന്നിരുന്നു വെന്നും ബഹുഭർത്തൃത്വം നിലനിന്നിരുന്ന പ്രാക്തന ജനവിഭാഗങ്ങൾ നമുക്കിടയിൽ ഉണ്ടായിരുന്നുവെന്നും അതൊരു മഹാപാപമായി കരുതാതിരുന്നാൽ തീരുന്ന പ്രശ്നമേ സ്ത്രീകൾക്ക് ഉള്ളുവെന്നും സരസ്വതിയമ്മ സൂചിപ്പിക്കുന്നു. സത്യത്തിൽ എല്ലാത്തിനെയും ഒരേ മനസോടെ സ്വീകരിക്കുന്ന വേദാന്തിയെപ്പോലെ, ഏതു പുരുഷനെയും ഒരുപോലെ സ്വീകരിക്കുന്ന വേശ്യയാണ് യഥാർത്ഥ സ്വർഗ്ഗത്തിന് അവകാശിയെന്നു പറയുന്ന മൂർച്ച യുള്ള നർമ്മം അക്കാലത്തെ പുരുഷൻമാരായ എഴുത്തുകാരിൽ പോലും അപൂർവ്വ മായിരുന്നു. മൂന്നുകെട്ടിയ റാവുമാമൻ എന്ന കാര്യസ്ഥൻ ബൂനിയുടെ ഈ വേദാന്തംകേട്ട് മുഖം ചുളിക്കുന്നു. തലച്ചോറുള്ള സ്ത്രീകൾ നർമ്മത്തിൽ പൊതിഞ്ഞവതരിപ്പിക്കുന്ന ചില ചിന്തകൾക്ക് വിശാലമായ സാമൂഹിക മാനമാണുള്ളത്.

## കന്യകാത്വം എന്ന മിത്ത്

ഭാരതീയസമൂഹത്തിൽ വലിയ മൂല്യമുള്ള കന്യകാത്വം എന്ന മിത്തിനെ പ്രേമഭാജനം എന്ന നോവൽ വിമർശന വിധേയമാക്കുന്നുണ്ട്. പഞ്ചകന്യകാരത്നങ്ങൾ എന്ന നിർമ്മിതിയെ വിശകലനം ചെയ്യുമ്പോൾ താരയെപ്പറ്റി പറയുന്നത് നോക്കുക: ബാലിയെ ന്നോ സുഗ്രീവൻ എന്നോ ഒരു പ്രത്യേക വ്യക്തിയിലല്ല, സിംഹാസനത്തിലിരിക്കാൻ യോഗമുണ്ടാകുന്ന വാനരരാജാവിലാണ് അവരുടെ പതിഭക്തി എന്ന് ബൂനി പരിഹസി ക്കുന്നു. സ്ത്രീകൾ കന്യകാത്വവും പാതിവ്രത്യവും കാത്തുസൂക്ഷിച്ചാൽ കിട്ടുന്ന സ്വർഗ്ഗം ഏതു തരത്തിലുള്ളതാണെന്ന് സരസമായി നോവലിസ്റ്റ് അവതരിപ്പിക്കുന്നു.

'അയ്യോ! നരകത്തിലെ വാർപ്പിൽ കിടന്നു പൊരിഞ്ഞാലും വേണ്ടില്ല. സ്വർഗ്ഗത്ത് എങ്ങനെ കഴിഞ്ഞുകൂടും? ഇന്ദ്രൻ വിളിക്കുമ്പോഴങ്ങോട്ട് ചിത്രാംഗദൻ വിളിക്കുമ്പോഴി ങ്ങോട്ട് അവരുടെയൊക്കെ മക്കൾ വിളിക്കുന്നിടത്തെല്ലാം. ഇങ്ങനെ കൂത്താടാൻ ഞാനില്ല. എപ്പഴും ആണും പെണ്ണും ഒന്നിച്ച് കൂത്താട്ടം അല്ലെങ്കിൽ മദ്യസേവ, ഇവിടുത്തെ ഏറ്റവും നല്ല പതിവ്രതയെ സ്വർഗ്ഗത്തെ ഒന്നാന്തരം വേശ്യയാക്കിയാണ് ദൈവങ്ങൾ അനുഗ്രഹി ക്കുക." (പു. 874)

## മാതൃത്വം

'സ്ത്രീ എത്രമാത്രം സ്വാർത്ഥയാണ് എന്നതിന്റെ തെളിവാണ് മാതൃത്വം. ഏതോ ഒരു ലോകത്തിൽ എങ്ങനെയോ കഴിഞ്ഞുകൂടുന്ന ജീവികൾ ഇവിടുത്തെ സ്വർഗ്ഗസുഖം അനുഭവിക്കാതെ പോകരുത് എന്ന നിസ്വാർത്ഥ ബുദ്ധിയാണോ അതിനുപിന്നിൽ.' (പു. 882) അതും സ്വന്തം സുഖത്തിനു വേണ്ടി സൃഷ്ടിക്കുന്നതാണ് എന്നാണ് ബൂനിയുടെ പക്ഷം. തങ്ങളുടെ വാർദ്ധക്യത്തെ പരിചരിക്കാനുള്ള സുരക്ഷിത ഡെപ്പോസിറ്റ് എന്ന സ്വർത്ഥചിന്തയാണ് മാതൃത്വത്തിന് നൽകുന്ന ആദർശപരിവേഷത്തിനു പിന്നിൽ എന്ന് ചിന്തിക്കുന്നതിൽ തെറ്റു പറയാനാവില്ല. സ്ത്രീയ്ക്ക് എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും മഹനീയ പദമാണ് മാതൃത്വം എന്ന മിത്തിനെ യുക്തിചിന്തയുടെ വെളിച്ചത്തിൽ സൂക്ഷ്മ വിചാരണ ചെയ്യുകയാണ് നോവലിസ്റ്റ്.

## വസ്ത്രത്തിന്റെ രാഷ്ട്രീയം

സ്ത്രീകളുടെ വസ്ത്രധാരണത്തിന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ തലത്തിൽനിന്നും ഭിന്നമായ രാഷ്ട്രീയ സാമൂഹികമാനങ്ങൾ ഉണ്ടെന്നും ചില വേഷങ്ങൾ നിർബന്ധമായി അടിച്ചേൽപ്പിക്കുന്നതിന്റെ പിന്നിലെ സാമൂഹികമനോഭാവം ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നുമുള്ള ബോധം നോവൽ പങ്കു വെയ്ക്കുന്നുണ്ട്. വിദേശത്തുനിന്നും തിരിച്ചെത്തിയ ബൂനി അമ്മയുടെ നിർബന്ധത്തിനു വഴങ്ങി മദാമ്മ വേഷം ഉപേക്ഷിച്ച് സാരിയും മുണ്ടുമൊക്കെ ധരിച്ചുതുടങ്ങി. പക്ഷേ സ്ത്രീയ്ക്ക് ഇഷ്ടമുള്ള വേഷം ധരിക്കുന്നതിനു പോലും സാമൂഹിക സമ്മതി നേടിയെടുക്കേണ്ടി വരുന്നതിലെ അമർഷം കോളേജ് പഠനം ഉപേക്ഷിക്കുന്നതിലേയ്ക്കുവരെ ആ പെൺകുട്ടിയെ എത്തിച്ചു എന്നു പറയുന്നതിൽ അസ്വാഭാവികത ഉണ്ടെന്ന് തോന്നാത്ത വിധത്തിൽ സരസ്വതിയമ്മ അവതരിപ്പിച്ചിരിക്കുന്നു. പിന്നിയിട്ട മുടിയും ഒതുക്കിയുടുത്ത സാരിയും അടക്കവും ഒരുക്കവും ഇന്ത്യൻ സ്ത്രീയുടെ അസ്വാതന്ത്ര്യമായി മലയാളി വായിച്ചെടുക്കാൻ തുടങ്ങുന്നതിന് വളരെ മുമ്പുതന്ന സരസ്വതിയമ്മ 'പ്രേമഭാജന'ത്തിൽ അത് ചർച്ചാവിധേയമാക്കുന്നുണ്ട്. വസ്ത്രധാരണത്തെ സംബന്ധിച്ച ഒരാളുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പുകളുടെമേൽ സമൂഹം നടത്തുന്ന കടന്നുകയറ്റങ്ങളോടുള്ള പ്രതികരണം എന്നനിലയിൽ കൂടിയാണ് ഈ നോവൽ വായിക്കപ്പെടേണ്ടത്.

## ലൈംഗികത

ഫ്ലർട്ട് എന്ന് വിളിക്കുന്ന ബന്ധങ്ങൾ അസ്വാഭാവികമായി ചിത്രീകരിക്കുന്നില്ല എന്നത് നോവലിന്റെ സവിശേഷതയാണ്. നിരവധി പുരുഷൻമാരോട് ഇടപഴകിയിട്ടും ബൂനി കന്യകയായിരുന്നു എന്ന തിരിച്ചറിവ് അനുജത്തിയിൽ ആശ്ചര്യം ജനിപ്പിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ആൺസൗഹൃദങ്ങൾ മറയില്ലാതെ സൂക്ഷിക്കുന്ന സ്ത്രീകളുടെ ജീവിതത്തോടുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടാണ് ഈ ആശ്ചര്യത്തിനു പിന്നിൽ. വീട്ടുജോലിക്കാരിയായ സ്ത്രീ, വിലക്കപ്പെട്ടതെന്ന് സമൂഹം കരുതുന്ന ലൈംഗികതയിലൂടെ കടന്നുപോകുന്നതിൽ ബൂനി തെറ്റുകാണുന്നില്ല. പക്ഷേ ഗർഭം ധരിക്കാതിരി

ക്കാനുള്ള ബുദ്ധിയെങ്കിലും സ്ത്രീയ്ക്ക് വേണമെന്നും അതില്ലാത്തവർ പിന്നീട് ജീവിത ത്തിൽ അനുഭവിക്കുന്ന കഷ്ടതകൾക്ക് നേരെ അലിവു കാണിക്കേണ്ടതില്ലെന്നുമുള്ള നിലപാടാണ് ബൂനിയുടേത്. ലൈംഗികത ജൈവികമായ ഒരു വികാരം മാത്രമാണെന്നും അപ്പോഴും പ്രായോഗികബുദ്ധി കൂടി സ്ത്രീകൾ കാണിക്കേണ്ടതുണ്ടെന്നും ഇല്ലെങ്കിൽ തീവ്രസദാചാര വിചാരണകൾക്കും കഷ്ടതകൾക്കും ഇരയാകുന്നത് സ്ത്രീ മാത്രമാകു മെന്ന തിരിച്ചറിവ് പ്രധാനമാണെന്നുമാണ് ബൂനിയുടെ നിസ്സംഗതയ്ക്ക് കാരണം. പ്രണയ മെന്ന് തോന്നലുണ്ടാക്കുന്ന നിരവധി ബന്ധങ്ങളിലൂടെ കടന്നുപോയിട്ടും ബൂനി ആത്മാർത്ഥപ്രണയം സൂക്ഷിച്ചത് ഒരാളോടു മാത്രമായിരുന്നു. ആ പ്രണയമാകട്ടെ പിടി കിട്ടാത്ത ഒരു രഹസ്യത്തിന്റെ മായികതയോടെ ബൂനിയുടെ മരണത്തിൽ അവസാനി ക്കുകയും ചെയ്യുന്നു. പാശ്ചാത്യ സംസ്കാരത്താൽ സ്വാധീനിക്കപ്പെട്ട സ്ത്രീകളെ കോമാളി കളോ പരിഹാസ കഥാപാത്രങ്ങളോ ആയി ചിത്രീകരിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് സരസ്വതിയമ്മ ബൂനി എന്ന തലച്ചോറുള്ള നായികയെ സൃഷ്ടിക്കുന്നത്.

മികച്ച വിദ്യാഭ്യാസം നേടിയ സരസ്വതിയമ്മ ഹൃദയത്തോട് തലച്ചോർ ചേർത്തു വെച്ചാണ് പ്രേമഭാജനം എന്ന ഈ നോവൽ രചിച്ചത്. മനോഹരവും മായികവുമായ ഒരു പ്രണയത്തിന്റെയും മരണത്തിന്റെയും കഥപറയുന്ന ഈ നോവൽ, ഒരു വിശുദ്ധി കാത്തുസൂക്ഷിക്കുന്നുണ്ട്. എന്നാലത് പാരമ്പര്യ ധാരണകൾക്ക് ഒത്തുപോകുന്ന വിശുദ്ധിയല്ല സ്ത്രീത്വത്തിന് അഭിലഷണീയമെന്നും ചിന്തയിലൂടെയും ബുദ്ധിയിലൂടെയും വികസിച്ചു വന്ന വ്യക്തിത്വമാണ് സ്ത്രീയുടെ വിശുദ്ധിയെന്നും സമർത്ഥിക്കുന്നു.

## അഗ്നിസാക്ഷി

1944 കാലഘട്ടം ദേശീയസ്വാതന്ത്ര്യസമരം അതിന്റെ മൂർദ്ധന്യത്തിൽ നിൽക്കുന്ന സമയമാണ്. ഗാന്ധിയൻ സത്യാഗ്രഹങ്ങളിൽ ധാരാളം സ്ത്രീകൾ പങ്കെടുത്തു. ഗാന്ധിയൻ ചിന്തകൾ സ്ത്രീവിമോചനത്തെ എങ്ങനെ കാണുന്നു എന്നതിനെ പറ്റി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. 'സ്ത്രൈണസ്വത്വം അവളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ അവൾ കണ്ടെത്തുകയും നിർവ്വചിക്കുകയും വേണമെന്നായിരുന്നു ഗാന്ധിയൻ സമീപനം' എന്ന് മധുകിശ്വാർ എഴുതുന്നു. മലയാളത്തിലെ അഗ്നിസാക്ഷി പോലുള്ള നോവലുകൾ ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ വിശകലന വിധേയമാക്കാവുന്നതാണ്. ജാതി, പാരമ്പര്യം തുടങ്ങിയ വ്യത്യസ്ത വ്യവഹാരങ്ങളുടെ നിയന്ത്രണത്തിലായിരുന്ന കേരള സമൂഹത്തിന്റെ പരിച്ഛേദം അഗ്നിസാക്ഷിയിൽ കാണാം. ഈ നിയന്ത്രണങ്ങൾക്കകത്തെ സ്ത്രീയവസ്ഥയെ നോവലിസ്റ്റ് സൂക്ഷ്മമായി പരിശോധിക്കുന്നു.

രണ്ടുതരം സ്ത്രീലോകങ്ങൾ അഗ്നിസാക്ഷിയിൽ ഉണ്ട്. ഒന്ന്; പുരുഷാധികാരവും ജാതിശ്രേണിയും സൃഷ്ടിച്ച വിലക്കുകളുടെയും കീഴായ്മകളുടെയും ഇരകളായ ഉൻമാദിനികളുടെ ലോകം. രണ്ട്; പുരുഷാധികാരത്തെ വെല്ലുവിളിക്കുകയും ലൈംഗികമായ അവകാശബോധം സ്ഥാപിച്ചെടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ ലോകം. ആ കാലഘട്ടത്തിലെ ബ്രാഹ്മണസ്ത്രീകൾക്ക് സമൂഹം അനുവദിച്ചുകൊടുത്ത ഇടങ്ങളെ ത്യജിച്ചുകൊണ്ടാണ് ദേവകി മാനമ്പള്ളി രാഷ്ട്രീയജീവിതം ആരംഭിക്കുന്നത്. ഭർത്തൃഗൃഹ

ത്തിൽ നിന്നും ഇറങ്ങിപ്പോന്ന്, ഘോഷ ബഹിഷ്ക്കരിച്ച്, പൊതുവേദിയിൽ പ്രസംഗിച്ചു വളരുന്ന അവർ പിന്നീട് രാഷ്ട്രം എന്ന വിശാലസ്ഥലത്തേക്ക് എത്തുന്നു. എന്നാൽ അനുജത്തി തങ്കം എന്ന ലക്ഷ്മിയാകട്ടെ, വിവാഹം, കുടുംബം എന്നീ സാമൂഹിക സ്ഥാപനങ്ങൾക്ക് ഉള്ളിൽ ജീവിച്ചുകൊണ്ട്, സ്വന്തം കുടുംബത്തെ വളർത്തിക്കൊണ്ട്, ഭാര്യ എന്ന നിലയിലും അമ്മ എന്ന നിലയിലും ഭദ്രമായ ജീവിതം കെട്ടിപ്പടുക്കുന്നു. എന്നാൽ തേതിയാകട്ടെ, വിധിയോടു കലഹിച്ചു കൊണ്ട് വിവാഹത്തിന്റെ കെട്ടുപാടുകളിൽ നിന്നും പുറത്തുവരുന്നു. ഈ രണ്ടുപേരും ആധുനികസമൂഹത്തിൽ സ്ത്രീ തെരഞ്ഞെടുക്കുന്ന രണ്ടുതരം സ്വത്വങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

ലൈംഗികതയിലുള്ള സ്ത്രീയുടെ അവകാശബോധത്തെപ്പറ്റി തേതി ബോധവതി യായിരുന്നു. നിലവിലുള്ള സ്ത്രീപുരുഷബന്ധം നീതിയുക്തമല്ല എന്ന തിരിച്ചറിവും അവർക്കുണ്ടായിരുന്നു. പ്രണയത്താൽ സ്നിഗ്ദ്ധമാണെങ്കിലും ഭർത്താവിനോടുള്ള സ്നേഹം ക്രമേണ സമരോന്മുഖമാകുന്നതിന്റെ കാരണവും മറ്റൊന്നല്ല. അടിച്ചമർത്തപ്പെട്ട ലൈംഗികത സ്ത്രീയെ ചിത്തഭ്രമത്തിലേക്ക് നയിക്കും എന്നതിന് മാനമ്പള്ളി മനയ്ക്കലെ ഭ്രാന്തിയായ അമ്മായിതന്നെ തെളിവാണ്. എന്നാൽ തേതി ആ ഭ്രാന്തിലേക്ക് എത്തുംമുമ്പേ അവിടെനിന്ന് രക്ഷപ്പെടുന്നു. അവൾ വളർന്നുവന്ന വീട്ടിലെ സാഹചര്യങ്ങളും ആ തീരുമാനത്തിനു പിന്നിൽ ഉണ്ടായിരുന്നു.

സ്ത്രീകൾ രചിച്ച നോവലുകളിൽ അല്ലാതെ, നവോത്ഥാനകാലഘട്ടത്തിൽ സ്ത്രീപ്രശ്ന ങ്ങൾ ഗൗരവമായി ആവിഷ്ക്കരിച്ചു കാണുന്നില്ല.

പുരുഷമേധാവിത്വത്തിന് എതിരെയുള്ള സമരങ്ങൾ ഇന്ത്യൻ സമൂഹത്തിന്റെ ദൗർബ്ബല്യങ്ങളെ തുറന്നുകാട്ടുമെന്നും അതു കൊളോണിയൽ ശക്തികൾക്ക് എതിരെയുള്ള സമരങ്ങളെ ദുർബ്ബലപ്പെടുത്തുമെന്നുമുള്ള ആശങ്ക ഇതിന് ഒരു കാരണമായിത്തീർന്നിട്ടു ണ്ടാകാം. കൊളോണിയൽ സന്ദർഭത്തിൽ പല സാമൂഹികപരിഷ്ക്കരണ ശ്രമങ്ങളും ഫലപ്രദമാകാതെ പോയതായി സുസ്മിത സർക്കാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്

ആധുനികതയുടെ വികലവുംവികൃതവുമായ ഒരു രൂപം മാത്രമേ കൊളോണിയൽ ഭരണത്തിലൂടെ ഇന്ത്യയ്ക്കു ലഭിച്ചുള്ളു. ഇത് ഇന്ത്യൻ സ്ത്രീകളെയും പുരുഷൻമാരെയും ഒരുപോലെ ബാധിച്ചു. ലോകം ആത്മീയമെന്നും ഭൗതികമെന്നും രണ്ടായിത്തിരിഞ്ഞു. ഭൗതികമായ ലോകത്തിൽ പാശ്ചാത്യമാതൃകകളുടെ മേൽക്കോയ്മ ഇന്ത്യയിലെ വരേണ്യ ബുദ്ധിജീവിവർഗ്ഗം അംഗീകരിച്ചു. ശാസ്ത്രം, സാങ്കേതികജ്ഞാനം എന്നിവ നേടുന്നതിന് അത് ഉപകരിച്ചു. അതേസമയം സ്വകാര്യലോകത്ത് പാശ്ചാത്യമാതൃകകളെ അംഗീകരി ക്കാൻ അവർ തയ്യാറായില്ല. വരേണ്യവർഗ്ഗത്തിന്റെ ഈ സ്വകാര്യലോകത്തായിരുന്നു സ്ത്രീകളുടെ സ്ഥാനം. സ്ത്രീവിമോചന പ്രശ്നങ്ങൾ നവോത്ഥാന കാലത്ത് പൊതു മണ്ഡലത്തിൽ നിന്നും അപ്രത്യക്ഷമാകുവാനുള്ള കാരണമായി പാർത്ഥാചാറ്റർജി ചൂണ്ടി ക്കാണിക്കുന്നത് ഇതാണ്.

നവോത്ഥാനകാലഘട്ടത്തിലെ മലയാളസാഹിത്യം പരിശോധിച്ചാൽ ഇത് കുറേക്കൂടി വ്യക്തമാകും. അക്കാലത്ത് നെടുംതൂണുകളായി നിന്നിരുന്ന പുരുഷ എഴുത്തുകാർ

സ്ത്രീപ്രശ്നങ്ങളെ സജീവ പരിഗണനയ്ക്ക് വിധേയമാക്കിയിരുന്നില്ല. കൊളോണിയ ലിസം. സാമ്രാജ്യത്വം, വർഗ്ഗപ്രശ്നങ്ങൾ എന്നിവയ്ക്ക് മുഖ്യ ഊന്നൽ കൊടുത്ത ഇവർ അവിടവിടെയായി സ്ത്രീപ്രശ്നങ്ങളെ പരാമർശിക്കുക മാത്രമാണ് ചെയ്തത്. എന്നാൽ അക്കാലത്ത് തന്നെ എഴുതപ്പെട്ട പ്രേമഭാജനം എന്ന നോവൽ നിലനിന്നിരുന്ന സ്ത്രീ സങ്കല്പത്തെ പാശ്ചാത്യ ആശയങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിക്കാൻ ശ്രമിക്കുന്നുണ്ട്. മാതൃത്വം, പ്രണയം, ലൈംഗികത, കന്യകാത്വം, പാതിവ്രത്യം തുടങ്ങിയ വിഷയങ്ങളൊക്കെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുകയും പാശ്ചാത്യസ്ത്രീ മാതൃകയാണ് സ്ത്രീക ളുടെ വ്യക്തിത്വസ്ഥാപനത്തിന് കുറേക്കൂടി ഉതകുന്നത് എന്ന നിഗമനത്തിൽ എത്തുകയും ചെയ്യുന്നു.

അഗ്നിസാക്ഷിയിലെത്തുമ്പോൾ സ്വകാര്യഇടങ്ങളിലെ അസംതൃപ്തികളോട് കലഹിച്ചു കൊണ്ട് പൊതുഇടങ്ങളിലേക്ക് എത്തിപ്പെടുന്ന സ്ത്രീമാതൃകകളെ കാണാം. രാഷ്ട്രീയ ജീവിതത്തിൽ നിന്ന് പിൻവലിഞ്ഞതിനുശേഷവും ജീവിതത്തിന്റെ രാഷ്ട്രീയം ദേവകി മാനമ്പള്ളിയിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്. തങ്കവും സുമിത്രാനന്ദമയിയും തമ്മി ലുള്ള കൂടിക്കാഴ്ചയിൽ വിവരിക്കാനാകാത്ത പല സംഘർഷങ്ങളും അലയടിക്കുന്നുണ്ട്. വ്യക്തിപരമാണെന്ന് തോന്നാമെങ്കിലും കുടുംബബന്ധങ്ങളുടെ ഭൂതകാലത്തിന് രാഷ്ട്രീയ മാനമുണ്ട്. സ്വകാര്യമായതെന്തും രാഷ്ട്രീയവുമാണ് (Personal is political) എന്ന സാമാന്യ പ്രസ്താവന ഇവിടെ ബാധകമാണ്.

മേൽ സൂചിപ്പിച്ച രണ്ടു നോവലുകളും പരിശോധിക്കുമ്പോൾ, നിലനിൽക്കുന്ന സാമൂഹിക ശ്രേണീഘടനയുടെ യാഥാസ്ഥിതിക ചട്ടക്കൂടുകളെ പൊളിച്ചു പുറത്തു കടക്കുന്ന സ്ത്രീകളെ കണ്ടെത്താം. പ്രതിലോമകരമായ സദാചാരമര്യദകളെ ധൈര്യപൂർവ്വം മറികടന്നുകൊണ്ട്, ഹൃദയവും തലച്ചോറും സാമൂഹികനിലപാടുകളുമുള്ള അപരസ്ത്രീലോകങ്ങൾ നിർമ്മിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവർ ബോധവതികളായിരുന്നു എന്നും മനസിലാക്കാം. സ്വാതന്ത്ര്യബോധത്തിലധിഷ്ഠിതമായ പുതിയ സ്ത്രീവ്യക്തിത്വം രൂപപ്പെട്ടുവരുമെന്ന് ഈ രണ്ടു സ്ത്രീ നോവലിസ്റ്റുകളും പ്രത്യാശിച്ചിരുന്നതായി കാണാം. ഈ പ്രത്യാശയുടെ വളർച്ചയാണ് പിൽക്കാലത്ത് മലയാളത്തിൽ ശക്തമായി വളർന്നുവന്ന സ്ത്രീവാദ സാഹിത്യം.

## സഹായകഗ്രന്ഥങ്ങൾ


1. *ജോർജ് ഇരുമ്പയം. ഡോ, മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ, തൃശൂർ, കേരളസാഹിത്യ അക്കാദമി, 2012*
2. *ജോർജ്ഇരുമ്പയം, ആദ്യകാലമലയാള നോവൽ, കറന്റ്ബുക്സ്, കോട്ടയം.*
3. *തരകൻ കെ. എം. ആധുനികനോവൽ ദർശനം, കോട്ടയം: എസ്.പി.സി.എസ്., 1982*
4. *ലളിതാംബികഅന്തർജ്ജനം, അഗ്നിസാക്ഷി, സാഹിത്യപ്രവർത്തക സഹകരണ സംഘം, 1976*
5. *സരസ്വതിയമ്മ.കെ, കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ, ഡി.സി.ബുക്സ്, കോട്ടയം.*


---

# ഭാഷയുടെ ഫോക്‌ലോർവൽക്കരണം- അധ്വാനത്തിന്റെ നിശ്ചലതയും കൗതുകവൽക്കരണവും

**ഡോ. ബി. ആർ. സുമേഷ്**
എഴുത്തുകാരൻ
കുത്തുകുഴി വീട്, നിലമ, കുറ്റിച്ചൽ പി.ഒ.

**പ്രബന്ധസംഗ്രഹം**

ഇന്നിന്റെ വേരുകളാണ് ഫോക്‌ലോറുകൾ. എന്നാൽ കമ്പോളത്തിന്റെ സാംസ്കാരിക അധിനിവേശം കൃത്രിമമായി ഫോക്‌ലോറുകളെ സൃഷ്ടിക്കുന്നുണ്ട്. സാമ്പത്തികവും സാംസ്കാരികവുമായ അജണ്ട അതിനു പിന്നിലുണ്ട്. അത് നമ്മുടെ ഭാഷയെ, അധ്വാനത്തെ, ജീവിതത്തെതന്നെയും ഫോക്‌ലോർവൽക്കരിക്കുന്നു. ഉൽപാദനമേഖലയായ കൃഷി ഏറ്റവും കൂടുതൽ ഫോക്‌ലോർവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇവിടെ എല്ലാം നിയന്ത്രിക്കുന്ന അധീശശക്തിയായി കമ്പോളം മാറുന്നു. അത് ഭാഷാവ്യവഹാരങ്ങൾക്കുള്ളിലെ സാമൂഹ്യയാഥാർത്ഥ്യത്തെ മറച്ചുപിടിക്കുകയും യഥാർത്ഥജീവിതത്തെ, അധ്വാനത്തെ നിശ്ചലമായ വിനോദോപാധിയാക്കി പുതിയ സാമൂഹ്യക്രമം സൃഷ്ടിക്കുകയും ചെയ്യുന്നു.

***താക്കോൽവാക്കുകൾ:*** ഫോക്‌ലോർവൽക്കരണം, അധ്വാനം, കൗതുകവൽക്കരണം, പെര, സാംസ്കാരികാസ്തിത്വം, ഉൽപാദനം, വിപണി, അധീശത്വവ്യവഹാരം, മട്ടുപ്പാവ്കൃഷി

വിവിധഭാഷാ സാംസ്കാരികപരിസരങ്ങളുമായി പ്രതിപ്രവർത്തിച്ചു കൊണ്ടുണ്ടാകുന്ന സ്വാഭാവികപരിണാമം മൂലം പാർശ്വവൽക്കരിക്കപ്പെടുന്ന ഭാഷാസാംസ്കാരിക പ്രത്യയങ്ങൾ പൂർവ്വകാല ജീവിതത്തിന്റെ അടയാളവാക്യം ആകുന്നുണ്ട്. നാടോടി വിജ്ഞാനീയം എന്ന ശാഖയിലാണ് അവയെ ചേർത്തുവയ്ക്കുന്നത്. പുരാതനകാലം

മുതൽ സമകാലിക ഭാഷാസാംസ്കാരികപരിസരങ്ങളെ പഴമയിലേക്കും മറവിയിലേക്കും തള്ളിവിടുക എന്ന പ്രക്രിയയാണ് ഫോക്ലോർവൽക്കരണത്തിന്റെ (Folklorization) പ്രധാനഘടകം.

പ്രത്യക്ഷത്തിൽ ആധുനികവും പുരോഗമനപരവുമായ പരിണാമത്തിന്റെ അടയാളമാണത്. മറ്റൊരുതരത്തിൽ ജീവിതത്തിന്റെയും അധ്വാനത്തിന്റെയും കൗതുകവൽക്കരണവും ആണ്. യന്ത്രവൽകൃതമായ സാമൂഹ്യഘടനയിൽ വിപണി സ്വയം ഒരു അധീശ ശക്തിയായിത്തീരുമ്പോൾ അധ്വാനപരമായ ജീവിതമാകെത്തന്നെ ഫോക്ലോർ ആയി നാടോടിവിജ്ഞാനത്തിന്റെ ഉപാദാനമായി മാറും. ഇത് പുതിയ സാമൂഹ്യഘടനയിലെ പഴയ അടിത്തറയുടെ ശിഥിലീകരണവും വിപണിവൽകൃത സാമൂഹ്യഘടനയുടെ നിർമ്മാണവും ആണ്. ഒരു കൂട്ടായ്മ കൃഷി ഒരു തൊഴിലായി സ്വീകരിക്കുമ്പോൾ അവരുടെ സാംസ്കാരിക അസ്തിത്വം കാർഷികമായ ഭാഷാസാംസ്കാരികപരിസരങ്ങൾക്ക് അനുസൃതമായിരിക്കും. എന്നാൽ ഇവർ മറ്റൊരു തൊഴിൽ സ്വീകരിക്കുമ്പോൾ അവരുടെ ഭാഷാപ്രയോഗങ്ങൾക്കും ജീവിതശൈലിക്കും മാറ്റം സംഭവിക്കുന്നു. ഇതാണ് സാംസ്കാരിക അസ്തിത്വത്തിന്റെ പരിണാമം. ഒരിക്കൽ കാർഷികവൃത്തി ഉപജീവനമാർഗമായി സ്വീകരിച്ചുകൊണ്ട് കാർഷിക സംസ്കാരത്തിന്റെ അസ്തിത്വം പേറിയിരുന്നവർ പിന്നീട് ഉപജീവനത്തിനായി വിപണിവൽകൃത വ്യവസ്ഥയെ ആശ്രയിക്കുമ്പോൾ അവരുടെ ഭാഷയും ശൈലിയും എല്ലാം വിപണിക്ക് അനുസൃതമായി മാറുകയും അസ്തിത്വം വിപണിയെ അടിസ്ഥാനമാക്കിയുള്ളതായിത്തീരുകയും ചെയ്യും. ഇവിടെ കാർഷികാസ്തിത്വത്തിൽ നിന്ന് വിപണിയിലേക്ക് അസ്തിത്വമാറ്റം സംഭവിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ ഉപയോഗം നിത്യജീവിതത്തിൽ ആവശ്യമാണ് എന്നുള്ളത് ഒരു ഉത്പാദനപരമായ ആശയമാണ്. ഇത് ഒരു പരിധി വരെ വിപണിയുടെ അധീശത്വ വ്യവഹാരങ്ങളെ പ്രതിരോധിക്കുന്നുണ്ടുതാനും.

എന്നാൽ ഈ പ്രതിരോധപ്രവർത്തനങ്ങളെ അപ്രസക്തമാക്കി വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നിടത്ത് കാർഷികോല്പന്നങ്ങളുടെ ഫോക്ലോർ വൽക്കരണം നടക്കുന്നു. ഇങ്ങനെ സംഭവിക്കുമ്പോൾ കാർഷികോല്പന്നങ്ങളിൽ നിന്നുള്ള നിർമ്മിതികളും അതിനുവേണ്ടുന്ന വിജ്ഞാനവും അധ്വാനവും ഒരേസമയം ഫോക്ലോർ വൽക്കരിക്കപ്പെടുന്നു. പശുവിന്, പുല്ല് വെട്ടിസൂക്ഷിക്കാൻ തെങ്ങോല കൊണ്ട് നിർമ്മിച്ച വല്ലവും തറയിൽ വിരിച്ചുകിടക്കാൻ നിർമ്മിച്ചിരുന്ന പനമ്പായയും ചിരട്ടത്തവിയും എല്ലാം ഫോക്ലോർ ആയിത്തീരുമ്പോൾതന്നെ അവ നിർമ്മിക്കാൻ ആവശ്യമായ സാങ്കേതിക വിദ്യയും അധ്വാനവും ഫോക്ലോർ ആയിത്തീരുന്നു. ഇത്തരം നിർമ്മിതികളെല്ലാം നിത്യ ജീവിതസാമഗ്രികളുടെ കൂട്ടത്തിൽനിന്ന് അപ്രത്യക്ഷമാവുകയും അവയുടെ നിർമ്മാണത്തിനുള്ള വിദ്യകൾ കൗതുകമായിത്തീരുകയും ചെയ്യുന്നിടത്ത് ഫോക്ലോർവൽക്കരണത്തിന്റെ അപകടം കൂടുതൽ വ്യക്തമാകും.

ഒരുതരത്തിൽ ഇത് സ്വാഭാവികമായ പരിണാമമാണ്. അതേസമയം അതിന്റെ കർതൃത്വം കമ്പോളാധീശ ശക്തികളിൽ എത്തിച്ചേരുന്നു എന്നത് ഒരു സാമൂഹ്യദുരന്തമായി മാറുന്നു. വല്ലം, ചിരട്ടത്തവി, പനമ്പായ മുതലായവയുടെ ഉൽപാദനവും വിപണനവും അടിസ്ഥാന

വർഗ്ഗജനതയുടെ അധീനത്തിൽ ആയിരിക്കുമ്പോൾ അതിനു പകരം വരുന്ന പ്ലാസ്റ്റിക് കുട്ടകൾ. സ്റ്റീൽതവികൾ എന്നിവയുടെ നിർമ്മാണ/വിപണന അധീശത്വം തുടക്കത്തിൽ ചെറുകിട മുതലാളിമാരിലും പിന്നീട് ആഗോള കോർപ്പറേറ്റുകളിലും എത്തിച്ചേരുന്നു. ചില്ലറ വ്യാപാരത്തിലേക്ക് ആമസോൺ പോലുള്ള വൻകച്ചവടക്കാർ എത്തുമ്പോൾ അടിസ്ഥാനവർഗ്ഗത്തിൽ നിന്നുള്ള ചെറുകിട ഉത്പാദകർ കൂലിത്തൊഴിലാളികൾ ആയി മാറുകയും ഉൽപാദനത്തിന്റെ അസംസ്കൃത വസ്തുവും ഉപകരണങ്ങളും രീതികളും ഒക്കെ വൻകിട ഉൽപാദനത്തിനനുസരിച്ച് പരുവപ്പെടുകയും ചെയ്യുന്നു. അപ്പോൾ ചെറുകിട ഉത്പാദകരുടെ പരമ്പരാഗത നിർമ്മാണങ്ങൾ ഫോക്‌ലോർ ആയിത്തീരുന്നു. ഇത്തരത്തിൽ ഫോക്‌ലോർവൽക്കരണം ഉൽപാദനപ്രക്രിയയിൽ വന്നുചേർന്ന ദുരന്തത്തിന്റെ അടയാളമായിത്തീരുന്നു.

വല്ലം, ഉറി, മത്ത്, തുടുപ്പ്, തുറപ്പ, ഉരൽ, ഉലക്ക, ആട്ടുകല്ല്, കടവം, തിരുപ്പാണി മുതലായ ഭാഷാപദങ്ങൾ ഒരിക്കൽ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. ഈ ഉപകരണങ്ങൾ ഉപയോഗത്തിൽ നിന്ന് മാഞ്ഞതോടെ ഇത്തരം പദങ്ങളും അപ്രത്യക്ഷമായി. അങ്ങനെ ഈ നിത്യജീവിതോപകരണങ്ങളും അവയെ സൂചിപ്പിക്കുന്ന പദങ്ങളും ഫോക്‌ലോർ വൽക്കരിക്കപ്പെടുന്നു. ഇതിനു സമാന്തരമായി ജീവിതം ഉപഭോഗ മാത്രാധിഷ്ഠിതമായി വിപണിവൽക്കരിക്കപ്പെടുന്നു എന്നത് യാഥാർത്ഥ്യമാണ്.

## അധ്വാനത്തിന്റെ നിശ്ചലതയും കൗതുകവൽക്കരണവും

അധ്വാനത്തെ നിശ്ചലതയാക്കി പരിവർത്തിപ്പിച്ച് കൗതുകവൽക്കരിക്കുന്നത് എന്നത്തെയും അധീശവ്യവസ്ഥയുടെ കൗശലമാണ്. ജന്മിത്തകാലഘട്ടം മുതൽ ഇത്തരം കൗശലങ്ങൾ നിലനിന്നിരുന്നതായി കാണാം. അധ്വാനത്തെ ജാതിവൽക്കരിച്ച് നിശ്ചലവും അധ:കൃതവും ആക്കുന്ന പ്രക്രിയ അവിടെയുണ്ട്. നിശ്ചലതയുടെ അഥവാ സുസ്ഥിരതയുടെ സാമൂഹ്യ സാഹചര്യത്തിൽ ജീവിതത്തെപ്പോലെ ഭാഷയും വികാസപരിണാമങ്ങൾക്ക് പിടികൊടുക്കുന്നില്ല. അങ്ങനെ ഒരു അവസ്ഥ വിപണിയാൽ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നതാണ്. ഈ കൃത്രിമത്വത്തിൽ പ്രകൃതിയുടെയും ജീവിതത്തിന്റെയും അധ്വാനത്തിന്റെയും ചലനാത്മകത മറച്ചുവയ്ക്കപ്പെടുന്നു. ഏറെക്കാലം ഒളിച്ചുവയ്ക്കുന്ന വിത്തിന് മുളയ്ക്കൽ ശക്തി(Germination Power) നഷ്ടപ്പെടും എന്ന യാഥാർത്ഥ്യം നമുക്ക് മുന്നിലുണ്ട്. മുളയ്ക്കുന്ന വിത്ത്പോലെ പ്രകൃതിയും അധ്വാനവും ജീവിതവും ഭാഷയും ചലനാത്മകമായിതന്നെ യഥാർത്ഥത്തിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ അത് വിപണിവൽക്കരണത്തിന്റെ മായാമറയാൽ മറയ്ക്കപ്പെടുന്നു.

അങ്ങനെ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടാത്ത ഭാഷ ഫോക്‌ലോർ ആയിത്തീരുകയും അത്തരം ഭാഷ രൂപപ്പെട്ട സാമൂഹ്യപരിസരം മാറ്റത്തിന് വിധേയമായിത്തീരുകയും ചെയ്യുമ്പോൾ പുതിയ ഭാഷയും സാമൂഹ്യപരിസരവും ഉരുത്തിരിഞ്ഞുവരും. അത് നിലവിലുള്ള അധീശവ്യവസ്ഥയ്ക്ക് അനുപൂരകം ആയിരിക്കുകയും ചെയ്യും. വനത്തിനുള്ളിൽ ജീവിക്കുന്ന ഗോത്രവർഗ്ഗം, ഗ്രാമങ്ങളിൽ ജീവിക്കുന്ന കർഷകജനത, നഗരത്തിൽ ജീവിക്കുന്ന വ്യാപാരിവ്യവസായി സമൂഹം എന്നിവ ചേർന്ന സാമൂഹിക ചുറ്റുപാടാണ്

കേരളത്തിൽ. ജാതീയമായ കൂട്ടായ്മകൾ മാത്രമല്ല ഈ സാമൂഹികാന്തരീക്ഷത്തിന്റെ അടിത്തറ. ഒരേജാതിയിൽ പെട്ടവർ കൂട്ടംകൂട്ടമായി താമസിച്ചിരുന്നു എന്നുള്ളതിന് തെളിവായി ജാതിപ്പേരോടു കൂടിയ സ്ഥലനാമങ്ങൾ ഇന്നുമുണ്ടെങ്കിലും തൊഴിൽ പരമായവയും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുമുള്ള സ്ഥലനാമങ്ങളും കാണാം. ഇത്തരം ഭാഷാരൂപങ്ങൾ വെളിച്ചം വീശുന്നത് മനുഷ്യരെ തൊഴിൽപരമായ കർതൃത്വത്തിൽ നോക്കിക്കണ്ടിരുന്ന സാമൂഹികാന്തരീക്ഷത്തിലേയ്ക്കാണ്. പല ജാതിയും രൂപപ്പെട്ടത് അവരുടെ തൊഴിലുമായി ബന്ധപ്പെട്ടാണ്. കൊത്തൻ, കൊല്ലൻ, ആശാരി എന്നിവ യഥാക്രമം കൊത്തപ്പണി, കൊല്ലപ്പണി, ആശാരിപ്പണി എന്നീ തൊഴിൽ വൈദഗ്ധ്യത്തിൽ നിന്ന് രൂപംകൊണ്ടതാണെന്ന് കാണാം. സാമ്പത്തികമായി രണ്ടു ധ്രുവങ്ങളിൽ നിൽക്കുകയും ജാതീയമായി വിവിധ സ്ഥലങ്ങളിൽ ജീവിക്കുകയും ചെയ്യുന്ന ജനസമൂഹത്തിൽ വ്യാപരിക്കുന്ന ഭാഷാരൂപങ്ങളാണ് ഇവ. വ്യക്തിനാമം മുതൽ സ്ഥലനാമം വരെയുള്ള ഭാഷാപ്രയോഗങ്ങളിൽ ഉച്ചനീചത്വത്തിന്റെ വേർതിരിവ് കണ്ടെത്താനാവും. ജാതീയവും സാമ്പത്തികവും തൊഴിൽപരവുമായ വർഗ്ഗീകരണം വെളിപ്പെടുത്തുന്ന ഭാഷാരൂപങ്ങൾ ഇക്കൂട്ടത്തിൽ ഉണ്ട്. കൊല്ലങ്കാവ് എന്ന സ്ഥലനാമം കൊല്ലന്മാരുടെ വാസസ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത് എന്നിരിക്കെ ആലമുക്ക്, ആലനട, ആലത്തൂർ എന്നീ സ്ഥലനാമങ്ങൾ കൊല്ലന്റെ ജോലിസ്ഥലവുമായി ബന്ധപ്പെട്ട പദങ്ങളാണ്. കൊല്ലന്റെ പണിസ്ഥലമാണ് ആല. ഇവിടെയാണ് ഇരുമ്പായുധങ്ങളുടെ നിർമ്മാണവും മറ്റും നടക്കുന്നത്. എന്നാൽ ഇതിലെ അധ്വാനം അധ:കൃതവൽക്കരിക്കപ്പെടുകയും ജന്മിത്ത/മേലാള ഉപഭോഗം മഹത്വവൽക്കരിക്കപ്പെടുകയും ഇവ ജാതിസൂചകമായ പദങ്ങളായി അടയാളപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സാമൂഹികപരിസരത്തിലാണ് കീഴാളരെ അഭിസംബോധന ചെയ്യുന്നതിനും മേലാളരെ അഭിസംബോധന ചെയ്യുന്നതിനും പ്രത്യേക ഭാഷാരൂപങ്ങൾ ഉണ്ടാകുന്നത്. കീഴാളന്റെ വാസസ്ഥാനത്തെ കുറിക്കാൻ കുടി, പെര എന്നീ പദങ്ങളും മേലാളന്റെ വാസസ്ഥാനത്തെക്കുറിക്കാൻ വീട്, ഇല്ലം തുടങ്ങിയ പദങ്ങളും ഉണ്ടായിവരുന്നു. ജാതിപരവും സാമ്പത്തികവുമായ നിലകളെ ഇത്തരം ഭാഷാപദങ്ങൾ വെളിപ്പെടുത്തുന്നു. ഭാഷ ഒരേസമയം ഭൂതകാലത്തിന്റെ ഉൽപ്പന്നവും വർത്തമാനകാലത്തിന്റെ വ്യവസ്ഥയുമാണ്. 'പെര' എന്ന പദത്തിന് പിന്നീട് 'പന്തൽ' എന്ന അർത്ഥം വന്നുചേരുന്നുണ്ട്. വീട് എന്ന ഒന്നിനെ സങ്കൽപ്പിക്കാൻ പോലും കഴിവില്ലാത്ത ജനതയുള്ള സാമൂഹികപരിസരത്തിലാണ് പെര (പുര അല്ല) എന്ന വാക്കിന്റെ ഉല്പത്തി. പാർപ്പിടത്തെ 'പെര' എന്ന് വിളിച്ച ജനതയ്ക്ക് മുന്നിൽ 'വീട്' എന്ന പദം വരേണ്യസ്വഭാവമുള്ളതായിത്തീരുന്നു. കിടപ്പുമുറികളും അടുക്കളയും വരാന്തയും തട്ടിൻപുറവും ഒക്കെ ഉള്ള ഒന്നായി വീട് അതിശയിച്ചു നിൽക്കുന്നത്, ഓലയും മരക്കമ്പും കുത്തിച്ചാരി ഒരുക്കിയെടുത്ത പെര നിലനിൽക്കുന്നത് കൊണ്ടാണ്. ഇവിടെ വീട് അതിശയോക്തിയും പെര ന്യൂനോക്തിയും ആണ്. ഇവിടെ വീട് ഉച്ചഭാഷയും പെര നീചഭാഷയും ആണ്. സാമ്പത്തികബന്ധങ്ങളുടെ വ്യത്യസ്തതയെ ഈ ഭാഷാപദങ്ങൾ വ്യക്തമാക്കുന്നു. പെര (പാർപ്പിടം) ഇല്ലാതായിത്തീരുകയും വീട് എന്ന ഭാഷാപദം വ്യവഹരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ താൽക്കാലികമായി കെട്ടിയെടുക്കുന്ന പന്തൽ എന്ന അർത്ഥത്തിലേക്ക് പെര സംക്രമിക്കുന്നു. അതായത് പെരയ്ക്കു പാർപ്പിടം എന്ന അർത്ഥം നഷ്ടമാവുകയും പന്തൽ എന്നർത്ഥം നിലനിൽക്കുകയും പാർപ്പിടം എന്ന

അർത്ഥം വീട് എന്ന പദത്തിൽ ഉറയ്ക്കുകയും ചെയ്യുന്നു. അപ്പോൾ ഓലപ്പെര, ചെറ്റപ്പെര മുതലായ പദങ്ങൾ ഫോക്‌ലോർ ആയിത്തീരുന്നു.

*മുക്കുവൻ - മുങ്ങാൻ വൈദഗ്ധ്യമുള്ള ആൾ*
*തട്ടാൻ - സ്വർണ്ണം തട്ടി പണിയെടുക്കുന്നവൻ*
*പാണൻ - പാട്ടുപാടുന്നതിൽ സമർത്ഥൻ*
*ഓടൻ - കളിമണ്ണുകൊണ്ട് ഓട് നിർമ്മിക്കുന്നവൻ*
*കൊല്ലൻ - ഇരുമ്പായുധങ്ങൾ നിർമ്മിക്കുന്നവൻ*

ഇത്തരം അധ്വാനസൂചക പദങ്ങൾ ജാതിസൂചകപദങ്ങളായി പരിണമിച്ചത് 'കേരളത്തിലെ ജന്മിത്ത/ബ്രാഹ്മണ അധീശത്വവ്യവസ്ഥയുടെ ഉപോൽപ്പന്നങ്ങൾ ആയാണ്. ജാതിസൂചകമായി മാറിയ ഇത്തരം വാക്കുകൾ ഫോക്‌ലോർ പഠനത്തിന്റെ ഇഷ്ടവിഭവങ്ങളായി മാറുന്നുണ്ട്. അതായത് ഫോക്‌ലോർവൽക്കരണത്തിന്റെയുള്ളിൽ അധ്വാനത്തെ ചോർത്തിക്കളഞ്ഞ് കൗതുകവൽക്കരിക്കുന്ന മനുഷ്യവിരുദ്ധ പ്രക്രിയയുണ്ട് എന്നർത്ഥം. മുതലാളിത്ത കാലഘട്ടത്തിൽ അത് മറ്റൊരു തരത്തിൽ പ്രവർത്തിക്കുന്നു. സമൂഹത്തിന്റെ ജീവസന്ധാരണത്തിന് അനിവാര്യവും ശക്തമായ തൊഴിൽമേഖല നിലനിൽക്കുന്നതുമായ കാർഷിക വൃത്തി മട്ടുപ്പാവ് കൃഷിയായി കൗതുകവൽക്കരിക്കപ്പെടുന്നു. ഈ സാഹചര്യത്തിലാണ് കാർഷികവൃത്തി ഒരു കൗതുകമായി മാറി കൃഷിയിടങ്ങളിൽ നിന്ന് മട്ടുപ്പാവുകളിലേക്ക് ഇടംനേടുന്നത്.

യഥാർത്ഥത്തിൽ ഫോക്‌ലോർവൽക്കരണം യഥാർത്ഥജീവിതത്തെയും അധ്വാനത്തെയും ചരിത്രത്തെതന്നെയും കൗതുകം ആക്കിമാറ്റുന്നു. ഈ കൗതുകമാണ് മട്ടുപ്പാവിലെ കൃഷിപോലെ വിനോദോപാധിയായി മാറുന്നത്. മട്ടുപ്പാവിൽ പച്ചക്കറി വിളയിക്കുന്നവരെ കർഷകർ എന്ന് വിളിക്കാത്തത് അതുകൊണ്ടാണ്. മട്ടുപ്പാവ്കൃഷി, ജൈവകൃഷി എന്നിവ മധ്യവർഗ്ഗത്തിന്റെയും വലിയ സിനിമാതാരങ്ങളുടെയും ആദർശമായി ഫോക്‌ലോർവൽക്കരിക്കപ്പെടുമ്പോൾ കാർഷികമേഖല തകർന്നടിയുന്നതിന്റെ യാഥാർത്ഥ്യം മറച്ചുവയ്ക്കപ്പെടുന്നു. ഇങ്ങനെ ഭാഷാവ്യവഹാരങ്ങൾക്കുള്ളിലെ സാമൂഹികയാഥാർത്ഥ്യം അദൃശ്യമായിത്തീരുകയും (കൃഷി), അതിനുപിന്നിലെ അധ്വാനം ഒഴിവുസമയത്തെ വിനോദോപാധിയായി നിശ്ചലമാക്കപ്പെടുകയും (മട്ടുപ്പാവ്കൃഷി, ജൈവകൃഷി) കൗതുകവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. അതുപോലെ ചെറ്റപ്പുരകളിലെ ദുരിതജീവിതം ടൂറിസ്റ്റ് ഗ്രാമത്തിലെ കൗതുകക്കാഴ്ചയായി മാറുന്നു. ഭാഷയും ജീവിതവും നേരിടുന്ന അടിസ്ഥാനപരമായ പ്രതിസന്ധിയും ദുരന്തവും ആണിത്.

## സഹായകഗ്രന്ഥങ്ങൾ

1. *അച്യുതൻ. ടി.കെ., ഭാഷാകേളി, ഡി.സി.ബുക്സ്,2003*
2. *അജിത്കുമാർ. എൻ., വരമൊഴിയുടെ സൗന്ദര്യശാസ്ത്രം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,*
3. *പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം*
4. *ശശി, ഉത്തരംകോട്, നെടുമങ്ങാടിന്റെ അകവും പുറവും,*
5. *Pride J.P., Holmes J., (Ed.), Sociolinguistics, Penguin,1972*

# നാട് നഷ്ടപ്പെട്ടവരുടെ ദീർഘനിശ്വാസങ്ങൾ

**ഡോ. ബിൻസി. സി. ജെ**
മലയാളവിഭാഗം, ന്യൂമാൻ കോളേജ്, തൊടുപുഴ

**പ്രബന്ധസംഗ്രഹം**

ജനിച്ചുവളർന്ന സാഹചര്യത്തിൽ നിന്നും പലവിധ കാരണങ്ങളാൽ മറ്റൊരു സ്ഥലത്തേയ്ക്ക് പറിച്ചു നടപ്പെടേണ്ടി വരുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം. പ്രവാസം മനുഷ്യചരിത്രത്തിന്റെ ഭാഗമായതിനാൽതന്നെ അതിനു പലഘട്ടങ്ങളുണ്ട്. ഗ്രാമങ്ങളിൽനിന്ന് തൊഴിലന്വേഷിച്ച് നഗരങ്ങളിലേക്കു കുടിയേറിയ തൊഴിൽ പ്രവാസിയുടെ സംഘർഷങ്ങളാണ് കെ.വി.പ്രവീണിന്റെ 'ജാക്ക്പോട്ട്'എന്ന കഥയിൽ ചർച്ചചെയ്യുന്നത്. ആൾക്കൂട്ടത്തിനിടയിലെ ഏകാന്തതയും നിലനിൽപ്പിനുവേണ്ടിയുള്ള നിലവിളിയും ഈ കഥയിൽ കാണാം.

***താക്കോൽ വാക്കുകൾ:*** പ്രവാസം, നഗരവൽക്കരണം, സ്വത്വം, അതിജീവനം, സംഘർഷം

സമൂഹ മനസ്സാക്ഷിയെ ഒരേസമയം അതിശയപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്യുന്ന പ്രതിഭാസമാണ് പ്രവാസം. ഓരോ രാജ്യത്തെയും ജനങ്ങളെ പ്രവാസത്തിനായി പ്രേരിപ്പിക്കുന്ന കാരണങ്ങൾ വ്യത്യസ്തമാകാം. ചരിത്രപരമായി പരിശോധിക്കുമ്പോൾ പലപ്പോഴും രാഷ്ട്രീയമോ, ഭരണപരമോ ആയ അതിർവരമ്പിലൂടെയാണ് പ്രവാസം സംഭവിക്കുന്നത് എന്ന് കാണാം. താൽക്കാലികമോ ശാശ്വതമോ ആയ പ്രവാസം സ്വമേധയായോ അല്ലെങ്കിൽ നിർബന്ധിതമായോ സംഭവിക്കാം. ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമായി കരുതപ്പെടുന്ന ബൈബിളിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ അബ്രഹത്തിന്റെ കാലം മുതൽ പ്രവാസം കാണാം. അത് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രവാസം ആയിരുന്നു. ഗോത്രസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോഴും പ്രവാസം അല്ലെങ്കിൽ കുടിയേറ്റം ചരിത്രത്തിന്റെ ഭാഗമായി സംഭവിക്കുന്ന ഒരു പ്രതിഭാസമാണെന്നു കാണാം. ചുരുക്കത്തിൽ മനുഷ്യചരിത്രത്തിന്റെ തന്നെ ഭാഗമാണ് പ്രവാസം എന്നു സ്പഷ്ടമാണ്. പ്രവാസം എന്ന വാക്കിനു സമാനമായി പ്രയോഗിക്കുന്ന

കുടിയേറ്റം, പലായനം എന്നീ വാക്കുകൾ ഈ ജീവിതാവസ്ഥയുടെ സങ്കീർണ്ണതകൂടി വ്യക്തമാക്കുന്നുണ്ട്. കുടിയേറ്റത്തിൽ തിരിച്ചുവരവിനുള്ള സാധ്യത കുറവാണ്. പലായനം ഓടിപ്പോക്കായതിനാൽ തിരിച്ചുവരവിനുള്ള സാധ്യത കൂടുതലാണ്. മനുഷ്യചരിത്ര ത്തോളം തന്നെ പഴക്കമുള്ള കുടിയേറ്റം അല്ലെങ്കിൽ പ്രവാസം ഇന്ന് ഭയാനകമായ രീതിയിൽ വളരുന്നുണ്ട് എന്നതാണ് വാസ്തവം.

ഒരു വ്യക്തിയെയോ, സമൂഹത്തെയോ പ്രവാസത്തിനു പ്രേരിപ്പിക്കാൻ വിഭിന്നങ്ങളായ കാരണങ്ങൾ ഉണ്ടാകാം. ഇവയിൽ ചിലത് നിർബന്ധിതമാകാം മറ്റു ചിലത് തിരഞ്ഞെടുപ്പു കളാകാം. യുദ്ധം, കലാപം, അരക്ഷിതാവസ്ഥ, മനുഷ്യാവകാശലംഘനം, കാലാവസ്ഥ യുടെ പ്രാതികൂല്യങ്ങൾ വരുത്തിവയ്ക്കുന്ന വിനകൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവ യാണ് നിർബന്ധിത കാരണങ്ങൾ. സ്വാതന്ത്ര്യത്തോടെയുള്ള ജീവിതം, പുതിയ അവസരങ്ങൾ, ജോലി സാധ്യതകൾ, കുടുംബഭദ്രത തുടങ്ങിയവയാണ് തിരഞ്ഞെടു ക്കാനുള്ള കാരണങ്ങൾ. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ പ്രവാസത്തിന് വ്യത്യസ്ത പരിപ്രേക്ഷ്യങ്ങൾ ഉള്ളതായി കാണാം. ഇന്ത്യയിൽനിന്ന് വിശേഷിച്ച് കേരളത്തിൽ നിന്നുള്ള പ്രവാസത്തിന്റെ കാരണങ്ങൾ വിശദമായി അപഗ്രഥിക്കപ്പെടേണ്ടതും വിലയിരുത്തപ്പെടേണ്ടതുമാണ്. മലയാളിയെ പ്രവാസത്തിനു പ്രേരിപ്പിക്കുന്ന മുഖ്യഘടകം കൂടുതൽ മെച്ചപ്പെട്ട ഇടത്തിനുവേണ്ടിയുള്ള അന്വേഷണമാണ്. ആ ഇടം ജോലിക്കോ, പഠനത്തിനോ, ജീവിതസൗകര്യത്തിനോ, അഭിമാനസംരക്ഷണത്തിനോ, സുരക്ഷിതത്വ ത്തിനോ ആകാം.

ഗോത്രസംസ്കാരം തൊട്ടുള്ള മനുഷ്യചരിത്രം പരിശോധിക്കുമ്പോൾ ചരിത്രത്തിന്റെ ഭാഗമായി സംഭവിക്കുന്ന ഒരു പ്രതിഭാസമായി പ്രവാസത്തെ കാണാം. (അത് ഒരു പരിധിവരെ നിർബന്ധിതവും ആയിരുന്നു.) കൂടുതൽ മെച്ചപ്പെട്ട ഇടം ലക്ഷ്യമാക്കിക്കൊണ്ടോ, മെച്ചപ്പെട്ട ജീവിതാവസ്ഥ സ്വപ്നം കണ്ടുകൊണ്ടോ ആണ് പ്രവാസികളിലധികവും യാത്ര ആരംഭിക്കുന്നത്. ഇതിഹാസങ്ങളിലും മതഗ്രന്ഥങ്ങളിലും കാണുന്ന പ്രവാസവും ഇതിന് സമാനമാണ്. പ്രവാസത്തെക്കുറിച്ച് നടത്തുന്ന പഠനങ്ങളെ ഡയസ്പോറിക് സ്റ്റഡീസ് എന്ന് പൊതുവേ പറയുന്നു. മലയാളത്തിൽ ഇത് പ്രവാസ സാഹിത്യം എന്നറിയപ്പെടുന്നു. പ്രവാസം എന്ന വാക്കിന് നിഘണ്ടുക്കൾ വ്യത്യസ്ത അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത്. “വീടുവിട്ടുള്ളപാർപ്പ്, തൽക്കാലവിരഹം, സ്വയമേവ വിദേശത്തുപോയി പാർക്കൽ”[1] തുടങ്ങിയ അർത്ഥങ്ങളാണ് ശബ്ദതാരാവലി പ്രവാസത്തിനു നൽകുന്നത്. തൊഴിൽ അന്വേഷിച്ച് സ്വയമേവ വിദേശത്തുപോയി പാർക്കൽ (മലയാളിയുടെ) എന്ന അർത്ഥമാണ് ഈ പഠനത്തിനു സ്വീകരിച്ചിരിക്കുന്നത്. സാഹിത്യപരമായി വിലയിരുത്തിയാൽ പ്രവാസത്തിന് പലഘട്ടങ്ങൾ ഉള്ളതായി കാണാം. അതിൽത്തന്നെ ദേശാന്തരപ്രവാസവും ആഭ്യന്തരപ്രവാസവും ഉണ്ട്.

വ്യവസായവൽക്കരണത്തിന്റെ ഫലമായി സംഭവിച്ച നഗരവൽക്കരണം നവീന തൊഴിൽ മേഖലകൾ സൃഷ്ടിക്കുകയും ഗ്രാമങ്ങളിലുള്ള തൊഴിലന്വേഷകർ നഗരങ്ങളിലെത്തുന്ന അവസ്ഥ സംജാതമാകുകയും ചെയ്തു. ഈ തൊഴിലന്വേഷണ പ്രവാസത്തിന്റെ പുതിയ ഘട്ടമെന്ന് വിവരസാങ്കേതികരംഗത്തെ പ്രവാസത്തെ വിശേഷിപ്പിക്കാം. സാമ്പത്തീകോന്ന

മനം പ്രവാസത്തിന്റെ മുഖ്യലക്ഷ്യമായിരിക്കേതന്നെ പ്രവാസത്തിന്റെ ദുരിതങ്ങളും ഒരനിവാര്യതപോലെ അവശേഷിക്കുന്നു.

ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ പ്രമുഖനായ കെ.വി.പ്രവീണിന്റെ 'ഓർമ്മച്ചിപ്പ്' എന്ന കഥാസമാഹാരത്തിലെ 'ജാക്ക്പോട്ട്' എന്ന കഥയാണ് പഠനവിധേയമാക്കുന്നത്. ആഖ്യാതാവും സുഹൃത്തായ ക്രിസ്ധരണിയായി മാറിയ, കൃഷ്ണദാസുമാണ് കഥയിലെ പ്രധാനകഥാപാത്രങ്ങൾ. ഒരേ പ്രോജക്റ്റിൽ ജോലിചെയ്യാനായി അമേരിക്കയിൽ എത്തിയതാണ് ഇരുവരും. ആഖ്യാതാവ് ആറുവർഷമായി ലാബ് ടെക് ആയി ജോലി ചെയ്തിട്ട് ഏഴാം വർഷം അസിസ്റ്റന്റ് ലാബ് ടെക്കായി തരംതാഴ്ത്തപ്പെട്ടു. ക്രിസ് നറുക്കെടുപ്പിലൂടെയും ചൂതാട്ടത്തിലൂടെയും വിജയങ്ങൾ കരസ്ഥമാക്കി. ഗ്രീൻകാർഡും ഒരേസമയം നാലുകമ്പനികളിൽ ജോലിയും സ്വന്തമാക്കി. ആഖ്യാതാവാകട്ടെ തൊഴിലിടത്തെ സമ്മർദ്ദങ്ങളാൽ ഒരു പ്രഷർകുക്കർപോലെ പുകഞ്ഞ് പൊട്ടിത്തെറിക്കുമെന്ന അവസ്ഥയിലും. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നമട്ടിൽ ക്രിസ് വേറൊരാളായപ്പോഴും "Eliminate With Love" എന്ന സോഫ്റ്റ്‌വെയറിൽ തന്റെ ഭാവിയെക്കുറിച്ച് എന്താണ് തെളിയുന്നതെന്നറിയാൻ വലിഞ്ഞുമുറുകിയ മുഖത്തോടെ നിൽക്കുകയാണ് ആഖ്യാതാവ്. ആരുടെ മുമ്പിലും തോറ്റുകൊടുക്കാതെ കള്ളക്കളികൾ നടത്തിയ ക്രിസ് അവസാനം വലിയ അപകടങ്ങളിൽ ചെന്ന്ചാടി. കഥയുടെ അവസാനഭാഗത്ത് ക്രിസ്ധരണിക്കു സംഭവിച്ച അത്യാഹിതത്തിനും തനിയ്ക്കു ലഭിച്ച ജോലിസ്ഥിരതയ്ക്കുമിടയിൽ പരിസരബോധമില്ലാതെ നിൽക്കുന്ന ആഖ്യാതാവിനെയാണ് കാണുന്നത്. വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പ്രവാസജീവിതക്കാർ തൊഴിൽമേഖലയിൽ അനുഭവിക്കുന്ന സംഘർഷങ്ങൾ വികാരതീവ്രതയോടെ ആവിഷ്ക്കരിക്കാൻ ഈ കഥയ്ക്കു കഴിയുന്നുണ്ട്.

"പഴയ മറുനാടൻ മലയാളിയിൽനിന്നും അക്കരെയക്കരെപ്പോയ വെറും തൊഴിലാളിയിൽനിന്നും വ്യത്യസ്തനായ ഒരു തൊഴിൽപ്രവാസി; വിദഗ്ധത്തൊഴിലാളി. വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടുണ്ടായ ആ വിദഗ്ധതൊഴിലാളി/പുതുപ്രവാസി മലയാളിയുടെ അനുഭവലോകമാണ് 'ഓർമ്മച്ചിപ്പിൽ' പ്രവീൺ ആവിഷ്ക്കരിക്കുന്നതെന്ന്"[2] അവതാരികയിൽ പി.കെ.രാജശേഖരൻ സൂചിപ്പിച്ചിട്ടുണ്ട്. തൊഴിൽപ്രവാസിയുടെ ചരിത്രം മലയാളസാഹിത്യത്തിന്റെ ആരംഭം മുതലുള്ളതാണെങ്കിലും തികച്ചും വ്യത്യസ്തമായ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ആഖ്യാനമാണ് കഥാകൃത്ത് സ്വീകരിച്ചിരിക്കുന്നത്. "കമ്പ്യൂട്ടർ അധിഷ്ഠിത വിവരസാങ്കേതികവിദ്യയിൽ വിദഗ്ധരായ അനേകംപേർ പുത്തൻ സാമ്പത്തികക്രമത്തിന്റെയും വ്യാപാര വാണിജ്യ തൊഴിൽക്രമത്തിന്റെയും ഭാഗമായി സമീപഭൂതകാല ദശകങ്ങൾതൊട്ട് കേരളത്തിൽനിന്ന് പാശ്ചാത്യ (മുഖ്യമായും ഇംഗ്ലീഷധിഷ്ഠിത ഭാഷാവിനിമയത്തിന്റെ)ലോകത്തേയ്ക്കു കടന്നുപോയിട്ടുണ്ട്. പഴയ തൊഴിൽപ്രവാസത്തിൽനിന്നു വ്യത്യസ്ത/ഭിന്നമായ പ്രവാസപ്രകൃതിയാണ് ആ വിദഗ്ധതൊഴിലാളി വിഭാഗത്തിന്റേത്. പഴയ വർഗ്ഗസങ്കല്പങ്ങളിലും സാഹിത്യാവിഷ്ക്കാരങ്ങളിലും പ്രത്യക്ഷപ്പെട്ട തൊഴിലാളിയെയും പ്രവാസാനുഭവത്തെയും മുൻനിർത്തി സാമാന്യവത്ക്കരിക്കാനാവാത്ത വിശ്ലഥമലയാളിയാണ് ഈ നവപ്രവാസി"[3] എന്നും പി.കെ.രാജശേഖരൻ പറയുന്നുണ്ട്. പ്രവാസം ഒരുവനെ മാനസികവൈകാരിക സംഘർഷത്തി

ലേയ്ക്കും, സ്വത്വപ്രതിസന്ധിയിലേയ്ക്കും നയിക്കുന്നു. ഇതിന് ഏതാണ്ട് സമാന സ്വഭാവമാണുള്ളത്. ജാക്ക്പോട്ടിലെ കഥാനായകനും (ആഖ്യാതാവും) അതിജീവനത്തിന്റെ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

വിദേശരാജ്യങ്ങളിലുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധികൾ തൊഴിലാളികളായ പ്രവാസികളുടെ ജിവിതം അരക്ഷിതമാക്കാറുണ്ട്. ചിലപ്പോൾ പിരിച്ചുവിട്ടെന്നു വരാം. മറ്റുചിലപ്പോൾ അവശ്യ ആനുകൂല്യങ്ങൾ പോലും നിഷേധിക്കപ്പെട്ടെന്നു വരാം. നിലനിൽപ്പിനുതന്നെ ഭീഷണിയായേക്കാവുന്ന ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കുക എളുപ്പമല്ല. "എണ്ണവില മൂക്കുകുത്തിയതിന്റെ വില കൊടുക്കുന്നത് പക്ഷേ, ജീവനക്കാരാണ്. പതിനായിരങ്ങളെയാണ് ഓരോ ആഴ്ചയിലും പിരിച്ചുവിടുന്നത്. കഴിഞ്ഞ ആറുമാസമായി മെഡിക്കൽ ഇൻഷുറൻസ് ഇല്ലാതെയാണ് ജീവിക്കുന്നത് എന്നുപറഞ്ഞാൽ കാര്യങ്ങളുടെ കിടപ്പു മനസ്സിലാകുമല്ലോ."[4] കിട്ടിയ ജോലിയിൽ എങ്ങനെയെങ്കിലും ഒതുങ്ങികൂടി കഴിയാമെന്നുവിചാരിച്ചാൽ തൊഴിൽനൈപുണ്യം കുറഞ്ഞവനെന്ന് മുദ്രകുത്തപ്പെടും. "ഈ പ്രതികൂലസാഹചര്യത്തിൽ, മറ്റൊരിടത്ത് ജോലിനേടാനുള്ളകഴിവും എനിക്കില്ല. പത്തുവർഷം മുൻപ് കൈവശമുണ്ടായിരുന്ന സാങ്കേതികവിദ്യകളിൽ നിന്ന് അല്പംപോലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നതാണ് വാസ്തവം. അതുകൊണ്ടു തന്നെ കമ്പനിയുടെ പുരോഗതി പിന്നോട്ടുവലിക്കുന്ന പുരാവസ്തുവാണ് എന്നാണ് എന്നെക്കുറിച്ചുള്ള സംസാരം.''[5] സ്വന്തം നാട്ടിലേയ്ക്കു വെറുംകൈയ്യോടെ തിരിച്ചുചെല്ലുന്നതിലുള്ള അപമാനവും എങ്ങനെയെങ്കിലും ജോലിയിൽ പിടിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകതയും ജോലിയിൽ തരം താഴ്ത്തപ്പെടുമ്പോൾ ഉണ്ടാകുന്ന മാനസികാഘാതവും തൊഴിൽപ്രവാസികളെ വല്ലാതെ ഭാരപ്പെടുത്തുന്നുണ്ട്.

സ്വത്വസംഘർങ്ങളെ അതിജീവിക്കുക, മാനസികവൈകാരിക പിരിമുറുക്കങ്ങളുടെ പിടിയിലമരാതെ ജീവിതത്തെ നിയന്ത്രിക്കുക, സ്വയം പ്രചോദിപ്പിക്കുക എന്നിവയും വിഷമകരമായ സമസ്യതന്നെയാണ്. ''ചിലപ്പോൾ അങ്ങനെ ആലോചിച്ചിരുന്ന്, അമിതഭാരം പേറുന്ന എന്റെ കാലുകൾ മരവിച്ച് ഉപ്പുതൂണുപോലെയാകും... ചിന്തകളെ എങ്ങോട്ടെങ്കിലും മാറ്റിപ്പാർപ്പിച്ചില്ലെങ്കിൽ ഒരു പ്രഷർകുക്കർ പോലെ പുകഞ്ഞ് പൊട്ടിത്തെറിക്കുമെന്ന് ഞാൻ ഭയന്നു. കാത്തിരിക്കുന്ന ജോലികളൊന്നും ചെയ്യാൻ എനിയ്ക്ക് തോന്നിയില്ല. ആറ് വർഷം.! ജീവിതത്തിന്റെ നല്ലൊരു കഷണം ഈ നശിച്ച കമ്പനിക്കുവേണ്ടി തുലച്ചിട്ടിപ്പോൾ....''[6]. സഹകരിക്കാനും തിരസ്ക്കരിക്കാനും സാധിക്കാത്ത മാനസികസമ്മർദ്ദം മാത്രമാണിവിടെ പ്രവാസിക്കു മുതൽക്കൂട്ട്.

വലിയ പ്രതീക്ഷകളോടെ എത്തുന്ന തൊഴിൽപ്രവാസി നേരിടുന്ന മറ്റൊരുപ്രശ്നം ഭാഷയാണ്. പ്രോജക്റ്റിനെക്കുറിച്ചുപോലും വേണ്ടതുപോലെ സംസാരിക്കാൻ കഴിയുന്നില്ല. അവനവനോടുതന്നെയുള്ള മതിപ്പുകുറയാനും ഇത് കാരണമാകാം."തന്റെ പ്രഭാഷണം കഴിഞ്ഞ് പീറ്റർ ചോദ്യങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് ചോദിച്ചു. ക്രിസ് എന്നെ തോണ്ടി. "ഐ ഹാവ് ഡൗട്ട്" ഞാൻ എങ്ങനെയോ പറഞ്ഞാപ്പിച്ചു.

സോറി? പീറ്റർ മുന്നോട്ടാഞ്ഞു.

“ഐ.... ഹാവ് ....ഡൗട്ട്.” ഇത്തവണ ഞാൻ നിർത്തി നിർത്തി പറഞ്ഞു. പീറ്റർ ഹാൻസന്റെ കണ്ണുകൾ ഒന്നുകൂടി ചെറുതായി. യു ആർ ഡൗട്ട്ഫുൾ അബൗട്ട് ദ പ്രോജക്റ്റ്? റിസൽട്ട്സ്? അബൗട്ട് ദ സക്സസ് ഓഫ് ദ കമ്പനി?!”

വാക്കുകൾ മതിയാകാതെ എന്റെ ഭാഗം വിശദമാക്കാൻ ആക്ഷനും ആവശ്യമാണെന്നു കണ്ട് രണ്ടു ചുവടു മുന്നോട്ടുവച്ചത്, എന്റെ കൈ പീറ്ററിന്റെ മോണിറ്ററിലേക്കു നീണ്ടത് എനിക്ക് ഓർമ്മയുണ്ട്....”[7]. കൃത്രിമ അമേരിക്കൻ ഉച്ചാരണം പരിശീലിക്കുന്ന ക്രിസ് വേണ്ട നിർദ്ദേശങ്ങളൊക്കെ കൊടുത്തിട്ടും ആഖ്യാതാവിന് വിജയിക്കാൻ സാധിക്കുന്നില്ല. “പീറ്ററിന്റെ ചെവിവട്ടത്തിനു പുറത്തു കടന്നപ്പോൾ ക്രിസ് എന്നാടു പറഞ്ഞു നിനക്ക് എന്തെങ്കിലും സംശയം ചോദിക്കാനുണ്ടെങ്കിൽ, ഐ ഹാവ് എ ഡൗട്ട് എന്നു പറയരുത്. ഐ ഹാവ് എ ക്വസ്റ്റ്യൻ എന്നു പറയണം. മനസ്സിലായോ?”[8]

ആൾക്കൂട്ടത്തിനിടയിലും അനുഭവിക്കുന്ന ഏകാന്തതയും ജോലിയിൽ മികവു തെളിയിക്കാൻ കഴിയാത്തതിലുള്ള അപകർഷതാബോധവും തൊഴിൽ പ്രവാസിയെ അന്യനാക്കിക്കൊണ്ടിരിക്കും. ‘‘അന്ന് പീറ്റർ ഹാൻസന്റെ ക്യാബിനിൽ നടന്ന സംഭവങ്ങളുടെ ആവർത്തനമായിരുന്നു പിന്നങ്ങോട്ടുള്ള ദിവസങ്ങളിലും ആഴ്ചകളിലും മാസങ്ങളിലും എന്റെ ജീവിതത്തിൽ അരങ്ങേറിയത്... എന്റെ അപകർഷതാബോധം മാത്രം പെരുപ്പിക്കാനുള്ള രംഗങ്ങൾ’’[9]. ക്രിസാകട്ടെ കമ്പനിയ്ക്ക് ഉപകാരപ്രദമായ പല കാര്യങ്ങളും ചെയ്യുന്നുമുണ്ട്. കൂടുതൽ സാമ്പത്തികലാഭം മുന്നിൽക്കണ്ട് അയാൾ കമ്പനിയുടെ പടിയിറങ്ങുകയും ചെയ്തു. ഒരു ശരാശരി മലയാളിയുടെ അപകർഷതാ ബോധം വർദ്ധിക്കാൻ ഇതു ധാരാളം. കൂടെ അവന്റെ ചീത്തവാക്കുകളും. “ഇതാ നിന്റെ കുഴപ്പം പകുതി വെള്ളമുണ്ടെങ്കിലും ഗ്ലാസ് നിറഞ്ഞിട്ടില്ലാന്നേ പറയൂ. ഗ്ലാസ് പൊട്ടാതിരുന്നാ മതി... നീ ഇങ്ങനെ യെസ് ബോസ് പറഞ്ഞോണ്ട് ജീവിതകാലം മുഴുവൻ ഇവിടെത്തന്നെ നിന്നോ. അവസാനം ഇവമ്മാര് ചവിട്ടിപ്പുറത്താക്കുന്നതുവരെ.’’[10] ആഖ്യാതാവ് ആയിരിക്കുന്ന അവസ്ഥയിൽ ജീവിക്കാൻ ഒരു പ്രചോദനവും അയാൾക്കു ലഭിക്കുന്നില്ല.

നിലനിൽപ്പിനു വേണ്ടിയുള്ള നിലവിളിയാണ് തൊഴിൽ പ്രവാസിയെ അലട്ടുന്ന മറ്റൊരുവിഷയം. കമ്പനിയുടെ നിലപാടുകൾ അംഗീകരിക്കാനായാലും ഇല്ലെങ്കിലും അംഗീകരിക്കുന്നു എന്ന് വരുത്തിതീർക്കണം. എംപ്ലായിസ് വോയിസ് പൂരിപ്പിച്ചു കെടുത്തപ്പോൾ കമ്പനിയോടും മാനേജ്മെന്റിനോടുമുള്ള കൂറ് അറിയിക്കാൻ കഥാനായകൻ എല്ലാവരോടും എല്ലാത്തിനോടും പൂർണ്ണമായി യോജിക്കുക എന്ന നിലപാടിലെത്തിച്ചേർന്നു. ഈ വർഷത്തെ എലിമിനേഷന്റെ മാനദണ്ഡങ്ങളിൽ ഒന്ന് വർക് ഫോഴ്സ് സർവ്വേ ഉത്തരങ്ങൾ ആണെന്നറിഞ്ഞിട്ടും നെഞ്ചിടിപ്പ് സാധാരണനിലയിലാക്കാൻ കഴിയുന്നില്ല. അതിനായി കമ്പനി പ്രത്യേകം നിർമ്മിച്ചതാണ് “Eliminate With Love”എന്ന സോഫ്റ്റ്‌വെയർ. “പുറത്ത് വിടുന്നവരുടെ പേരാണോ അതോ നിൽക്കുന്നവരുടെ പേരാണോ”[11] എഴുതിക്കാണിക്കാൻ പോകുന്നതെന്നുപോലും അവർക്കറിയില്ല. ഇതെല്ലാം തൊഴിൽപ്രവാസിയുടെ സ്വകാര്യസംഘർഷങ്ങളും സങ്കടങ്ങളുമാണ്.

ഗൃഹാതുരത്വം പ്രവാസിയെ അലട്ടുന്ന മറ്റൊരു സംഘർഷ ഭൂമികയാണ്. പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാതിരിക്കാനോ വിട്ടുപോന്ന സാഹചര്യങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കാതിരിക്കാനോ പ്രവാസിക്കാവില്ല. "ജെറ്റ്ലാഗും ആദ്യമായി ഒരു വിദേശരാജ്യത്തെത്തിയതിന്റെ അമ്പരപ്പും അരിഭക്ഷണം കഴിക്കാത്ത 92 മണിക്കൂറുകളുടെ അസ്തികതയും കൊണ്ട് തലയ്ക്കുള്ളിൽ നിലാവുദിച്ചപോലെയാണ് ഞാൻ ആ ആദ്യദിവസം ഓഫീസിലൂടെ നടന്നതെന്ന് ആഖ്യാതാവ് പറയുന്നുണ്ട്."[12] ഭാഷപോലെ തന്നെ പ്രധാനപ്പെട്ടതാണ് ഭക്ഷണവും താമസവും.

ഒരു ക്യുബിക്കിളിൽ ഒതുങ്ങുന്നതാണ് വിവരസാങ്കേതികവിദ്യാരംഗത്തെ പ്രവാസിയുടെ ലോകം. "കണ്ണാടിജനലിലൂടെ ഒരു കീറ് ആകാശമെങ്കിലും കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ കൊതിച്ചു" എന്ന് പറയുന്നതിൽ നിന്നും പ്രവാസി അനുഭവിക്കുന്ന വിരസതയുടെ തീവ്രത വ്യക്തമാണ്.

മലയാളിയുടെ തൊഴിൽപ്രവാസ മേഖലയിലെ പുതിയ ചുവടുവെപ്പായ വിവരസാങ്കേതികരംഗത്തെ പ്രവാസികൾ അഭിമുഖീകരിക്കുന്ന അതിജീവനത്തിന്റെ പ്രശ്നങ്ങൾ വികാരതീവ്രതയോടെ ആവിഷ്ക്കരിക്കാൻ ഐ. ടി. മേഖലയിൽ ജോലിചെയ്യുന്ന പ്രവാസി കൂടിയായ കഥാകൃത്തിനു കഴിഞ്ഞിട്ടുണ്ട്. സഹകരിക്കാനോ പ്രതികരിക്കാനോ കഴിയാതെ ദിവസങ്ങൾ തള്ളിനീക്കുന്ന വിവരസാങ്കേതികരംഗത്തെ തൊഴിൽ പ്രവാസിയുടെ സംഘർഷങ്ങളുടെ നേർചിത്രമാണ് ജാക്ക്പോട്ട്.

പ്രവാസികളുടെയും കുടിയേറ്റക്കാരുടെയും പലായനക്കാരുടെയും അഭയാർത്ഥികളുടെയും പ്രശ്നങ്ങളൊന്നും ശാശ്വതമായി പരിഹരിക്കപ്പെടുന്നില്ല എന്ന് മലയാളസാഹിത്യം അതിന്റെ വിശാലമായ സാഹിത്യഭൂമികയിൽ പലവട്ടം ആവർത്തിച്ചവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ തൊഴിലില്ലായ്മയും മലയാളിയുടെ വ്യർത്ഥാഭിമാനബോധവുമാണ് പുറപ്പാടുകൾക്കു പിന്നിലെ പ്രേരകശക്തി. മലയാളിയുടെ ദിശാബോധത്തെ നിയന്ത്രിക്കാൻ പര്യാപ്തമായ പ്രവാസസാഹിത്യം ഇവിടെ ശക്തിപ്പെടേണ്ടതുണ്ട്. തൊഴിൽപ്രവാസത്തിനപ്പുറം വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പ്രവാസവും കേരളത്തിൽ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന വസ്തുതയും വിസ്മരിച്ചുകൂട.

## കുറിപ്പുകൾ:

1. *ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, പുറം 1451*
2. *കെ.വി. പ്രവീൺ, ഓർമ്മച്ചിപ്പ്, പുറം9*
3. *അതേപുസ്തകം പുറം 10*
4. *അതേപുസ്തകം പുറം 63.*
5. *അതേപുസ്തകം പുറം 63*
6. *അതേപുസ്തകം പുറം 64*
7. *അതേപുസ്തകം പുറം 66*
8. *അതേപുസ്തകം പുറം 67*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

9. *അതേപുസ്തകം പുറം 68*
10. *അതേപുസ്തകം പുറം 69*

## സഹായകഗ്രന്ഥങ്ങൾ:

1. *പ്രവീൺ കെ.വി., ഓർമ്മച്ചിപ്പ്, ഡി.സി. ബുക്സ്, കോട്ടയം, 2017.*
2. *ശിവദാസ് കെ.കെ.,പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മകതയും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019.*
3. *ബിന്ദു എം.കെ., പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ (പ്രവാസം, ദൽഹി, ദൽഹി ഗാഥകൾ എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം, (അപ്രകാശിതപ്രബന്ധം) കാലിക്കറ്റ് സർവ്വകലാശാല, 2019.*

**മലയാളം അർദ്ധവാർഷിക റിസേർച്ച് ജേണൽ**
ആഗസ്റ്റ്, 2022 - ജനുവരി, 2023
വാല്യം- 1 ലക്കം -1
മലയാളവിഭാഗം
ഗവൺമെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം
കേരളം - 695 541

*Printed and published by*
**Dr. Alex L.** on behalf of
THE HEAD OF THE POST GRADUATE DEPARTMENT OF MALAYALAM GOVERNMENT COLLEGE NEDUMANGAD. THIRUVANANTHAPURAM and Printed at ab Communications and Colour Systems. Pvt. Ltd. , T.C 25/3230 (2)Vanchiyoor, Thiruvananthapuram - 695 035, Kerala and published at The Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram -695541, Kerala.

**Editor Dr. Alex L.**
Ph. 9447961070, email: gcnmalayalam@gmail.com